2015 ജൂൺ | പുസ്തകം 6 | ലക്കം 6 | ISSN 0970 - 0579 | വില: 4 രൂപ

# ഇന്ത്യൻ നാളികേര ജേണൽ




## നാളികേരത്തിന്റെയും നാളികേര ഉൽപന്നങ്ങളുടേയും വിപണന തന്ത്രങ്ങൾ



# നാളികേര വികസനബോർഡ്

കേരകൃഷിയുടെയും വ്യവസായത്തിന്റെയും സർവ്വതോമുഖമായ വികസനത്തിനുവേണ്ടി 1979-ലെ പാർലമെന്റ് നിയമമനുസരിച്ച് രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണാധികാര സ്ഥാപനമായ നാളികേര വികസനബോർഡ് 1981 ജനുവരി 12-ന് നിലവിൽ വന്നു. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ ആസ്ഥാനം കൊച്ചിയിലാണ്. ബാംഗ്ലൂർ, ഗോഹട്ടി, ചെന്നൈ എന്നിവിടങ്ങളിലായി പ്രാദേശിക കാര്യാലയങ്ങളും ഭുവനേശ്വർ, കൽക്കട്ട, പോർട്ട് ബ്ലെയർ, ഹൈദരാബാദ്, താനെ, പാറ്റ്ന, ഡൽഹി എന്നിവിടങ്ങളിലായി സംസ്ഥാനതല കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

## ചുമതലകൾ

• കേര വ്യവസായത്തിന്റെ വളർച്ചയ്ക്കും, വികസനത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. • നാളികേരത്തിന്റെയും നാളികേരോത്പന്നങ്ങളുടെയും വിപണനം മെച്ചപ്പെടുത്തുന്നതിനു വേണ്ടതായ മാർഗ്ഗ നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുക. • കേരകൃഷി, സംസ്ക്കരണം, വിപണനം എന്നീ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ സാങ്കേതികോപദേശം നൽകുക. • ഉൽപാദനശേഷി കൂടിയ സങ്കരയിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, ആധുനിക കൃഷിമുറകൾ പ്രചരിപ്പിക്കുന്നതിനും, നാളികേര സംസ്ക്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ അവലംബിക്കുന്നതിനും പുന:കൃഷിയടക്കമുള്ള മാർഗ്ഗങ്ങൾ വഴി കൂടുതൽ സ്ഥലത്തേക്ക് തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിനും സാമ്പത്തിക സഹായങ്ങളും മറ്റു സഹായങ്ങളും നൽകുക. • നാളികേരത്തിനും കേരോത്പന്നങ്ങൾക്കും ഏറ്റവും കുറഞ്ഞതും കൂടിയതുമായ വിലകൾ ശുപാർശ ചെയ്യുന്നതടക്കം കേര കർഷകന് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് പ്രായോഗിക നടപടികൾ സ്വീകരിക്കുക. • നാളികേരത്തിന്റേയും നാളികേരോത്പന്നങ്ങളുടേയും ഇറക്കുമതിയും കയറ്റുമതിയും ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ ശുപാർശ ചെയ്യുക. • കേരകർഷകർ, വ്യാപാരികൾ, വ്യവസായികൾ മുതലായവരിൽ നിന്നും കേരവ്യവസായവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളേയും കുറിച്ച് സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക. • നാളികേരത്തിനും, നാളികേരോൽപന്നങ്ങൾക്കും വിവിധ ഗ്രേഡുകൾ, വ്യവസ്ഥകൾ, പ്രമാണങ്ങൾ എന്നിവ നിശ്ചയിക്കുക. • കേന്ദ്ര ഗവൺമെന്റുമായും, വ്യാപകമായി തെങ്ങുകൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായും കൂടിയാലോചിച്ച് നാളികേരോൽപാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങിന്റെ വർഗ്ഗ ഗുണവും, വിളവും വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ പദ്ധതികൾക്ക് ധനസഹായം നല്കുക. ഇതിനായി കേരകർഷകർക്കും, നാളികേരോൽപന്നങ്ങൾ ഉണ്ടാക്കുന്നവർക്കും ആനുകൂല്യങ്ങൾ നൽകുന്നതിനോ പ്രചോദനം നൽകുന്നതിനോ വേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുകയും, നാളികേരത്തിനും, നാളികേരോത്പന്നങ്ങൾക്കും വിപണനസൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. • നിലവിലുള്ള സ്ഥാപനങ്ങൾ മുഖേനനാളികേരത്തേയും, നാളികേരോത്പന്നങ്ങളെയും പറ്റിയുള്ള ഗവേഷണങ്ങളെ സഹായിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, സാമ്പത്തികമായി സഹായിക്കുകയും ചെയ്യുക. • നാളികേരത്തേയും, നാളികേരോത്പന്നങ്ങളേയും കുറിച്ചുള്ള ഗവേഷണം, വികസനം എന്നിവ സംബന്ധിച്ച പുസ്തകങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും പ്രസിദ്ധപ്പെടുത്തുന്നതടക്കമുള്ള പ്രചാരണപരിപാടികൾ നടത്തുക. • തെങ്ങ് വളരുന്ന സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണപ്രദേശങ്ങളിലും നാളികേരത്തിന്റേയും നാളികേരോത്പന്നങ്ങളുടെയും ഉല്പാദനം, ഗ്രേഡിങ്ങ്, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനും വേണ്ടി പ്രാദേശിക കാര്യാലയങ്ങളും മറ്റ് ഏജൻസികളും സ്ഥാപിക്കുക. • വ്യാപകമായ തോതിൽ കേരകൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായി കൂടിയാലോചിച്ച് കേന്ദ്ര ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ള മറ്റു നടപടികൾ സ്വീകരിക്കുക.

*Printed and Published by Sugata Ghose, Chief Coconut Development Officer,
Coconut Development Board, Kochi - 682 011. Printed at KBPS, Kochi - 30*

ഇന്ത്യൻ
# നാളികേര ജേണൽ

പുസ്തകം 6 ലക്കം 6
2015 ജൂൺ കൊച്ചി - 11


**ഉപദേശകസമിതി**

**ചെയർമാൻ**

ടി.കെ. ജോസ് ഐ.എ.എസ്.

**അംഗങ്ങൾ**

ഡോ.പി. രാജേന്ദ്രൻ
ഡോ. പി. ചൗഡപ്പ
ആർ. അജിത്കുമാർ

**പത്രാധിപസമിതി**

പായിപ്ര രാധാകൃഷ്ണൻ
എസ്. സുരേഷ് കുമാർ

**ചീഫ് എഡിറ്റർ**

സുഗത ഘോഷ്

**എഡിറ്റർ**

ആർ. ജ്ഞാനദേവൻ

**കൺസൾട്ടന്റ് എഡിറ്റർ**

പായിപ്ര രാധാകൃഷ്ണൻ

**പബ്ലിസിറ്റി ഓഫീസർ**

മിനി മാത്യു



**നാളികേര വികസന ബോർഡ്**

(കേന്ദ്ര കൃഷി മന്ത്രാലയം, ഭാരത സർക്കാർ)
കേര ഭവൻ, എറണാകുളം, കൊച്ചി - 682 011.
ഫോൺ : 0484 - 2377266, 2377267, 2376553, 2375266, 2376265
ഫാക്സ് : 91-0484-2377902,
Grams : KERABOARD
E-mail : kochi.cdb@gov.in
cdbkochi@gmail.com
Website : www.coconutboard.gov.in

**വരിസംഖ്യ**

പ്രതിവർഷം 40 രൂപ
ഒറ്റപ്രതി 4 രൂപ


തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.




**മുഖ്യ വിഷയം**

## നാളികേരത്തിന്റെയും നാളികേര ഉൽപന്നങ്ങളുടേയും വിപണന തന്ത്രങ്ങൾ

**ഉള്ളടക്കം**

ചെയർമാന്റെ പേജ് ... 4
**ഇന്ത്യൻ നാളികേര വിപണിയിലെ വില വ്യതിയാനങ്ങൾ - പഠനം**
വസന്ത്കുമാർ വിസി, രേണു പി വിശ്വം, ഗീതിക തോമസ്, വിജയൻ ആർ ... 6
**വിപണന വിജയം യാദൃശ്ചികമല്ല**
കെ. എസ്. സെബാസ്റ്റ്യൻ ... 11
**വിപണി സാദ്ധ്യതകൾ അറിഞ്ഞ് ഉത്പാദനം**
ആർ. ജ്ഞാനദേവൻ ... 18
**ഇന്ത്യൻ നാളികേര വിപണിയിലേയ്ക്ക് വിദേശ ഉത്പന്നങ്ങൾ**
ആർ ജയനാഥ്, സിമി തോമസ്, ടി.എൻ സുബ്രഹ്മണ്യൻ, ഡോ.രജത് പാൽ, ഡോ.ശ്യാം ലാൽ,ഡോ.ജി.ആർ സിങ്, ഇ.അരവഴി,രാജീവ് ഭൂഷൺ പ്രസാദ് ... 20
**സോ ഡെലീഷ്യസ്, കേരം ചേർത്ത രുചിപ്പെരുമ**
സിഡിബി ന്യൂസ് ബ്യൂറോ ... 24
**37 തെങ്ങിൽ നിന്ന് ഗോപിക്ക് ലഭിച്ചത് ₹ 1,20,000**
സിഡിബി ന്യൂസ് ബ്യൂറോ ... 26
**ജനകീയാസൂത്രണ പദ്ധതിയിലൂടെ നാളികേര വികസനം**
സിഡിബി ന്യൂസ് ബ്യൂറോ ... 29
**നീര ഹൽവ, നാളികേര വിപണിയിലെ പുതിയ താരം**
ആനി ഈപ്പൻ ... 30
**തെങ്ങിന് ഇടവിള വാഴ, വാഴയ്ക്ക് ചീര; ലാഭം അഞ്ചു ലക്ഷം**
സി. ഹരിഹരൻ ... 31
**കേരസമൃദ്ധി വീണ്ടെടുക്കാൻ മണ്ണിന്റെ ആരോഗ്യപരിപാലനം**
ഡോ. സി. തമ്പാൻ, ഡോ. പി. സുബ്രഹ്മണ്യൻ ... 34
**തെങ്ങിൻ തടം തുറക്കാൻ യന്ത്രം തയ്യാർ**
ഡോ. എ. ലത, ഡോ. യു. ജയ്കുമാരൻ ... 38
**തെങ്ങിന്റെ ചെന്നീരൊലിപ്പ് നിയന്ത്രിക്കാൻ ജൈവമാർഗ്ഗം**
ലേഖ ജി., ഡോ. പി. മുരളീധരൻ ... 40
**ജൂലൈ മാസത്തിലെ കൃഷിപ്പണികൾ** 42
**കുരുത്തോലപ്പന്തൽ** 44
**വാർത്തകൾ** 49
**കമ്പോളം** 57

# ഭാവിയുടെ വാഗ്ദാനങ്ങളായ ഉത്പന്നങ്ങളുണ്ടാവട്ടെ നാളികേര മേഖലയിൽ നിന്നും

പ്രിയപ്പെട്ട കേരകർഷകരെ,

സാന്ദർഭികമായാണ് ഡൽഹിയിലെ ഒരു ഇടത്തരം സൂപ്പർമാർക്കറ്റിൽ, തായ്‌ലന്റിൽ നിന്ന് ഇറക്കുമതി ചെയ്ത 60 ലേറെ നാളികേര ഉത്പന്നങ്ങൾ, കാണാനായത്. തേങ്ങാപ്പാലിൽ നിന്നു മാത്രം 20 തരം ഉത്പന്നങ്ങൾ അവിടെ കണ്ടു. സ്വാഭാവികമായും, ഇത്തരം ഉത്പന്നങ്ങൾക്ക് ഇന്ത്യയുടെ തലസ്ഥാന നഗരിയിൽ ആവശ്യക്കാരുണ്ടോ എന്ന് അന്വേഷിച്ചപ്പോൾ ലഭിച്ച മറുപടി, സാധനങ്ങൾ തികയുന്നില്ല എന്നായിരുന്നു. തായ്‌ലന്റിൽ നിന്നുള്ള നാളികേരോൽപ്പന്നങ്ങൾ മാസത്തിലൊരിക്കലാണ് വരുന്നത്. പക്ഷേ, ഉൽപ്പന്നങ്ങൾ മുഴുവൻ രണ്ടാഴ്ചക്കുള്ളിൽ തന്നെ വിറ്റു പോകുമത്രെ. നാളികേര കൃഷിയുടെ ഭൂവിസ്തൃതിയിൽ കോഴിക്കോട്, മലപ്പുറം ജില്ലകൾ കൂടിയാൽ തായ്‌ലന്റിനേക്കാൾ വരും. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ നാളികേര ഉത്പാദനം കൂട്ടിയാലും തായ്‌ലന്റിന്റെ ഉത്പാദനത്തിന്റെ ഒന്നര മടങ്ങ് വരും. ഉത്പാദനക്ഷമതയിലും ഈ ജില്ലകളുടെ സ്ഥിതി തായ്‌ലന്റിനേക്കാൾ മുന്നിലാണ്. കേരളത്തിനാകട്ടെ, തായ്‌ലന്റിന്റെ ആറു മടങ്ങ് തെങ്ങുകൃഷിയുടെ വിസ്തൃതി; പത്തു മടങ്ങ് ഉത്പാദനം. എന്നിട്ടുമെന്തേ നാളികേര ഉത്പാദനം കുറഞ്ഞ ആ രാജ്യം പോലും ഇത്രയേറെ വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് ഇന്ത്യൻ വിപണിയിൽ എത്തിക്കുമ്പോൾ കേരളത്തിൽ നിന്നുള്ള ഒരു നാളികേര മൂല്യ വർദ്ധിത ഉത്പന്നവും ഡൽഹിയിലെത്താത്തത്? എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്?

നാളികേര വിപണിയിലെ പ്രധാന ഉത്പന്നങ്ങളുടെ വില വിവരങ്ങളും വ്യതിയാനങ്ങളുമെല്ലാം നാളികേര വികസന ബോർഡിന്റെ സ്റ്റാറ്റിറ്റിക്സ് വിഭാഗത്തിൽ സൂക്ഷിക്കുന്നുണ്ട്. സ്റ്റാറ്റിറ്റിക്സ് വിഭാഗത്തോട് ഇക്കഴിഞ്ഞ 3 ദശാബ്ദക്കാലത്തെ നാളികേര ഉത്പന്നങ്ങളുടെ അളവും വിലയും അപഗ്രഥിച്ച് അതിന്റെ ചരിത്രപരമായ പങ്കെന്തായിരുന്നുവെന്നും, വിലയും ഉത്പന്ന ലഭ്യതയും എങ്ങോട്ടാണ് നീങ്ങുന്നതെന്നും, ഭാവിയിൽ നാം എന്ത് പ്രതീക്ഷിക്കണമെന്നും ഇന്ത്യൻ നാളികേര ജേണലിൽ തന്നെ പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അതോടൊപ്പം വിവിധ ഇന്ത്യൻ നഗരങ്ങളിലെ നാളികേര മൂല്യ വർധിത ഉത്പന്നങ്ങളുടെ നിലവിലുള്ള സ്ഥിതി, ഏതെല്ലാം ഉത്പന്നങ്ങളാണ് വിപണിയിൽ ഉള്ളത്, അവയുടെ ലഭ്യത, ഏതെല്ലാം രാജ്യങ്ങളിൽ നിന്നാണ് അവ വരുന്നത്, മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവ ഏതെല്ലാം തുടങ്ങിയ കാര്യങ്ങളും ഈ ലക്കം മാസികയിലൂടെ കേരളത്തിലെ നാളികേര കർഷകരുടേയും ഉത്പാദക കമ്പനികളുടേയും അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുകയാണ്.

ഇനിയുള്ള കാലമെങ്കിലും നാളികേര വിപണിയെ അറിഞ്ഞു കൊണ്ടുള്ള കൃഷിയാവട്ടെ ; അതിനുള്ളതാവട്ടെ നാം നടുന്ന തെങ്ങിൻ തൈകൾ. പൂർവ്വികർ നട്ടു നനച്ചു പരിപാലിച്ച തെങ്ങുകളിൽ നിന്നുള്ള ഉത്പന്നങ്ങൾ അന്നത്തെ കാലഘട്ടത്തിനു വേണ്ടിയുള്ളതായിരുന്നു. നാളികേര വിപണിയിലെ മുഖ്യ ഉത്പന്നങ്ങൾ കൊപ്രയും, വെളിച്ചെണ്ണയുമായിരുന്ന കാലഘട്ടത്തിന് യോജിച്ച കൃഷിയായിരുന്നു അന്ന്. പക്ഷേ, കാലം മാറി, ഉപഭോക്തൃ താല്പര്യങ്ങൾ മാറി. അതനുസരിച്ച് പുതിയ പുതിയ ഉത്പന്നങ്ങൾ വന്നു. ആ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിൽ അര നൂറ്റാണ്ടിനു മുമ്പു നട്ടു വളർത്തിയ തെങ്ങിനങ്ങളുടെ നാളികേരം അനുയോജ്യമാണോ അല്ലയോ എന്നതാണ് കാതലായ ചോദ്യം. ചരിത്രത്തിലൂടെ കടന്ന്, വർത്തമാനത്തിലൂടെ നടന്ന്, ഭാവിയിലേക്ക് കണ്ണോടിക്കുമ്പോൾ നമുക്ക് കൃത്യമായി മനസ്സിലാകും കഴിഞ്ഞ മുപ്പത് വർഷക്കാലം വെളിച്ചെണ്ണയും കൊപ്രയുമായിരുന്നു നാളികേരവിപണിയേയും, കേര കർഷകരുടെ ഭാഗ്യനിർഭാഗ്യങ്ങളേയും നിയന്ത്രിച്ചിരുന്നതെന്ന്. പക്ഷെ, വരും കാലങ്ങളിൽ അങ്ങനെയാവില്ല. വെളിച്ചെണ്ണയുടെയും കൊപ്രയുടെയും വിലകൾക്ക് ഒരു വഴിക്കും നാളികേരത്തിനു വിലസ്ഥിരത പിടിച്ചു നിർത്താൻ കഴിയില്ലെന്ന് കഴിഞ്ഞകാല അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന ആകെ നാളികേരത്തിന്റെ എട്ടു ശതമാനം മാത്രമാണ് ഇപ്പോൾ കൊപ്രയും വെളിച്ചെണ്ണയും ഒഴികെയുള്ള മൂല്യ വർധിത ഉത്പന്നങ്ങളായി മാറുന്നത്. ഈ എട്ടു ശതമാനത്തെ 25 ശതമാനമാക്കി ഉയർത്താൻ നമുക്ക് കഴിഞ്ഞാൽ നാളികേരത്തിന്റെ വിലയെ പൂർണ്ണമായും കൊപ്ര-വെളിച്ചെണ്ണ വിലകളുടെ പിടിയിൽ നിന്ന് വിമുക്തമാക്കി മാന്യവും ആദായകരവും സ്ഥിരതയുള്ളതുമായ നിലവാരത്തിൽ എത്തിക്കാൻ കഴിയും. അതിനുള്ള തീവ്ര പരിശ്രമങ്ങളാണിനി നടത്തേണ്ടത്.

നാളികേരത്തെ ലോകം മാറിക്കണ്ടു തുടങ്ങി. നാളികേരത്തിന്റെ നിലവിലുള്ള അന്താരാഷ്ട്ര താരങ്ങൾ ആരൊക്കെയാണ് എന്നു നാം പഠിക്കേണ്ടതുണ്ട്. വരുന്ന 20 - 25 വർഷത്തേക്ക് ഇന്ത്യൻ നാളികേര വിപണിയിലും നാളികേര മൂല്യ വർധിത ഉത്പന്ന വിപണിയിലും എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് കൃത്യമായി അന്വേഷിക്കേണ്ടതുമുണ്ട്. വിദേശ നാളികേര ഉത്പന്ന വിപണിയിൽ ഏത് ദിശയിലേക്കാണ് മാറുന്നത് എന്നും ഗൗരവമായി പഠിക്കേണ്ടതുണ്ട്. തായ്‌ലന്റിലെ ഇപ്പോഴത്തെ പ്രശ്നം ആവശ്യത്തിന് നാളികേരം ലഭ്യമല്ല എന്നതാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ നാളികേര ഉത്പന്നങ്ങൾ നിർമ്മിക്കുന്ന തായ്‌ലന്റിലെ സി.പി. ഗ്രൂപ്പ് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ അവിടുത്തെ ഇന്ത്യൻ എംബസിയിൽ എത്തി അംബാസിഡറോട് ഇന്ത്യൻ നാളികേര വിപണിയുമായി സഹകരിക്കുന്നതിനും, കേരളത്തിൽ നിന്ന് നാളികേരം വാങ്ങുന്നതിനും കേരളത്തിൽ വന്ന് നാളികേരത്തിന്റെ മൂല്യ വർധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും എന്താണു മാർഗ്ഗം എന്നും മറ്റും അന്വേഷിക്കുകയുണ്ടായി. ഇന്ത്യൻ എംബസി ഈ വിവരങ്ങൾ നാളികേര വികസന ബോർഡിനേയും കേന്ദ്ര കൃഷി മന്ത്രാലയത്തേയും അറിയിച്ച് കത്ത് അയക്കുകയും ചെയ്തു. ലോകത്തിൽ 60 ലേറെ രാജ്യങ്ങളിൽ ഉത്പന്നങ്ങൾ വിൽക്കുന്ന ബിസിനസ്സ് കൺഗ്ലോമറേറ്റ് ആണ് സി.പി. ഗ്രൂപ്പ്. സ്വന്തം രാജ്യത്ത് സംസ്ക്കരണത്തിനു വേണ്ട നാളികേരം ലഭിക്കാതെ വന്ന സാഹചര്യത്തിലാണ് ഇന്ത്യയിലേയ്ക്ക് അവരുടെ ശ്രദ്ധ തിരിയുന്നത്. അതെ, ലോകത്തിൽ നാളികേര ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും ഒന്നാം സ്ഥാനത്ത് ഇന്ത്യയാണ്. എന്നാൽ ഈ വിവരം അറിയാവുന്നവർ ഇന്ത്യയിലും കേരളത്തിലും ചുരുക്കം. പക്ഷേ, അന്താരാഷ്ട്ര വ്യവസായ വിദഗ്ധർ അഞ്ചു കൊല്ലം മുമ്പേ ഇത് മനസ്സിലാക്കി കഴിഞ്ഞു. നാളികേര മൂല്യവർദ്ധിത ഉത്പാദന രംഗത്തുള്ള കമ്പനികൾക്ക് ഇത്തരം ഏജൻസികൾ കൊടുക്കുന്ന ഉപദേശം ഇന്ത്യയിലേക്ക്, പ്രത്യേകിച്ച് മികച്ച ഗുണമേന്മയുള്ള നാളികേരം ലഭിക്കുന്ന ദക്ഷിണേന്ത്യയിലേക്കു പോകാനാണ്. അതിൽ തന്നെ കേരളത്തിലെ നാളികേരത്തിനേയും അന്തരാഷ്ട്ര വിദഗ്ധർ തിരിച്ചറിഞ്ഞു കഴിഞ്ഞു. പക്ഷെ, നാം എന്നാണ് ഇത് തിരിച്ചറിയുക? ഓസ്ട്രേലിയയിലെ 'കോയോ' കമ്പനി, മറ്റ് രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത തേങ്ങാപ്പാൽ ഉപയോഗിച്ച് നിർമ്മിക്കുന്ന ഐസ്ക്രീമും നാളികേര ഉത്പന്നങ്ങളും ഇന്ത്യയുൾപ്പെടെയുള്ള ലോക രാജ്യങ്ങളിലേക്ക് കയറ്റി

അയക്കുന്നു. അമേരിക്കയിലെ 'സോ ഡെലീഷ്യസ് ഡയറി ഫ്രീ' കമ്പനി തേങ്ങാപ്പാലിൽ നിന്നുമാത്രം 64 ലേറെ വിഭവങ്ങൾ നിർമ്മിച്ച് അമേരിക്കയിലെങ്ങും വിത്പന നടത്തുകയും യൂറോപ്പിലേക്ക് കയറ്റി അയക്കുകയും ചെയ്യുന്നു. ലോകത്തിലെ ഏറ്റവും വലിയ നാളികേര പഞ്ചസാര ഉത്പാദകരായ ' ബിഗ്ട്രീ ഫാംസ്' ഇന്തോനേഷ്യയിലെ മാത്രമല്ല ലോകത്തിലെ തന്നെ നീര പഞ്ചസാര കയറ്റുമതി ചെയ്യുന്ന ഏറ്റവും വലിയ കമ്പനിയാണ്. അതിന്റെ സ്ഥാപക എം.ഡി.യും ഇന്ത്യ സന്ദർശിക്കാൻ താത്പര്യം പ്രകടിപ്പിച്ചു കഴിഞ്ഞു.

നാളികേര മേഖലയിൽ നിന്ന് വെളിച്ചെണ്ണയും കൊപ്രയും മുഖ്യധാരയിൽനിന്നു പിൻവാങ്ങുകയും പുതിയ താരങ്ങൾ ഉദയം ചെയ്യുകയുമാണ് . ഒരു ദശാബ്ദത്തിലേറെയായി കരിക്കും കരിക്കിൻവെള്ളവും ഇന്ത്യയിലും ലോകവിപണിയിലും ശക്തമായ വളർച്ച നേടിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ രണ്ടു വർഷമായി തെങ്ങിൻ നീരയിൽ നിന്ന് ഉത്പാദിപ്പിക്കുന്ന പഞ്ചസാരയുടെ അമേരിക്കൻ വിപണി നൂറുശതമാനത്തിലേറെ പ്രതിവർഷം വളരുകയാണ്. കഴിഞ്ഞ പന്ത്രണ്ട് വർഷമായി അമേരിക്കയിലെ കരിക്കിൻ വെള്ള വിപണിയുടെ വളർച്ച പ്രതിവർഷം നൂറുശതമാനമായി നിലനിൽക്കുന്നു. ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയിൽ കഴിഞ്ഞ വർഷത്തെ മിന്നും താരം വെർജിൻ വെളിച്ചെണ്ണയാണ്. നാനൂറ് ശതമാനത്തിലേറെ തലേവർഷത്തെ അപേക്ഷിച്ച് കയറ്റുമതി മൂല്യത്തിൽ വർദ്ധനവ് ഉണ്ടാക്കിയ ഏക ഇന്ത്യൻ ഉത്പന്നം വെർജിൻ കോക്കനട്ട് ഓയിലാണ്. എന്തേ നാമിതു കാണാതെ പോകുന്നത്? തെങ്ങ് വളരാത്ത അമേരിക്കയിലെ ഒരു കമ്പനി തേങ്ങാപ്പാലിൽ നിന്ന് 64 ഇനം ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്നുവെങ്കിൽ ദിവസവും തേങ്ങാപ്പാൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ കർഷകർക്ക് അവരുടെ കൂട്ടായ്മകൾ വഴി ഈ രംഗത്തേക്ക് കടക്കുന്നതിന് എന്താണ് തടസ്സം? നമ്മുടെ മുൻപിൽ വിശാലമായ അവസരങ്ങൾ തുറന്നുകിടക്കുന്നു.

പലപ്പോഴും സ്വന്തം ശക്തിയും അവസരങ്ങളും തിരിച്ചറിയാത്ത അവസ്ഥയിലാണ് നമ്മുടെ കർഷക കൂട്ടായ്മകൾ. ഇത്തരം സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് നാളികേര ഉത്പാദക കമ്പനികളും ഫെഡറേഷനുകളും ഉത്പാദക സംഘങ്ങളും എന്തുചെയ്യണമെന്ന് കൂലങ്കഷമായ ചർച്ചകളും പഠനങ്ങളും നടക്കണം. ഓരോ ഉത്പാദക കമ്പനിയും നാളികേര ഉത്പന്നങ്ങളുടെ ഒരു പ്രൊഡക്ട് ബാസ്ക്കറ്റ് ഇന്ത്യൻ വിപണിക്കുവേണ്ടിയും വിദേശവിപണിക്കു വേണ്ടിയും പഠിച്ച് തയ്യാറാക്കേണ്ടതുണ്ട്. ഇതിനു നിങ്ങളെ സഹായിക്കുന്നതിനു വേണ്ടി തന്നെയാണ് നാളികേര വികസന ബോർഡ് നൂതനമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ (innovative marketing strategies) രൂപപ്പെടുത്തിയിരിക്കുന്നത്.

ലോകജനസംഖ്യയിൽ ഒന്നാംസ്ഥാനത്തുള്ള ചൈനയും രണ്ടാം സ്ഥാനത്തുള്ള ഇന്ത്യയും കഴിഞ്ഞാൽ മൂന്നാമത് യു.എസ്.എ യാണ്. യു.എസ്.എയുടെ ആകെ ജനസംഖ്യയെക്കാൾ കൂടുതലാണ് നഗര ഇന്ത്യയുടെ (urban India) ജനസംഖ്യ. നഗര ജനസംഖ്യയിൽ മികച്ച ക്രയശേഷിയുള്ള (purchasing power) എഴുപത്തഞ്ച് ശതമാനം ആളുകളെ പരിഗണിച്ചാൽ, അമേരിക്കൻ വിപണിയെക്കാൾ വലിയ വിപണി ഇന്ത്യൻ നഗരങ്ങളിൽ തന്നെയുണ്ട്. ഈ ഇന്ത്യൻ നഗര വിപണിയുടെ 78 ശതമാനവും 63 വലിയ പട്ടണങ്ങളിലാണ്. ജനറം പട്ടണങ്ങൾ എന്നറിയപ്പെടുന്ന ഇവയിൽ നമ്മുടെ എല്ലാ നാളികേര ഉത്പന്നങ്ങളും എത്തിക്കുക, പരിചയപ്പെടുത്തുക, വിപണനം നടത്തുക എന്നുള്ളതാണ് മുഖ്യ ലക്ഷ്യം. ഇവിടെ കർഷകരുടെ പങ്ക് എന്തായിരിക്കണം? നാം ഇനി നടുന്ന ഓരോ തെങ്ങിൻ തൈകളും ഭാവിയിലെ ഇത്തരം ഉത്പന്നങ്ങൾക്കു വേണ്ടി കരുതലുള്ള തെങ്ങുകളാവേണ്ടേ?

കേരളത്തിലെങ്കിലും ത്രിതല പഞ്ചായത്തുകൾക്ക് നാളികേരത്തിന്റെ വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നല്ല പ്രൊജക്ടുകൾ വഴി നാളികേര കർഷക കൂട്ടായ്മകളുമായി കൈകോർത്ത് മുമ്പോട്ടു കൊണ്ടുപോകാൻ കഴിയും. പല ഗ്രാമപഞ്ചായത്തുകളും ബ്ലോക്കു പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും ഇത്തരം മാതൃകകൾ മുമ്പോട്ടു വച്ചിട്ടുമുണ്ട്. നല്ല നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുള്ള കർഷക കൂട്ടായ്മകളുടെ ശ്രമങ്ങൾക്കു ത്രിതല പഞ്ചായത്തുകൾ കൈത്താങ്ങാകട്ടെ. നാളികേര ഉത്പാദക സംഘങ്ങളെയും ഫെഡറേഷനുകളെയും ത്രിതല പഞ്ചായത്തുകളുടെ കാർഷിക പദ്ധതി നിർവ്വഹണ ഏജൻസികളായി 2012-ൽ തന്നെ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. 2015 മാർച്ച് മാസത്തിൽ ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളിൽ നീരയുടെ വിപണന മേഖലയിൽ വേണ്ട സഹായങ്ങൾ ചെയ്യുന്നതിനു കോർഡിനേഷൻ കമ്മറ്റിയും അനുവാദം നൽകിയിട്ടുണ്ട്. ഇത്തരം അവസരങ്ങൾ എല്ലാ കർഷക കൂട്ടായ്മകളും പ്രയോജനപ്പെടുത്തേണ്ടതാണ്. ദേശസാത്കൃത ബാങ്കുകളെക്കാൾ രണ്ടു ശതമാനം പലിശ കുറച്ച് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അഞ്ച് നാളികേര ഉത്പാദക കമ്പനികൾക്ക് വായ്പ നൽകിക്കഴിഞ്ഞു. എന്നിട്ടും പത്തിൽ താഴെ കമ്പനികൾ മാത്രമേ കെ.എഫ്.സിയെ ഇതുവരെ സമീപിച്ചിട്ടുള്ളൂ. ഇക്കാര്യത്തിലും നമ്മുടെ ഉത്പാദക കമ്പനികളുടെ നേതൃത്വം വേഗത്തിൽ ഉണർന്നു പ്രവർത്തിക്കണം. അതിനുവേണ്ടിയാണ് കമ്പനികളുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് നേതൃത്വ പരിശീലനം നല്കുന്നത്. പരിശീലനത്തിൽ പങ്കെടുത്താൽ അറിവും കഴിവും നേടാം എന്നതുവിട്ട് അതിൽ നിന്ന് എങ്ങനെ ഒഴിവാകാം എന്നു ചിന്തിക്കുന്ന, ഒഴിവാകുന്നതാണ് കഴിവ് എന്നു ചിന്തിക്കുന്ന, നേതൃത്വമുള്ള കമ്പനികളുമുണ്ട്. സഹസ്രാബ്ദങ്ങൾക്കു മുമ്പ് ഭഗവാൻ ശ്രീബുദ്ധൻ പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. അജ്ഞത കുറ്റമല്ല. പക്ഷേ അജ്ഞതയെ അഹന്തകൊണ്ട് ഗുണിക്കുന്നിടത്ത് അപരിഹാര്യമായ നഷ്ടമാണ് ഉണ്ടാവുക. എല്ലാകാര്യത്തിലും അറിവുള്ളവരല്ല നാം. പക്ഷേ അതിനുള്ള അവസരങ്ങൾ തട്ടിമാറ്റി, എല്ലാം അറിയാം എന്ന ഭാവത്തിലിരിക്കുന്നവരാണ് വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നവർ.

വിപണി മുന്നിൽ കണ്ട്, കരുതലോടെയുള്ള ഉത്പന്ന നിർമ്മാണത്തിലേയ്ക്കും അതിന് ഉപയുക്തമായ കാർഷിക സമീപനത്തിലേക്കും നാം മാറേണ്ടതുണ്ട്. ഉത്പാദകനും ഉപഭോക്താക്കൾക്കുമിടയിൽ നിരവധി തലങ്ങളാണ് ഇന്ത്യയിലുള്ളത്. നമ്മുടെ നാട്ടിലെ കാർഷിക മേഖലയുടെ തീരാ ശാപവും ഇതാണ്. നാളികേരം മാത്രമല്ല ഏതു കാർഷിക ഉത്പന്നമായാലും ഉത്പാദകനിൽ നിന്ന് ഉപഭോക്താവിലേക്ക് നേരിട്ട് എത്തിക്കുന്നതിന് ഏറ്റവും എളുപ്പമുള്ള കാലഘട്ടമാണിത്. ഉത്പാദകകൂട്ടായ്മകളിലൂടെ ഉപഭോക്താവിലേക്ക് നേരിട്ട് എത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങളിലേക്ക് നമുക്കും നമ്മുടെ ഉത്പാദക കമ്പനികൾക്കും വാതിൽ തുറക്കാം. ആയിരം കോക്കനട്ട് പോയിന്റുകൾ വഴി കേരളത്തിലുടനീളം എല്ലാ നാളികേര ഉത്പന്നങ്ങളും വിൽക്കുന്നതിനേക്കുറിച്ച് ചർച്ച ചെയ്തു തുടങ്ങിയിട്ട് രണ്ടു മൂന്നു വർഷങ്ങളായി. പക്ഷേ ഇന്നും അത് രണ്ടക്കത്തിൽ ഒതുങ്ങി നിൽക്കുകയാണ്. ഇത്തരം ആധുനിക വിപണന സങ്കേതങ്ങളിലേക്ക് നമ്മുടെ ഉത്പാദക കമ്പനികൾ നൂതനമായ മാനേജ്മെന്റ് അറിവുകൾ ഉൾക്കൊണ്ട് കടന്നു വരണം എന്നു കൂടി അഭ്യർത്ഥിക്കുന്നു. അങ്ങനെ വിപണിയെ മനസ്സിലാക്കിക്കൊണ്ടുള്ള ഉത്പാദന രീതിയിലേക്കും അത്തരം ഉത്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ കൃഷി രീതിയിലേക്കും നാം കടക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇനിയും അവസരങ്ങൾ നഷ്ടപ്പെടുത്താതെ നമുക്ക് ഉണർന്നെഴുന്നേൽക്കാം.

സ്നേഹാദരങ്ങളോടെ,

ടി.കെ. ജോസ്
ചെയർമാൻ

# കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകാലത്തെ ഇന്ത്യൻ നാളികേര വിപണിയിലെ വില വ്യതിയാനങ്ങൾ – ഒരു പഠനം

വസന്ത്കുമാർ വിസി[1], രേണു പി വിശ്വം[2], ഗീതിക തോമസ്[3], വിജയൻ ആർ[4] *
നാളികേര വികസന ബോർഡ്, കൊച്ചി -11


**സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ പഠനം നടത്തിയത് നാളികേര വികസന ബോർഡിന്റെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം. ഐടി വിഭാഗം സഹകരിച്ചു. വിലവിശകലനങ്ങളും പഠനവും തുടരും. ഓരോ ദ്വൈവാരാന്ത്യങ്ങളിലും ഇതിന്റെ നിരീക്ഷണങ്ങൾ കർഷകർക്കു ലഭ്യമാക്കും.**


നാളികേരോല്പാദനത്തിൽ 2011 മുതൽ ലോക രാഷ്ട്രങ്ങളിൽ ഒന്നാം സ്ഥാനമാണ് ഭാരതത്തിന്. ഉല്പാദനക്ഷമതയിലും നാം തന്നെയാണു മുൻപിൽ. വസ്തുത ഇതാണെന്നിരിക്കിലും, മൂല്യവർധിത ഉത്പ്പന്നങ്ങളുടെ സംസ്കരണത്തിലും കയറ്റുമതിയിലും നാം വളരെ പിന്നിലാണ്. നമ്മുടെ നാളികേര ഉല്പന്ന വിപണി പ്രധാനമായും നാല് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. കാർഷിക ഉല്പന്നം എന്ന നിലയിൽ വിവിധ ഘടകങ്ങൾ വിപണിയിലെ നാളികേര വിലയെ സ്വാധീനിക്കുന്നുണ്ട്. 2013 ഓഗസ്റ്റിനു ശേഷം കൊപ്രയുടെയും വെളിച്ചെണ്ണയുടെയും വില വ്യതിയാനങ്ങൾ നാളികേര വിലയിൽ ചെലുത്തുന്ന സ്വാധീനം വിപണിയിൽ കുറഞ്ഞു വരികയാണ്. ഈ മേഖലയിൽ പുതിയ താരങ്ങൾ രംഗപ്രവേശം ചെയ്തു കഴിഞ്ഞു. ഉല്പാദനത്തിലുണ്ടാകുന്ന വ്യതിയാനം, മൂല്യവർദ്ധിത ഉത്പന്ന നിർമ്മിതിക്കായുള്ള ആവശ്യകത, കാലാകാലങ്ങളിൽ ഗവൺമെന്റ് സ്വീകരിക്കുന്ന നയപരമായ തീരുമാനങ്ങൾ, ആഭ്യന്തര - വിദേശ വിപണികളിലെ ഡിമാന്റ് എന്നിവയാണ് വിപണിയെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ.


## പഠന ലക്ഷ്യം, രീതി

പരമ്പരാഗത നാളികേര ഉല്പന്നങ്ങളായ കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വിപണിയിലെ കഴിഞ്ഞ കാല വില വ്യതിയാനങ്ങൾ അപഗ്രഥിച്ച് വിശകലനം ചെയ്യുക വഴി കേര കർഷകർ ഈ വ്യതിയാനങ്ങളോട് എങ്ങനെ പ്രതികരിക്കണമെന്നും വിലതകർച്ചയ്ക്ക് എതിരെ ഏതെല്ലാം തരത്തിലുള്ള മുന്നൊരുക്കങ്ങളും പ്രതിരോധ നടപടികളും സ്വീകരിക്കണമെന്നും കണ്ടെത്താനുള്ള ശ്രമമാണ് ഈ പഠനത്തിന്റെ ഉദ്ദേശ്യം. കർഷകർ നിസ്സഹയരാണോ? വിപണിയിൽ അവർ നിസ്സഹായരായി നിൽക്കേണ്ടതുണ്ടോ? ഇതാണ് ചോദ്യങ്ങൾ. കഴിഞ്ഞ മൂന്നു പതിറ്റാണ്ടു കാലത്തെ നാളികേര വിപണിയിൽ കൊപ്രയുടെയും വെളിച്ചെണ്ണയുടേയും ശരാശരി മാസവിലയുടേയും ദിവസ വിലയുടേയും അടിസ്ഥാനത്തിലാണ് ശാസ്

**കൊപ്രയുടെ കൊച്ചി വിപണിയിലെ മാസവിലയും 6 മാസത്തെ മൂവിങ് ആവറേജും**



ത്രീയമായ ഈ പഠനം നടത്തിയിരിക്കുന്നത്. കേരളത്തിലെ കൊച്ചി, കോഴിക്കോട്, ആലപ്പുഴ, തമിഴ്നാട്ടിലെ കാങ്കയം എന്നീ വിപണികളിലെ 1988 മുതലുള്ള കൊപ്രയുടെയും വെളിച്ചെണ്ണയുടെയും വിലകളാണ് ഈ പഠനത്തിന് അടിസ്ഥാനമായി സ്വീകരിച്ചത്.

ടൈം സിരീസ് അനാലിസസിന്റെ അടിസ്ഥാന തത്വങ്ങൾ ഉപയോഗിച്ചായിരുന്നു ഈ അപഗ്രഥനം നടത്തിയത്. ട്രെന്റ്, സൈക്ലിസിറ്റി, സീസണാലിറ്റി, ഇറെഗുലാരിറ്റി (Trend, Cyclicity, Seasonality, Irregularity) എന്നീ നാലു ഘടകങ്ങളാണ് ടൈം സിരീസിലുള്ളത്. നാളികേര ഉല്പന്നങ്ങളുടെ കഴിഞ്ഞ കാലങ്ങളിലെ വില സൂക്ഷ്മമായി പരിശോധിച്ചാൽ ഈ ഘടകങ്ങൾ എല്ലാം അതിൽ ഉൾക്കൊള്ളുന്നതായി കാണുവാൻ കഴിയും. കൊപ്രവിലയും നാളികേരവിലയും തമ്മിൽ ബന്ധം ഉള്ളതു പോലെ വിവിധ വിപണികളിലെ ഒരേ ഉല്പന്നത്തിന്റെ വിലയും മിക്കവാറും കാലങ്ങളിൽ സമാന രീതിയിലാണ് നീങ്ങുന്നത് എന്നും കണ്ടെത്താൻ കഴിഞ്ഞു.


വിപണി വിലയിലെ സ്വഭാവം മനസ്സിലാക്കാൻ കഴിഞ്ഞ മൂന്നു പതിറ്റാണ്ടിലെ വിലകളെ ഓരോ പതിറ്റാണ്ടു വീതം എടുത്ത് പരിശോധിക്കുകയാണ് ചെയ്തത്. ആദ്യം പ്രതിമാസ ശരാശരി വിലകൾ അപഗ്രഥിച്ചു. പിന്നീട് ദിവസ/ മാസ വിലയേയും മൂവിങ് ആവറേജിനേയും താരതമ്യം ചെയ്തു. ഈ രീതിയിലാണ് പരിശോധന നടത്തിയത്. മുപ്പത്, നാൽപ്പത്തിയഞ്ച്, അറുപത്, തൊണ്ണൂറ്, നൂറ്റി ഇരുപത് എന്നീ കാലയളവുകളുള്ള മൂവിങ് അവറേജ് വിലയുടെ കൂടെ മാസ/ദൈനം ദിന വിലകൾ ഒരേ ഗ്രാഫിൽ ചിത്രീകരിച്ചതിൽ നിന്നും, പ്രതിദിന വിലകൾ അപഗ്രഥിക്കാൻ 90 ദിവസത്തെ മൂവിങ് ആവറേജും മാസ വിലകൾ അപഗ്രഥിക്കാൻ ആറു മാസത്തെ മൂവിങ് ആവറേജും ഏറെ അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടു.


## വിപണി വിലയിലെ വ്യതിയാനങ്ങൾ


ഈ കാലയളവിൽ തുടർച്ചയായ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും ആത്യന്തികമായി വിപണിയിൽ വില ഉയരുന്ന പ്രവണതയാണ് കണ്ടെത്താൻ കഴിഞ്ഞത്. തുടർച്ചയായ ആവർത്തി(Cycle)കളിലെ വിലയിലെ ശൃംഗങ്ങൾ (Crest) തമ്മിലും ഗർത്തങ്ങൾ (Trough) തമ്മിലും ക്രമാനുഗതമായും സ്ഥിരമായും കാണുന്ന ഉയർച്ചയുടെ പ്രവണത ഈ പ്രതിഭാസത്തിന്റെ തെളിവാണ്. 1988 മുതൽ 2005 വരെയുള്ള കാലഘട്ടത്തിൽ കൊച്ചിയിലെ കൊപ്രവിപണി പരിശോധിച്ചാൽ ഏറ്റവും കുറവ് വില 1988 ജൂലൈയിൽ ക്വിന്റലിന് 1439 രൂപയാണ് രേഖപ്പെടുത്തിയത്. ഇതേ കാലയളവിലെ ഉയർന്ന വില രേഖപ്പെടുത്തിയത് 91 നവംബറിൽ ക്വിന്റലിന് 3005 രൂപയുമാണ്. ഇവ തമ്മിലുള്ള അന്തരം 1966 രൂപയാണ്. അടുത്ത രണ്ട് പതിറ്റാണ്ടുകളിലും രേഖപ്പെടുത്തിയ ഉയർന്ന വിലയും താഴ്ന്ന വിലയും പരിശോധിച്ചാൽ ഈ അന്തരം വർധിച്ചു വരുന്നതായി മനസ്സിലാക്കാൻ സാധിക്കും. കൂടാതെ ഈ കാലഘട്ടങ്ങളിൽ ഉണ്ടായ ആവൃത്തികളിലെ ശൃംഗങ്ങളിലും ഗർത്തങ്ങളിലും രേഖപ്പെടുത്തിയ വില പരിശോധിച്ചാൽ, ഇവ രണ്ടും ഉയർന്ന് നീങ്ങുന്നത് ദൃശ്യവുമാണ്.

ഇതിനുപരിയായി വിലയിൽ കൃത്യമായ ആവർത്തികളും നിലനിൽക്കുന്നുണ്ട്. ഈ ആവർത്തികൾ തമ്മിലുള്ള ദൈർഘ്യം പരിശോധിച്ചാൽ ആരംഭ ദശയിൽ പൊരുത്തങ്ങൾ പ്രകടമല്ലെങ്കിലും മൂന്നാമത്തെ ദശകത്തിന്റെ (2006 - 2015) അവസാന കാലയളവിൽ അതായത് 2009 നവംബർ മുതൽ ഈ ആവർത്തികൾക്ക് ഒരു ഏകീകൃത സ്വഭാവം കാണാൻ കഴിയും. വില വർധനവിന്റെയും കുറവിന്റേയും അടുത്തടുത്ത രണ്ട് ആവർത്തികൾ തമ്മിൽ ഈ ദൈർഘ്യം ഏറെക്കുറെ സ്ഥിരമാണ്. മൂന്നു വർഷക്കാലമാണ് വിലവർധനവിന്റെ ഒരു ആവർത്തി നീണ്ടു നിൽക്കുന്നത്. എന്നാൽ വിലക്കുറവിന്റെ കാര്യത്തിൽ അത് രണ്ടു വർഷ

**കൊപ്രയുടെ കോഴിക്കോട് വിപണിയിലെ മാസവിലയും 6 മാസത്തെ മൂവിങ് ആവറേജും**



മാണ്. ഇതിൻ പ്രകാരം നോക്കിയാൽ സ്വഭാവികമായി 2016 ആഗസ്റ്റ് മാസം വരെ വിലക്കുറവിന്റെ ആവർത്തിയായിട്ടും ശ്രദ്ധേയമായ തകർച്ചയുണ്ടാകാതെ വില ഉയർന്നു തന്നെ നിന്നു.

പക്ഷെ, ഇപ്പോഴത്തെ വിലയെ സ്ഥിരമായി നിലനിർത്താനോ, ആവർത്തിയുടെ ദൈർഘ്യം ലഘൂകരിക്കാനോ കേരകർഷകർക്ക് ത്രിതലകൂട്ടായ്മകൾ വഴിയുള്ള വിഭവ സമാഹരണത്തിലൂടെയും സംഭരണത്തിലൂടെയും വിപണനത്തിലൂടെയും സാധിക്കും.


നാളികേര ഉല്പന്നങ്ങളുടെ വിപണി വിലയിൽ സീസണാലിറ്റി (സീസണുമായി ബന്ധപ്പെട്ടുള്ള പ്രതിഭാസങ്ങൾ) ശക്തമായി ദൃശ്യമാണ്. പൊതുവേ മൺസൂണിന്റെ ആരംഭം മുതൽ ശീതകാലത്തിന്റെ ആരംഭം വരെ വില താഴ്ന്നു നില്ക്കുന്ന പ്രവണതയും, അതിനുശേഷം അടുത്ത മൺസൂൺ വരെ ഉയർന്ന വില തുടരുന്ന പ്രവണതയും ഏറെക്കുടെ പൊതുവായി കാണാൻ കഴിയും. മാസ വിലയുടെ കാര്യത്തിൽ ഈ കാലഘട്ടങ്ങളെ വിശകലനം ചെയ്യുമ്പോൾ പൊതുവായി നേരിയ വ്യതിയാനങ്ങളുണ്ടെങ്കിലും ഏറ്റവും കുറഞ്ഞവില രേഖപ്പെടുത്തിയിരിക്കുന്നത് മെയ് ജൂൺ മാസങ്ങളിലും ഏറ്റവും കൂടിയ വില രേഖപ്പെടുത്തിയിരിക്കുന്നത് നവംബർ ഡിസംബർ മാസങ്ങളിലും ആണ്.


മൺസൂൺ സമയത്ത് നാളികേര ഉല്പാദനം കൂടുതലുള്ള കേരളം, തമിഴ്നാട് എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രധാന വിളവെടുപ്പു കാലസമാപനവും മഴക്കാലത്ത് കരിക്ക് വിപണിയിൽ സംഭവിക്കുന്ന സ്വാഭാവിക മാന്ദ്യവും ഉത്സവകാലത്ത് പ്രത്യേകിച്ച് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഉയർന്ന ആവശ്യകതയും ആണ് ഈ വ്യതിയാനങ്ങൾക്ക് മുൻകാലങ്ങളിൽ ഉണ്ടായിരുന്ന മുഖ്യ ഹേതു.


ഇന്ന് കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ കരിക്കിൻ വെള്ള സംസ്കരണം വെർജിൻ വെളിച്ചെണ്ണ നിർമാണം ഡസിക്കേറ്റസ് കോക്കനട്ട് നിർമ്മാണം തുടങ്ങിയവയുടെ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുമപ്പുറം കരിക്കിന്റെ ഉപയോഗം ആകെ ഉത്പാദനത്തിന്റെ 10 –15 ശതമാനത്തിൽ നിന്നു 25 ശതമാനത്തോളമായി ഉയരുകയും ചെയ്തു. കൂടാതെ നാളികേര ഉത്പാദക കമ്പനികളും പുതിയ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്ന പാതയിലാണ്. അവർ ഏറെ മുന്നേറിക്കഴിഞ്ഞിരിക്കുന്നു. മാത്രമല്ല, ഈ മേഖലയിൽ ലോകത്തിലെ തന്നെ വമ്പന്മാരായ വിറ്റ കൊക്കോ, സിപി ഗ്രൂപ്പ് തുടങ്ങിയ കമ്പനികൾ ഇന്ത്യയിലെ നാളികേരം ലക്ഷ്യമിട്ട് ഇവിടെ പരോക്ഷമായി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. കൂടുതൽ വിദേശ കമ്പനികൾ സ്വന്തമായോ സംയുക്ത സംരംഭമായോ ഇന്ത്യയിൽ നാളികേര ഉത്പാദക യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള തീവ്ര ശ്രമത്തിലുമാണ്.

കേരളത്തിലെ മുഖ്യവിളവെടുപ്പു സീസൺ ജനുവരി മുതൽ മെയ് മാസം വരെയും തമിഴ്നാട്ടിലേത് ഫെബ്രുവരി മുതൽ ജൂൺ വരെയും ആയതിനാലും, ചരക്ക് വരവ് കൂടുന്ന ഡിസംബർ മുതൽ വരവ് കുറഞ്ഞു തുടങ്ങുന്ന ജൂൺ മാസം വരെ വില താഴ്ന്നു നിൽ

**വെളിച്ചെണ്ണയുടെ കൊച്ചി വിപണിയിലെ മാസവിലയും 6 മാസത്തെ മൂവിങ് ആവറേജും**




ക്കാനുള്ള പ്രവണത കൂടുതലാണ്. എന്നാൽ കർഷകരുടെ ത്രിതല കൂട്ടായ്മകൾ ഒന്നിച്ചു നീങ്ങിയാൽ വിലഇടിവ് തടയാൻ സാധിക്കും. വിവിധ ദശകങ്ങളിൽ പ്രത്യേകിച്ച് എൺപതുകളിൽ തുടങ്ങി രണ്ടായിരമാണ്ടിന്റെ ആദ്യഘട്ടം വരെ വിലയിൽ ഒരു അസ്ഥിരത വീക്ഷിക്കാൻ കഴിയും. ഈ കാലയളവിൽ വില വ്യതിയാന ആവർത്തികളിൽ കാണുന്ന ദൈർഘ്യം ഏകീകൃത സ്വഭാവം പ്രകടിപ്പിക്കുന്നതായി കാണുന്നുമില്ല.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളിലെ വില നിലവാരം പരിശോധിച്ച

തിൽ വില വർദ്ധനവിന്റെ കാലങ്ങളിലെ ഏറ്റവും വലിയ ഉയർച്ച 2013 സെപ്തംബർ മുതൽ 2014 ഓഗസ്റ്റ് മാസം വരെയാണ്. ഇതൊരു സർവകാല റെക്കോഡാണ്. കോഴിക്കോട് വിപണിയിൽ കൊപ്ര വില ക്വിന്റലിന് 5887 രൂപയിൽ നിന്നും ക്വിന്റലിന് 11475 രൂപയിലേയ്ക്കും വെളിച്ചെണ്ണ വില ക്വിന്റലിന് 8620 രൂപയിൽ നിന്നും ക്വിന്റലിന് 17524 രൂപയിലേയ്ക്കും കുത്തനെയുള്ള വർദ്ധന രേഖപ്പെടുത്തി. ഇതേ കാലഘട്ടത്തിലെ മറ്റുള്ള വില വർദ്ധന കാലങ്ങളെ അപേക്ഷിച്ച് ഈ ആവർത്തിയിലെ ഗർത്തത്തിൽ നിന്നു ശൃംഗത്തിലേക്കുള്ള ഉയർച്ച വളരെ വലുതും അനുക്രമവും ആണ്. അതുകൊണ്ടു തന്നെ 2006 മുതൽ 2015 വരെയുള്ള മൂന്നാമത്തെ ദശകത്തിൽ കൂടിയ വിലയും കുറഞ്ഞ വിലയും തമ്മിൽ നിലനിൽക്കുന്ന അന്തരവും വളരെ വലുതാണ്.


## വില വ്യതിയാന കാരണങ്ങൾ

സമീപ കാലത്ത് പ്രകടമായിട്ടുള്ള വില വ്യതിയാന കാരണം പ്രധാനമായി നാലു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ നാളികേര ഉല്പാദനം 2012 മുതൽ ക്രമമായി കുറഞ്ഞു വരുന്നു എന്നതത്രെ. അതാതു വർഷത്തെ നാളികേര ഉല്പാദനം മുൻകൂട്ടി നിർണയിക്കുന്നതിന് 2012 – 13 മുതൽ നാളികേര വികസന ബോർഡ് നടത്തുന്ന പഠനങ്ങൾ ഇത് ശരിവെയ്ക്കുകയും ചെയ്യുന്നു.

2014– 15 വർഷങ്ങളിൽ നടത്തിയ പഠനത്തിൽ പ്രധാന നാളികേരോത്പാദക സംസ്ഥാനങ്ങളായ കേരളം, തമിഴ്നാട്, കർണ്ണാടകം, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ ഉൽപാദനത്തിൽ പ്രകടമായ കുറവാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കേരളത്തിൽ 17.48 ശതമാനവും ആന്ധ്രപ്രദേശിൽ 53.88 ശതമാനവും ഉൽപാദനത്തിൽ കുറവ് ഉണ്ടാകും. തമിഴ്നാട്ടിൽ നേരിയ ഉൽപാദന വർധനവും പ്രതീക്ഷിക്കുന്നുണ്ടെങ്കിലും, കഴിഞ്ഞ വർഷത്തെ ഉൽപാദനക്കുറവുമായി താരതമ്യം ചെയ്യുമ്പോൾ ആത്യന്തികമായി ഉൽപാദനക്കുറവ് തന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യയൊട്ടാകെ നാളികേര ഉത്പാദനത്തിൽ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 10 ശതമാനം കുറവാണ് കണക്കാക്കിയിരിക്കുന്നത്.

2013, 2014 വർഷങ്ങളിൽ തുടർച്ചയായ ഉണ്ടായ ഫൈലൻ, ഹുഡ്ഹുഡ് ചുഴലിക്കാറ്റുകൾ നാളികേര കൃഷിക്ക് വലിയ നാശം വിതച്ച ആന്ധ്രാപ്രദേശിലാണ് നാളികേര ഉല്പാദനത്തിൽ ഏറ്റവും വലിയ ഇടിവ്. ഇതിന്റെ ഫലമായി ആന്ധ്രയിൽ പ്രത്യേകിച്ചും മറ്റു സംസ്ഥാനങ്ങളിൽ പൊതുവായും പ്രവർത്തിക്കുന്ന നാളികേരാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അസംസ്കൃത വസ്തു(നാളികേരം) മറ്റു കേന്ദ്രങ്ങളിൽ നിന്നും സംഭരിക്കേണ്ട സാഹചര്യം വന്നു. സ്വഭാവികമായും, ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം വലുതാവുമ്പോൾ വിലയിലും വ്യതിയാനം ഉണ്ടാവും എന്നതാണല്ലോ ധനതത്വ ശാസ്ത്രത്തിലെ അടിസ്ഥാന പ്രമാണം. മാത്രവുമല്ല, 2012 മുതൽ കൊപ്ര, വെളിച്ചെണ്ണ എന്നീ ഉല്പന്നങ്ങൾക്കപ്പുറം സംസ്കരിച്ച കരിക്കിൻ വെള്ളം, വെർജിൻ കോക്കനട്ട് ഓയിൽ, ഡസിക്കേറ്റഡ് കോക്കനട് പൗഡർ, തേങ്ങാപ്പാൽ, പാൽപ്പൊടി, ചിപ്സ്, തുടങ്ങി

**വെളിച്ചെണ്ണയുടെ കോഴിക്കോട് വിപണിയിലെ മാസവിലയും 6 മാസത്തെ മൂവിങ് ആവറേജും**




നിരവധി മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കു വേണ്ടി നാളികേരം വർധിച്ച തോതിൽ ഉപയോഗിച്ചു തുടങ്ങി എന്ന യാഥാർത്ഥ്യവും കർഷകർ മനസ്സിലാക്കേണ്ടതുണ്ട്. ഉപഭോഗത്തിലുണ്ടായ മാറ്റവും ഈ ആവർത്തിയിലെ കുത്തനെയുള്ള വിലക്കയറ്റത്തിന് ഉത്തേജനമായി.

ഓരോ ആവർത്തിയിലും വിലയുടെ കയറ്റത്തിന് തുടർച്ചയായി ഒരു ഇറക്കം സ്വാഭാവികമാണ്. വിലയിലെ ഈ ഇറക്കം ഒരു പരിധിവിട്ട് താഴേയ്ക്ക് പോകുന്നത് തടയുക, നിലവിലുള്ള വിലയിൽ പരമാവധി സ്ഥിരത നിലനിർത്തുക, ഈ ആവർത്തികളുടെ ദൈർഘ്യം കുറയ്

ക്കുക തുടങ്ങിയ നടപടികൾ കർഷകർ ഈ വില വ്യതിയാനങ്ങളോട് എങ്ങിനെ പ്രതികരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് ഇരിക്കുന്നത്.

## പരിമിതികളും പ്രതിവിധികളും

വ്യക്തികൾ എന്ന നിലയിൽ കേരകർഷകർക്ക് വിപണിയിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നാൽ, കൂട്ടായ്മകളിലൂടെ ഇതിന് തൃപ്തികരമായ പരിഹാരം തേടാനാകും. 2010 ൽ തുടങ്ങിയ ത്രിതല കൂട്ടായ്മകളുടെ രൂപീകരണം ഇന്ന് വലിയ പ്രസ്ഥാനമായി രാജ്യം മുഴുവൻ വ്യാപിച്ചു കഴിഞ്ഞു. കേവലം അഞ്ചു വർഷം കൊണ്ട് ഈ സംവിധാനം ഇന്ത്യയൊട്ടാകെ 7794 സി.പി.എസുകളിലും 579 സി.പി.എഫുകളിലും 35 ഉത്പാദക കമ്പനികളിലും എത്തി, കൂടുതൽ കാര്യക്ഷമതയിലും വേഗത്തിലും വ്യാപ്തി കൈവരിക്കുകയാണ്. ഈ കർഷക കൂട്ടായ്മകൾക്ക് വിപണിയിയോട് ക്രിയാത്മകമായി പ്രതികരിക്കാനും വിലയിടിവിനെ പ്രതിരോധിക്കാനും കഴിയും, അഥവാ കഴിയണം.

നാളികേര വിലയിൽ നേരിയ മാന്ദ്യം സംഭവിക്കുമ്പോൾ കർഷകർ തിരക്കുപിടിച്ച് ഉത്പന്നങ്ങൾ ലഭ്യമായ വിലയ്ക്ക് വിറ്റഴിക്കേണ്ടതില്ല. കൂട്ടായ്മകളുടെ നേതൃത്വത്തിൽ വ്യക്തമായ പദ്ധതികളിലൂടെ ഉത്പന്ന സംഭരണവും, സംസ്കരണവും നടത്തി അവ സമാഹരിച്ച് വച്ച് വിപണിയിലേയ്ക്കുള്ള ചരക്കിന്റെ വരവ് നിയന്ത്രിക്കുകയാണ് വേണ്ടത്. ലഭ്യത കുറയുമ്പോൾ സ്വാഭാവികമായും ഉത്പന്നത്തിന്റെ കമ്പോളവില ഉയരാൻ തുടങ്ങും.

ത്രിതല നാളികേര കൂട്ടായ്മകളുടെ ഏറ്റവും ഉയർന്ന തലത്തിലുള്ള നാളികേര ഉത്പാദക കമ്പനിയിൽ അണിചേർന്നിട്ടുള്ള കർഷകരുടെ തെങ്ങുകളിൽ ഒരു ശതമാനം, അതായത് 10000 തെങ്ങുകൾ (ഒരു കമ്പനിയുടെ കീഴിൽ ശരാശരി പത്തു ലക്ഷം കായ്ക്കുന്ന തെങ്ങുകൾ എന്ന കണക്കിൽ) തെരഞ്ഞെടുത്ത് നീര ഉത്പാദനം, പ്രതിദിനം അഞ്ച് മെട്രിക് ടൺ ഉത്പാദനം ലക്ഷ്യമിട്ടുകൊണ്ടുള്ള വെളിച്ചെണ്ണ സംസ്കരണ യൂണിറ്റുകൾ, അതിലേയ്ക്ക് ആവശ്യമായ ആധുനിക കൊപ്ര ഡ്രയറുകൾ (ഒരു ബാച്ചിൽ 10000 നാളികേരം കൊപ്രയാക്കാൻ ശേഷിയുള്ള 10 ഡ്രയറുകൾ ഫെഡറേഷനുകളിൽ), പ്രതിദിനം 25000 നാളികേരം സംസ്കരിച്ച് വെർജിൻ കോക്കനട്ട് ഓയിൽ ഡെസിക്കേറ്റഡ് കോക്കനട് പൗഡർ തുടങ്ങിയവ നിർമ്മിക്കാനുള്ള സൗകര്യങ്ങൾ എന്നിവ അടിയന്തിരമായി കമ്പനികൾ ഒരുക്കേണ്ടതുണ്ട്. ഇതുവഴി നാളികേരത്തിന്റെ ഉപോത്പ്പന്നങ്ങളായ ചകിരി, ചിരട്ട, തേങ്ങാവെള്ളം എന്നിവയും ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കും. മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിനായി കമ്പനികൾ തമ്മിൽ പരസ്പരം സഹകരിക്കണം. ഇന്ത്യയൊട്ടാകെ 100 നാളികേര ഉല്പാദക കമ്പനികൾ നിലവിൽ വരികയും നാളികേരാധിഷ്ഠിത മൂല്യവർധിത ഉത്പ്പന്നങ്ങളുടെ നിർമ്മിതിയിൽ ഏർപ്പെടുകയും ചെയ്താൽ തീർച്ചയായും കർഷകർക്ക് തങ്ങളുടെ ഉല്പന്നത്തിന് വിപണിയിൽ നല്ല വില ഉറപ്പാക്കാൻ കഴിയും. അമേരിക്കയിലെ മൊത്തം ജനസംഖ്യയേക്കാൾ കൂടുതലാണ് ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിലെ ജനസംഖ്യ എന്ന കാര്യം നാം മനസ്സിലാക്കണം.ഇതോടൊപ്പം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും നാളികേര ഉല്പാദന കമ്പനികൾ ഊന്നൽ കൊടുക്കണം. ഒരു തെങ്ങിൽ നിന്നും പ്രതിവർഷം ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണം പരമാവധി വർദ്ധിപ്പിക്കുക എന്നതായിരിക്കണം ലക്ഷ്യം. ഇത് മുന്നിൽ കണ്ടുള്ള കൃഷി രീതികളും ആസൂത്രണം ചെയ്യണം. ഭൂമിയുടെ ലഭ്യത കുറവ് മറികടക്കാൻ ഉത്പാദനക്ഷമത വർധിപ്പിക്കുകയായിരിക്കണം നമ്മുടെ ലക്ഷ്യം. കൂടാതെ ഉത്പാദനക്ഷമത വർധിപ്പിക്കാൻ ചെലവിന്റെ കാര്യത്തിൽ നേരിയ വർധന ഉണ്ടാകുമെങ്കിലും ഇതിലൂടെ വളരെ ഉയർന്ന വരുമാനം കർഷകർക്ക് ഉറപ്പാക്കാൻ സാധിക്കും. നടീൽ വസ്തുക്കളുടെ (നല്ലയിനം തെങ്ങിൻ തൈകളുടെ ലഭ്യത ഉറപ്പു വരുത്താൻ ഫെഡറേഷനുകൾക്കു കീഴിൽ പ്രാദേശികമായി നഴ്സറികൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കണം. കീട,രോഗ പ്രതിരോധ നടപടികൾ, ആധുനിക രീതിയിലുള്ള ജലസേചനം, നല്ല വിള പരിപാലനം, നാളികേര കൃഷിയിൽ ഘടനാപരമായ മാറ്റങ്ങൾ എന്നിവയിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

നാളികേര ഉല്പന്നങ്ങളുടെ വിലയിൽ ഈയിടെ കാണുന്ന ചെറിയ മാന്ദ്യത്തിന്റെ പഞ്ചാത്തലത്തിൽ കേരകർഷകർ വിപണിയോട് എങ്ങനെ പ്രതികരിക്കണം എന്നു വ്യക്തമാക്കാനാണ് ഈ വിശകലനത്തിലൂടെ ശ്രമിച്ചത്. നാളികേര വികസന ബോർഡിന്റെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഇതു സംബന്ധിച്ച അപഗ്രഥനങ്ങളും വിശകലനങ്ങളും തുടരും. ആ പഠനഫലങ്ങളും നിരീക്ഷണങ്ങളും രണ്ടാഴ്ച്ചയിൽ ഒരിക്കൽ കർഷകർക്കു വേണ്ടി കൂട്ടായ്മകളിലേയ്ക്ക് എത്തിക്കുകയും ചെയ്യും. ഈ പഠനത്തിൽ പങ്കു ചേരാൻ താല്പര്യമുള്ള ഗവേഷണ കേന്ദ്രങ്ങളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ബോർഡ് സ്വാഗതം ചെയ്യുന്നു. ■

### ത്രിതല കൂട്ടായ്മകൾ എന്തു ചെയ്യണം?

നാളികേര കർഷക ഉത്പാദക ഫെഡറേഷനുകളും കമ്പനികളും വിപണിയിൽ ഇടപെട്ട് നാളികേര ഉത്പ്പന്നങ്ങളുടെ വില പിടിച്ചു നിർത്തുന്നതിനായി:

- നഴ്സറികൾ സ്ഥാപിച്ച് നീര, നാളികേര പാൽ തുടങ്ങിയ ഉത്പ്പന്നങ്ങളെ മുന്നിൽ കണ്ടുകൊണ്ട് അത്യുത്പാദന ശേഷിയും ഗുണമേൻമയുമുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുക.
- നാളികേര കൃഷിക്കുള്ള ശാസ്ത്രീയ പരിപാലന ക്രമം നടപ്പാക്കുക
- കരിക്ക്, കരിക്കുത്പന്നങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.
- ആധുനിക കൊപ്ര ഡ്രയറുകൾ സ്ഥാപിച്ച് നാളികേരം കൊപ്രയാക്കുക
- കൊപ്ര സൂക്ഷിക്കുന്നതിനായി ഗോഡൗൺ സൗകര്യമൊരുക്കുക.
- എക്സപെല്ലർ സ്ഥാപിച്ച് വെളിച്ചെണ്ണ ഉണ്ടാക്കി വിപണനം ചെയ്യുക.
- ഫാക്ടറി സ്ഥാപിച്ച് തൂൾ തേങ്ങയുടെ നിർമാണവും വിപണനവും നടത്തുക
- പാഴാക്കി കളയുന്ന തേങ്ങാവെള്ളം ശുദ്ധീകരിച്ച് ഇളനീർ സോഡ, വിനാഗിരി, ഫ്രോസൺ കോക്കനട്ട് വാട്ടർ, നാറ്റാ-ഡി കൊക്കോ തുടങ്ങിയ മൂല്യ വർധിത ഉത്പ്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുക.
- വെർജിൻ വെളിച്ചെണ്ണ നിർമ്മിച്ച് വിപണനം ചെയ്യുക.
- തേങ്ങാപ്പാലിൽ നിന്ന് വിവിധ ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുക.
- നീരയും നീരയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മിച്ച് വിപണനം ചെയ്യുക.

1. സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ
2,3,4 സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ



# വിപണന വിജയം യാദൃശ്ചികമല്ല

**കെ. എസ്. സെബാസ്റ്റ്യൻ**
അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) നാളികേര വികസന ബോർഡ്, കൊച്ചി -11

വിപണനത്തിന്റെ ഏറ്റവും അടിസ്ഥാന കർത്തവ്യം പുതിയ ഉപഭോക്താക്കളെ കണ്ടെത്തുന്നതോടൊപ്പം നിലവിലുള്ള ഉപഭോക്താക്കളെ നില നിർത്തുക എന്നതാണ് പലേ ഉത്പന്നങ്ങളുടേയും വിപണിയിലെ പരാജയത്തിന്റെ മുഖ്യ കാരണം ഉപഭോക്താവിന്റെ യഥാർത്ഥ ആവശ്യത്തെക്കുറിച്ചുള്ള ധാരണ ഉത്പാദകനില്ലാത്തതാണ്. ഒരു ഉത്പന്നത്തിന് പുതിയ ഉപഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ചിലവ്, പ്രസ്തുത ഉത്പന്നത്തിന്റെ നിലവിലുള്ള ഉപഭോക്താക്കളെ നില നിർത്തുന്നതിനുള്ള ചിലവിന്റെ ഏകദേശം 6 മടങ്ങ് വേണ്ടിവരുമെന്ന് കണക്കാക്കുന്നു. വിപണന രംഗത്ത് വിജയം വരിച്ച എല്ലാ കമ്പനികളും നിലവിലുള്ള ഉപഭോക്താക്കളുമായി സ്ഥായിയായ ബന്ധം സ്ഥാപിക്കുവാനും, ഉത്പന്നങ്ങൾക്ക് കൂടുതൽ മൂല്യവും ആകർഷണീയതയും വരുത്തി പുതിയ ഉപഭോക്താക്കളെ കണ്ടെത്താനും ശ്രമിക്കുന്നു.

ഉപഭോക്താക്കൾക്ക് പരമാവധി മൂല്യം നൽകി ലാഭകരമായി പ്രവർത്തിക്കുന്നതാണ് വിപണനത്തിന്റെ ഏറ്റവും പരമപ്രധാനമായ ദൗത്യം. വിപണികളും ഉത്പന്നങ്ങളും സ്ഥിരമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതിനാൽ വിപണിക്ക് അനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ തയ്യാറാകാത്തവർ പിൻതള്ളപ്പെട്ടുപോകും. വിപണനശ്രമങ്ങൾ വിജയത്തിലെത്തണമെങ്കിൽ വ്യക്തമായ ആസൂത്രണം കൂടിയേ തീരൂ. പലേ സ്ഥാപനങ്ങളും വിപണന ശ്രമങ്ങൾ വ്യക്തമായ തയ്യാറെടുപ്പുകളോടെയല്ല നടത്തുന്നത്. താത്ക്കാലിക അവസരങ്ങൾ കണ്ടിട്ടോ, ആകസ്മികമായുണ്ടാകുന്ന പ്രതിസന്ധികളെ മറികടക്കുവാനുള്ള കുറുക്കുവഴി എന്ന രീതിയിലോ വിപണന ശ്രമങ്ങളെ കണക്കിലെടുത്ത് പ്രവർത്തിക്കുമ്പോൾ വിജയസാദ്ധ്യതകൾ കുറവായിരിക്കും.

ഉപഭോക്താവിന്റെ ഉൽപ്പന്ന സങ്കൽപ്പത്തെക്കുറിച്ച് ആഴത്തിലുള്ള അറിവ് വിപണന വിജയത്തിന് ഏറ്റവും അനുപേക്ഷണീയമായ ഘടകമാണ്. ഉപഭോക്താവിന്റെ താത്പര്യങ്ങളെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുന്നതിന്, ഉൽപ്പന്നം വാങ്ങുന്നതിനള്ള തീരുമാനം എടുക്കുന്നതിൽ ആരാണ് പ്രധാന സ്ഥാനം വഹിച്ചിരിക്കുന്നത്, വാങ്ങൽ പ്രക്രിയ എങ്ങിനെയാണ്, വാങ്ങുവാനുള്ള സാധനങ്ങൾ തിരഞ്ഞെടുക്കുവാനുള്ള മാനദണ്ഡം, എവിടെ നിന്നുമാണ് വാങ്ങുന്നത്, എപ്പോഴാണ് വാങ്ങുന്നത് എന്നീ കാര്യങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## നാളികേര വികസന ബോർഡ് ബി ടു ബി മീറ്റുകൾ സംഘടിപ്പിക്കുന്നു

നാളികേര ഉൽപ്പന്നങ്ങളുടെ വിപണി വികസിപ്പിക്കുന്നതിന്റെ ഭാഗമായി നാളികേര വികസനബോർഡ് രാജ്യത്തെ പ്രധാന പട്ടണങ്ങളിൽ ബി ടു ബി മീറ്റ് നടത്തുന്നു. ഈ സാമ്പത്തിക വർഷം (2015 - 16) 10 ബി ടു ബി മീറ്റ് നടത്തുവാനാണ് ബോർഡ് ലക്ഷ്യമിടുന്നത്. നാളികേരാധിഷ്ഠിത ഭക്ഷ്യോൽപ്പന്നങ്ങളുടെ നിർമ്മാതാക്കളേയും അവയുടെ നിലവിലുള്ള വിതരണക്കാരേയും വിതരണക്കാരാവാൻ താത്പര്യമുള്ളവരേയും ഇടനിലക്കാരില്ലാതെ നേരിട്ട് ബന്ധപ്പെടുത്തുകയും തദ്വാര ഏറ്റവും ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ മിതമായ വിലയിൽ ആവശ്യാനുസരണം ഉപഭോക്താക്കളിൽ എത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ മീറ്റുകൾ നടത്തുന്നത്. വെളിച്ചെണ്ണ, വെർജിൻ കോക്കനട്ട് ഓയിൽ, ഉണ്ട കൊപ്ര, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, പായ്ക്കറ്റിലാക്കിയ കരിക്കിൻവെള്ളം, നാളികേര ചിപ്സ് മുതലായ ഉൽപ്പന്നങ്ങളാണ് ഈ രീതിയിലുള്ള വിപണന പ്രോത്സാഹനത്തിനായി ആദ്യ ഘട്ടത്തിൽ പരിഗണിക്കുന്നത്. ഈ ഉൽപ്പന്നങ്ങളെല്ലാം നിലവിൽ ധാരാളം ആവശ്യക്കാരുണ്ടെങ്കിലും, സ്ഥിരമായും, മിതമായ തിരക്കിലും, ഗുണനിലവാരത്തിലും ലഭ്യമാകുവാനുള്ള സാഹചര്യം സംജാതമാകാത്തതാണ് വിപണനത്തിന് തടസ്സമായിരിക്കുന്നത്. ഇതിന് പരിഹാരം കണ്ടെത്തുമ്പോൾ തന്നെ വിപണി സ്വാഭാവികമായി വികസിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നാളികേര മേഖലയിലെ ഉൽപ്പന്ന നിർമ്മാതാക്കൾ ഭൂരിപക്ഷവും ചെറുകിടക്കാരും ഇടത്തരക്കാരും ആയതിനാൽ സ്വന്ത നിലയിൽ രാജ്യ വ്യാപകമായി വിപണി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ കഴിയുന്നില്ല. ഇത്തരം ഉൽപാദകരുടെ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളെ രാജ്യ വ്യാപകമായുള്ള വിപണിക്ക് പരിചയപ്പെടുത്തുവാൻ ഈ മീറ്റുകളിലൂടെ കഴിയുമെന്ന് കരുതുന്നു. ഈ മീറ്റിനോടനുബന്ധമായി നാളികേര ഉൽപ്പന്നങ്ങളെ ഭാവി ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുവാനുള്ള പരസ്യ പരിപാടുകളും പ്രാദേശികമായി ഏറ്റെടുത്തു നടത്തുവാനും ബോർഡ് ഉദ്ദേശിക്കുന്നു.

## വിപണി വർഗ്ഗീകരണം (മാർക്കറ്റ് സെഗ്മെന്റേഷൻ)

ഉപഭോക്താവിന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും വ്യത്യസ്തങ്ങളായതിനാൽ ഉൽപ്പന്നങ്ങൾ എത്ര ഗുണനിലവാരം പുലർത്തുന്നതായാലും, ഉപഭോക്താവിന്റെ ദൃഷ്ടിയിലെ മൂല്യം വ്യത്യസ്തമായതിനാലാണ് സമാന രീതിയിലുള്ള ആഗ്രഹങ്ങളും അഭിലാഷങ്ങളും ഉള്ള ഉപഭോക്താക്കളെ ഒരേ ഗണത്തിൽപെടുത്തി, ആ ഗണത്തിന്റെ താത്പര്യങ്ങൾക്കനുസൃതമായ ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനുള്ള തന്ത്രങ്ങൾ മെനയുന്നത്. അതുകൊണ്ടാണ് മൊത്തം വിപണിയെ സമാന സ്വഭാവമുള്ള ഉപഭോക്താക്കളുടെ ഗണങ്ങളായി വിഭജിച്ച് ഒരോ ഗണത്തിനും അനുയോജ്യമെന്ന് കരുതുന്ന ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുവാനാണ് വിപണനോത്സുകരായ സ്ഥാപനങ്ങൾ ശ്രമിക്കുന്നത്.

ഉപഭോക്താക്കളെ വിവിധങ്ങളായ ഗണങ്ങളിലാക്കി, ഓരോ ഗണത്തിനു അനുയോജ്യമായ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുമ്പോൾ തീർച്ചയായും ഉൽപ്പന്നത്തിന്റെ ലാഭ ക്ഷമത വർദ്ധിക്കുമെന്നുള്ളത് സുനിശ്ചിതമാണ്. അനുയോജ്യമായ ഉൽപ്പന്നങ്ങൾക്ക് അധിക വില നൽകുവാൻ ഉപഭോക്താക്കൾക്ക് സ്വാഭാവികമായി വിസമ്മതം ഉണ്ടാകാത്തതിനാൽ ഇത്തരം ഉൽപ്പന്നങ്ങൾ കൂടുതൽ ലാഭകരമായി വിപണനം ചെയ്യുവാൻ കഴിയുന്നു. ഇങ്ങനെ വിപണിയെ ഏക സ്വഭാവമുള്ളവരുടെ വിവിധ ഗണങ്ങളിലാക്കുന്നതിലൂടെ ഓരോ ഗണത്തെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കുന്നതിനും, വിപണി വികസനത്തിനുള്ള സാദ്ധ്യതകൾ വ്യക്തമായി അറിയുവാനും കഴിയുന്നു. കൂടാതെ അതീവ മാത്സര്യമുള്ള വിപണിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും അനുയോജ്യമായ ഉത്പന്നങ്ങൾ അതരിപ്പിക്കുന്നവാനുള്ള ശ്രമങ്ങൾ ഒരു സംരംഭത്തെ കൊണ്ട് മാത്രം സാധിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതല്ല. ഏറ്റവും ഫലപ്രദമായി തങ്ങളുടെ ഉത്പന്നങ്ങളുടെ സാന്നിദ്ധ്യം അറിയിക്കുവാൻ കഴിയുന്ന ഗണത്തിൽ മാത്രം ശ്രദ്ധയൂന്നിയുള്ള വിപണന ശ്രമങ്ങൾക്ക് വിജയ സാദ്ധ്യത കൂടുതലായിരിക്കും. നാല് വിധത്തിലുള്ള വിപണന തന്ത്രങ്ങൾ സാധാരണയായി അവലംബിക്കുന്നതായാണ് കാണുന്നത്.

- ഉപഭോക്താക്കളെ മൊത്തമായി ഒരേ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്ന രീതി.
- ഓരോ ഗണത്തിനും അനുയോജ്യമായ/ സ്വീകാര്യമായ ഉത്പന്നങ്ങൾ അവതരിപ്പിച്ചുള്ള വിപണന രീതി.
- വിവിധങ്ങളായ ഗണങ്ങളിൽ ഏറ്റവും ആകർഷണീയമെന്ന് തോന്നുന്ന ഗണങ്ങളിൽ മാത്രം ശ്രദ്ധിച്ചുള്ള വിപണന രീതി.
- ഓരോ ഉപഭോക്താവിനേയും വ്യത്യസ്തമായി കണ്ട്, ഓരോരുത്തർക്കും വ്യത്യസ്തമായ ഉത്പന്നങ്ങൾ അവതരിപ്പിച്ചുള്ള വിപണന രീതി (ഡിസൈനർ വസ്ത്രങ്ങൾ തയ്യാറാക്കുന്നതു പോലെ).

ഉദാഹരണമായി നീരയെന്ന പാനീയത്തെ വിപണിയിൽ അവതരിപ്പിക്കുമ്പോൾ എല്ലാത്തരം ഉപഭോക്താക്കൾക്കും ഒരേതരത്തിലുള്ള ഉൽപന്നം എന്നതിനു പകരം ചെറുപ്പക്കാർക്ക് കാർബണേറ്റഡ് നീരയായും കുട്ടികൾക്ക് ഫ്ളേവേഡ് നീരയായും അവതരിപ്പിക്കാവുന്നതാണ്. നാളികേര മേഖലയിലെ പ്രമുഖ കമ്പനികളായ മാരിക്കോ, മോസൺസ് എക്സ്ട്രാക്ഷൻസ് പോലെയുള്ള കമ്പനികൾ വിവിധ പ്രായത്തിലുള്ള ഉപഭോക്താക്കളെ ആകർഷിക്കുവാൻ വ്യത്യസ്തങ്ങളായ ഉത്പന്നങ്ങൾ വിപണയിൽ ഇറക്കിയിരിക്കുന്നത് ശ്രദ്ധിച്ചുണ്ടാവുമല്ലോ.

**നീരയെന്ന പാനീയത്തെ വിപണിയിൽ അവതരിപ്പിക്കുമ്പോൾ എല്ലാത്തരം ഉപഭോക്താക്കൾക്കും ഒരേതരത്തിലുള്ള ഉൽപന്നം എന്നതിനു പകരം ചെറുപ്പക്കാർക്ക് കാർബണേറ്റഡ് നീരയായും കുട്ടികൾക്ക് ഫ്ളേവേഡ് നീരയായും അവതരിപ്പിക്കാവുന്നതാണ്.**



**പ്രൊഡക്ട് പൊസിഷനിംഗ് :** പ്രൊഡക്ട് പൊസിഷനിംഗിന് തികച്ചും അനുയോജ്യമായ മലയാള പദം കണ്ടെത്തുക വിഷമകരമാണെന്നു തോന്നുന്നു. ഏങ്കിലും ഉത്പന്ന പ്രതിഷ്ഠ എന്നു വിളിച്ചാൽ തെറ്റില്ലായിരിക്കുമെന്ന് കരുതുന്നു. വിപണനത്തിലെ ഏറ്റവും പ്രധാനപ്പെട്ടതാണ് ഈ ഉത്പന്ന പ്രതിഷ്ഠ. ലക്ഷ്യമിടുന്ന ഉപഭോക്താക്കളുടെ മനസ്സിൽ വ്യത്യസ്തതയോടെ സ്ഥാനം പിടിക്കാനായി ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ഏറ്റവും ശ്രമകരമായ പ്രവൃത്തിയെ ഒറ്റവാക്കിൽ ഉത്പന്ന പ്രതിഷ്ഠയെന്ന് വിളിക്കാം. ഉപഭോക്താവ് തന്റെ ആവശ്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ തങ്ങളുടെ ഉത്പന്നം അവന്റെ മനസ്സിലേക്ക് കടന്നു വന്നാൽ ഉൽപ്പന്ന പ്രതിഷ്ഠ വിജയിച്ചുവെന്ന് പറയാം. മീഡിയകളുടെ അതിപ്രസരം, മൂലം പ്രതിദിനമെന്നോളം നൂറുകണക്കിന് വിപണന സന്ദേശങ്ങൾക്ക് വിനീതവിധേയനാകേണ്ടിവരുന്ന ശരാശരി ഉപഭോക്താവിന്റെ ഹൃദയത്തിൽ ഒരു ഉത്പന്നത്തെ പ്രതിഷ്ഠിക്കുകയെന്നത് ഭഗീരഥ പ്രയത്നം തന്നെയായിരിക്കും.

ആരോഗ്യദായകമായ പാനീയത്തേക്കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ ഉപഭോക്താവിന്റെ മനോമുകരത്തിലേക്ക് നീരയ്ക്കു കടന്നുവരുവാൻ കഴിഞ്ഞാൽ ആ ഉൽപന്നം പ്രൊഡക്ട് പൊസിഷനിംഗിൽ വിജയിച്ചു എന്നു കരുതാം.

**ബ്രാൻഡ് :** ഉപഭോക്താവിനെ തൃപ്തിപ്പെടുത്തുന്നതോ, അവന് മൂല്യം തോന്നുന്നതോ ആയ വസ്തുവിനെ ഉത്പന്നമെന്ന് വിളിക്കുമ്പോൾ, വ്യത്യസ്തങ്ങളായ സംരംഭങ്ങളുടെ ഉത്പന്നങ്ങളെ വിവേചിച്ചറിയുവാൻ സഹായകരമായ

ധർമ്മം നിർവ്വഹിക്കുന്നതാണ് ബ്രാൻഡുകൾ. വിവിധങ്ങളായ സംരംഭങ്ങളുടെ ഉത്പന്നങ്ങളുടെ സാങ്കേതികതയിലെ വ്യതിരിക്തത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ ബ്രാൻഡിങ് ശ്രമങ്ങളുടെ പ്രാധാന്യം അധികരിക്കുമെന്നത് സ്വാഭാവികമാണ്. ഉത്പന്നത്തിന്റെ പേര് പോലും മറന്ന് ബ്രാൻഡുകളുടെ പേരിൽ ഉൽപ്പന്നം അറിയപ്പെടുന്ന അവസരങ്ങൾ നമ്മുടെ മുമ്പിലുണ്ടല്ലോ. ടെട്രാപാക്കിലുള്ള പഴച്ചാറുകൾ നമുക്ക് ഫ്രൂട്ടിയും, തുള്ളി നീലം നമുക്ക് ഉജാലയുമാണ്.

ബ്രാൻഡ് വികസിപ്പിക്കുകയെന്നത് അത്യന്തം ശ്രമകരവും, ചിലവേറിയതും, ധാരാളം സമയം ആവശ്യമുള്ള പ്രക്രിയയാണ്. വിജയകരമായ ബ്രാൻഡുകൾ കമ്പനികളുടെ മൂല്യം വർദ്ധിപ്പിക്കുന്നതിനൊപ്പം ഉപഭോക്താക്കൾക്ക് കമ്പനിയോടുള്ള പ്രതിപത്തിയും പരിഗണനയും ഉയർത്തുകയും ചെയ്യുന്നു. ശക്തമായ ബ്രാൻഡ് സാന്നിദ്ധ്യമുള്ള മേഖലയിൽ പുതിയ ബ്രാൻഡുകൾ രംഗപ്രവേശം ചെയ്യുവാൻ പൊതുവെ മടിയുമെന്നുറപ്പാണ്. കമ്പോളത്തിലെ മുൻ നിരക്കാരും, ശക്തവുമായ ബ്രാൻഡുകൾക്ക് സ്വാഭാവികമായി ഉയർന്ന വില ലഭിക്കുന്നതിനാൽ ഇത്തരം ബ്രാൻഡുകളുടെ ഉടമകൾക്ക് സ്ഥിരവും ഉയർന്നതുമായ ലാഭം തുടർച്ചയായി ലഭിച്ചുകൊണ്ടിരിക്കും. അമേരിക്കയിൽ ഈ അടുത്ത കാലത്ത് നടത്തിയ ഒരു പഠനത്തിൽ കമ്പോളത്തിൽ ഒന്നാമതായി നിൽക്കുന്ന ബ്രാൻഡിൽ നിന്നും കമ്പനിക്ക് ലഭിക്കുന്ന ലാഭം ഉത്പന്ന നിർമ്മിതിക്കായി മുടക്കിയ തുകയുടെ 18 ശതമാനം ആണെന്നു കണ്ടു. എന്നാൽ രണ്ടാം സ്ഥാലനത്തുള്ള ബ്രാൻഡിന്റെ വരുമാനം വെറും 6 ശതമാനം മാത്രമായും കണപ്പെട്ടു.

ഉത്പാദകനെന്നതുപോലെ ഉപഭോക്താവിനും ബ്രാൻഡുകൾ പ്രാധാന്യമേറിയതാണ്. ഉത്പന്നത്തിന്റെ മേന്മകൾ മനസ്സിലാക്കുവാനുള്ള ഉപഭോക്താവിന്റെ ഏറ്റവും പ്രധാന ഉറവിടം ബ്രാൻഡ് തന്നെയാണ്. ബ്രാൻഡുകൾ ഉപഭോക്താവിന്റെ ഉൽപ്പന്ന തിരഞ്ഞെടുപ്പ് പ്രക്രിയയെ ലഘൂകരിക്കുകയും ഈ പ്രക്രിയയിലെ അപകട സാദ്ധ്യതയെ (റിസ്ക്) തുലോം കുറയ്ക്കുകയും ചെയ്യും. കൂടാതെ ബ്രാൻഡുകൾ ഉപഭോക്താവിന്റെ സ്വാതാവിഷ്ക്കാരിത്തിനുള്ള വലിയ അവസരം കൂടി ഒരുക്കുന്നുണ്ട്.

**പാക്കേജിംഗ് :** ഉത്പന്നങ്ങൾ വിപണനത്തിനായി പൊതിഞ്ഞു സൂക്ഷിക്കാനുള്ള എല്ലാ വസ്തുക്കളേയും അവയിൽ പതിപ്പിക്കേണ്ടതായ എല്ലാ വിവരങ്ങളേയുമാണ് ഈ പദം കൊണ്ടു വിവക്ഷിക്കുക. ഉൽപ്പന്നത്തെ സംരക്ഷിക്കുവാനുള്ള പ്രാഥമിക ധർമ്മമാണ് പാക്കേജിംഗ് അനുഷ്ടിക്കുന്നതെങ്കിലും, ആധുനിക വിപണന ശ്രമങ്ങളിൽ ഉപഭോക്താക്കളെ ആകർഷിക്കാനും, ഉത്പന്നത്തെക്കുറിച്ചു സംക്ഷിപ്ത പരിജ്ഞാനം നൽകുവാനും, ഉത്പന്നത്തെ സമാന ഉത്പന്നങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്ന സവിശേഷതകൾ ഉപഭോക്താവിൽ എത്തിക്കാനുമൊക്കെ പാക്കേജിംഗ് ഉപകരിക്കുന്നു. പാക്കേജിംഗുകളുടെ ആകർഷണീയത വിപണനത്തെ തീർച്ചയായും സഹായിക്കും. എങ്കിലും പാക്കേജിംഗിന്റെ ആകർഷണീയത വർധിപ്പിക്കാനാണെങ്കിൽ കൂടി അടിക്കടി പാക്കേജിംഗിൽ മാറ്റം വരുത്തിയാൽ നിലവിലുള്ള ഉപഭോക്താവിനു പോലും ഉത്പന്നം തിരിച്ചറിയുവാൻ പറ്റാത്ത സാഹചര്യം സംജാതമാകുകയും അതു വിപണനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യാം

ഫെയർ ട്രേഡ് ഉത്പന്നങ്ങൾ, ജൈവ ഉൽപ്പന്നങ്ങൾ മുതലായവയുടെ പാക്കേജിംഗിൽ തന്നെ ഈ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന കർഷകരെ സംബന്ധിച്ചും അസംസ്കൃത വസ്തു ശേഖരണത്തിനായി ഒരുക്കിയിട്ടുള്ള സംവിധാനത്തേയുമൊക്കെയുള്ള ലഘു വിവരണങ്ങൾ രേഖപ്പെടുത്തി വരുന്നു. ഉപഭോക്താക്കളിൽ ഇത്തരം ഉത്പന്നങ്ങളോടുള്ള പ്രതിപത്തി ഉയർത്താൻ ഈ ശ്രമങ്ങൾ സഹായിക്കുന്നു. തങ്ങളുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുമ്പോൾ കർഷക കൂട്ടായ്മകൾ ഇത്തരം പാക്കേജിംഗ് രീതികൾ അനുകരിക്കുമെന്ന് തന്നെ നമുക്ക് പ്രതീക്ഷിക്കാം.

**ഉത്പന്ന ജീവിത ചക്രം :** ഒരു ഉത്പന്നത്തിന്റെയും ജീവിത ചക്രം അനന്തമല്ല. പരിമിതമായ ഒരു കാലത്തിനു ശേഷം കാലയവനികയിലേക്ക് മാറുകയെന്നത് എല്ലാ ഉത്പന്നങ്ങളുടെയും അനിവാര്യതയാണ്. ഒരു ഉത്പന്നത്തിന്റെ ജീവിത ചക്രത്തെ നാലു തലങ്ങളായി വിഭജിക്കുവാൻ കഴിയും.

- ഉത്പന്നത്തിന്റെ വിപണി പ്രവേശം തുടങ്ങുമ്പോഴുള്ള അവസ്ഥ
- ഉത്പന്നത്തിന്റെ വിപണി വളർച്ച തുടരുന്ന അവസ്ഥ
- പൂർണ്ണ വളർച്ചയെത്തിയ അവസ്ഥ
- ഉത്പന്നത്തിന്റെ വിപണിയിലെ തളർച്ച

## കർഷക കൂട്ടായ്മകളിലൂടെ സംസ്ഥാന വ്യാപകമായി വിപണന ശാല

വിവിധങ്ങളായ നാളികേര ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി കർഷക കൂട്ടായ്മകളുടെ സംസ്ഥാന വ്യാപകമായി 1000 വിപണന തലങ്ങൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നു. എല്ലാവിധ നാളികേര ഉൽപ്പന്നങ്ങളും ഗുണമേന്മ ഉറപ്പാക്കി മിതമായ നിരക്കിൽ ഇത്തരം വിപണന ശാലകളിലൂടെ ലഭ്യമായിരിക്കും. ചുരുങ്ങിയത് 100 അടിയെങ്കിലും തറ വിസ്തീർണ്ണമുള്ളതും, പട്ടണങ്ങളിലോ, പട്ടണങ്ങളുടെ പരിസര പ്രദേശത്തോ, പ്രധാനപ്പെട്ട പാതയോരങ്ങളിലോ, വിനോദ സഞ്ചാര കേന്ദ്രങ്ങളിലോ, തീർത്ഥാടക കേന്ദ്രങ്ങളേടനുബന്ധിച്ചോ ഇത്തരം വിപണന ശാലകൾ കർഷക കൂട്ടായ്മകൾക്ക് വാടകയ്ക്ക് ലഭ്യമായ സ്ഥല സൗകര്യങ്ങളുപയോഗിച്ച് ഇത്തരം വിപണന ശാലകൾ ആരംഭിക്കാവുന്നതാണ്. ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്ന കർഷക കൂട്ടായ്മകൾക്ക് ഇതിനായി വരുന്ന ചിലവിന്റെ 50 ശതമാനമോ പരമാവധി 1.50 ലക്ഷം രൂപയോ സഹായ ധനമായി നാളികേര വികസന ബോർഡ് നൽകുന്നു.

സംസ്ഥാനത്ത് വിവിധ ജില്ലകളിലായി രൂപീകൃതമായിരിക്കുന്ന നാളികേര ഉൽപാദക കമ്പനികളുടെ ഉൽപ്പന്നങ്ങൾ സംസ്ഥാന വ്യാപകമായി ഉപഭോക്താക്കളിലെത്തിക്കുവാൻ ഈ വലിയ വിപണന ശൃംഖല ഉപകരിക്കും. പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയിൽ ഗുണ നിലവാരം ഉറപ്പാക്കിയ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിലെത്തിക്കുവാൻ ഈ സംവിധാനത്തിനു കഴിയും.

ഇതോടൊപ്പം നാളികേരോൽപാദക കമ്പനികളുടെ സംസ്ഥാനതല കൺസോർഷ്യം മുൻകൈ എടുത്ത് രാജ്യത്തെ വിവിധ നഗരങ്ങളിൽ നിലവിലുള്ള പ്രശസ്തമായ വിപണന ശൃംഖലകളിലൂടെ തങ്ങളുടെ അംഗ കമ്പനികളുടെ ഉൽപ്പന്നങ്ങൾ കമ്പനി ബ്രാൻഡിലോ, പൊതു ബ്രാൻഡിലോ വിപണനം നടത്തുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. രാജ്യ വ്യാപകമായി വിപണന ശൃംഖലയുള്ള മദർ ഡയറി, നാഫെഡ്, വിവിധ സംസ്ഥാനങ്ങളിലെ പ്രശസ്തമായ അപ്പെക്സ് മാർക്കറ്റിങ്ങ് സൊസൈറ്റികൾ എന്നിവ ഈ സംവിധാനത്തോട് സഹകരിക്കുവാൻ മുമ്പോട്ട് വന്നിരിക്കുകയാണ്.

ഉത്പന്ന ജീവിത ചക്രത്തിന്റെ ഓരോ അവസ്ഥയിലും വ്യത്യസ്തങ്ങളായ വിപണന ലക്ഷ്യങ്ങളും തന്ത്രങ്ങളും മെനഞ്ഞെടുക്കുവാൻ കഴിയണം. ഉത്പന്ന വികസനത്തിന്റെ ഭാരിച്ച ചിലവുമായി തട്ടിച്ചു നോക്കുമ്പോൾ ഉത്പന്നം വിപണിയിൽ അവതരിപ്പിക്കുമ്പോൾ തന്നെ ലാഭം പ്രതീക്ഷിക്കുന്നത് മൗഢ്യമാണ്. ആണ്. ഈ അവസരത്തിൽ വിൽപ്പന വർദ്ധിപ്പിക്കാനും വിപണി വ്യാപിപ്പിക്കാനുമുള്ള ശ്രമങ്ങളിലാണ് ശ്രദ്ധിക്കേണ്ടത്. ഉത്പന്നത്തെ വിപണിക്ക് പരിചയപ്പെടുത്തുവാനും ഉത്പന്നത്തിന്റെ ഉപയോഗത്താൽ കൈവരിക്കാവുന്ന പ്രയോജനങ്ങൾ അവതരിപ്പിക്കാനുമുള്ള ശ്രമങ്ങളും ഇതോടൊപ്പം ഉണ്ടാകണം. പരസ്യങ്ങളുടെ പിന്തുണ ഏറ്റവും ആവശ്യമായി വരേണ്ടത് ഈ ഘട്ടത്തിലാണ്.

നീരയുൽപാദനത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്ന കർഷക കൂട്ടായ്മകൾ ലാഭനഷ്ടങ്ങളെക്കുറിച്ച് വേവലാതിപ്പെടേണ്ട സമയം ആയിട്ടില്ല. ഉൽപാദനം വർദ്ധിപ്പിച്ച് വിപണി വികസിപ്പിക്കുവാനും ഉപഭോക്താക്കളെ വീണ്ടും വാങ്ങലിന് പ്രേരിപ്പിക്കത്തക്കവണ്ണം ഉത്പന്നത്തിന്റെ സ്വീകാര്യത ഉയർത്തുകയും ചെയ്യുവാനുള്ള കർമ്മ പദ്ധതികളിലാണ് ഈ അവസരത്തിൽ ശ്രദ്ധ ചെലുത്തേണ്ടത്.

ഉത്പന്ന ജീവിത ചക്രത്തിലെ വളർച്ചയുടെ ഘട്ടത്തിൽ വിപണി വിഹിതം വർദ്ധിപ്പിക്കുവാനും ലാഭം ഉയർത്തുവാനുമുള്ള ശ്രമങ്ങളിലാണ് ശ്രദ്ധിക്കേണ്ടത്. ഈ അവസരത്തിൽ തങ്ങളുടെ ഉത്പന്നങ്ങൾക്ക് സമാന രീതിയിലുള്ള ഉത്പന്നങ്ങളിൽ നിന്നും വ്യക്തമായ വ്യതിരിക്തത ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതാണ്. ഈ ഘട്ടത്തിന്റെ അവസാനഭാഗമെത്തുമ്പോൾ സ്വാഭാവികമായും പുതിയ എതിരാളികൾ വിപണിയിൽ എത്തുമെന്ന് തന്നെ പ്രതീക്ഷിക്കണം. ഈ അവസരത്തിൽ ഉൽപ്പന്ന വികസനത്തിനായി കൂടുതൽ പണച്ചിലവ് ആവശ്യമില്ലാത്തതിനാൽ ഉൽപ്പന്നത്തിന്റെ വില കുറച്ചും കൂടുതൽ വിപണി വിഹിതം നേടുവാനുള്ള ശ്രമങ്ങൾ നടത്താവുന്നതാണ്.

ഉത്പന്നം വിപണിയിൽ പൂർണ്ണ വളർച്ചയെത്തുന്ന ഘട്ടത്തിൽ സ്വാഭാവികമായും എതിർ ഉത്പന്നങ്ങളുമായുള്ള മത്സരം മുറുകും. ഈ അവസരത്തിൽ ഉത്പന്നം കൂടുതൽ മെച്ചപ്പെടുത്തിയും, പരസ്യങ്ങൾ ഉപയോഗപ്പെടുത്തിയും, വിൽപ്പന പ്രോത്സാഹന പദ്ധതികൾ വഴിയും വിപണനത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഭാഗവാഹിത്വം വഹിക്കുന്നവരുടെ കമ്മീഷൻ ഉയർത്തിയും ഉത്പന്നത്തിന്റെ വിലതാഴ്ത്തിയുമൊക്കെയുള്ള വിപണി വികസന തന്ത്രങ്ങൾ പ്രയോഗിക്കേണ്ടി വരും. പുതിയ സാങ്കേതിക വിദ്യയുടെ ആവിർഭാവത്താലോ, ഉപഭോക്താക്കളുടെ ഉത്പന്നത്തോടുള്ള താൽപര്യത്തിലുണ്ടായ വ്യതിയാനം മൂലമോ ഉൽപ്പന്നം വിപണിയിൽ തളരുമ്പോൾ ഉത്പാദനം കുറയ്ക്കുകയോ അവസാനിപ്പിക്കുകയോ ആണ് അഭികാമ്യം.

## പുതിയ ഉൽപ്പന്ന വികസനം

വ്യവസായകരെ സംബന്ധിച്ചിടത്തോളം പുതിയ ഉത്പന്നങ്ങളുടെ വികസനമെന്നത് ജീവ രക്തമാണ്. ഉപഭോക്താവിന്റെ താത്പര്യങ്ങളിൽ കാലാനുസൃതമായി മാറ്റവും, സാങ്കേതിക വിദ്യയിൽ പുരോഗതിയും പ്രതീക്ഷിക്കാവുന്നതിനാൽ നിലവിലുള്ള ഉത്പന്നങ്ങളെ മാത്രം ആശ്രയിച്ച് മുമ്പോട്ട് പോകുവാൻ ഒരു സംരംഭകനും കഴിയുകയില്ല. എന്നാൽ പുതിയ ഉത്പന്നങ്ങളുടെ വികസനമെന്നത് നഷ്ട സാധ്യതയില്ലാത്ത പ്രക്രിയയെന്ന് ധരിക്കേണ്ടതുമില്ല.

പുതിയ ഉൽപ്പന്നമെന്ന രീതിയിൽ വിപണിയിലിറങ്ങുന്നവയിൽ 45% വരെ കമ്പോളത്തിൽ നിലവിലുള്ള ഉൽപ്പന്നങ്ങളുടെ പകരക്കാരാണ്. നിലവിലുള്ള ഉത്പന്നങ്ങളിൽ കാലികമായ പരിഷ്ക്കാരങ്ങൾ വരുത്തി പുനരവതരിപ്പിക്കുന്നവ തന്നെ.

വിപണിക്ക് തികച്ചും അപരിചിതങ്ങളായ ഉത്പന്നങ്ങളോട്, ഉപഭോക്താക്കൾ എങ്ങിനെ പ്രതികരിക്കുമെന്നത് പ്രവചനാതീതമായതിനാൽ ഇത്തരം ഉത്പന്നങ്ങളെ വിപണിയിലെത്തിക്കുന്നത് അപകട സാദ്ധ്യതയുള്ള നീക്കമായി തന്നെയാണ് പരിഗണിക്കപ്പെടുന്നത്. മിക്കവാറും ഇത്തരം ഉദ്യമങ്ങളിൽ പലപ്പോഴും വിപണി ഗവേഷണങ്ങളെ വിശ്വസിക്കാനാവില്ല. ഈ ഉത്പന്നങ്ങൾ ജീവിതത്തിലൊരിക്കലും ഉപയോഗിച്ചിട്ടില്ലാത്തതിനാൽ, ഉപഭോക്താവിന്റെ പ്രതികരണം കൃത്യമായി മനസ്സിലാക്കുവാൻ നിർവ്വാഹമില്ല.

ഒരു ഉത്പന്നത്തിന്റെ വികസനം ഏഴു ഘട്ടങ്ങളായാണ് സാധാരണ പൂർത്തിയാവുക.

- ആശയ രൂപീകരണം
- ആശയങ്ങൾ വിശലകലനത്തിനു വിധേയമാക്കൽ
- ആശയങ്ങളുടെ ഫലപ്രാപ്തി സാധ്യതാ പരിശോധനകൾ
- ആശയ പൂർത്തീകരണം നടക്കുമ്പോഴുള്ള വിപണന സാധ്യതകൾ
- ആശയത്തെ ഉത്പന്നമായി വികസിപ്പിച്ചെടുക്കുന്ന പ്രക്രിയ
- ഉത്പന്നത്തെ വിപണി പരീക്ഷണത്തന് വിധേയമാക്കൽ
- ഉത്പന്നത്തെ വിപണിയിലെത്തിക്കൽ

പുതിയ ഉത്പന്നങ്ങളേക്കുറിച്ചുള്ള ആശയങ്ങൾ സ്ഥാപനത്തിനുള്ളിൽ നിന്നോ ശാസ്ത്ര സമൂഹത്തിൽ നിന്നോ, വിപണിയിൽ നിന്നോ, ഉപഭോക്താവിൽ നിന്നോ, പൊതു സമൂഹത്തിൽ നിന്നോ ഒക്കെ ലഭിക്കാവുന്നതാണ്.

പുതിയ ഉത്പന്ന സംബന്ധമായ ആശയങ്ങൾ രൂപപ്പെടുമ്പോൾ അവയുടെ വാണിജ്യ സാദ്ധ്യതകൾ നിഷ്പക്ഷമായി വിലയിരുത്തപ്പെടണം. ആശയങ്ങൾ പരിഗണനാർഹമെന്നു കണ്ടാൽ സാഹചര്യങ്ങൾ ഉണ്ടാക്കി ആശയങ്ങൾ പരീക്ഷണത്തിന് വിധേയമാക്കണം. ഇത്തരം പരീക്ഷണങ്ങൾ പുതിയ ഉത്പന്ന വികസനത്തോട് വിപണിയെങ്ങനെ പ്രതികരിക്കുമെന്ന് വിലയിരുത്തുവാൻ കൂടി ഉപകരിക്കും.

വിപണന സാദ്ധ്യതകൾ, അവലോകനം ചെയ്യുന്ന പ്രക്രിയയിൽ, പ്രതീക്ഷിക്കാവുന്ന വിൽപന, ഇതിലേക്കായി വരുന്ന ചിലവുകൾ, പ്രതീക്ഷിക്കാവുന്ന ലാഭം, എന്നിവ നിർണ്ണയിക്കുവാനുള്ള ശ്രമങ്ങൾ വേണം. ബ്രേക് ഇവൻ അനാലിസിസ്, സെൻസിറ്റിവിറ്റി അനാലിസിസ് എന്നിങ്ങനെയുള്ള പഠനങ്ങൾ ഈ ഘട്ടത്തിൽ നടത്തുന്നത് അഭികാമ്യമായിരിക്കും.

അടുത്ത ഘട്ടം, ഉത്പന്ന വികസനമാണ്. ഏറ്റവും വേഗത്തിൽ ഏറ്റവും ഉൽപാദനച്ചിലവ് കുറച്ച് ഉൽപാദിപ്പിക്കുകയെന്നതാണ് ഈ ഘട്ടത്തിലെ വെല്ലുവിളി. ഉത്പന്നത്തിന്റെ പ്രവർത്തന ക്ഷമതയും, ഉപഭോക്തൃ സ്വീകാര്യതയും ഈ ഘട്ടത്തൽ ഉറപ്പാക്കേണ്ടതാണ്.

ഉപഭോക്തൃ സ്വീകാര്യതയും വിപണി സ്വീകാര്യതയും ഒന്നു തന്നെയെന്നുള്ള തെറ്റിദ്ധാരണ ചുരുക്കം ചിലരിലുണ്ട്. ഉപഭോക്തൃ സ്വീകാര്യതയിൽ ഉത്പന്നതാൽപ്പര്യം വിലയിരുത്തപ്പെടുമ്പോൾ വിപണി സ്വീകാര്യതയിൽ ഈ ഉത്പന്നം ഏത് അളവിലും വിലയിലും വിപണിക്ക് സ്വീകാര്യമായിരിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ഏത് പുതിയ ഉത്പന്നത്തേയും വിപണിയിലേക്ക് പുതിയതായി അവതരിപ്പിക്കുമ്പോഴും ഉത്പ്പന്ന സ്വീകാര്യതയും വിപണി സ്വീകാര്യതയും ഉറപ്പാക്കേണ്ടതുണ്ട്. ഉത്പന്ന വികസനമെന്ന ശ്രമകരമായ പ്രക്രിയ മേൽ വിവരിച്ച ആറു ഘട്ടങ്ങൾ വിജയകരമായി പിന്നിടുമ്പോൾ മാത്രമേ അതു പൂർത്തിയായതായി പരിഗണിക്കുകയുള്ളൂ. ■

## കരപ്പുറം നീര സംസ്കരണ ഫാക്ടറി ഉദ്ഘാടനം 10 ന്

**ആ**ലപ്പുഴ ജില്ലയിലെ കരപ്പുറം നാളികേര ഉത്പ്പാദക കമ്പനിയുടെ നീര സംസ്കരണ, ബോട്ടിലിംങ് പ്ലാന്റിന്റെ ഉദ്ഘാടനം 2015 ജൂലൈ പത്ത് വെള്ളിയാഴ്ച്ച വൈകിട്ട് നാലിന് സംസ്ഥാന ആഭ്യന്തര വകുപ്പ് മന്ത്രി ശ്രീ. രമേശ് ചെന്നിത്തല നിർവഹിക്കും. പ്രതിദിനം 2500 ലീറ്റർ നീര സംസ്കരിച്ച് ബോട്ടിലിങ് നടത്തുന്നതിനു ശേഷിയുള്ള സംവിധാനമാണ് ഈ ഫാക്ടറിയിലുള്ളത്. കഞ്ഞിക്കുഴി പഞ്ചായത്തിലെ അയ്യപ്പൻചേരി ഗ്രാമത്തിൽ 50 സെന്റ് സ്ഥലത്ത് 3500 ചതുരശ്രയടി വിസ്തൃതിയിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിലാണ് ഫാക്ടറി പ്രവർത്തിക്കുന്നത്. 200 മില്ലി, 300 മില്ലി, 500 മില്ലി അളവുകളിലുള്ള കുപ്പികളിലാണ് നീര പുറത്തിറങ്ങുക.



*നീരയിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളുടെ ലോഞ്ചിങ് ഡൽഹി കൃഷിഭവനിൽ നടന്ന ചടങ്ങിൽ നാഷണൽ ഹോർട്ടികൾച്ചർ മിഷൻ ജോയന്റ് സെക്രട്ടറി ശ്രീ. സഞ്ജീവ് ചോപ്രയ്ക്ക് നൽകിക്കൊണ്ട് നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ് നിർവഹിക്കുന്നു. ആന്ധ്രാപ്രദേശ് ഹോർട്ടികൾച്ചർ കമ്മിഷണർ & സെക്രട്ടറി ശ്രീമതി ഉഷാറാണി, കേന്ദ്ര ഹോർട്ടികൾച്ചർ കമ്മിഷണർ ശ്രീ. എസ്.കെ. മൽഹോത്ര, തമിഴ്നാട് അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ രാജേഷ് ലഖോണി, കർണാടക പ്രിൻസിപ്പൽ സെക്രട്ടറി (ഹോർട്ടികൾച്ചർ) ശ്രീ. രാജീവ് ചൗള, കേരള ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ഡോ. പ്രതാപൻ എന്നിവർ സമീപം.*

### ഗവൺമെന്റ് വിജ്ഞാപനമായി: നീരയ്ക്ക് 32 കോടി

# എല്ലാ ഫെഡറേഷനുകൾക്കും നീര ലൈസൻസ്; 5000 തെങ്ങുകൾ വീതം ടാപ്പു ചെയ്യാം

നാളികേര വികസന ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഫെഡറേഷനുകൾക്കും നീര ഉത്പാദനത്തിനു ലൈസൻസ് നല്കുന്നതിനു ഗവൺമെന്റ് ഉത്തരവായി (സ.ഉ(എം.എസ്)നം.111/2015/കൃഷി) ജൂൺ 18-നു മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലാണ് നീര ഉത്പാദനവുമായി ബന്ധപ്പെട്ട് പുതിയ തീരുമാനം. നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായിട്ടാണ് ഇത്.



കേരള സർക്കാർ

നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 362 ഫെഡറേഷനുകളിൽ 173 എണ്ണത്തിനു മാത്രമെ നിലവിൽ നീര ഉത്പാദനത്തിന് ലൈസൻസ് ലഭിച്ചിട്ടുള്ളു. പുതിയ ഉത്തരവു പ്രകാരം അപേക്ഷിച്ചിരിക്കുന്ന എല്ലാ ഫെഡറേഷനുകൾക്കും ലൈസൻസ് ലഭിക്കും. ഇതിന് നികുതി വകുപ്പിനു നിർദ്ദേശം നല്കി കഴിഞ്ഞു. ഒരു സംഘത്തിൽ / ഫെഡറേഷനിൽ 1500 തെങ്ങുകൾ ടാപ്പു ചെയ്യാനുള്ള ലൈസൻസാണ് ഇതുവരെ നല്കിയിരുന്നത്. ഇത് 5000 എണ്ണമാക്കി വർധിപ്പിക്കും. നീര ടെക്നീഷ്യന്മാരുടെ പരിശീലനവുമായി ബന്ധപ്പെട്ട് നാളികേര ബോർഡ് തയാറാക്കിയ കരിക്കുലം ഗവൺമെന്റ് അംഗീകരിച്ചു. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷക കൂട്ടായ്മകൾ നടത്തുന്ന പരിശീലനം വിലയിരുത്താൻ ബോർഡിനെ ചുമതലപ്പെടുത്തി. മറ്റ് ഏജൻസികളും ബോർഡിന്റെ കരിക്കുലം അനുസരിച്ച് പരിശീലനം നടപ്പാക്കണം. പരിശീലനത്തിനായി ഒരാൾക്ക് 10000 രൂപ വീതം ഗവൺമെന്റ് സബസിഡി അനുവദിക്കും. ഇതിനായി 12 കോടി രൂപ ബജറ്റിൽ വകയിരുത്തും.

നീര ഉത്പാദനത്തിനും സംസ്കരണത്തിനും യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ചെലവിന്റെ 25 ശതമാനം അല്ലെങ്കിൽ 50 ലക്ഷം രൂപ ഏതാണോ കുറവ് അത് കൂട്ടായ്മകൾക്ക് ഗവൺമെന്റ് സബ്സിഡിയായി അനുവദിക്കും. സബ്സിഡി ലഭിക്കാൻ കൂട്ടായ്മകൾ ക്രഡിറ്റ് ലിങ്ക്, ബാക്ക് എൻഡ് സബ്സിഡി, കെട്ടിട നിർമാണ ചെലവ് മൊത്തം തുകയുടെ 25 ശതമാനമോ അതിൽ താഴെയോ ആണ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി നാളികേര വികസന ബോർഡിന്റെ ശുപാർശ സഹിതം അപേക്ഷ നല്കണം.

കർഷക കൂട്ടായ്മകൾ സ്വയം കണ്ടെത്തുന്ന ഓഹരി തുകയുടെ 25 ശതമാനം മൂലധന സഹായമായി ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി ഗവൺമെന്റ് നല്കും. ഇതിനായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തും. നീരയുടെ പ്രോത്സാഹനത്തിനായി ഈ സാമ്പത്തിക വർഷം മൊത്തം 32 കോടി രൂപ കേരള സർക്കാർ ചെലവഴിക്കും. ഇതിന് ധനവകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടാണ് സർക്കാർ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.




**ഇളനീർ ഉപയോഗിച്ചുള്ള ഐസ്ക്രീം വിപണിയിൽ വൻ വിജയമായതോടെ നാച്ചുറൽസ് ചക്കപ്പഴം ഉപയോഗിച്ചുള്ള ഐസ്ക്രീം വിപണിയിലിറക്കി കഴിഞ്ഞു.**

# പ്രകൃതിയുടെ രുചി, കമ്മത്തിന്റെ പായ്ക്കിങ്

സ്വാദ് വർധിപ്പിക്കാനുള്ള രാസപദാർത്ഥങ്ങളോ പ്രിസർവേറ്റീവുകളോ ചേർക്കാതെ പഴങ്ങൾ, ചോക്കലേറ്റ്, പാൽ, പഞ്ചസാര എന്നിവ മാത്രം ഉപയോഗിച്ച് പ്രകൃതി ദത്ത രുചികളോടെ ഇന്ത്യയിൽ ആദ്യമായി ഐസ്ക്രീം നിർമ്മാണം ആരംഭിച്ച കമ്പനിയാണ് നാച്ചുറൽസ്. മംഗലാപുരം സ്വദേശി മുൽക്കി രഘുനന്ദന ശ്രീനിവാസ കമ്മത്തിന്റെ ഉടമസ്ഥതയിൽ മുംബൈയിൽ 1984- ലാണ് കമ്മത്ത്സ് അവർടൈംസ് ഐസ്ക്രീംസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി പ്രവർത്തനം തുടങ്ങിയത്.

ജുഹുവിൽ വിലെ പാർലെയിൽ ചെറിയ തോതിൽ കമ്മത്ത് ആരംഭിച്ച നാച്ചുറൽസ് ഐസ്ക്രീം പാർലർ ഇന്ന് മുംബെയിലെ എന്നല്ല ഇന്ത്യയിലെ തന്നെ ഐസ് ക്രീം രുചിയുടെ പര്യായമായി മാറിയിരിക്കുന്നു. സമർപ്പണം, അഭിനിവേശം, ക്രിയാത്മകത ഇവയുടെ രുചിക്കൂട്ടാണ് നാച്ചുറൽസ് ഐസ്ക്രീമിന്റെ വിജയകഥ. പക്ഷെ ഒറ്റ രാത്രികൊണ്ട് സംഭവിച്ച വിജയമല്ല നാച്ചുറൽസ് ഐസ്ക്രീമിന്റേത്. കാൽ നൂറ്റാണ്ടായുള്ള കഠിനാധ്വാനവും അർപ്പണവും ഇതിന്റെ വിജയത്തിനു പിന്നിൽ ഉണ്ട്.

പഴക്കച്ചവടക്കാരനായ പിതാവിൽ നിന്നു ആ മേഖലയുടെ വൈദഗ്ധ്യം പകർന്നു ലഭിച്ച കമ്മത്തിന് പിന്നീട് സഹോദരൻ നടത്തിയിരുന്ന ഭക്ഷണശാലകളിൽ നിന്നാണ് ഐസ്ക്രീമിന്റെ സാധ്യത മനസിലായത്. അങ്ങനെയാണ് പഴങ്ങൾ മാത്രം ചേർത്ത് പ്രകൃതിയുടെ സ്വാദുള്ള പുതിയ ഐസ്ക്രീമിന് കമ്മത്ത് രുചി പകർന്നത്. പഴങ്ങൾ ചേർത്ത കമ്മത്തിന്റെ ഐസ് ക്രീമിന് വൻ ഡിമാന്റായി. ആവശ്യത്തിന് നിർമ്മിച്ചു നൽകാൻ സാധിക്കാതെ വന്നു. പ്രധാന പ്രതിസന്ധി പഴങ്ങൾ ചേർത്ത് ഇത്രമാത്രം ഐസ്ക്രീം നിർമ്മിക്കാനുള്ള യന്ത്ര സംവിധാനം ഇല്ലായിരുന്നു എന്നതാണ്. അങ്ങനെയാണ് അതിനുള്ള യന്ത്രങ്ങൾ അദ്ദേഹം സ്വയം രൂപകല്പന ചെയ്തത്. തുടർന്ന് പഴങ്ങളിൽ നിന്ന് വിത്തുകൾ വേർതിരിക്കുന്നതിനുള്ള യന്ത്രവും അദ്ദേഹം കണ്ടു പിടിച്ചു.

ഇന്ന് ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ഐസ്ക്രീം നിർമ്മാതാക്കളാണ് നാച്ചുറൽസ്. ഇന്ത്യയിലെ കൃഷിയിടങ്ങളിൽ വളരുന്ന പഴങ്ങളാണ് നാച്ചുറൽസിന്റെ പ്രധാന അസംസ്കൃത വസ്തുക്കൾ. കൃത്രിമ നിറങ്ങളോ, രുചി വർധിപ്പിക്കുന്ന വസ്തുക്കളോ, പ്രിസർവേറ്റീവ്സുകളോ നാച്ചുറൽസ് ഉപയോഗിക്കുന്നില്ല. ഈ രുചി വൈവിധ്യമാണ് നാച്ചുറൽസ് ഐസ്ക്രീമിനെ ഉപഭോക്താക്കൾക്കിടയിൽ പ്രിയമുള്ളതാക്കിയിരിക്കുന്നത്.

നാച്ചുറൽസിന്റെ ഏറ്റവും ആധുനിക സംവിധാനങ്ങളോടു കൂടിയ ഐസ് ക്രീം നിർമ്മാണ ഫാക്ടറി അടുത്ത നാളിൽ മുംബെയിൽ ആരംഭിച്ചു. കാൽ നൂറ്റാണ്ടു കൊണ്ട് ഇന്ത്യയിലൊട്ടാകെ 70 വില്പന കേന്ദ്രങ്ങളും ആയിരക്കണക്കിന് ഏജൻസികളും നാച്ചുറൽസിനുണ്ട്. മുംബെയിൽ തന്നെ 30 വില്പന കേന്ദ്രങ്ങൾ. പരമ്പരാഗതമായ രീതികളിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോഗിച്ച് പ്രകൃതിദത്ത രുചിക്കൂട്ടുകളുടെ നിർമ്മാണമാണ് നാച്ചുറൽസ് ഇപ്പോൾ ഐസ്ക്രീമിൽ പരീക്ഷിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് കമ്പനി ഇളനീർ ഉപയോഗിച്ചുള്ള ഐസ്ക്രീം വിപണിയിൽ ഇറക്കിയത്. ഇതൊരു വൻ വിജയമായി. ഇപ്പോൾ ചക്കപ്പഴം ഉപയോഗിച്ചുള്ള ഐസ്ക്രീം നിർമ്മിച്ച് ഇവർ വിപണിയിലിറക്കി കഴിഞ്ഞു. കമ്മത്തിന്റെ സ്വദേശമായ മംഗലാപുരത്തും ചുറ്റുവട്ടത്തും ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന പഴമാണ് ചക്ക.

2006 ൽ ഏറ്റവും ജനപ്രിയ ഐസ്ക്രീമിനുള്ള പുരസ്കാരം നാച്ചുറൽസിനു ലഭിച്ചു. 3000 കിലോഗ്രാമിന്റെ സ്ട്രോബറി ഐസ്ക്രീം നിർമ്മിച്ച് കഴിഞ്ഞ ഫെബ്രുവരി 26 ന് ലിംകാ റെക്കോഡിലും കമ്മത്ത് ഇടം നേടി. പുഷ്പലതാ കമ്മത്ത്, ശ്രീനിവാസ് കമ്മത്ത്, സിദ്ധനാഥ് കമ്മത്ത്, എന്നിവരാണ് കമ്മത്ത് നാച്ചുറൽസ് ഐസ്ക്രീം കമ്പനിയുടെ ഡയറക്ടർമാർ. മംഗലാപുരം - ബന്ത്വാൾ ദേശീയ പാതയോരത്തുള്ള തന്റെ ജന്മഗ്രാമമായ അഡയാറിൽ ലാൻഡ്സ് ഫ്ളേവർ റിസോർട്ട് എന്നൊരു സ്വപ്ന പദ്ധതി കമ്മത്ത് പൂർത്തിയാക്കിയിട്ടുണ്ട്. നാച്ചുറൽസ് ഐസ്ക്രീമുകളുടെ വ്യത്യസ്തമായ വലിയ രുചികളുടെ കലവറയാണീ റിസോർട്ട്. ■




# A solution for every need

Whether you need a completely customized, integrated process line or a single component, we always find a high performing, reliable solution that fits YOUR need – not the other way around. And we're with you all the way - from idea to specification, installation, optimization, extension or retrofit.

We combine over a century of expertise in food and beverage processing with cutting edge, sustainable production technology within separation, fluid handling, heat transfer and filling.

ALFA LAVAL

www.alfalaval.com

Alfa Laval (India) Limited

Head Office : Office No. 301, Global Port Building, Survey No. 45/1-10, Mumbai-Bangalore Highway, Baner, Pune-411045, Maharashtra, India

Sales and Service Offices :

- Banglore
- Baroda
- Chandigarh
- Chennai
- Cochin
- Hyderabad
- Indore
- Jamshedpur
- Kolkata
- Kundali, Haryana
- Lucknow
- Mumbai
- New Delhi
- Raipur
- Thane
- Visakhapatanam

For more information visit : www.alfalaval.in

# വിപണി സാദ്ധ്യതകൾ അറിഞ്ഞ് ഉത്പാദനം– പുതിയ വിപണന തന്ത്രം

**ആർ. ജ്ഞാനദേവൻ**
ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി -11

ഏതൊരു വിളയുടേയും വിപണന പ്രക്രിയ നിയന്ത്രിക്കുന്ന സുപ്രധാന ഘടകമാണ് ഉത്പന്നം അഥവാ പ്രോഡക്ട്. കർഷകർ കൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന വിള ഉത്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിച്ചു കൊടുക്കുന്ന പ്രക്രിയയാണല്ലോ വിപണനം. ഇന്നത്തെ മാറിയ ചുറ്റുപാടിൽ ഉല്പന്നങ്ങൾ എത്രത്തോളം ഉപഭോക്താവിന്റെ ആവശ്യത്തിനനുസരിച്ച് ഉത്പാദിപ്പിക്കുന്നുവോ അതനുസരിച്ചിരിക്കും വിപണന വിജയം. വിപണിയുടെ സാധ്യതകൾ മനസ്സിലാക്കി ഉത്പാദനം ക്രമീകരിക്കുക എന്ന ദൗത്യം ഉത്പാദകർഏറ്റെടുക്കേണ്ടതായിട്ടുണ്ട് എന്ന് അർത്ഥം. നാളികേര വിപണിയിലും ഇത് ഒട്ടും വ്യത്യസ്തമല്ല. വരും കാലങ്ങളിൽ നാളികേരത്തിന് മികച്ച വില ലഭിക്കുന്നതിന് വിപണിയിൽ ഉപഭോക്താക്കൾക്ക് ആവശ്യമായ ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിന് കൂടുതൽ യോജിച്ച അസംസ്കൃത വസ്തുവായിരിക്കണം ഉത്പന്നം. ഉദാഹരണമായി തമിഴ്നാട്ടിലെ കർഷകർ ദീർഘ വീക്ഷണത്തോടെ പൊള്ളാച്ചി, ഉദുമൽപേട്ട് തുടങ്ങിയ സ്ഥലങ്ങളിൽ നട്ടു വളർത്തിയ കുറിയ ഇനം തെങ്ങിൻതോട്ടങ്ങളിലെ തേങ്ങാ, വിത്തു തേങ്ങയായി ചൂടപ്പം പോലെ വിറ്റഴിക്കുന്നത് വഴി കൂടുതൽ വരുമാനം ലഭിക്കുന്നു. 30-40 രൂപ വരെയാണ് ഒരു വിത്തു തേങ്ങയ്ക്ക് വില.



കേര കൃഷി മേഖലയിൽ ഭാവിയിൽ വരാവുന്ന മാറ്റം മുന്നിൽ കണ്ട് വിപണിയിലെ സാദ്ധ്യകൾ മനസ്സിലാക്കി ഉത്പാദനം ക്രമീകരിച്ചതു കൊണ്ടാണ് അവർക്ക് ഇത് സാധ്യമായത്. നേരെ മറിച്ചു ഈ കർഷകർ കുറിയ ഇനത്തിനു പകരം നെടിയ ഇനം തെങ്ങുകൾ നട്ടു പിടിപ്പിച്ചിരുന്നെങ്കിൽ വിത്തു തേങ്ങ വിപണിയിൽ മത്സരിച്ച് ലാഭം നേടാൻ അവർക്ക് കഴിയുമായിരുന്നില്ല. കുറിയ ഇനം വിത്തു തേങ്ങ ഉത്പാദന സെന്ററായി ഇന്ന് ഈ പ്രദേശങ്ങൾ മാറുകയില്ലായിരുന്നു.




സമൂഹത്തിൽ എല്ലാ മേഖലകളിലും മാറ്റങ്ങളാണ്. മാറ്റങ്ങളുമായി മത്സരിച്ച് അതുമായി പൊരുത്തപ്പെട്ടുപോകാൻ നാം ഓരോരുത്തരും തത്രപ്പെടുകയാണല്ലേ? നാളികേര വ്യവസായ വിപണന മേഖലയിൽ വന്ന മാറ്റം നമുക്ക് കണ്ടില്ലെന്നു നടിക്കാനാവില്ല. പഴയ കാലത്തെപ്പോലെ കൊപ്രാ, വെളിച്ചെണ്ണ, പിണ്ണാക്ക് തുടങ്ങിയ ഉൽപ്പന്നങ്ങളെ ആശ്രയിച്ചുള്ള വിപണി അപ്രത്യക്ഷമായി. അതിനാൽ പുതിയ പുതിയ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ അടിസ്ഥാനമാക്കി, അവയുടെ വ്യവസായവുമായി ബന്ധപ്പെടുത്തി നമ്മുടെ കേര കൃഷിയിലും, ഉത്പാദനത്തിലും മാറ്റം വരുത്തേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ നാളത്തെ വിപണിയിൽ നാളികേരത്തിന് മുന്തിയ വില ലഭിക്കുകയുള്ളൂ. കൃഷി ലാഭകരമാവുകയുള്ളൂ.

കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും പകരം ഇന്ന് ഇന്ത്യയിലും വിദേശത്തും വിപണി കീഴടക്കിവരുന്ന പ്രധാന ഉത്പന്നങ്ങളാണ് തേങ്ങാപ്പാൽപൊടിയും, തേങ്ങാപ്പാലും, തൂൾ തേങ്ങയും, വെർജിൻ വെളിച്ചെണ്ണയും മറ്റും. ഇവയെല്ലാം തേങ്ങയുടെ കാമ്പിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളാണ്. ഇവ ഇന്ന് മിക്കവാറും ഹോട്ടലുകളിലും, ഫാസ്റ്റ് ഫുഡ് കടകളിലും, വീടുകളിലുമെല്ലാം വളരെയേറെ പ്രിയപ്പെട്ട ഉത്പന്നമായി മാറിയിരിക്കുകയാണ്. കാമ്പിൽ നിന്ന് ഉത്പാദിപ്പിക്കുന്ന തേങ്ങാപ്പാൽ പൊടി നമുക്ക് പ്രിയപ്പെട്ട ഇറച്ചിക്കറികളും, വെജിറ്റബിൾ കുറുമയും, മുട്ടക്കറിയും പായസവുമെല്ലാം തയാറാക്കാൻ ഏറെ പ്രയോജനകരമായ ഉത്പന്നമായി മാ

റിക്കഴിഞ്ഞിരിക്കുന്നു. പ്രത്യേകിച്ച് പട്ടണങ്ങളിലെ ഇന്നത്തെ തിരക്കിട്ട ജീവിതശൈലിയിൽ തേങ്ങാ പിഴിഞ്ഞ് പാൽ എടുക്കുവാനൊന്നും ആർക്കും സമയമില്ല. അതുകൊണ്ട് പ്രകൃതി ദത്തമായ ഈ ഉത്പന്നത്തിന് ഇനിയും വിപണി വർദ്ധിക്കാനാണ് സാധ്യത. അതുപോലെ തന്നെ നമുക്ക് വിദേശനാണ്യം നേടി തരുന്ന മറ്റൊരു പ്രധാന ഉത്പന്നമായ വെർജിൻ വെളിച്ചെണ്ണ ഉണ്ടാക്കുന്നതും നാളികേരപാലിൽ നിന്നാണ്. വരും കാലങ്ങളിൽ നാളികേര വിപണിയിൽ ഏറ്റവും പ്രിയമേറുന്നത് കാമ്പിന് കൂടുതൽ കട്ടിയുള്ള അല്ലെങ്കിൽ കാമ്പിന് തൂക്കം കൂടുതലുള്ള നാളികേരത്തിനായിരിക്കും. ഇത് മുന്നിൽ കണ്ട് കാമ്പിന് കൂടുതൽ തൂക്കം ലഭിക്കുന്ന ഇനങ്ങൾ കൃഷി ചെയ്യാൻ ശ്രദ്ധിക്കണം. കാമ്പിന് കൂടുതൽ കട്ടിയുള്ള ഇനങ്ങളാണ് D x T സങ്കര ഇനവും അതുപോലെ തന്നെ തേങ്ങാ വളരെ ചെറുതാണെങ്കിൽ കൂടി കാമ്പിന്റെ അളവ് കൂടുതലുള്ള ലക്ഷദ്വീപ്, മൈക്രോ മലയൻ കുറിയ ഇനം, തുടങ്ങിയവ കൂടി നടാൻ ശ്രദ്ധിക്കണം. മറ്റു നാളികേര ഉൽപാദക രാജ്യങ്ങളെ അപേക്ഷിച്ച് നാം ഉൽപാദന ക്ഷമതയിൽ മുൻപന്തിയിലാണെങ്കിലും നമ്മുടെ നാളികേര കാമ്പിന്റെ തൂക്കം മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് കുറവാണ്. ഫിലിപ്പൈൻസിലും, ഇന്തോനേഷ്യയിലും ഒരു തേങ്ങയിൽ 400 –450 ഗ്രാം കാമ്പ് ലഭിക്കുമ്പോൾ ഇന്ത്യയിൽ ലഭിക്കുന്നത് 250 –300 ഗ്രാം ആണ്.

സാധാരണ നെടിയ തെങ്ങിന്റെ ഒരു നാളികേരത്തിൽ നിന്നു ശരാശരി 32 ശതമാനം കാമ്പ് ലഭിക്കും, അതിന്റെ പുറംതൊലി (ടെസ്റ്റ) നീക്കം ചെയ്താൽ 29.2 ശതമാനം വെളുത്ത കാമ്പ് ലഭിക്കും. അതായത് ഒരു വലിയ തേങ്ങായിൽ നിന്നും ലഭിക്കുന്ന കാമ്പിന്റെ തൂക്കം 318 ഗ്രാം വരും. എന്നാൽ തെങ്ങ് കൃഷി ചെയ്യുന്ന മറ്റു പ്രധാന രാജ്യങ്ങളിൽ കാമ്പിന്റെ തൂക്കം വളരെ കൂടുതലാണ്. കാമ്പിന് കട്ടി കൂടുവാൻ തെങ്ങുകൃഷിയിൽ ഏറ്റവും ആവശ്യമായ പോഷക മൂലകമാണ് പൊട്ടാഷ്, പൊട്ടാഷിന്റെ അളവ് ഇന്ന് നമ്മുടെ നാട്ടിലെ മിക്കവാറും തെങ്ങിൻ തോട്ടങ്ങളിലും കുറവാണ്. അതുകൊണ്ട് ശരിയായ പരിചരണമുറകളിൽ പൊട്ടാഷിന്റെ ഉപയോഗം ഏറെ പ്രാധാന്യമർഹിക്കുന്നു. എങ്കിൽ മാത്രമേ കാമ്പിനെ അടിസ്ഥാനമാക്കിയുള്ള പുതിയ ഉത്പന്നങ്ങളുടെ വിപണിയ്ക്കനുസരണമായി, കാമ്പിന് കട്ടിയുള്ള നാളികേരം ലഭ്യമാക്കുവാനും പ്രസ്തുത




സംരംഭങ്ങൾക്ക് വിജയകരമായി പ്രവർത്തിക്കുവാനും കഴിയൂ.

വിപണിയിലെ ആവശ്യകത അനുസരിച്ച് ലഭ്യത കുറവ് അനുഭവപ്പെടുന്ന മറ്റൊരു മേഖലയാണ് ഇളനീർ. കരിക്കിൻ വെള്ളം വളരെ രുചികരവും, പോഷക സമൃദ്ധവുമായ പ്രകൃതിദത്ത പാനീയം എന്നതിനുപരി, കരിക്കിൽ നിന്നു നിരവധി മൂല്യ വർദ്ധിത ഉത്പന്നങ്ങളുണ്ടാക്കാനുള്ള സാങ്കേതിക വിദ്യയും ഇന്ന് ലഭ്യമാണ്. കരിക്കിൻ കാമ്പിൽ നിന്ന് ഐസ്ക്രീം, പേട, കാൻഡി, ടൂട്ടി - ഫ്രൂട്ടി തുടങ്ങിയ ഉത്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കും. ഇത് വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തിയാൽ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന മേഖലയിൽ നിർണ്ണായക സ്വാധീനം ചെലുത്താനും കഴിയും. ഈ സാധ്യതകൾ മനസ്സിലാക്കിയാണ് നാച്ചുറൽ എന്ന കമ്പനി കരിക്കിന് അടിസ്ഥാനമാക്കിയുള്ള ഐസ്ക്രീം വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണിയിലിറക്കാൻ മുന്നോട്ടു വന്നിരിക്കുന്നത്. അതായത്, കരിക്ക് കരിക്കധിഷ്ടിത മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വിപണി നിലനിൽക്കണമെങ്കിൽ കരിക്കിന്റെ ലഭ്യത ഉറപ്പു വരുത്തണം. വലിയ തെങ്ങിൽ നിന്ന് കരിക്ക് ഇടുന്നതാണ് വിപണി നേരിടുന്ന പ്രധാന പ്രശ്നം. ഇതിന് ഒരു പോംവഴി തെങ്ങു നടുമ്പോൾ കരിക്കിനു യോജിച്ച് കുറിയ ഇനം തെങ്ങു തൈകൾ നടുക എന്നതാണ്. കരിക്കിനനുയോജ്യമായ ചാവക്കാട് കുറിയ പച്ച, ചാവക്കാട് കുറിയ മഞ്ഞ, മലയൻ കുറിയ മഞ്ഞ, തുടങ്ങിയ ഇനങ്ങൾ ലഭ്യമാണ്. ഈ ഇനങ്ങളുടെ തൈകൾ നമ്മുടെ തെങ്ങിൻ തോട്ടങ്ങളിൽ സ്ഥാനം പിടിക്കണം. എങ്കിൽ മാത്രമേ വരും കാലങ്ങളിലെ കരിക്ക് വിപണിക്കനുസരണമായി ചരക്കു ലഭ്യത ഉറപ്പു വരുത്തുവാനും, തേങ്ങയുടെ ഉയർന്ന വില സുസ്ഥിരമായി നിലനിർത്താനും സാധിക്കുകയുള്ളൂ.

തെങ്ങു കൃഷി ലാഭകരമാക്കാൻ നാം ഇപ്പോൾ കണ്ടെത്തിയ, തെങ്ങിൽ നിന്നുള്ള ഏറ്റവും പുതിയ ഉത്പന്നമാണ് നീര. നീരയുടെ പോഷക ഔഷധ ഗുണങ്ങൾ കണക്കിലെടുക്കുമ്പോൾ വരും കാലങ്ങളിൽ വളരെ വിപണന സാദ്ധ്യതയുള്ള ഉത്പന്നമാണിത്. കർഷകർക്ക് ഒരു തെങ്ങിൽ നിന്ന് ഒരു മാസം 3000 രൂപ വരെ ഉയർന്ന വരുമാനം ലഭ്യമാകുന്ന ഉൽപന്നം. നീര ടാപ്പു ചെയ്യുന്നതിന് അധികം ഉയരം വയ്ക്കാത്തതും കൂടുതൽ നീര ഉൽപാദിപ്പിക്കുന്നതുമായ ഇനമാണ് യോജിച്ചത്. നീര വിപണി ഇന്നു നേരിടുന്ന ഒരു പ്രശ്നമാണ് ആവശ്യത്തിനനുസരിച്ച് നീര ലഭിക്കുന്നില്ല എന്നത്. തെങ്ങിൽ കയറി പൂങ്കുലയിൽ നിന്ന് നീര ചെത്തി എടുക്കുന്നതിനുവേണ്ട ടെക്നീഷ്യന്മാരുടെ കുറവും, നീര ചെത്താൻ തെങ്ങുകളുടെ അഭാവവുമാണ് ഇപ്പോഴത്തെ പ്രശ്നം. വരുംകാലങ്ങളിൽ തെങ്ങിൽ നിന്നും ഏറ്റവും ലാഭകരമായി ഒരു ഉത്പന്നമായിരിക്കും നീര. അതിനാൽ നമ്മുടെ തോട്ടങ്ങളിൽ തെങ്ങിൻ തൈ നടുമ്പോൾ നീര ചെത്താൻ യോജിച്ച D x T സങ്കര ഇനങ്ങൾ, വച്ചു പിടിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. എങ്കിൽ മാത്രമേ ഉപഭോക്താവിന് ആവശ്യമായ ഉൽപ്പന്നങ്ങൾ തയ്യാറാക്കി വിപണിയിലെത്തിക്കുന്നതിനുള്ള സംരംഭങ്ങൾ വിജയകരമായി നടത്തിക്കൊണ്ടു പോകാൻ കഴിയൂ.

അതായത് നാളികേരത്തിന്റെ സംസ്ക്കരണവും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വിപണിയും, ഉപഭോക്താവിന്റെ ആവശ്യവുമെല്ലാം കണക്കിലെടുത്തു വേണം നാളേയ്ക്കുവേണ്ടി തെങ്ങിൻ തോട്ടത്തിൽ പുനർ നടീലും, ഉത്പാദന വർദ്ധനവിനുള്ള പരിപാലന മുറകളും അവലംബിക്കാൻ. ചുരുക്കത്തിൽ വിപണിയെക്കുറിച്ച് പഠനം നടത്തി ഉപഭോക്താവിന് എന്തുവേണം മനസ്സിലാക്കി അതനുസരിച്ചുള്ള ഉത്പന്നങ്ങൾ വിപണിയിൽ ലഭ്യമാക്കുക എന്നതായിരിക്കണം പുതിയ വിപണന തന്ത്രം. ■

# ഇന്ത്യൻ നാളികേര വിപണിയിലേയ്ക്ക് വിദേശ ഉത്പ്പന്നങ്ങളുടെ വരവ്

● ആർ ജയനാഥ് (ഹൈദരാബാദ്), ● സിമി തോമസ് (ബാംഗളൂർ),
● ടി.എൻ സുബ്രഹ്മണ്യൻ (ചെന്നൈ), ● ഡോ.രജത് പാൽ (ഗുവാഹട്ടി), ● ഡോ.ശ്യാം ലാൽ (പാറ്റ്ന),
● ഡോ.ജി.ആർ സിങ് ( ഡൽഹി), ● ഇ.അരവഴി (ഭുവനേശ്വർ), ● രാജീവ് ഭൂഷൺ പ്രസാദ് (താനെ)

ലോകത്തിലെ ഏറ്റവും വലിയ നാളികേര ഉത്പാദക രാജ്യം എന്ന് പേരുകൊണ്ട് അഹങ്കരിക്കുമ്പോഴും ഇന്ത്യൻ വിപണികളിൽ ഇന്നും ഉപഭോക്താക്കൾക്ക് ലഭിക്കുന്നത് കൂടുതലും പരമ്പരാഗത നാളികേര ഉത്പന്നങ്ങളാണ് എന്നത് സത്യം മാത്രം. അതിൽ പ്രധാനമായും നാളികേരം വെളിച്ചെണ്ണ, പിന്നെ വെളിച്ചെണ്ണയിൽ നിന്നു നിർമ്മിക്കുന്ന ഏതാനും ബ്രാൻഡ് ഹെയർ ഓയിൽ, സോപ്പ് എന്നിവയും. കോക്കനട് മിൽക്ക്, ഡസിക്കേറ്റഡ് കോക്കനട്, കോക്കനട് മിൽക്ക് പൗഡർ, വെർജിൻ ഓയിൽ പോലെ മൂല്യവർധിത ഉത്പന്നങ്ങൾ കൂടി വിപണികളിൽ എത്തി തുടങ്ങിയിട്ടുണ്ട്.


സ്വദേശി നാളികേര ഉത്പന്നങ്ങൾ എണ്ണത്തിൽ കുറവാണെങ്കിലും, വിദേശ നിർമ്മിത ഉത്പന്നങ്ങൾ ഇന്ത്യൻ നഗരവിപണികളിലെ പ്രധാന സൂപ്പർ മാർക്കറ്റുകളിൽ വിറ്റുപോകുന്നു എന്നതാണ് മറ്റൊരു യാഥാർത്ഥ്യം. ലുലു, നീൽഗിരീസ്, റിലയൻസ് ഫ്രഷ്, ഡി മാർട്ട്, ക്യൂ മാർട്ട്, വാൾ മാർട്ട്, മോർ, രത്നദീപ്, ഇനോർബിറ്റ് മാൾ, നീഡ്സ് സൂപ്പർ മാർക്കറ്റ്, സൗത്ത് ഇന്ത്യൻ സ്റ്റോർ, ബിഗ് ബസാർ, ഫോറം മാൾ, മഞ്ജീര മാൾ, മാക്സ് ഹൈപ്പർ, സ്പെൻസേഴ്സ്, ഹെറിറ്റേജ് ഫ്രഷ് തുടങ്ങി രാജ്യത്തെ പ്രധാനപ്പെട്ട 15 സൂപ്പർ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് നാളികേര വികസന ബോർഡിന്റെ മേഖലാ ഓഫീസുകൾ നടത്തിയ അന്വേഷണം ഈ വസ്തുതയെ സ്ഥിരീകരിക്കുന്നതായിരുന്നു. ഈ മാർക്കറ്റുകളിലെല്ലാം നാളികേരത്തിൽ നിന്നുള്ള നിരവധി ഭക്ഷ്യ - ഭക്ഷ്യേതര മൂല്യവർധിത ഉത്പന്നങ്ങളുടെ വിവിധ വിദേശ ബ്രാൻഡുകൾ ഉണ്ടായിരുന്നു. അതിനിടയിൽ ഇന്ത്യൻ ഉത്പന്നങ്ങളും.

എല്ലാ മാളുകളിലും സാധാരണ ചില്ലറ വില്പന ശാലകളിലും നാളികേരാധിഷ്ഠിത ഭക്ഷ്യ വസ്തുക്കളായ കൊപ്ര, വെളിച്ചെണ്ണ, നാളികേര പാൽ, പാൽ പൊടി, ഇളനീർ, തൂൾ തേങ്ങ, തേങ്ങ ഉപയോഗിച്ചുള്ള മിഠായികൾ, ബിസ്ക്കറ്റുകൾ, മധുര പലഹാരങ്ങൾ എന്നിവ കണ്ടു. എന്നാൽ ഇവയിൽ ഏറ്റവും ഡിമാന്റ് നാളികേര പാലിനു തന്നെ. പല സൂപ്പർ മാർക്കറ്റുകളിലും നാളികേര പാലിനും ബിസ്ക്കറ്റിനും മധുര പലഹാരങ്ങൾക്കും പ്രത്യേക ഷെൽഫു തന്നെ ഉണ്ടായിരുന്നു.




ഹൈദരാബാദിൽ മിക്ക സൂപ്പർ മാർക്കറ്റുകളിലും വിവിധ ഇന്ത്യൻ ബ്രാൻഡ് വെളിച്ചെണ്ണ, കൊപ്ര, ചട്നി പൊടി, തേങ്ങാപ്പാൽ, തേങ്ങാ പാൽപൊടി, തൂൾ തേങ്ങ, തോങ്ങാപാൽ സ്ക്വാഷ്, ബിസ്ക്കറ്റുകൾ എന്നിവ ലഭ്യമാണ്. സൗന്ദര്യ വർധക വസ്തുക്കളിൽ മുഖ്യമായും വെളിച്ചെണ്ണ അടിസ്ഥാനമാക്കി വിവിധ ബ്രാൻഡ് ഹെയർ ഓയിലുകൾ, സോപ്പുകൾ, ഹാൻഡ് വാഷ് തുടങ്ങിയ സ്വദേശി ഉത്പ്പന്നങ്ങളുമുണ്ട്. പായ്ക്ക് ചെയ്ത ഇളനീർ( 290 മില്ലിക്ക് 90 രൂപ) കാമ്പോടു കൂടിയ ഇളനീർ, പഴച്ചാർ ചേർത്ത നാറ്റി ഡി കൊക്കോ (300 മില്ലിക്ക് 50-55 രൂപ), തേങ്ങാ പാൽ (200 മില്ലി ഗ്രാം 42 രൂപ), തേങ്ങാ പാൽ പൊടി (25 മില്ലി ഗ്രാം 23 രൂപ), ബൊണ്ടി ചോക്കലേറ്റ്(150 മില്ലി ഗ്രാം 149 രൂപ) , കോക്കനട് സിറപ്പ് (500 മില്ലി 286 രൂപ) തുടങ്ങിയവയുടെ വിദേശ ബ്രാൻഡുകളും കണ്ടു. മിക്ക ഉത്പന്നങ്ങളും തായ്ലന്റ് നിർമ്മിതമാണ്. നെതർലണ്ട്, ശ്രീലങ്ക, നേപ്പാൾ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങളും ലഭ്യമാണ്.

ബാംഗളൂർ നഗരത്തിലിറങ്ങിയാൽ ആദ്യം കാണുന്ന കാഴ്ച്ച തെരുവുകളിലെ കരിക്ക് വില്പന തന്നെ. എല്ലാ മുക്കിലും മൂലയിലും കരിക്കു വില്പന പൊടി പൊടിക്കുന്നു. സൂപ്പർ മാർക്കറ്റുകളിൽ പായ്ക്ക്


















ചെയ്ത കരിക്കിൻ വെള്ളവും, മിനിമൽ പ്രോസസിങ് നടത്തിയ കരിക്കും ലഭ്യമാണ്. ഫാം ഫ്രഷ് ഇന്ത്യ അഗ്രോ ടെക്കിന്റെതാണ് ഈ ഉത്പന്നം. പൊതിച്ച നാളികേരവും സൂപ്പർ മാർക്കറ്റുകളിൽ 25 രൂപ നിരക്കിൽ ലഭ്യമാണ്. പായ്ക്കറ്റിലാക്കിയ ചകിരി വരെ ലഭിക്കും, ഓർക്കിഡ് ആന്തൂറിയം ചെടികൾ നടുന്നതിനു ചട്ടികളിൽ മണ്ണിനു പകരം നിറയ്ക്കാൻ പാകത്തിൽ. തുംങ്കൂറിൽ നിന്നുള്ള ഉണ്ട കൊപ്ര പല മാർക്കറ്റുകളിലും കണ്ടു, പക്ഷെ തിപ്തൂരിൽ നിന്നുള്ള തൂൾ തേങ്ങ അപൂർവം കടകളിൽ മാത്രമെ കണ്ടുള്ളു.

മിക്കവാറും സൂപ്പർ മാർക്കറ്റുകളിൽ ഏറ്റവും ഡിമാന്റ് ഉള്ള ഭക്ഷ്യവസ്തുക്കൾ നാളികേര പൊടിയും(മാഗി) ടെട്രാ പായ്ക്കറ്റിലുള്ള നാളികേര പാലും (ഡാബർ) ആയിരുന്നു. തായ്‌ലന്റിന്റെയും (റിയൽ തായ് - 500 മില്ലി, 139 രൂപ) ഇന്തോനേഷ്യയുടെയും(കാര - 425 മില്ലി, 139 രൂപ) ഇതേ ഉത്പന്നങ്ങളും ഈ വിപണികളിൽ യഥേഷ്ടം ലഭ്യമാണ്. റിയൽ തായ് ഉത്പന്നമായ കോക്കനട് ക്രീം 400 മില്ലിക്ക് 195 രൂപയാണ് വില. വിവിധ ഇന്ത്യൻ കമ്പനികളുടെ വെളിച്ചെണ്ണ, വെർജിൻ കോക്കനട് ഓയിൽ, സോപ്പുകൾ, കോക്കനട് മിൽക്ക് ലോഷൻ തുടങ്ങിയവയും ഈ സൂപ്പർമാർക്കറ്റുകളിലുണ്ട്.

ഭക്ഷ്യഉത്പന്ന ശ്രേണിയിൽ പ്രധാനമായും നാച്ചുറലിന്റെ ടെണ്ടർ കോക്കനട് ഐസ്ക്രീമാണ് ഒരു താരം. എല്ലായിടത്തും തന്നെ ലഭ്യമാണ്. ചില പാർലറുകളിൽ ഇളനീർ മൗസിയും കിട്ടും. രാജാജി നഗറിലെ തെങ്ങുമന നാളികേര ഉത്പ്പന്നങ്ങളുടെ കലവറയാണ്. തണുപ്പിച്ച ഇളനീർ, നാളികേര ലസി, സ്യൂഫ്‌ളെ, ജല്ലി, ബർഫി, ഐസ്ക്രീമുകൾ തുടങ്ങിയവ വിവിധ രുചികളിൽ ഇവിടെ ലഭിക്കുന്നു. ബാംഗളൂരില എല്ലാ ബേക്കറികളിലും നാളികേര ലഡൂ, ഹോളിജ്, ബർഫി എന്നിവ ലഭ്യമാണ്.

ചെന്നൈ നഗരത്തിലും ഏറ്റവും സുലഭമായ നാളികേര ഉത്പന്നം കരിക്കു തന്നെ. നഗരത്തിലും പരിസരങ്ങളിലുമായി ദിവസം രണ്ടു ലക്ഷം കരിക്ക് വില്ക്കപ്പെടുന്നു എന്നാണ് കണക്ക്. വില ഒന്നിന് 25- 45 വരെ. പൊള്ളാച്ചിയിൽ നിന്നുള്ള പൊട്ടുവച്ച(ലേബൽ പതിച്ച) കരിക്കുകൾക്കാണ് കൂടുതൽ ഡിമാൻഡ്. സൂപ്പർമാർക്കറ്റുകളിൽ നാളികേര മൂല്യവർധിത ഉത്പന്ന ശ്രേണിയിൽ സൗന്ദര്യ സംവർധക വസ്തുക്കളായ ഹെയർ ഓയിൽ, ഫേസ് ക്രീം തുടങ്ങിയവയ്ക്കാണ് മുൻ തൂക്കം. ഭക്ഷ്യ വസ്തുക്കളിൽ തമിഴ്നാട്ടിലെ പൊതുമേഖലാ സ്ഥാപനമായ പാം കോയുടെ തേങ്ങാ പാൽ പൊടി, തൂൾ തേങ്ങ, മാഗിയുടെ തേങ്ങാ പാൽ പൊടി, ശ്രീലങ്കയിൽ നിന്ന് ഇറക്കുമതി ചെയ്ത നെസ്‌ലെയുടെ തേങ്ങാ പാൽ പൊടി, റിയൽ തായ് കോക്കനട് മിൽക്ക്, പാംഡ്യുവിന്റെ ഇളനീർ കേൺസൺട്രേറ്റ്(പൗഡർ-120 ഗ്രാമിന് 150 രൂപ വില) ഇന്തോനേഷ്യൻ കമ്പനിയായ കാരയുടെ നാളികേര പാൽ, പൊള്ളാച്ചിയിൽ നിന്നുള്ള തൂൾ തേങ്ങ, ശ്രീലങ്കയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന ഹോംമെയ്ഡ് കോക്കനട് മിൽക്ക്, പായ്ക്ക് ചെയ്ത ഇളനീർ, തായ്‌ലന്റിൽ നിന്ന് ഇറക്കുമതി ചെയ്ത ഇളനീർ (300 മില്ലി പ്ലാസ്റ്റിക് ബോട്ടിലിനു വില 49 രൂപ). ടെണ്ടർ കൊക്കോയുടെ ഇളനീർ (250 മില്ലി പ്ലാസ്റ്റിക് ബോട്ടിലിനു വില 35 രൂപ).

ഡൽഹിയിലെ സൂപ്പർ മാർക്കറ്റുകളിൽ ഹെയർ ഓയിൽ, പായ്ക്ക് ചെയ്ത കരിക്കിൻ വെള്ളം എന്നിവയാണ് കൂടുതലായും വില്ക്കപ്പെടുന്ന കേര ഉത്പന്നങ്ങൾ. ദക്ഷിണേന്ത്യൻ ഉത്പന്നങ്ങൾ ലഭിക്കുന്ന മാർക്കറ്റുകളിൽ വെളിച്ചെണ്ണയും ചെലവാകുന്നുണ്ട്. പാചകത്തിന് ഉത്തരേന്ത്യക്കാർ വെളിച്ചെണ്ണ ഉപയോഗിക്കാറില്ല എങ്കിലും കേശ ലേപനമായി അവർക്ക് പഥ്യം വെളിച്ചെണ്ണ തന്നെ. പക്ഷെ കരിക്കിൻ വെള്ളം എല്ലാവരും ഒരു പോലെ ഇഷ്ടപ്പെടുന്നു. പ്രത്യേകിച്ച് വേനലിൽ.

വിദേശ ഉത്പന്നങ്ങളിൽ തായ്‌ലന്റിൽ നിന്നുള്ള സാധനങ്ങളാണ് മുന്നിൽ. നാറ്റാഡി കൊക്കോയുള്ള ഇളനീരിന് വലിയ ഡിമാന്റാണ് ഡൽഹിയിൽ. തായ്‌ലന്റിൽ നിന്നുള്ള നെസ്‌ലെയുടെ നാളികേര പാൽ, നാളികേരം നിറച്ച മാർസിന്റെ ബോണ്ടി ചോക്ക്‌ലേറ്റ് എന്നിവയും ഇതിൽ ഉൾപ്പെടുന്നു. പ്രധാനമായും തായ്കമ്പനികളായ റോയൽ പ്ലസ്, ആംപോൾ, പന്റൈനോറ, നെതർലന്റ് കമ്പനിയായ മാർസ് തുടങ്ങിയവയുടെ ഉത്പന്നങ്ങളാണ് ഡൽഹിയിലെ സൂപ്പർ മാർക്കററുകളിൽ ലഭിക്കുന്നത്. ഇതെല്ലാം തന്നെ ഭക്ഷ്യഉത്പന്നങ്ങളുമാണ്.

ഇന്ത്യൻ കമ്പനികളുടെ പായ്ക്ക് ചെയ്ത കരിക്കിൻ വെള്ളം, കുക്കീസ്, ബിസ്ക്കറ്റ്, തേങ്ങാപ്പാൽ, തേങ്ങാപാൽ പൊടി, വെളിച്ചെണ്ണ, ഹെയർ ഓയിൽ തുടങ്ങിയവയാണ് പ്രധാനമായി ഡൽഹിയിലെ സൂപ്പർമാർക്കറ്റുകളിലുള്ള നാളികേര ഉത്പന്നങ്ങൾ.

ആസാം, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാൻഡ്, അരുണാചൽ പ്രദേശ്, ത്രിപുര എന്നീ ഏഴു സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന വടക്കു കിഴക്കൻ ഇന്ത്യയിൽ നാളികേര ഉത്പന്നങ്ങൾക്ക് വലിയ വിപണിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നാളികേരത്തിൽ നിന്നുള്ള ഭക്ഷ്യ ഉത്പന്നങ്ങളായ ബിസ്ക്കററ്, കുക്കീസ്, പായ്ക്ക് ചെയ്ത ഇളനീർ, നാളികേര ക്രീം, പാൽ പൊടി, വെളിച്ചെണ്ണ എന്നിവ ഈ ഏഴു സംസ്ഥാനങ്ങളിൽ എല്ലാ കടകളിലും സുലഭമാണ്. ആസാമിലെ പ്രധാന ഉത്സവങ്ങളായ ബിഹു, ദുർഗാപൂജ എന്നിവയോടനുബന്ധിച്ച് വീടുകളിൽ നാളികേര വിഭവങ്ങളായ പിത്തയും ലാരുവും ധാരാളമായി നിർമ്മിക്കുന്നു. ആ സമയത്ത് വിപണികളിലും ഇവ യഥേഷ്ടം ലഭ്യമാണ്. ഭക്ഷ്യേതര നാളികേതര ഉത്പന്നങ്ങളിൽ ഏറ്റവും ഡിമാന്റ് ഹെയർ ഓയിലിനാണ്. കൂടാതെ സോപ്പ് ഷാമ്പൂ എന്നിവയും വിപണി കീഴടക്കി വരുന്നു. നിലവിൽ മലേഷ്യ, ശ്രീലങ്ക, തായ്‌ലന്റ് എന്നിവയുടെ ഏതാനും ഉത്പന്നങ്ങൾ ഒഴിച്ചാൽ വടക്കു കിഴക്കൻ മേഖലയിൽ വിപണി കൈയടക്കിയിരിക്കുന്നതു മുഴുവൻ ഉത്തരേന്ത്യൻ നാളികേര ഉത്പന്നങ്ങളാണ്. റിയൽ തായ് (ബാങ്കോക്ക്) ഉത്പന്നമായ നാളികേര ക്രീം, ശ്രീലങ്കയിൽ നിന്നുള്ള നാളികേര പാൽ പൊടി, ബിസ്ക്ഫാം (മലേഷ്യ) ഉത്പന്നമായ നാളികേര ചോക്കലേറ്റ്, തായ്‌ലന്റിലെ (പന്റൈനോറയുടെ) നാളികേര പാൽ എന്നിവയാണ് ഇപ്പോൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ വില്ക്കപ്പെടുന്ന വിദേശ നാളികേര ബ്രാൻഡുകൾ.

ബിഹാറിൽ നാളികേരം ഇനിയും വ്യാവസായിക അടിസ്ഥാനത്തിലുള്ള തോട്ടവിളയായി മാറിയിട്ടില്ല. വീടിനോട് ചേർന്നും കൃഷിയിടങ്ങളുടെ അതിരുകളിലും നട്ടു പിടിപ്പിക്കുന്ന ഒരു വൃക്ഷവിള മാത്രമാണ് സംസ്ഥാനത്ത് ഇന്നും തെങ്ങ്. മതപരമായ ചടങ്ങുകൾക്കാണ് പ്രധാനമായും നാളികേരം ഉപയോഗിക്കുക. വെളിച്ചെണ്ണ കേശ സംരക്ഷണത്തിനും ഉപയോഗിക്കും.

തായ്‌ലന്റിലെ മാപ്പിൾ കമ്പനിയുടെ നാളികേര ജൂസ് (300 മില്ലി 75 രൂപ), നാളികേര പാൽ (400 മില്ലി 130 രൂപ) നാളികേര ക്രീം(400 മില്ലി 175 രൂപ) എന്നിവയാണ് പ്രധാനമായും പാറ്റ്നയിൽ ലഭിക്കുന്ന വിദേശ നിർമ്മിത നാളികേര ഉത്പന്നങ്ങൾ. മിക്ക കടകളിലും നിഹാർ, പാരച്യൂട്ട്, ഡാബർ, വാഡിക തുടങ്ങിയ ബ്രാൻഡുകളിൽ കോക്കനട് ഹെയർ ഓയിൽ, പാർലെ, ബ്രിട്ടാനിയ, ടൈഗർ, ഗോൾഡൻ ഹാർവെസ്റ്റ് തുടങ്ങിയ ബിസ്ക്കറ്റുകളും എല്ലാ ബേക്കറികളിലും ലഭ്യമാണ്.

പാറ്റ്ന നഗരത്തിൽ വളരെ ചെറിയ ഒരു വിഭാഗം ആളുകൾക്കു മാത്രമെ നാളികേരത്തെയും അതിന്റെ അതിസമ്പന്നമായ ഗുണങ്ങളെയും കുറിച്ച് അറിവുള്ളു. അതിനാൽ തന്നെ നാളികേര ഉത്പന്നങ്ങൾ വൻതോതിൽ ഇവിടെ വിപണിയിൽ ലഭ്യവുമല്ല. എന്നാൽ നല്ല പ്രചാരണം നടത്തിയാൽ വലിയ സാധ്യതയുള്ള നാളികേര വിപണി ബിഹാറിൽ ഉണ്ട് എന്ന കാര്യത്തിൽ സംശയവുമില്ല.

ഒഡീഷയിൽ നാളികേര ഉത്പന്നങ്ങളിൽ വെളിച്ചെണ്ണയ്ക്ക് കേശ ലേപനം എന്ന നിലയിൽ നല്ല വിപണിയാണ്. ചെറിയ ശതമാനം ആളുകൾ മാത്രമെ സംസ്ഥാനത്ത് പാചക ആവശ്യത്തിനായി വെളിച്ചെണ്ണ ഉപയോഗിക്കുന്നുള്ളു. പ്രധാന നഗരങ്ങളിലെ വിവിധ സൂപ്പർ മാർക്കറ്റുകളിൽ ഇന്ത്യൻ നിർമ്മാതാക്കളുടെ പായ്ക്കു ചെയ്ത ഇളനീർ, ബിസ്ക്കറ്റ്, വെളിച്ചെണ്ണ തുടങ്ങിയവയാണ് മുഖ്യമായി വില്ക്കപ്പെടുന്നത്. ഒരു കടയിൽ കൽക്കട്ടയിൽ നിന്നുള്ള ഉണ്ട കൊപ്രയും കണ്ടു. വിദേശ കമ്പനികളുടെ ഉത്പന്ന നിരയിൽ നാളികേര പാൽ പൊടി (ശ്രീലങ്ക -നെസ്‌ലെ), മിഠായി (നെതർലന്റ് - സിൽവ) തേങ്ങാപ്പാൽ (തായ്‌ലന്റ് - മാപ്പിൾ) എന്നിവയും വിവിധ സൂപ്പർ മാർക്കറ്റുകളിൽ ലഭ്യമാണ്.

മഹാരാഷ്ട്രയിൽ ഏറ്റവും വില്ക്കപ്പെടുന്ന നാളികേര ഉത്പന്നം തൂൾ തേങ്ങയും തേങ്ങാപ്പാൽ പൊടിയുമാണ്. ഇന്ത്യൻ, വിദേശ, കമ്പനികളുടെ നാളികേര ഉത്പന്നങ്ങളും സൂപ്പർമാർക്കറ്റുകളിൽ ലഭ്യമാണ്. തേങ്ങാപാൽ പൊടി മുഴുവൻ ശ്രീലങ്കയിൽ നിന്നുള്ള ഇറക്കു















മതിയാണ്. കിലോഗ്രാമിന് 1000 രൂപയാണ് വില. ഇന്ത്യൻ നിർമ്മിത വെളിച്ചെണ്ണയ്ക്ക് വില കിലോഗ്രാമിന് 292 രൂപ. ബിസ്ക്കറ്റ് 25 –35 റേഞ്ചിലാണ് വില നിലവാരം. പായ്ക്ക് ചെയ്ത കരിക്കിൻ വെള്ളം 39 രൂപ. തൂൾ തേങ്ങ 160 മുതൽ 250 വരെ വിലയിൽ ലഭ്യമാണ്. ഉണ്ടക്കൊപ്ര കിലോഗ്രാമിന് 120 മുതൽ 135 വരെ വിലയ്ക്ക് ലഭിക്കും.

കേരളത്തിലെ നാളികേര കമ്പനികളെ സംബന്ധിച്ചിടത്തോളം ഇതൊരു സുവർണാവസരമാണ്. മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലിറക്കിയാൽ വിദേശികൾ കൈയടക്കിയിരിക്കുന്ന വിപണി നിഷ്പ്രയാസം കൈപ്പിടിയിലൊതുക്കാൻ നമ്മുടെ കർഷകരുടെ കൂട്ടായ്മകൾക്ക് സാധിക്കും. കാരണം വിപണന മേഖലയിൽ ഓൺലൈൻ പോലെ നൂതനമായ പല സംവിധാനങ്ങളും ഇന്ന് ഉണ്ട്. ഉത്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കാൻ ഈ സംവിധാനങ്ങൾ ധാരാളം മതി. പഴങ്ങളും പച്ചക്കറികളും ഇത്തരത്തിൽ വിപണനം ചെയ്യപ്പെടുന്ന കാലമാണിത്.

ആമസോൺ, ഫ്ളിപ് കാർട്ട്, ബിഗ് ബാസ്ക്കറ്റ്, ഷോപ്പ്ക്ലൂ തുടങ്ങിയ കമ്പനികൾ ഈ മേഖലയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ തന്നെ നാളികേര ചകിരി, ചിരട്ടക്കരി തുടങ്ങി ചില ഉത്പന്നങ്ങൾ ഓൺലൈനായി വിപണനം ചെയ്യപ്പെടുന്നുമുണ്ട്. അതുകൊണ്ട് മികച്ച നിലവാരമുള്ള നാളികേര ഉത്പന്നങ്ങൾ നിർമ്മിക്കുക എന്നതാണ് കർഷകരുടെ കമ്പനികൾ ഏറ്റെടുക്കേണ്ട ഉത്തരവാദിത്വം. അത്തരത്തിലൊരു മുന്നേറ്റമാണ് ഇന്ത്യൻ നാളികേര വിപണിയിൽ കേരളത്തിലെ നാളികേര ഉത്പാദക കമ്പനികൾക്ക് ഭാവിയിൽ നിർവഹിക്കാനുള്ളത്.




# ഒൻപതാമത് ഏഷ്യൻ രാജ്യാന്തര വ്യവസായ വിനോദസഞ്ചാര പ്രദർശനത്തിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു

**ബം**ഗ്ലാദേശ് തലസ്ഥാനമായ ബസുന്ധരയിലെ ഇന്റർനാഷണൽ കൺവൻഷൻ സിറ്റിയിൽ ജൂൺ 10– 14 വരെ നടന്ന 9–ാമത് ഏഷ്യൻ രാജ്യാന്തര വ്യവസായ വിനോദസഞ്ചാര പ്രദർശനത്തിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. സിഇഎംഎസ് ഗ്ലോബൽ ആണ് പ്രദർശനം സംഘടിപ്പിച്ചത്.




*നാളികേര വികസന ബോർഡിന്റെ സ്റ്റാൾ*

ബംഗ്ലാദേശ് പ്രധാനമന്ത്രിയുടെ രാഷ്ട്രീയകാര്യ ഉപദേഷ്ടാവ് എച്ച് ടി ഇമാം പ്രദർശനം ഉദ്ഘാടനം ചെയ്തു. ബംഗ്ലാദേശ് ഫെഡറേഷൻ ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി പ്രസിഡന്റ് അബദുൾ മത്ലബ് അഹമ്മദ്, ദാക്ക ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി ആക്ടിങ് പ്രസിഡന്റ് ഹുമയൂൺ റഷീദ് എന്നിവർ പ്രത്യേക അതിഥികളായിരുന്നു. ഇന്ത്യ ഉൾപ്പെടെ പത്തു രാജ്യങ്ങളിൽ നിന്ന് 100 സ്ഥാപനങ്ങൾ പ്രദർശനത്തിൽ പങ്കെടുത്തു.

നാളികേര വികസന ബോർഡിനെ പ്രതിനിധീകരിച്ച് സെക്രട്ടറി ഡോ.എകെ നന്തിയാണ് പ്രദർശനത്തിൽ പങ്കെടുത്തത്. വെർജിൻ കോക്കനട്ട് ഓയിൽ, നീര, ടെണ്ടർ കോക്കനട്ട് വാട്ടർ, ഡസിക്കേറ്റഡ് കോക്കനട്ട്, നാളികേര പാൽ,നാളികേര പാൽപ്പൊടി തുടങ്ങിയ നാളികേര ഉത്പന്നങ്ങൾ കൂടാതെ വിവിധ നിർമ്മാതാക്കളുടെതായി ബോർഡിന്റെ സ്റ്റാളിൽ പ്രദർശനത്തിന് ഉണ്ടായിരുന്ന വെർജിൻ കോക്കനട്ട് ഓയിൽ, നാളികേര പാൽ, നാളികേര പാൽ പൊടി, വെർജിൻ കോക്കനട്ട് മസാജ് ഓയിൽ, മൗത് റിഫ്രഷ്നർ, ഹെയർ ക്രിം, വെളിച്ചെണ്ണ, പായ്ക്ക് ചെയ്ത ഇളനീർ, നാളികേര ചിപ്സ്, നീര സിറപ്, ഉത്തേജിത കരി തുടങ്ങിയവയും കാണികളുടെ ശ്രദ്ധ ആകർഷിച്ചു.

# സോ ഡെലീഷ്യസ്

## കേരം ചേർത്ത രുചിപ്പെരുമ

സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി-11







**ഭക്ഷ്യനിർമ്മാണ മേഖലയിലെ അതികായനാണ് സോ ഡെലിഷ്യസ്. ലോകമെമ്പാടും വിതരണ ശൃംഖലയുള്ള ബൃഹത്തായ വ്യവസായ സംരംഭം. തെങ്ങു വളരാത്ത അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ കമ്പനിയാണ് നാളികേരത്തിൽ നിന്ന് വൈവിധ്യമാർന്ന അറുപതോളം ഉത്പ്പന്നങ്ങൾ നിർമ്മിച്ച് ലോക രാജ്യങ്ങളിൽ വില്പന നടത്തുന്നത്.**







### രുചിയുടെ ദർശനം

ഈ പ്രപഞ്ചത്തിലുള്ള സകല ചരാചരങ്ങളോടുമുള്ള പ്രതിബദ്ധത, അതാണ് ഞങ്ങളുടെ വ്യവസായ ദർശനം. മൃഗങ്ങളോടും പ്രകൃതിയോടും മനുഷ്യസമൂഹത്തോടും ഞങ്ങൾക്ക് അളവറ്റ ആദരമാണ്, കരുതലാണ്. കരുതലിന്റെ ഈ മനോഭാവം വ്യവസായത്തിലെ ഞങ്ങളുടെ പങ്കാളികളായ കൃഷിക്കാരോടും വിതരണക്കാരോടും ഞങ്ങൾ പ്രകടിപ്പിക്കുന്നു. ഞങ്ങളുടെ വ്യവസായത്തിനാവശ്യമായ പ്രാഥമിക ഉത്പ്പന്നങ്ങൾ വിളയുന്ന, ഞങ്ങൾക്കു വേണ്ട അസംസ്കൃത വിഭവങ്ങൾ ഉത്പാദിപ്പിക്കുന്ന മൂന്നാം രാജ്യങ്ങളിലെ കൃഷിയിടങ്ങളിൽ ഞങ്ങളുടെ സജീവ സാന്നിധ്യമുണ്ട്. അവർ നേരിടുന്ന വെല്ലുവിളികളും പ്രതികൂല സാഹചര്യങ്ങളും മനസിലാക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഈ പ്രതിസന്ധികളെയെല്ലാം തരണം ചെയ്ത് ഞങ്ങൾക്കാവശ്യമായ വിഭവങ്ങൾ ഉത്പാദിപ്പിക്കുന്ന കൃഷിക്കാരെ ഞങ്ങൾ ആദരിക്കുന്നു, ബഹുമാനിക്കുന്നു. അവരുടെ ആത്മാർത്ഥതയാണ് ഞങ്ങളുടെ വിജയ രഹസ്യം എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

സുസ്ഥിരതയെ ഗൗരവത്തോടെ കാണുന്ന സംസ്കാരം ഞങ്ങളുടെ കമ്പനിയിൽ പരിശീലിപ്പിച്ചിട്ടുണ്ട്. 100 ശതമാനവും പുനചംക്രമണം ചെയ്യാവുന്ന വസ്തുക്കളാണ് ഞങ്ങൾ ഉത്പ്പന്നങ്ങളുടെ പായ്ക്കിങ്ങിനായി ഉപയോഗിക്കുന്നത്. ഇത്തരത്തിൽ പ്രതിവർഷം 10 ദശലക്ഷം ഗ്യാലൻ വെള്ളമാണ് ഞങ്ങൾ ലാഭിക്കുന്നത്. വളരെ കുറഞ്ഞ അളവ് ഊർജ്ജമേ ഞങ്ങൾ ഉപയോഗിക്കുന്നുള്ളൂ. ഞങ്ങൾ കാടുകൾ സംരക്ഷിക്കുന്നു. ഹരിതഗൃഹവാതക ബഹിർഗമനം ലഘൂകരിക്കുന്നു.




മനുഷ്യർ അധിവസിക്കുന്ന ഭൂമി എന്ന ഈ ഗ്രഹത്തോട് ഞങ്ങൾക്ക് അത്ര ബഹുമാനമാണ്. ക്ഷീര രഹിത ഭക്ഷ്യവസ്തുക്കളാണ് ഞങ്ങളുടെ മുഖ്യ ഉത്പ്പന്നങ്ങൾ. ദിവസം മുഴുവൻ ഞങ്ങളുടെ ഉപഭോക്താക്കൾക്ക് ഊർജ്ജവും ആരോഗ്യവും പ്രദാനം ചെയ്യുന്ന ഭക്ഷണ പാനീയങ്ങളാണ് ഞങ്ങൾ നാളികേരത്തിൽ നിന്ന് നിർമ്മിച്ച് വിതരണം ചെയ്യുന്നത്. ക്ഷീരവും തജ്ജന്യ വസ്തുക്കളും ഒഴിവാക്കിയുള്ള ഈ ഭക്ഷ്യസാധനങ്ങളത്രയും പരിശുദ്ധവും അതീവ രുചി












കരവുമാണ്. ക്ഷീര രഹിത ഐസ്ക്രീമുകളും സൂപ്പുകളും ആസ്വദിക്കാൻ ഞങ്ങളുടെ നാളികേര പാൽ ഉപയോഗിച്ച് അവ നിർമ്മിച്ചു നോക്കൂ. ഏതു പാചക വിധിയിലും ക്ഷീര ഉത്പന്നങ്ങൾക്കു പകരമായി ഉപയോഗിക്കാൻ അനുയോജ്യമാണ് നാളികേര പാൽ.

## എന്തുകൊണ്ട് നാളികേരം

പാശ്ചാത്യരാജ്യങ്ങളിലെ ജനങ്ങൾ ഈ അടുത്തകാലത്താണ് നാളികേരത്തിന്റെ ആരോഗ്യ സിദ്ധികൾ മനസിലാക്കി തുടങ്ങിയത്. നാളികേരത്തിലെ നല്ല കൊഴുപ്പ് ആണ് ഈ ആരോഗ്യ രഹസ്യം. നാളികേരത്തിൽ പൂരിത കൊഴുപ്പ് ഉണ്ടെങ്കിലും അത് ആരോഗ്യത്തിന് ഹാനികരമല്ല എന്ന് പഠനങ്ങളിൽ നിന്ന് തെളിഞ്ഞിട്ടുണ്ട്. മനുഷ്യശരീരത്തിൽ വ്യത്യസ്ഥ രീതിയിലാണ് പൂരിത കൊഴുപ്പ് ശൃംഖലയുടെ പ്രവർത്തനം നടക്കുക.




ദീർഘ ശൃംഖലാ ട്രൈഗ്ലിസറൈഡുകൾ പ്രതിനിധീകരിക്കുന്നത് ഏറ്റവും ഗുരുതരമായ പൂരിത അല്ലത്തെയാണ്. മാംസം, ക്ഷീരം, ക്ഷീരോത്പന്നങ്ങൾ തുടങ്ങിയ ഭക്ഷ്യ പദാർത്ഥങ്ങളിലാണ് ഇത് ഏറ്റവും കൂടുതൽ അടങ്ങിയിരിക്കുന്നത്. ഹൃദ്രോഗം ഉൾപ്പെടെ മാരകമായ പല ശാരീരിക അസ്വസ്ഥതകൾക്കും ഇത് കാരണമാകുന്നു. ദീർഘ ശൃംഖലാ ട്രൈഗ്ലിസറൈഡുകളെ കൊഴുപ്പു രൂപത്തിലാണ് ശരീരം സൂക്ഷിക്കുന്നത്. അമേരിക്കൻ ജനത വേണ്ടതിലധികം മൃഗജന്യ ദീർഘ ശൃംഖലാ ട്രൈഗ്ലിസറൈഡുകൾ അകത്താക്കുന്നുണ്ട്. രാജ്യത്ത് വളരെ കൂടുതൽ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇതു കാരണവുമാകുന്നു.




എന്നാൽ നാളികേരത്തിലടങ്ങിയിരിക്കുന്നത് സസ്യജന്യ പൂരിത കൊഴുപ്പാണ്. ഇതിലുള്ളത് മധ്യശൃംഖലാ കൊഴുപ്പ് അമ്ലമാണ്. ശാസ്ത്രജ്ഞർ മധ്യശൃംഖലാ കൊഴുപ്പ് അമ്ലത്തെ ലൊറിക് കാപ്രിക് അമ്ലങ്ങളായി അംഗീകരിക്കുകയും അവയുടെ രോഗപ്രതിരോധ ശേഷിയെ തിരിച്ചറിയുകയും ചെയ്തിരിക്കുന്നു. ശരീരമാകട്ടെ മധ്യശൃംഖലാ കൊഴുപ്പ് അമ്ലത്തെ കൊഴുപ്പായി ശരീരത്തിൽ സംഭരിക്കുന്നതിനു പകരം ഊർജ്ജമാക്കി മാറ്റുന്നു.




ഇക്കാരണങ്ങളാലാണ് ഞങ്ങൾ ഭക്ഷ്യനിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവായി നാളികേരം ഉപയോഗിക്കുന്നത്. ഞങ്ങൾ ഞങ്ങളുടെ ഉപഭോക്താക്കളെ സ്നേഹിക്കുന്നതിനാൽ അവരുടെ ആരോഗ്യത്തെക്കുറിച്ച് ഞങ്ങൾക്ക് കരുതൽ ഉണ്ട്. ■





# 37 തെങ്ങിൽ നിന്ന് ഗോപിക്ക് ലഭിച്ചത് ₹ 1,20,000

**സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി-11**



**ഗോപിനാഥ് എസ് ( വയസ് –44) പുത്തൻവീട്, പുതുശേരി, ചിറ്റൂർ, പാലക്കാട്.**

**സംഘം – വിളയോടി, ഫെഡറേഷൻ – പെരുമാട്ടി**

| ടാപ്പു ചെയ്യുന്ന തെങ്ങുകൾ | പ്രതിദിന ശരാശരി ഉത്പാദനം (ലീറ്റർ) | 2015 മെയ് മാസ വരുമാനം (രൂപ) |
|---|---|---|
| 37 | 150 | 120000 |

അഞ്ചു തലമുറകൾ മുമ്പ് തമിഴ്നാട്ടിലെ മധുരയിൽ നിന്ന് പാലക്കാട് ജില്ലയിലെ ചിറ്റൂർ പുതുശേരി വിളയോടി ഗ്രാമത്തിലേയ്ക്ക് കാർഷിക വൃത്തിയുമായി വന്ന പുത്തൻവീട്ടിൽ സ്വാമിനാഥൻ മന്നാടിയാരുടെ മകൻ ഗോപിനാഥൻ പഠിച്ചത് എൻജിനിയറിങ് ആണ്. പക്ഷെ തലമുറകളായി തുടർന്നു വന്ന കൃഷിയിൽ തന്നെയാണ് ഗോപിയുടെയും മനസ് മുഴുവൻ. പെരുമാട്ടി നാളികേര ഉത്പാദക ഫെഡറേഷന്റെ കീഴിലുള്ള വിളയോടി സംഘാംഗമായ ഗോപി മികച്ച നാളികേര കർഷകനാണ്. കുടുംബ വകയായി 30 ഏക്കർ തെങ്ങിൻ തോപ്പാണ് ഉള്ളത്. നാല്പത്തിനാലുകാരനായ ഗോപി ഭാര്യക്കും മക്കൾക്കുമൊപ്പം പാലക്കാട് നൂറണിയിലുള്ള തൊണ്ടികുളം ഗ്രാമത്തിൽ ആണ് സ്ഥിരതാമസമെങ്കിലും ആഴ്ച്ചയിൽ രണ്ടു വട്ടം പുതുശേരിക്ക് പോകും. അഛനും അമ്മയും അവിടെയാണ്. മാത്രമല്ല, കൃഷിയിടത്തിലെ കാര്യങ്ങൾ വേണ്ടവിധം നടക്കുന്നുണ്ടോ എന്ന് അറിയുകയും വേണം. തോട്ടത്തിലെ ജോലികൾക്ക് മേൽനോട്ടം വഹിക്കാൻ അഞ്ച് സ്ഥിരം സൂപ്പർവൈസർമാർ ഉണ്ട്. എന്നാലും ആഴ്ച്ചയിൽ രണ്ടുവട്ടം ഗോപി തോട്ടത്തിൽ എത്തും.

കൃഷി മാത്രമല്ല ഗോപിയുടെ ഇഷ്ടങ്ങൾ. ഗോപി തന്റെ തെങ്ങിൻ തോട്ടത്തിൽ വൈവിധ്യവത്കരണത്തിന്റെ ഭാഗമായി ഫാം ടൂറിസം കൂടി നടപ്പാക്കി വരികയാണ്. ഫാം ഹൗസിന്റെ നിർമ്മാണം പൂർത്തിയായി. അടുത്ത ഘട്ടമായി കോട്ടേജുകൾ നിർമ്മിക്കും. അതിനു മുമ്പ് തെങ്ങിനിടയിൽ വിവിധ ഇടവിളകളും മറ്റും കൃഷിചെയ്ത് വിള വൈവിധ്യവത്ക്കരണം നടത്തി. കൊക്കോ, വാഴ, പച്ചക്കറികൾ, കുരുമുളക്, മത്സ്യകൃഷി, സങ്കര ഇനം മാവുകൾ തുടങ്ങിയവയെല്ലാം ആദായം നല്കി തുടങ്ങി. നാലു വർഷമായി ഗോപി തെങ്ങിൻ പുരയിടത്തിൽ ഇത്തരത്തിലുള്ള പരിചരണ മുറകൾ അനുവർത്തിച്ചു തുടങ്ങിയിട്ട്. തോട്ടത്തിനുള്ളിൽ തന്നെയാണ് തറവാട് വീടും.

മൂപ്പത് ഏക്കർ തെങ്ങിൻ പുരയിടം ഗോപിയുടെയും അനുജൻ സതീഷിന്റെയും കൂടിയാണ്. സതീഷ് വിദേശത്താണ്. ഇപ്പോൾ എല്ലാം കൂടി 600 തെങ്ങുകൾ ഉണ്ട്. മിക്കവാറും എല്ലാം 15 വർഷം പ്രായമായവ. സാധാരണ ഗതിയിൽ ചിറ്റൂർ മേഖലയിൽ തെങ്ങ് കൊതുമ്പു പൊട്ടിയാലുടൻ കള്ള് ചെത്താൻ കൊടുക്കുകയാണ് കൃഷിക്കാരുടെ ശീലം. നാളികേരത്തിൽ നിന്നുള്ള വരുമാനം തുഛമായിരുന്ന സമയത്ത് ഈ ശീലം വ്യാപകമായിരുന്നു. പക്ഷെ ഗോപിയുടെ തോട്ടത്തിൽ ഒറ്റ തെങ്ങു പോലും കള്ളു ചെത്താൻ ഇതുവരെ കൊടുത്തിട്ടില്ല. തെങ്ങു ചെത്തി കള്ളു വിറ്റുള്ള ആദായം വീട്ടിൽ വേണ്ട എന്നതാണ് അഛന്റെ തീരുമാനം. അത്രയ്ക്ക് കണിശക്കാരനാണ് സ്വാമിനാഥൻ. അതെ വഴിയാണ് ഗോപിയും സ്വീകരിച്ചത്.

നാളികേര വികസന ബോർഡിന്റെ കീഴിൽ വിളയോടി കേന്ദ്രമായി ഉത്പാദക

സംഘം രൂപീകൃതമായപ്പോൾ ഗോപിയും അതിൽ അംഗമായി. പിന്നീട് പെരുമാട്ടി ഫെഡറേഷന് നീര ഉത്പാദനത്തിന് ലൈസൻസ് ലഭിച്ചപ്പോൾ കമ്പനി അധികൃതർ ഗോപിയെ സമീപിച്ച് നീര ചെത്തുന്നതിന് തെങ്ങുകൾ വിട്ടു നല്കാൻ അഭ്യർത്ഥിച്ചു. പക്ഷെ അഛൻ സമ്മതിച്ചില്ല. ചെത്താൻ തെങ്ങ് നല്കണ്ട എന്നതായിരുന്നു അദ്ദേഹത്തിന്റെ കർക്കശ നിലപാട്. കള്ള് ഉത്പാദനത്തിനല്ല തെങ്ങു നല്കുന്നത് നീര ഉത്പാദിപ്പിക്കാനാണ് എന്ന് അഛനെ പറഞ്ഞ് ബോധ്യപ്പെടുത്താൻ നീരയെക്കുറിച്ച് വിശദമായ ഒരു സ്റ്റഡിക്ലാസ് തന്നെ വേണ്ടി വന്നു എന്ന് ഗോപി.

അങ്ങനെയാണ് കഴിഞ്ഞ ഏപ്രിൽ മാസം മുതൽ 40 തെങ്ങുകൾ നീര ഉത്പാദനത്തിന് വിട്ടു നല്കിയത്. ഇതിൽ മൂന്നെണ്ണം ഉപേക്ഷിച്ചു. ബാക്കി 37 തെങ്ങിൽ നിന്ന് നല്ല അളവിൽ നീര ലഭിക്കുന്നുണ്ട്. ശരാശരി പ്രതിദിന നീര ഉത്പാദനം 60 ലീറ്ററാണ്. ഗോപിയുടെ തോട്ടത്തിലെ ഒരു തെങ്ങിൽ നിന്ന് ശരാശരി ഉത്പാദനം വർഷം 80 നാളികേരമാണ്. രണ്ടു മാസം കൂടുമ്പോൾ 16000 രൂപയായിരുന്നു 600 തെങ്ങിൻ നിന്നുള്ള മൊത്ത വരുമാനം. ഇപ്പോൾ നീര ടാപ്പിങ്ങിലൂടെ ഒരു തെങ്ങിൽ നിന്ന് മാത്രം മാസം 3500 രൂപ ലഭിക്കുന്നു. കഴിഞ്ഞ മാസം ഗോപിയുടെ 37 തെങ്ങുകളിൽ നിന്ന് 4500 ലിറ്റർ നീരയാണ് ഉത്പാദിപ്പിച്ചത്. പാലക്കാട് ഉത്പാദക കമ്പനിയുടെ കീഴിൽ കഴിഞ്ഞ മാസം ഏറ്റവും നീര ഉത്പാദിപ്പിച്ചത് ഈ കർഷകന്റെ തെങ്ങുകളിൽ നിന്നാണ്. പെരുമാട്ടി ഫെഡറേഷന്റെ മാനേജർ അനീഷിനാണ് നീര ഉത്പാദനത്തിന്റെ മേൽ നോട്ടം. മൊത്തം എട്ട് ടെക്നീഷ്യന്മാരാണ് ഈ തോട്ടത്തിൽ നീര ടാപ്പിങ്ങിൽ ഏർപ്പെട്ടിരിക്കുന്നത്.



**സുരേഷ് ( വയസ് –38) നീര ടെക്നീഷ്യൻ, പൂമ്പറ്റ, വിളയോടി, ചിറ്റൂർ, പാലക്കാട്**

**ഫെഡറേഷൻ – പെരുമാട്ടി**

| ടാപ്പു ചെയ്യുന്ന തെങ്ങുകൾ | പ്രതിദിന ശരാശരി ഉത്പാദനം (ലിറ്റർ) | 2015 മെയ് മാസ വരുമാനം (രൂപ) |
|---|---|---|
| 12 | 40 | 30000 |

കഴിഞ്ഞ അഞ്ച് വർഷമായി ഗോപി തന്റെ തോട്ടം നന്നായി പരിപാലിക്കുന്നു. തോട്ടം മൊത്തം കമ്പിവേലിയിട്ട് സംരക്ഷിക്കുന്നു. ജലസേചനത്തിന് ഡ്രിപ്പ് ഇറിഗേഷനാണ്. ജൈവവളമാണ് തെങ്ങുകൾക്കു നല്കുന്നത്. പ്രധാനമായും കാലിവളം ശരാശരി 50 കിലോഗ്രാം വീതം. മുഖ്യ ഇടവിള കൊക്കോയും കുരുമുളകുമാണ്. ജില്ലയിലെ തന്നെ ഏറ്റവും മികച്ച കൊക്കോ തോട്ടമാണ് ഗോപിനാഥിന്റെത്.

പാലക്കാട് കമ്പനിയുടെ കീഴിൽ ജോലി ചെയ്യുന്ന സുരേഷാണ് ഗോപിയുടെ തോട്ടത്തിലെ ഒരു നീര ടെക്നീഷ്യൻ. നീര ഉത്പാദിപ്പിച്ചതിന് ഈ കഴിഞ്ഞ മാസം പാലക്കാട് കമ്പനിയിൽ നിന്ന് ഏറ്റവും കൂടുതൽ വേതനം കൈപ്പറ്റിയത് ഇദ്ദേഹമാണ്. 30000 രൂപ.

സുരേഷ് മുമ്പ് കള്ളുചെത്ത് തൊഴിലാളിയായിരുന്നു. 12 വർഷത്തോളം ആ തൊഴിലിൽ തുടർന്നു. പെരുമാട്ടി പഞ്ചായത്ത് പ്രസിഡന്റിന്റെ പ്രേരണ മൂലമാണ് നീര ടെക്നീഷ്യനായത്. മുതലമടയിൽ ആയിരുന്നു ആദ്യ പഠനം. പെരുമാട്ടിയിൽ മുൻ എംഎൽഎ കൃഷ്ണൻകുട്ടിയുടെ തോട്ടത്തിലായിരുന്നു പരിശീലനം. ഇപ്പോൾ ഗോപിയുടെ തോട്ടത്തിലാണ് ജോലി. 12 തെങ്ങുകളാണ് സുരേഷ് ടാപ്പു ചെയ്യുന്നത്. ദിവസം 40– 60 ലിറ്റർ നീരയാണ് ഉത്പാദനം.

നീര ടെക്നീഷ്യന്റെ ജോലിയിൽ താൻ വളരെ സംതൃപ്തനാണ് എന്ന് ഗോപി പറഞ്ഞു. വിളയോടിയിൽ തന്നെയാണ് സുരേഷിന്റെയും വീട്. വീട്ടിൽ നിന്ന് അര കിലോമീറ്ററേയുള്ളു ജോലി സ്ഥലത്തേയ്ക്ക്. രാവിലെ ഏഴു മണിക്കു തന്നെ ഗോപി തോട്ടത്തിലെത്തി നീര ശേഖരണവും ടാപ്പിങ്ങും തുടങ്ങും. സഹായിക്കാൻ ഒരാളുണ്ട്. പത്തു മണിയോടെ രാവിലത്തെ ജോലികൾ അവസാനിക്കും. വൈകിട്ട് നാലിന് ടാപ്പിംങ് തുടങ്ങിയാൽ ആറിന് അവസാനിക്കും. കള്ളു ചെത്ത് ആയിരുന്നപ്പോൾ മൂന്നു നേരവും തെങ്ങിൽ കയറണമായിരുന്നു. ഇപ്പോൾ അതില്ല. ജോലി എളുപ്പമാണ്.

വീട്ടിൽ സുരേഷിന് അഛനും അമ്മയും സഹോദരങ്ങളുമുണ്ട്. വിവാഹിതനാണ്. ഭാര്യ വീട്ടമ്മ. ഒരു മകൻ. ഒരേക്കർ സ്ഥലമുണ്ട്. അഛൻ അവിടെ കൃഷിപ്പണികൾ നടത്തുന്നു. ലഭിക്കുന്ന ശമ്പളത്തിൽ നിന്ന് പണം സ്വരുക്കൂട്ടി ഒരു വീട് വയ്ക്കണം. അതാണ് സുരേഷിന്റെ സ്വപ്നം.

പെരുമാട്ടിയിലെ തെങ്ങുകൾ പൊതുവെ ആരോഗ്യമുള്ളവയാണ് എന്നാണ് സുരേഷിന്റെ അഭിപ്രായം. എന്നാലും ഡിxടി ഇനങ്ങളിൽ നിന്നാണ് പെട്ടെന്ന് നീര ലഭിക്കുന്നത്. ഒരു തെങ്ങിൽ നിന്നു ദിവസം 5– 6 ലിറ്റർ വരെ ലഭിക്കും. നല്ല മധുരമുള്ള നീരയാണ് ഈ മേഖലയിലെ തെങ്ങുകളുടെ പ്രത്യേകത എന്നും സുരേഷ് അഭിപ്രായപ്പെട്ടു. പരിശീലന കാലത്ത് ലഭിച്ച അറിവുകളും നിർദ്ദേശങ്ങളും ആണ് ജോലിയിൽ ഏറ്റവും സഹായകം. ഇതിൽ തന്നെ വൃത്തിയുടെ പാഠങ്ങളാണ് പരമ പ്രധാനമെന്ന് സുരേഷ് കരുതുന്നു. ■

തയാറാക്കിയത് : ആബെ ജേക്കബ്



*ഗോപിയുടെ തോട്ടത്തിൽ സുരേഷ് ടാപ്പു ചെയ്യുന്ന തെങ്ങ്*

# നാളികേര ഉത്പാദക കമ്പനികൾക്ക് വായ്പ നൽകാൻ ഫിനാൻഷ്യൽ കോർപ്പറേഷൻ



**കേ**രളത്തിൽ സ്ഥാപിതമായിട്ടുള്ളതും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ നാളികേര ഉത്പാദക കമ്പനികളിൽ നാലു കമ്പനികൾ മാത്രമാണ് സ്ഥാപനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് വായ്പ വാങ്ങിയിരിക്കുന്നത്. ബാക്കി ഏതാനും എണ്ണം അപേക്ഷ നല്കി കാത്തിരിക്കുന്നു. ശേഷിക്കുന്നവ പ്രോജക്ട് തയാറാക്കി വരുന്നതേയുള്ളു, ഈ മാസമോ അടുത്ത മാസമോ അവർ പ്രോജക്ടുകളും വായ്പയ്ക്കുള്ള അപേക്ഷകളും കെഎഫ് സിക്ക് സമർപ്പിക്കും. ചുരുക്കം കമ്പനികൾ പ്രാരംഭ നടപടികൾ പൂർത്തിയാക്കി വരുന്നതേയുള്ളു. അവരുടെ പ്രോജക്ടുകൾ തന്നെ തയാറാക്കുന്നതേയുള്ളു. അതിനു ശേഷം മാത്രമെ എത്ര രൂപ വായ്പ എടുക്കണം എന്ന് തീരുമാനിക്കുകയുള്ളു.

പാലക്കാട് കോക്കനട് പ്രോഡ്യൂസർ കമ്പനി കെഎഫ്സിയുടെ പാലക്കാട് ശാഖയിൽ നിന്ന് 5.6 കോടി രൂപയുടെ വായ്പ പാസാക്കിയിട്ടുണ്ട്. നീര സംസ്കരണ പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതിൽ 20 ലക്ഷം പിൻവലിച്ചിട്ടുണ്ട്.

കരപ്പുറം നാളികേര ഉത്പാദക കമ്പനി നീര സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിനായി കെഎഫ്സിയുടെ ആലപ്പുഴ ശാഖയിൽ നിന്ന് 1.5 കോടിയുടെ വായ്പ പാസാക്കി. നിലവിൽ 50 ലക്ഷം രൂപ പ്ലാന്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വായ്പത്തുകയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. പ്ലാന്റ് ഈ മാസം കമ്മിഷൻ ചെയ്യും.

കൈപ്പുഴ നാളികേര ഉത്പാദക കമ്പനി കെഎഫ്സിയുടെ കൊല്ലം ശാഖയിൽ നിന്ന് 1.5 കോടി വായ്പ എടുത്താണ് നീര സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. ഇവിടെ ഇപ്പോൾ വ്യാവസായികാടിസ്ഥാനത്തിൽ നീരയുടെ ഉത്പാദനവും വിപണനവും നടക്കുന്നു.

കുറ്റ്യാടി നാളികേര ഉത്പാദക കമ്പനി കെഎഫ്സിയുടെ കോഴിക്കോട് ശാഖയിൽ നിന്ന് രണ്ടു കോടി രൂപയുടെ വായ്പ പാസാക്കിയിട്ടുണ്ട്. നീര സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ഇതിലേയ്ക്കായി 50 ലക്ഷം രൂപ വായ്പയിൽനിന്ന് പിൻവലിച്ചു.

തിരുക്കൊച്ചി നാളികേര ഉത്പാദക കമ്പനി കെഎഫ്സിയുടെ പെരുമ്പാവൂർ ശാഖയിൽ നിന്ന് 2.80 കോടി രൂപയുടെ വായ്പയ്ക്ക് അപേക്ഷ നല്കി കാത്തിരിക്കുകയാണ്. കെഎഫ്സി ആവശ്യപ്പെട്ട എല്ലാ രേഖകളും നല്കി. തുക ഈ ആഴ്ച്ചയിൽ പാസാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

കണ്ണൂർ തേജസ്വിനി കമ്പനി വെളിച്ചെണ്ണ, നീര എന്നിവയ്ക്കായി 1.7 കോടിയുടെയും ജൈവ വള പ്ലാന്റിനായി 65 ലക്ഷത്തിന്റെയും വായ്പയ്ക്ക് അപേക്ഷ നല്കിയിട്ടുണ്ട്. ഫെഡറൽ ബാങ്കിന്റെ ചെറുപുഴ ശാഖയിലാണ് അപേക്ഷ നല്കിയിരിക്കുന്നത്.

തിരുവനന്തപുരം കമ്പനി രണ്ടു കോടിയുടെ വായ്പയ്ക്ക് ധനലക്ഷ്മി ബാങ്കിനെയോ അല്ലെങ്കിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയെയോ സമീപിക്കാൻ ഉദ്ദേശിക്കുന്നു.

കാസർഗോഡ് നാളികേര ഉത്പാദക കമ്പനി കെഎഫ്സിയുടെ കാസർഗോഡ് ശാഖാ അധികൃതരുമായി വായ്പയുടെ കാര്യം സംസാരിച്ചിട്ടുണ്ട്. വെളിച്ചെണ്ണ, വെർജിൻ കോക്കനട് ഓയിൽ, നീര എന്നിവയാണ് പദ്ധതികൾ. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് കെഎഫ്സിയിൽ അപേക്ഷ സമർപ്പിക്കുമെന്ന് ചെയർമാൻ അറിയിച്ചു.

കൊടുങ്ങല്ലൂർ കമ്പനി നേരത്തെ മൂന്നു കോടിക്ക് കെഎഫ്സിയിൽ അപേക്ഷ നല്കിയിരുന്നു. പിന്നീട് മറ്റൊരു ധനകാര്യ സ്ഥാപനത്തിൽ നിന്ന് ചെറിയ വായ്പ എടുത്ത് നിലവിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി. ഇനിയിപ്പോൾ ഉടനെ കെഎഫ്സിയെ വായ്പയ്ക്കു സമീപിക്കുന്നില്ല. കൊയിലാണ്ടി കമ്പനിയും വായ്പ സംബന്ധിച്ച് കെഎഫ്സിയുമായി സംസാരിച്ചിരുന്നു. ഇതുവരെ തീരുമാനമായിട്ടില്ല. കോഴിക്കോട് കമ്പനിയും നേരത്തെ കെഎഫിസിയിൽ 4.3 കോടിയുടെ വായ്പയ്ക്ക് അപേക്ഷ നല്കിയിരുന്നു. പിന്നീട് ചില സാങ്കേതിക തടസങ്ങൾ ഉണ്ടായിതിനാൽ എസ്ബിഐയിൽ നിന്ന് ചെറിയ വായ്പ സംഘടിപ്പിച്ചു. വടകര നാളികേര ഉത്പാദക കമ്പനി 2 കോടിയുടെ വായ്പയ്ക്ക് അപേക്ഷ തയാറാക്കിയിട്ടുണ്ട്. രണ്ടാഴ്ച്ചയ്ക്കുള്ളിൽ കെഎഫ്സിയുടെ കോഴിക്കോട് ശാഖയിൽ സമർപ്പിക്കും. പേരാമ്പ്ര, കടത്തനാട്, നിലമ്പൂർ, തിരൂർ കമ്പനികളുടെ പ്രോജക്ട് അന്തിമ രൂപം ആകുന്നതേയുള്ള. അടുത്ത മാസത്തോടെ വായ്പ അപേക്ഷ നല്കാനാണ് ഇവർ ഉദ്ദേശിക്കുന്നത്. ■

# തലയാഴത്ത് ജനകീയാസൂത്രണ പദ്ധതിയിലൂടെ സമഗ്ര നാളികേര വികസനം

**സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി-11**



*തലയാഴം ഗ്രാമപഞ്ചായത്തിൽ വിതരണത്തിനുള്ള തെങ്ങിൻ തൈകളുടെ ശേഖരണം പഞ്ചായത്ത് പ്രസിഡന്റ് എസ്. ദേവരാജൻ ഉദ്ഘാടനം ചെയ്യുന്നു.*

അപ്പർ കുട്ടനാടിന്റെ ഹൃദയ ഭൂമിയായ വൈക്കം ബ്ലോക്കിലെ തലയാഴത്ത് നാളികേരത്തിന്റെ നഷ്ട പ്രതാപം വീണ്ടെടുക്കാൻ ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്യുന്ന സമഗ്ര നാളികേര പുനരുദ്ധാരണ പദ്ധതി കേരളത്തിനു മാതൃകയാകുന്നു. തെങ്ങിൻ തൈകൾ പഞ്ചായത്ത് ചെലവിൽ ഓരോ വീടുകളിലും എത്തിച്ച് നട്ട് പരിപാലിക്കുന്ന കർമ്മ പദ്ധതിയാണ് ഇപ്പോൾ തലയാഴത്ത് നടന്നു വരുന്നത്. പഞ്ചായത്തിന്റെ നാളികേര വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത് നാളികേര വികസന ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വേമ്പനാട് നാളികേര ഉത്പാദക ഫെഡറേഷനാണ്. ഇതിനായി കഴിഞ്ഞ വർഷം കോഴിക്കോട്ട് വടകരയിൽ നിന്ന് സംഭരിച്ച 8000 വിത്തുതേങ്ങകൾ, പഞ്ചായത്തു വക സ്ഥലത്ത് നഴ്സറികളിൽ പാകി മുളപ്പിച്ച് തൈകളാക്കി പരിചരിക്കുകയായിരുന്നു. നടീലും പരിചരണവും മഹാത്മഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടത്തിയത്.

പഞ്ചായത്തിലെ 4000 വീടുകളിൽ തെങ്ങിൻ തൈകൾ നടുന്ന ജോലിയും തൊഴിലുറപ്പു പദ്ധതിയിലെ അംഗങ്ങളാണ് ഏറ്റെടുത്തത്. നാലു ദിവസം കൊണ്ട് മുഴുവൻ വീടുകളിലും തൈകൾ നട്ട് തീർന്നു. തൈ നടീൽ തലയാഴം പഞ്ചായത്തിൽ കേരോത്സവമായി ആഘോഷിച്ചു. തൊഴിലുറപ്പ് പദ്ധതി പലതരത്തിൽ പരിമിതപ്പെടുത്താനുള്ള ശ്രമത്തിനിടയിലാണ് തലയാഴത്ത് എല്ലാവർക്കും തൊഴിൽ എന്ന ലക്ഷ്യത്തോടെ അതിജീവനത്തിന്റെ പുതിയ ബദലുകൾ തീർക്കുന്നത്.

ഒരു വാർഡിൽ 450 തെങ്ങിൻ തൈകൾ വീതം എത്തിച്ചതും അത് കുഴിയെടുത്ത് നട്ടതും തൊഴിലുറപ്പു പദ്ധതിയിലെ അംഗങ്ങളാണ്. അതിനു വേതനമായി ഇവർക്ക് 12,36,600 രൂപ ലഭിച്ചു. അടുത്ത മൂന്നു വർഷത്തേയ്ക്ക് ഈ തെങ്ങുകൾക്ക് വളം ചേർക്കൽ, തടമെടുക്കൽ, ജലസേചനം തുടങ്ങി എല്ലാ പരിചരണങ്ങളും ഇവരായിരിക്കും നല്കുന്നത്. ഇതിലൂടെ 50,00,000 രൂപ തൊഴിലാളികൾക്ക് ലഭിക്കും.

സംസ്ഥാനത്ത് ഇതാദ്യമായാണ് തൊഴിലുറപ്പു പദ്ധതിയിലൂടെ നാളികേര വികസനം നടപ്പാക്കുന്നത്. നാലാം വർഷം കായ്ക്കുന്ന മികച്ച തെങ്ങിൻ തൈകളാണ് പദ്ധതി പ്രകാരം നട്ടു പരിപാലിക്കുന്നത് എന്ന് പഞ്ചായത്ത് പ്രസിഡന്റ് ദേവരാജൻ പറഞ്ഞു. ഒരു തെങ്ങിൽ നിന്ന് പ്രതിവർഷം ശരാശരി 100 നാളികേരമാണ് പ്രതീക്ഷിക്കുന്നത്. വിളവെടുപ്പ് ആരംഭിക്കുന്നതോടെ തലയാഴം പഞ്ചായത്തിൽ നിന്ന് ലക്ഷക്കണക്കിനു നാളികേരം ഉത്പ്പാദിപ്പിക്കാൻ സാധിക്കും. തലയാഴത്തെ നാളികേര കർഷകരുടെ ജീവിത നിലവാരം ഇതിലൂടെ ഉയരും.

പഞ്ചായത്തിലെമ്പാടുമുള്ള കേടായതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽമുറിച്ചു മാറ്റി. തെങ്ങുകൾ വെട്ടി മാറ്റുന്നതിന് ധനസഹായവും, നിലവിലുള്ള തെങ്ങുകൾക്ക് നല്കാൻ കുമ്മായം, രാസവളങ്ങൾ എന്നിവ സൗജന്യമായി ബോർഡ് ലഭ്യമാക്കി. നാളികേര കൃഷിക്കാരെ ഈ മേഖലയിലേയ്ക്ക് തിരികെ കൊണ്ടുവരിക, നാളികേര ഉത്പാദനം വർധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നാളികേര വികസന ബോർഡ് തുടക്കം കുറിച്ച നാളികേര പുനരുദ്ധാരണ പദ്ധതിയോട് വൈക്കം ബ്ലോക്ക് പഞ്ചായത്തുമായി സഹരിച്ചാണ് തലയാഴത്ത് സമഗ്ര നാളികേര വികസന പദ്ധതി നടപ്പാക്കുന്നത്. 2014 -15 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിലാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്.

വൈക്കം കായലിന്റെ തീര മേഖലയായ തലയാഴം പഞ്ചായത്തിൽ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കാനും കാർഷിക സംസ്കൃതിയിലേയ്ക്ക് ജനതയെ തിരികെ കൊണ്ടുവരാനുമാണ് പഞ്ചായത്തിന്റെ ശ്രമം. കൂടാതെ വീട്ടിൽ ഒരു പച്ചക്കറി തോട്ടം പദ്ധതിയിലൂടെ എല്ലാ വീടുകളിലും തെങ്ങിന് ഇടവിളയായി പച്ചക്കറികൾ വളർത്തി വിഷരഹിത ജൈവ പച്ചക്കറി ഗ്രാമമായി തലയാഴത്തെ മാറ്റാനും ശ്രമങ്ങൾ ഇതോടൊപ്പം നടക്കുന്നു. ഇതിനാവശ്യമായ പച്ചക്കറികളുടെ വിത്തും തൈകളും സൗജന്യമായി വീടുകളിൽ എത്തിക്കും. എല്ലാ കുടുംബങ്ങൾക്കും ആവശ്യമായ പച്ചക്കറികൾ ഉത്പാദിപ്പിച്ച് സ്വയം പര്യാപ്തത കൈവരിക്കാനും പഞ്ചായത്ത് ശ്രമിച്ചു വരുന്നു. ■

*തയാറാക്കിയത്: ആബെ ജേക്കബ്*
*വിവരങ്ങൾക്കു കടപ്പാട്:*
*എസ്. ദേവരാജൻ, ഫോൺ– 9656957809*



# നീര ഹൽവ

## നാളികേര വിപണിയിലെ പുതിയ താരം

**ആനി ഈപ്പൻ**
കെമിസ്റ്റ്, സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, സൗത്ത് വാഴക്കുളം, ആലുവ

നാളികേരത്തിൽ നിന്നുള്ള ഏറ്റവും പുതിയ മൂല്യവർധിത ഉത്പന്നമാണ് നീര ശർക്കര ചേർത്ത ഹൽവ. നീരയിൽനിന്നുള്ള ശർക്കര ചേർക്കുന്നതിനാൽ, കുട്ടികൾ മുതൽ പ്രായമായവർക്കു വരെ യഥേഷ്ടം ഉപയോഗിക്കാവുന്ന മധുര പലഹാരമാണ് ഇത്. നാളികേര ബോർഡിന്റെ വാഴക്കുളത്തുള്ള സിഐടിയിലാണ് ഇതിന്റെ നിർമ്മാണ വിദ്യ വികസിപ്പിച്ചെടുത്തത്. ഇന്ന് ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന തിരുക്കൊച്ചി, കൈപ്പുഴ കമ്പനികളും ചങ്ങനാശേരി ഫെഡറേഷനുമാണ് ഇപ്പോൾ നീര ഹൽവ വ്യാവസായികാടിസ്ഥനത്തിൽ നിർമ്മിച്ച് വിപണിയിൽ ഇറക്കിയിട്ടുള്ളത്. *ഓർഡറുകൾക്ക്:*

തിരുകൊച്ചി കമ്പനി: 9447875053
കൈപ്പുഴ കമ്പനി: 9847295360
ചങ്ങനാശേരി ഫെഡറേഷൻ: 9447104862



### ആവശ്യമായ സാധനങ്ങൾ

1. പച്ചരി പൊടിച്ചത് – 1 കി.ഗ്രാം
2. മൈദ – 250 ഗ്രാം
3. നീര ശർക്കര/പാനി – 3 കി.ഗ്രാം
4. തേങ്ങാപ്പാൽ – 4 തേങ്ങയുടെത്
5. നെയ്യ് – 250 ഗ്രാം
5. വെളിച്ചെണ്ണ – 500 ഗ്രാം
6. കശുവണ്ടിപരിപ്പ് – 250 ഗ്രാം
7. ജീരകം പൊടിച്ചത് – 2 ടീസ്പൂൺ
8. ചുക്കു പൊടിച്ചത് – 2 ടീ സ്പൂൺ
9. ഏലക്ക പൊടിച്ചത് – 1 ടീസ്പൂൺ

### പാചക രീതി

1. നാളികേരത്തിന്റെ ഒന്നാം പാലും രണ്ടാം പാലും പ്രത്യേകം പിഴിഞ്ഞെടുക്കുക.
2. നീര ശർക്കര പാനിയാക്കി അരിപ്പൊടി, മൈദ രണ്ടാം പാൽ എന്നിവ ചേർത്ത് കട്ട ഇല്ലാതെ കുഴയ്ക്കുക.
3. അടി കട്ടിയുള്ള ഉരുളിയിൽ ഈ അരിപ്പൊടി ശർക്കര പാനി കൂട്ട് അടുപ്പിൽ വച്ച് ഇളക്കുക
4. ഇടയ്ക്ക് ഒന്നാം പാൽ അല്പം ചേർക്കുക.
5. ഈ മിശ്രിതം കുറുകുമ്പോൾ കുറച്ച് വെളിച്ചെണ്ണ ചേർത്ത് വീണ്ടും ഇളക്കുക
6. അണ്ടിപ്പരിപ്പ് നെയ്യിൽ വറുത്തെടുക്കുക.
7. വറുത്ത അണ്ടിപ്പരിപ്പ്, ചുക്ക്, ജീരകം, ഏലക്കാ പെടികൾ ചേർത്ത് വീണ്ടും ഇളക്കുക.
8. വെളിച്ചെണ്ണയും നെയ്യും അല്പാല്പമായി ചേർത്ത് ഇളക്കുക. കുറെ സമയം കഴിയുമ്പോൾ മിശ്രിതം കട്ടിയായി ഉരുളിയിൽ നിന്ന് വേർപെട്ടു വരും.
9. വീണ്ടും നന്നായി ഇളക്കുക. എണ്ണ പൂർണ്ണമായും അലുവയിൽ നിന്ന് പാത്രത്തിലേയ്ക്ക് കിനിഞ്ഞു കഴിയുമ്പോൾ പരന്ന ഒരു പാത്രത്തിലേയ്ക്ക് ഹൽവ മാറ്റി തണുക്കാൻ അനുവദിക്കുക.
10. കഷണങ്ങളാക്കി മുറിച്ച് ഉപയോഗിക്കുക. ■

# തെങ്ങിന് ഇടവിള വാഴ, വാഴയ്ക്ക് ചീര; രണ്ടേക്കറിൽ ലാഭം അഞ്ചു ലക്ഷം

സി. ഹരിഹരൻ
ഹരിത ഓർഗാനിക് ഫാംസ്, ആലപ്പുഴ



**നാലുമാസത്തെ ചീരകൃഷിയിൽ കുറഞ്ഞത് 6000 കിലോ ചീര വിളവെടുക്കാം. വിറ്റു വരവ് 2,40,000 രൂപ. മൊത്തം 1800 വാഴയ്ക്ക് ചെലവ് 2,16,000 രൂപ. ഒരു വാഴയ്ക്ക് 10.50 രൂപ ഗവൺമെന്റ് സബ്സിഡി ഇനത്തിൽ വരവ് 18900 രൂപ. വാഴയിലയിൽ നിന്നുള്ള വരവ് കുറഞ്ഞത് 20000 രൂപ. 7000 വാഴ വിത്തുകൾ വിൽപ്പന നടത്താം, 40000 രൂപ ഉറപ്പ്. ചെലവ് കണക്കു കൂട്ടുമ്പോൾ ഒരു സ്ഥിരം പണിക്കാരന് ഒരു ലക്ഷം രൂപ. ചീര കൃഷിക്കുള്ള ചെലവ് 30000 രൂപയിൽ താഴെയേ വരികയുള്ളൂ. ശരിക്കും പരിപാലിക്കുന്ന വാഴ കൃഷിയിൽ വാഴക്കുല ബോണസാക്കിയെടുക്കാം.**

കൃഷിയിലേക്കിറങ്ങിയേ പറ്റൂ എന്ന വാശിയുമായി സമീപിച്ച ബിസിനസ്സുകാരൻ പ്രസാദിന്റെ മനസ്സിൽ കൃഷി തലയ്ക്കു പിടിച്ചിട്ട് നാളുകൾ ഏറെ ആയിരുന്നു. എല്ലാ കാർഷിക പ്രസിദ്ധീകരണങ്ങളും വരുത്തി വായിക്കുക പ്രസാദിന്റെ ശീലമായിരുന്നു. യാത്രകളിൽ പച്ചക്കറി വിത്തുകളോ, തൈകളോ കണ്ടാൽ വാങ്ങും. പക്ഷേ മനസ്സിലുള്ളതുപോലെ ഒരു കൃഷിയിടം യാഥാർത്ഥ്യമാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ചെടി വളർന്നു തുടങ്ങുമ്പോൾ തന്നെ പ്രശ്നങ്ങളും തുടങ്ങും. കടയിൽ നിന്ന് പച്ചക്കറി വാങ്ങുന്നതുപോലെ അത്ര എളുപ്പമല്ല സ്വന്തമായി കൃഷി ചെയ്യുക എന്ന തിരിച്ചറിവ് ആണ് ഹരിത ഓർഗാനിക് ഫാമുമായി ബന്ധപ്പെടാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

സ്വന്തമായി കൃഷിയും, മറ്റ് ക്രോപ്പ് മാനേജിംഗും ഏറ്റെടുത്തു നടത്തുന്ന എനിക്കാകട്ടെ സമയപരിമിതി പ്രശ്നമായിരുന്നു. എന്നിരുന്നാലും കൃഷിയിലെ ജയപരാജയങ്ങളെക്കുറിച്ച് വ്യക്തമായി കാഴ്ചപ്പാടുണ്ടായിരുന്ന സുഹൃത്തുമായി യോജിച്ച് പ്രവർത്തിക്കുവാൻ ഞാൻ തയ്യാറായി. ഉൽപന്നത്തിന്റെ ചെലവുകൾ, മാർക്കറ്റിംഗ്, ലാഭം എന്നിവയെക്കുറിച്ച് വിശദമായി ചർച്ച ചെയ്ത് ബഡ്ജറ്റ് തയ്യാറാക്കി.

കൃഷി സ്ഥലം കണ്ടെത്തുന്നതിന് പലയിടങ്ങളിലും പോയി. പക്ഷേ, ഭൂമി വിട്ടു തരുവാൻ ഒരു ഉടമയും തയ്യാറാ

യില്ല. പാണാവള്ളി പഞ്ചായത്തിലെ വ്യവസായിയായ ബാലൻ നായരുടെ രണ്ടേക്കർ സ്ഥലത്തെക്കുറിച്ച് അറിഞ്ഞു. കാടുപിടിച്ചു കിടന്ന സ്ഥലത്ത് കൃഷി ചെയ്തിട്ട് വർഷങ്ങളായി. അദ്ദേഹവുമായി പദ്ധതി ചർച്ച ചെയ്തു. കൃഷിക്കു വേണ്ടി സ്ഥലം വിട്ടു തരുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ എന്നായിരുന്നു മറുപടി.

പാമ്പുകളുടെ കേന്ദ്രമായിരുന്ന രണ്ടേക്കർ സ്ഥലം കൃഷിക്ക് ഉപയുക്തമാക്കുക എന്നത് വെല്ലു വിളിതന്നെയായിരുന്നു. കാടും പടലും നിറഞ്ഞ സ്ഥലം വെട്ടിയൊതുക്കിയെടുക്കുന്നതിന് ഒരാഴ്ചയെടുത്തു. റൊട്ടവേറ്റർ ഘടിപ്പിച്ച ട്രാക്ടർ ഉപയോഗിച്ച് പച്ചിലക്കാടുകൾ അടിച്ചു തകർത്ത് മണ്ണിൽ ചേർത്തു. മണ്ണ് ഉഴുതു മറിച്ചു. ജീവനുള്ള മണ്ണിന്റെ ഗന്ധം നിറഞ്ഞ പുരയിടം ഒരുക്കിയെടുത്തപ്പോൾ മൂന്ന് ലക്ഷം രൂപ തീർന്നു. എന്നിരുന്നാലും ജൈവ സമ്പന്നമായ മണ്ണിൽ പൊന്നു വിളയിക്കാമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ടായിരുന്നു.

പുരയിടത്തിനു യോജിച്ച കൃഷി ഏതെന്നുള്ള ആലോചനക്കൊടുവിൽ തെങ്ങിനിടയിൽ വാഴകൃഷി ചെയ്യാം എന്ന് തീരുമാനിച്ചു. 1200 ഞാലിപ്പൂവനും 600 നേന്ത്രനും തടമൊരുക്കി. പൊള്ളാച്ചിയിലെ സുഹൃത്തിന്റെ വാഴത്തോട്ടത്തിൽ നിന്ന് കന്നുകൾ ഏർപ്പാടാക്കി. ഓരോ മാസവും വരുമാനമുണ്ടാക്കുന്നതിന് വാഴയ്ക്ക് ഇടവിളയായി ചീര എന്നും തീരുമാനിച്ചു. രണ്ടു മീറ്റർ അകലത്തിൽ തടങ്ങൾ ഉണ്ടാക്കി നാടൻ പട്ടു ചീര പാകി. പ്ലാസ്റ്റിക് മൾച്ചിംഗ് നടത്തി. രണ്ടാം ദിവസം കരുത്തോടെ വിത്തുകൾ മുളച്ചു. പ്ലാസ്റ്റിക് ഷീറ്റ് മാറ്റി പരിചരണ മുറകൾ ആരംഭിച്ചു. 30-ാം ദിവസമായപ്പോഴേക്കും ചീര വിളവെടുപ്പിന് തയ്യാറായി. തെങ്ങിന് ഇടവിള വാഴയും, വാഴയ്ക്ക് ഇടവിള ചീരയും അങ്ങനെ വിജയത്തിലേക്ക് മുന്നേറി ഞങ്ങളുടെ ബഹുവിള കൃഷി.

## വിപണി

ചീരയരി മുളച്ചപ്പോൾ മുതൽ വിപണനത്തെക്കുറിച്ചും ആലോചിച്ചു. നാട്ടിൻപുറങ്ങളിൽ നേരിട്ടും ചേർത്തല, കഞ്ഞിക്കുഴി, എറണാകുളം എന്നിവിടങ്ങളിൽ വിപണിയിലുമായിരുന്നു വില്പന. ആദ്യ വിളവെടുപ്പിൽ 100 കിലോ ചീര വിപണിയിൽ എത്തിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ 150 - 160 കിലോ ചീര വീതവും വിളവെടുക്കാനായി. കിലോയ്ക്ക് 45 രൂപ മുതൽ 50 രൂപയ്ക്ക് വരെ വില്പന നടത്തിയ ചീര ആദ്യമാസത്തെ വിളവ്



*ലേഖകനും സുഹൃത്തും കൃഷിയിടത്തിൽ*

900 കിലോയായിരുന്നു. എല്ലാ ദിവസവും 100 കിലോ ചീര വിളവെടുക്കുന്ന രീതിയിലേക്ക് തോട്ടത്തെ മാറ്റി. നാലു മാസം വരെ ചീര കൃഷി നടത്തി. അങ്ങനെ കൃഷി തോട്ടത്തിലെ സ്ഥിരമുള്ള ആളുകളുടെ ശമ്പളവും, വാഴയ്ക്ക് വേണ്ടി വരുന്ന എല്ലാ ചിലവുകളും ഇടവിള കൃഷിയിൽ നിന്ന് ഉറപ്പിക്കാനായി. വാഴക്കുല ബോണസാക്കി. എറണാകുളത്തെ പ്രമുഖ കാറ്ററിംഗ് ടീമുമായി ബന്ധപ്പെട്ട് വാഴയില വിൽക്കുന്നതിനും ധാരണയുണ്ടാക്കി. വാഴ വിളവെടുപ്പ് കഴിഞ്ഞുള്ള വിത്തുകളുടെ വിപണനവും പ്ലാൻ ചെയ്തു.

സാധാരണ പറയാറുണ്ട് ഓണക്കാലത്ത് വാഴക്കുലയ്ക്ക് നല്ല വില കിട്ടുമെന്ന് എന്നാൽ മറ്റ് ഏത് സമയവും നല്ല വില ലഭിക്കും. വിപണി മുൻകൂട്ടി കണ്ടെത്തണം എന്നേയുള്ളു. ചില സമയങ്ങളിൽ ഏറ്റക്കുറച്ചിലുകൾക്ക് വിപണി വിധേയമാണെങ്കിൽ തന്നെയും ഇത്തരത്തിൽ ബഹുവിള രീതിയിലൂടെ കൃഷി നടത്തുമ്പോൾ സാമ്പത്തിക നഷ്ടം മറികടക്കാൻ സാധിക്കും.

എന്നാൽ ചീരകൃഷിയേക്കുറിച്ച് ചിന്തിക്കുമ്പോൾ, ഏത് സമയത്തും ഡിമാന്റുള്ള ഇലക്കറിയാണിത്. ജനുവരി മുതൽ ജൂൺ വരെ കേരളത്തിൽ ചീരകൃഷിയുടെ സീസണാണ്. വില പൊതുവേ കുറയും. എന്നിരുന്നാലും കിലോയ്ക്ക് 25 രൂപയിൽ താഴെ പോകാറില്ല. ജൂലൈ മുതൽ ഡിസംബർ വരെ ചീര കിലോയ്ക്ക് 100 രൂപയ്ക്ക് വരെ വിൽപന നടത്താൻ കഴിയും. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലും പാടങ്ങളിലുമൊന്നും ഈ സമയം ചീര കൃഷി ചെയ്യുവാൻ സാധിക്കില്ല. രോഗ ബാധയും കൂടും. എന്നാൽ കൃത്യമായ പരിചരണത്തിലൂടെ ചീരകൃഷി ലാഭകരമാക്കുവാൻ കഴിയും.

നല്ല നാടൻ ചീരയ്ക്ക് എപ്പോഴും മാർക്കറ്റുണ്ട്. പാലക്ക്, മല്ലിച്ചെപ്പ്, ഇവയും ഇതേ രീതിയിൽ കൃഷി ചെയ്യാം. കൃഷി ലാഭകരമാക്കുന്നതിന് കർഷകൻ പാലിക്കേണ്ടതായ ചില മാനദണ്ഡങ്ങൾ ഉണ്ട്. ഇത് സംരംഭത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതമാണ്.

### കൃഷിയിലെ കൃത്യത

ഉദാഹരണമായി ചീര പാകി കിളിർപ്പിച്ച് രണ്ടാഴ്ച പ്രായമാകുമ്പോൾ തടങ്ങളിലേക്ക് പറിച്ചു നടണം. ഇതിനു താമസിച്ചാൽ വിളവിനെ ബാധിക്കും. കൃത്യമായ വളപ്രയോഗം യഥാസമയം നടപ്പിലാക്കാൻ കഴിയാതെ വരിക, സമയത്ത് ജലസേചനം നടത്താതിരിക്കുക എന്നിവ കൃഷി നഷ്ടത്തിലാക്കും. ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങൾ പിന്നത്തേക്ക് മാറ്റി വയ്ക്കാതിരിക്കുക. രോഗമോ കീടമോ ഏതെന്ന് മനസ്സിലാക്കി പ്രതിരോധ നടപടികൾ ചെയ്യുക. ഉൽപന്നത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുക. വിപണി ഉറപ്പിക്കുക. ഈ കാര്യങ്ങളിൽ വിട്ടു വീഴ്ച പാടില്ല.

നമ്മുടെ നാട്ടിൽ ഇടവിള കൃഷിക്ക് യോജിച്ചതും കൃഷി ചെയ്യാത്തതുമായ തെങ്ങിൻ തോട്ടങ്ങൾ വേണ്ടത്ര ഉണ്ട്. ഇവ വാണിജ്യാടിസ്ഥാനത്തിലുള്ള വാഴ കൃഷിക്ക് പറ്റിയതാണ്. ഇടവിളയ്ക്കും. അഞ്ച് ഏക്കർ സ്ഥലം വരെ ഒരു തൊഴിലാളിയെ വച്ച് കൃഷി ചെയ്യുവാൻ കഴിയും. വിളവെടുപ്പ് സമയങ്ങളിൽ മാത്രമെ കൂടുതൽ തൊഴിലാളികെ ആവശ്യമുള്ളു. ഞങ്ങളുടെ രണ്ടേക്കർ കൃഷി സ്ഥലത്ത് കൃഷി പരിചരണത്തിനായ് ഒരാൾ മാത്രമാണുള്ളത്. ജലസേചനവും, വളപ്രയോഗവും, ഡ്രിപ് ഇറിഗേഷൻ, ഫെർട്ടിഗേഷൻ രീതിയിലാണ്. ഫോളിയാർ സ്പ്രേ, സസ്യ സംരക്ഷണം ഇവ തുടക്കം മുതൽ നടപ്പാക്കി. വാഴത്തോട്ടത്തിൽ ചീര കൃഷി നാല് മാസമേ നടത്തുവാൻ പറ്റുകയുള്ളൂ. അതിനുശേഷം ചീര തടങ്ങൾ വാഴ തടത്തിനോടു ചേർത്തു കൊടുക്കുകയാണ് ചെയ്യുക. ഇത് വാഴയ്ക്കു കരുത്തു നല്കും.

ചീര വിളവെടുക്കാൻ മാത്രം സഹായത്തിന് രണ്ടു പേരെ കൂടി വച്ചു. 100 കിലോ ചീര വിളവെടുക്കാൻ രണ്ട് പേർ രണ്ട് മണിക്കൂർ ജോലി ചെയ്താൽ മതിയാവും. ഈ സമയത്തേക്ക് ഒരാൾക്ക് 200 രൂപയാണ് കൊടുക്കുക. ചീര വിളവെടുത്ത് കഴുകി വൃത്തിയാക്കി വെള്ളം നിറച്ച ബോക്സിൽ അടുക്കി വയ്ക്കുന്നതോടെ ഇവരുടെ ജോലി തീരുന്നു. രാവിലെ 6 മുതൽ 8 വരെയാണ് വിളവെടുപ്പ് സമയം. 10 മണിക്ക് മുൻപ് തന്നെ മാർക്കറ്റിലെത്തിക്കും. വിളവെടുപ്പ് കഴിഞ്ഞ തടങ്ങളിൽ കുമ്മായം ചാണകപ്പൊടി എന്നിവ വിതറി നനച്ചയുടൻ നേരത്തേ തയ്യാറാക്കിയ ചീര പറിച്ചു നടുന്നു. ഓരോ ആഴ്ചയിലും പുതിയതായി തയ്യാർ ചെയ്ത ബെഡ്ഡുകളിൽ ചീര വിത്ത് പാകി നിർത്തുന്നു. എല്ലാ ദിവസവും ചീര മാർക്കറ്റിലെത്തിക്കുന്നതിന് ഇത്തരത്തിൽ മുൻകൂട്ടി പ്ലാൻ ചെയ്യണം.

### കൃഷി രീതി

കൃഷി സ്ഥലത്തെ അളന്നു തിരിച്ച് കുറ്റിയടിച്ച് വാഴയ്ക്ക് തടമെടുത്തു (60 സെ.മീ നീളം 60 സെ.മീ വീതി 60 സെ.മീ ആഴം) ചാണകപ്പൊടി 1 കി.ഗ്രാം എല്ലുപൊടി 200 ഗ്രാം മത്സ്യ വളം 1 കി.ഗ്രാം റോക്ക് ഫോസ്ഫേറ്റ് 100 ഗ്രാം വേപ്പിൻ പിണ്ണാക്ക് 100 ഗ്രാം എന്നിവ അടിവളമായി ചേർത്ത് വാഴ നട്ടു. വാഴകൾ തമ്മിൽ രണ്ടു മീറ്റർ അകലം. വാഴകളുടെ നടുക്ക് ഒരു മീറ്റർ വീതിയിലും 25 സെ.മീ ഉയരത്തിലും തടങ്ങളെടുത്ത് ചാണകപ്പൊടി, കുമ്മായം, മീൻ വളം ഇവ ചേർത്ത് നനച്ച് ചീര വിത്തുകൾ പാകി. തടത്തിൽ തണുപ്പ് ഉണ്ടാകാൻ ശ്രദ്ധിക്കണം. മൂന്നാം ദിവസം വിത്തുകൾ മുളയ്ക്കും, ഏഴു ദിവസം കഴിഞ്ഞ് ഫിഷ് അമിനോ 3 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് സ്പ്രേ ചെയ്യുന്നു.

പച്ച ചാണകം 10 കിലോ, ശർക്കര 2 കിലോ, പയർ പൊടി 2 കിലോ, ഗോമൂത്രം 2 ലിറ്റർ എന്നിവ 200 ലിറ്ററിന്റെ ഡ്രമ്മിൽ ഇട്ട് ഇതിൽ 150 ലിറ്റർ വെള്ളം ഒഴിച്ച് അടച്ചു വയ്ക്കുക. ദിവസവും 5 മിനിറ്റ് ഇളക്കണം. നാല് ദിവസം കഴിഞ്ഞ് ഉപയോഗിച്ചു തുടങ്ങാം. ഒരു ലിറ്റർ വള ലായനിയിൽ 4 ലിറ്റർ വെള്ളം ചേർത്ത് ആഴ്ചയിൽ ഒരിക്കൽ ചുവട്ടിൽ നനച്ചു കൊടുക്കാം. ദിവസവും ചീര തടത്തിൽ ജലാംശം ഉറപ്പു വരുത്തണം. മേൽ പറഞ്ഞ പരിചരണ മുറകൾ കൃത്യമായി നടപ്പിൽ വരുത്തിയാൽ ഒരു മാസം കൊണ്ട് ചീര വിളവെടുക്കാം. കൂടാതെ ആഴ്ചയിൽ രണ്ട് തവണ ഫിഷ് അമിനോ 5 മില്ലി സ്യൂഡോമോണസ് 5 ഗ്രാം, 1 ലിറ്റർ വെള്ളത്തിൽ കലർത്തി രാവിലെയോ വൈകുന്നേരമോ സ്പ്രേ ചെയ്തു കൊടുത്താൽ ചെടി കരുത്തോടെ വളരും. വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം, ബാർ സോപ്പുമായി ചേർത്ത് ആവശ്യത്തിന് വെള്ളവും ചേർത്ത് ആഴ്ചയിൽ ഒരിക്കൽ സ്പ്രേ ചെയ്യുന്നത് പുഴുക്കളെ അകറ്റും. ചീരയെ ബാധിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം ഇലപ്പുളി രോഗമാണ്. ഇന്തുപ്പ്, മഞ്ഞൾപ്പൊടി, ചാരം എന്നിവ ഒരു ലിറ്റർ ജലത്തിന് 4 ഗ്രാം വീതം എടുത്ത് അരിച്ച് സ്പ്രേ ചെയ്ത് കൊടുക്കുന്നത് പ്രതിവിധിയാണ്. എഗ്ഗ് അമിനോ ആഴ്ചയിൽ ഒരിക്കൽ സ്പ്രേ ചെയ്യുന്നതും കീടരോഗങ്ങളെ അകറ്റും. പച്ച ചാണകം ഗോമൂത്രം ഇവ നാലിരട്ടി വെള്ളവുമായി ചേർത്ത് നേർപ്പിച്ച് ചെടിയുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കുന്നത് അതിന്റെ വളർച്ച കൂട്ടും. നാലു മാസത്തെ ചീര വിളവെടുപ്പു കഴിയുമ്പോൾ വാഴ വളരുകയും ചീര കൃഷി നടത്താൻ പറ്റാതെ വരികയും ചെയ്യും. ഈ അവസരത്തിൽ പോഷക സമൃദ്ധമായ ചീര തടങ്ങൾ വാഴയ്ക്ക് അടിവളമായി കൊടുക്കുക. വാഴയ്ക്കുള്ള വളപ്രയോഗം തെങ്ങിനും പ്രയോജനപ്പെടുന്നതിനാൽ ഉൽപാദനം കൂടും. വാഴ കൃഷിയിൽ പ്രതികൂല കാലാവസ്ഥയെ ക്കുറിച്ച് ആശങ്കയുള്ളവർക്ക് വാഴ ഇൻഷുർ ചെയ്യാം. കേരളത്തിൽ കൃഷി നഷ്ടകച്ചവടമാണെന്ന് വിശ്വസിക്കുന്നവർക്ക് ഈ ബഹുവിള കൃഷി രീതികൾ പരീക്ഷിക്കാവുന്നതാണ്.

### ലാഭം വരുന്ന വഴി

ആദ്യ മാസത്തെ വിളവെടുപ്പിൽ 900 ചീര കിലോയും, രണ്ടാം മാസത്തിൽ 1700 കിലോയും വിളവെടുക്കാൻ കഴിഞ്ഞു. മൂന്നും നാലും മാസത്തെ കൃഷിയുടെ കണക്കു കൂട്ടിയിട്ടില്ല. ചീര കിലോയ്ക്ക് 40 രൂപ മുതൽ 50 രൂപ വരെ വിലയ്ക്കാണ് വിൽപന. നാലുമാസത്തെ ചീരകൃഷിയിൽ കുറഞ്ഞത് 6000 കിലോ ചീര വിളവെടുക്കാൻ കഴിയും. നാലുമാസത്തെ വിറ്റു വരവ് 2,40,000 രൂപ. ഒരു വാഴയ്ക്ക് പരമാവധി കണക്കാക്കുന്ന ചെലവ് 120 രൂപയാണ്. മൊത്തം 1800 വാഴയ്ക്ക് ചെലവ് 2,16,000 രൂപ. ഒരു വാഴയ്ക്ക് 10.50 രൂപ ഗവൺമെന്റ് സബ്സിഡിയുണ്ട്. ഈ ഇനത്തിൽ വരവ് 18900 രൂപ . കൂടാതെ വാഴയിലയിൽ നിന്നുള്ള വരവ് കുറഞ്ഞത് 20000 രൂപ. വാഴ വിളവെടുപ്പിനു ശേഷം 7000 വിത്തുകൾ വിൽപ്പന നടത്താം. ആ വകയിൽ 40000 രൂപ ഉറപ്പ്. ചെലവ് കണക്കു കൂട്ടുമ്പോൾ ഒരു സ്ഥിരം പണിക്കാരന് ഒരു ലക്ഷം രൂപ. ചീര കൃഷിക്കുള്ള ചെലവ് 30000 രൂപയിൽ താഴെയേ വരികയുള്ളൂ. ശരിക്കും പരിപാലിക്കുന്ന വാഴ കൃഷിയിൽ വാഴക്കുല ബോണസാക്കിയെടുക്കാം. ശരാശരി 13 കിലോയുള്ള കുലകൾ വിളവെടുക്കാൻ കഴിയും. സീസണിലെ വില കണക്കു കൂട്ടി ലാഭം നിശ്ചയിക്കാം. ■

*സി. ഹരിഹരൻ*
*ഫോൺ: 9048002625*



**ലോകമെമ്പാടും 2015 അന്താരാഷ്ട്ര മണ്ണ് വർഷമായി ആചരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഭാവിയിലെ വിപണി മുന്നിൽ കണ്ട്, കൂടുതൽ കൊപ്രയും വലിയ കരിക്കും, ഉയർന്ന പിഎച്ച് മൂല്യമുള്ള നീരയും ലഭിക്കുന്നതിനു പര്യാപ്തമായ രീതിയിൽ സംസ്ഥാനത്തെ തെങ്ങിൻ തോപ്പുകളിലെ മണ്ണിന്റെ ആരോഗ്യം എങ്ങനെ വീണ്ടെടുക്കാം.**

# കേരസമൃദ്ധി വീണ്ടെടുക്കാൻ മണ്ണിന്റെ ആരോഗ്യപരിപാലനം

ഡോ. സി. തമ്പാൻ ഡോ. പി. സുബ്രഹ്മണ്യൻ
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസർഗോഡ്

കല്പവൃക്ഷമായ തെങ്ങിന്റെ പേരിൽ അറിയപ്പെടുന്ന കേരളത്തിൽ തെങ്ങുകൃഷിയുടെ അവസ്ഥ ഇപ്പോഴും അത്രയൊന്നും മെച്ചപ്പെട്ടിട്ടില്ല. ഇന്ത്യയിലെ മൊത്തം കേരോൽപാദനത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും (65%) 1950 ൽ കേരളത്തിന്റെ സംഭാവനയായിരുന്നു. എന്നാൽ ഒടുവിൽ ലഭ്യമായ (2011 – 12) കണക്കനുസരിച്ച് അത് 21 ശതമാനമായി കുറഞ്ഞിരിക്കുന്നു. കേരളത്തിൽ 7.88 ലക്ഷം ഹെക്ടർ കൃഷിയിടത്തിൽ നിന്ന് 2026 ദശലക്ഷം നാളികേരമാണ് ഉൽപാദിപ്പിക്കപ്പെടുന്നത്. സംസ്ഥാനത്ത് തെങ്ങിന്റെ ഉൽപാദന ക്ഷമത കുറവാണ്, ഒരു ഹെക്ടറിൽ നിന്നും 8108 നാളികേരം മാത്രം. എന്നാൽ ദേശീയ ശരാശരി 1277 ഉം അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ 16000 -ഉം ആണ്. നഷ്ടമാകുന്ന കേരസമൃദ്ധി വീണ്ടെടുക്കുന്നതിന് കേരളത്തിൽ അടിയന്തിര നടപടികൾ വേണമെന്നാണ് ഈ സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്.

അടുത്ത നാളുകളിലായി മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ടെങ്കിലും, താഴ്ന്നു കിടന്ന നാളികേര വിലയും നാൾക്കുനാൾ ഉയർന്നു വന്ന കൃഷി ചെലവുകളും വർഷങ്ങളായി കേര കർഷകരെ ബുദ്ധിമുട്ടിച്ചിരുന്നു. മെച്ചപ്പെട്ട വിളവു ലഭിക്കുന്നതിനു വേണ്ട വിള പരിചരണ മുറകൾ പ്രത്യേകിച്ച് സമീകൃത വളപ്രയോഗം, അനുവർത്തിക്കാൻ കേര കർഷകർക്ക് സാധിക്കാതെ വന്നതാണ്, തെങ്ങിന്റെ ഉൽപാദന ക്ഷമത കുറയാനിടയാക്കിയത്. ജലസേചനത്തിന്റെ അപര്യാപ്തത, കീട രോഗങ്ങൾകൊണ്ടുള്ള വിള നഷ്ടം, തെങ്ങു കയറ്റ തൊഴിലാളികളുടെ ലഭ്യതക്കുറവ്, ഉയർന്ന കൂലി നിരക്ക് എന്നിങ്ങനെ വേറെയും ഒട്ടേറെ പ്രശ്നങ്ങൾ കേര കർഷകരെ ബുദ്ധിമുട്ടിലാക്കിയിരുന്നു.

കേരളത്തിന്റെ തനതു വിളയായി കണക്കാക്കപ്പെടുന്ന തെങ്ങിന്റെ പരിചരണം മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ നമുക്ക് ഇനി കേരസമൃദ്ധി വീണ്ടെടുക്കുവാൻ കഴിയൂ. അതിനായുള്ള നടപടികളിൽ ഏറ്റവും പ്രധാനപ്പെട്ടത് തെങ്ങിൻ തോപ്പിലെ മണ്ണിന്റെ ആരോഗ്യം ശാസ്ത്രീയമായി പരിപാലിക്കുന്നതിന് കേര കർഷകരെ സജ്ജരാക്കുക എന്നതാണ്. 2015 അന്താരാഷ്ട്ര മണ്ണ് വർഷമായി ആചരിക്കുന്ന സാഹചര്യത്തിൽ ഇതിന് ഏറെ പ്രസക്തിയും പ്രാധാന്യവും ഉണ്ട്.

## കേരളത്തിലെ മണ്ണിന്റെ ആരോഗ്യ സ്ഥിതി

സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലെയും വ്യത്യസ്ത കാർഷികാവസ്ഥ മേഖലകളിൽ മണ്ണിന്റെ ഫലപുഷ്ടിയെ ആസ്പദമാക്കിയുള്ള വിപുലമായ പഠനം നടത്തിയിട്ടുണ്ട്. തെങ്ങിൻ തോപ്പുകൾ ഉൾപ്പെടെ കേരളത്തിലെ കൃഷിയിടങ്ങളിൽ മണ്ണിന്റെ ആരോഗ്യ സ്ഥിതി വളരെ ദയനീയമാണെന്നാണ് 2013 ൽ പുറത്തിറക്കിയ ആ പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

## മണ്ണിലെ അധിക അമ്ലത്വം

കേരളത്തിലെ ഭൂരിഭാഗം കൃഷിയിടങ്ങളിലും മണ്ണിന്റെ അമ്ലത്വ തോത് വിളകളുടെ ഉൽപാദനത്തെ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ ഉയർന്നതാണെന്ന് പഠനം വെളിപ്പെടുത്തുന്നു. 91% കൃഷിയിടങ്ങളിലും മണ്ണിൽ അമ്ലത്വം കൂടുതലാണ്. ഇതിൽ 54% കൃഷിയിടങ്ങളിൽ മണ്ണിന്റെ അമ്ലത്വം വളരെ ഉയർന്ന തോതിലുമാണ്. (പി.എച്ച് മൂല്യം 5.5 ലും താഴെ). മണ്ണിലെ ഈ അധികഅമ്ലത്വം പോഷക മൂലകങ്ങളുടെ ലഭ്യതയെ ദോഷകരമായി ബാധിക്കുന്നു. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ടഅളവിൽ, കുമ്മായ വസ്തുക്കൾ മണ്ണിൽ ചേർക്കുന്നതു വഴി മണ്ണിന്റെ അമ്ലത്വപ്രശ്നം പരിഹരിക്കാം.

## സസ്യ പോഷക മൂലകങ്ങളുടെ അഭാവവും അസന്തുലിതാവസ്ഥയും

വിളകളുടെ വളർച്ചയ്ക്കും ഉൽപാദനത്തിനും മണ്ണിൽ അവശ്യം വേണ്ട പോഷക മൂലകങ്ങളുടെ അഭാവവും അസന്തുലിതാവസ്ഥയും മൂലം കാർ

ഷികോൽപാദനം കുറയാനിടയാകുന്ന സാഹചര്യം കേരളത്തിലുണ്ടെന്ന് പഠനം സൂചിപ്പിക്കുന്നു. കേരളത്തിലെ 25% കൃഷിയിടങ്ങളിലും മണ്ണിൽ പാകൃജനകത്തിന്റെ തോത് കുറവാണ്. പ്രാഥമിക പോഷക മൂലകമായ പാകൃജനകത്തിന്റെ അഭാവം കേരോൽപാദനത്തെ ബാധിക്കാതിരിക്കാനായി മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വേണ്ട അളവിൽ പാകൃജനകം ലഭ്യമാക്കുന്നതിനായി ഉചിതമായ രാസവളങ്ങളും ജൈവ വളങ്ങളും ചേർത്ത് മണ്ണിലെ ജൈവാംശം വർദ്ധിപ്പിക്കണം. മറ്റൊരു പ്രാഥമിക സസ്യ പോഷക മൂലകമായ ഭാവഹം കേരളത്തിലെ മൂന്നിൽ രണ്ടു ഭാഗം (62%) കൃഷിയിടങ്ങളിലും ആവശ്യത്തിലും കൂടുതലുണ്ടെന്നാണ് വെളിപ്പെടുത്തൽ. 19% കൃഷിയിടങ്ങളിലെ മണ്ണിൽ മാത്രമേ ഭാവഹത്തിന്റെ കുറവ് അനുഭവപ്പെടുകയുള്ളൂ. ഈ സാഹചര്യത്തിൽ ഭാവഹ വളങ്ങളുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കും. ഭാവഹത്തിന്റെ അളവ് മണ്ണിൽ അധികമായാൽ സിങ്ക്, ബോറോൺ തുടങ്ങിയ സൂക്ഷ്മ മൂലകങ്ങൾ ചെടികൾ വലിച്ചെടുക്കുന്നതു കുറയും. അതുകൊണ്ട് തെങ്ങിൻ തോപ്പിലെ മണ്ണു പരിശോധിച്ച് ആവശ്യമെങ്കിൽ മാത്രം ഭാവഹ വളങ്ങൾ ചേർത്താൽ മതി.

തെങ്ങിന് ഏറ്റവും അധികം വേണ്ട പ്രാഥമിക സസ്യ പോഷക മൂലകമായ ക്ഷാരം 33% കൃഷിയിടങ്ങളിലും കുറവാണ്. ക്ഷാരത്തിന്റെ അഭാവം കീടരോഗ പ്രതിരോധ ശേഷിയും വരൾച്ചാ പ്രതിരോധ ശേഷയും കുറയ്ക്കും. തീരദേശത്തും ഉത്തര കേരളത്തിലെ മലയോര പ്രദേശത്തുമുള്ള കൃഷിയിടങ്ങളിൽ ക്ഷാരത്തിന്റെ അഭാവം കേരോത്പാദനത്തെ ദോഷകരമായി ബാധിക്കുന്നു. മണ്ണു പരിശോധിച്ച് ക്ഷാരം അടങ്ങിയ മൂറിയേറ്റ് ഓഫ് പൊട്ടാഷ് പോലുള്ള വളങ്ങൾ വേണ്ട അളവിൽ നൽകുന്നത് കേരോൽപാദനം മെച്ചപ്പെടുത്തുന്നതിന് അത്യാവശ്യമാണ്.

വിളകളുടെ വളർച്ചയ്ക്കാവശ്യമായ ദ്വീതീയ പോഷക മൂലകങ്ങളായ കാത്സ്യം 40% കൃഷിയിടങ്ങളിലെ മണ്ണിലും, മഗ്നീഷ്യം 74% കൃഷിയിടങ്ങളിലെ മണ്ണിലും സൾഫർ, 30% മണ്ണിലും കുറവാണ്. മണ്ണിലെ അമ്ലത്വം പരിഹരിക്കുന്നതിനായി കുമ്മായം ചേർക്കുന്നത് കാത്സ്യത്തിന്റെ അഭാവം പരിഹരിക്കും. അതുപോലെ മഗ്നീഷ്യം സൾഫേറ്റ് പോലുള്ള വസ്തുക്കൾ ചേർക്കുന്നതു വഴി മഗ്നീഷ്യത്തിന്റെ അഭാവവും പരിഹരിക്കാം, മഗ്നീഷ്യം സൾഫേറ്റ് ചേർക്കുന്നതു വഴിയോ സൾഫർ അടങ്ങിയ മറ്റു വളങ്ങൾ ചേർക്കുന്നതു വഴിയോ സൾഫറിന്റെ കുറവും നികത്താം.

തെങ്ങിന്റെ വളർച്ചയ്ക്ക് അവശ്യം വേണ്ട സൂക്ഷ്മ മൂലകങ്ങളായ ബോറോൺ, സിങ്ക് എന്നിവ കുറഞ്ഞ അളവിൽ മാത്രമേ മണ്ണിലുള്ളൂ. ഇത് കേരോത്പാദനത്തെ ദോഷകരമായി ബാധിക്കുന്നു. 59% കൃഷിയിടങ്ങളിലെ മണ്ണിലും ബോറോൺ കുറവാണ്. 12% കൃഷിയിടങ്ങളിലെ മണ്ണിൽ സിങ്കും കുറഞ്ഞ തോതിലേ ഉള്ളൂ. ഓലക്കാലുകൾ വേർപെടാതിരിക്കുക, ഒരേ കുലയിൽ ഒന്നോ രണ്ടോ സാധാരണ വലിപ്പമുള്ള വയും ബാക്കി വളരെ ചെറിയ തേങ്ങകളും ഉണ്ടാവുക. തേങ്ങയുടെ തൊണ്ടിൽ വിണ്ടു കീറലുകൾ കാണുക തുടങ്ങി ബോറോണിന്റെ അഭാവം സൂചിപ്പിക്കുന്ന ലക്ഷണങ്ങൾ കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ തെങ്ങിൻ തോപ്പുകളിൽ കാണുന്നു. തവണകളായി ബോറാക്സ് എന്ന വസ്തു തടത്തിൽ ചേർത്ത് ബോറോണിന്റെ അഭാവം പരിഹരിക്കാം.

സസ്യ പോഷക മൂലകങ്ങളുടെ അഭാവവും അസന്തുലിതാവസ്ഥയും മനസ്സിലാക്കുന്നതിന് നിർബന്ധമായും മണ്ണു പരിശോധന നടത്തണം.

### എന്തു ചെയ്യണം

ഓരോ തെങ്ങിൻ തോപ്പിലും മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശ പ്രകാരമാവണം മണ്ണിന്റെ ആരോഗ്യസംരക്ഷണമുറകൾ തീരുമാനിക്കേണ്ടത്. അനുയോജ്യമായ സമയത്ത് നിർദ്ദിഷ്ട അളവിലും രീതിയിലുമുള്ള വളപ്രയോഗം സുസ്ഥിര കേരോൽപാദനം ഉറപ്പു വരുത്താൻ അത്യന്താപേക്ഷിതമാണ്. നാളികേരത്തിന് വില വളരെ



*തെങ്ങിൻ തടത്തിൽ പച്ചില വളത്തിനായി പയർ വിതച്ചിരിക്കുന്നു*



*തടം തുറന്ന് വളപ്രയോഗം*

കുറവായിരുന്ന നാളുകളിൽ വളരെ കുറച്ചു കർഷകർ മാത്രമേ തെങ്ങിന് രാസവള പ്രയോഗം അനുവർത്തിച്ചിരുന്നുള്ളൂ. പലരും അടുത്തുള്ള വളം ഡിപ്പോകളിൽ ലഭിക്കുന്ന വളങ്ങൾ വാങ്ങി അവയുടെ ഇനമോ, അളവോ ഒന്നും പരിശോധിക്കാതെ അശാസ്ത്രീയമായി പ്രയോഗിക്കുകയായിരുന്നു ഇതുവരെ. ഇത് കേരോത്പ്പാദനത്തെ ദോഷകരമായി ബാധിച്ചു. തേങ്ങയുടെ വില മെച്ചപ്പെട്ടതോടെ ഇപ്പോൾ കർഷകർ തെങ്ങിനുള്ള വള പ്രയോഗത്തിൽ താത്പര്യം പ്രകടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്.

ഭൂരിഭാഗം കർഷകരും തെങ്ങിന് ജൈവവളം മാത്രമേ നൽകിയിരുന്നുള്ളൂ. ഏതെങ്കിലും സർക്കാർ പദ്ധതിയുടെ ഭാഗമായി രാസവളങ്ങൾ ലഭ്യമാക്കിയാൽ മാത്രം അവ ഉപയോഗിച്ചിരുന്നു. ജൈവ കൃഷി രീതികളിൽ താത്പര്യമുള്ള കർഷകരിൽ സ്വന്തം കൃഷിയിടത്തിൽ ജൈവ വളം തയ്യാറാക്കി ഉപയോഗിക്കുന്നവർ വളരെ ചെറിയ ശതമാനമേയുള്ളൂ. ഗുണമേന്മയുള്ള ജൈവവളം ആവശ്യത്തിന് കിട്ടാനില്ലാത്ത സാഹചര്യത്തിൽ തെങ്ങിൻ തോട്ടത്തിൽ ലഭ്യമായ ഓലകളും മറ്റു ജൈവാവശിഷ്ടങ്ങളും ഉപയോഗിച്ച് മണ്ണിരക്കമ്പോസ്റ്റുണ്ടാക്കുന്നതിനും പയറു വർഗ്ഗ, പച്ചില ചെടികൾ തെങ്ങിൻ തടത്തിൽ വളർത്തി പച്ചില വള ലഭ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള സാധ്യതകൾ കേരകർഷകർ ഫലപ്രദമായി പ്രയോജനപ്പെടുത്തണം.

തെങ്ങോലകൾ, തൊണ്ട്, ചകിരിച്ചോറ് എന്നിവ മണ്ണിൽ പുതയിടുന്നതിനായു പയോഗിച്ചാൽ തെങ്ങിൻ തോട്ടത്തിലെ ഈർപ്പം സംരക്ഷിച്ചു നിർത്തുന്നതിനും വേരുകളുടെ വളർച്ച മെച്ചപ്പെടുത്തുന്നതിനും, ഉപകാരികളായ സൂക്ഷ്മാണുക്കളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും സഹായിക്കുന്നു.

ചരിവുള്ള മലയോര പ്രദേശങ്ങളിലെ തെങ്ങിൻ തോപ്പുകളിലെ പ്രധാന പ്രശ്നം മണ്ണൊലിപ്പു മൂലമുള്ള പോഷക ശോഷണമാണ്. അത്തരം തെങ്ങിൻ തോട്ടങ്ങളിൽ മണ്ണു – ജല സംരക്ഷണത്തിന് നീർത്തടാടിസ്ഥാനത്തിലുള്ള ശാസ്ത്രീയ രീതികൾ അനുവർത്തിക്കണം.

തെങ്ങ് ഏകവിളയായി കൃഷി ചെയ്യുന്നതിനു പകരം തെങ്ങിനെ അടിസ്ഥാനമാക്കിയുള്ള ബഹുവിള, സമ്മിശ്ര കൃഷി മാതൃകകൾ അനുവർത്തിക്കുന്നത് മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുന്നതിനും ഉപകാരികളായ സൂക്ഷ്മാണുക്കളുടെ വൈവിദ്ധ്യവും പ്രവർത്തനവും ശക്തിപ്പെടുത്തുന്നതിനും സഹായകമാണ്. തെങ്ങിന്റെ വളർച്ച മെച്ചപ്പെടുത്താനുതകുന്ന ഉപകാരികളായ സൂക്ഷ്മാണുക്കളുൾക്കൊള്ളുന്ന ജീവാണു വളങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കണം.

ചുരുക്കത്തിൽ തെങ്ങിൻ തോപ്പിലെ മണ്ണിന്റെ ഉയർന്ന അമ്ലത്വം, സസ്യ പോഷക മൂലകങ്ങളുടെ അഭാവം, ജൈവാംശത്തിന്റെ കുറവ് എന്നിവ പരിഹരിക്കാനുതകുന്ന ശാസ്ത്രീയമായ വള പ്രയോഗ രീതി നടപ്പിലാക്കണം. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ ഓരോ തോട്ടത്തിന്റേയും സവിശേഷതകൾ കണക്കിലെടുത്ത്, ജൈവവളങ്ങളും, ജീവാണുവളങ്ങളും രാസവളങ്ങളും ഉൾപ്പെടുന്ന സംയോജിത രീതി വേണം അനുവർത്തിക്കുവാൻ.

## കേര കർഷക കൂട്ടായ്മകളുടെ പങ്ക്

സംസ്ഥാനത്തെ കേര കർഷകരിൽ ഭൂരിഭാഗവും ചെറുകിട – നാമമാത്ര വിഭാഗത്തിൽപ്പെടുന്നവരാണ്. വിഭവ പരിമിതികൾ കൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്ന ഇവർക്ക് തെങ്ങിന്റെ വിള പരിപാലനമുറകൾ കൃത്യമായി അനുവർത്തിക്കുന്നതിന് ഏറെ പരിമിതികളുണ്ടാവാം. അതുകൊണ്ട് തന്നെ ഗ്രാമതലങ്ങളിൽ പ്രവർത്തിക്കുന്ന നാളികേര ഉൽപാദക സംഘങ്ങൾ തെങ്ങിന്റെ ശാസ്ത്രീയ വിള പരിചരണ മുറകൾ, പ്രത്യേകിച്ച് മണ്ണറിഞ്ഞുള്ള വള പ്രയോഗ രീതിയും, മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനുതകുന്ന മറ്റ് മാർഗ്ഗങ്ങളും അനുവർത്തിക്കുന്നതിന് നേതൃത്വം നൽകണം.

നാളികേര വികസന ബോർഡ്, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികൾ കേര കർഷകർ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും ഈ കേര കർഷക കൂട്ടായ്മകൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും.

അംഗങ്ങളായ കർഷകരുടെ തെങ്ങിൻ തോട്ടത്തിലെ മണ്ണു പരിശോധിച്ച് മണ്ണിന്റെ ആരോഗ്യ കാർഡ് ലഭ്യമാക്കുന്നതിനുള്ള പ്രചാരണ പദ്ധതി കൃഷി വകുപ്പിന്റേയും മറ്റും സഹായത്തോടെ സംഘടിപ്പിക്കുക, അതിന്റെ അടിസ്ഥാനത്തിൽ അംഗങ്ങൾക്ക് വേണ്ട വളങ്ങൾ ഒരുമിച്ച് വാങ്ങി കൃഷിയിടങ്ങളിൽ എത്തിക്കുക, ജൈവവളം തയ്യാറാക്കി ഉപയോഗിക്കുന്നതിനും കേരാധിഷ്ഠിത ബഹുവിള സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ വികേന്ദ്രീകൃതാസൂത്രണ പരിപാടിയുടെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിന് പരിശ്രമിക്കുക, മണ്ണിന്റെ ആരോഗ്യ പരിപാനത്തിനു ബോധവൽക്കരണം സംഘടിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ കേര കർഷക കൂട്ടായ്മകൾക്ക് ഏറ്റെടുത്തു നടത്താൻ സാധിക്കും.

കാലവർഷം എത്തി. തെങ്ങുകൾ ആദ്യ തവണത്തെ വളം ചേർക്കുന്നതിനുള്ള സമയമാണിപ്പോൾ. അതുകൊണ്ടു തന്നെ ഈ പ്രവർത്തനങ്ങളെല്ലാം എത്രയും പെട്ടെന്ന് ഊർജ്ജിതമായി സംഘടിപ്പിക്കുന്നതിന് സംഘങ്ങൾ മുന്നിട്ടിറങ്ങണം. 2015 അന്താരാഷ്ട്ര മണ്ണു വർഷമായി ആചരിക്കുന്ന സാഹചര്യത്തിൽ മണ്ണിന്റെ ആരോഗ്യ പരിപാലത്തിലൂടെ സുസ്ഥിര കേരോൽപാദനം കൈവരിക്കുന്നതിനുള്ള ഇത്തരം പ്രവർത്തനങ്ങൾ ഏറെ പ്രാധാന്യമർഹിക്കുന്നു. നഷ്ടമാകുന്ന കേരളത്തിന്റെ കേര സമൃദ്ധി വീണ്ടെടുക്കുന്നതിനും അവ കൂടിയേ തീരൂ. ■

*ഡോ.സി.തമ്പാൻ, ഫോൺ: 9446169695*

# വയനാട്ടിൽ ചങ്ങാതിക്കൂട്ടത്തിന് 20000 രൂപ മാസ ശമ്പളം

**സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി-11**




*വയനാട് ജില്ലയിൽ നിയമിതനായ എഫ് ഒ സി ടി ഷൈജു കൂർപ്പഞ്ചേരിക്ക് പുൽപ്പള്ളി സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വയനാട് മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെഎൽ പൗലോസ് ക്ലൈമ്പർ സമ്മാനിക്കുന്നു.*

വയനാട് ജില്ലയിലെ നാളികേര ഉത്പാദക ഫെഡറേഷനുകൾ ചങ്ങാതി കൂട്ടത്തിന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിൽ ഒരു ചുവട് മുന്നിൽ. സംസ്ഥാനത്ത് ആദ്യമായി തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തെ മാസ ശമ്പള അടിസ്ഥാനത്തിൽ ഫെഡറേഷനുകൾക്കു കീഴിൽ സ്ഥിരമായി നിയമിച്ചിരിക്കുകയാണ് ജില്ലയിലെ കർഷക കൂട്ടായ്മകൾ. കർഷകരിൽ നിന്നുള്ള നിരന്തരമായ ആവശ്യം പരിഗണിച്ചാണ് ഈ പുതിയ പരീക്ഷണം എന്ന് വയനാട് നാളികേര ഉത്പാദക ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. ജോസ് പള്ളം അറിയിച്ചു. വിജയിച്ചാൽ ഒരു പക്ഷെ സംസ്ഥാനത്തെ മുഴുവൻ നാളികേര കർഷക കൂട്ടായ്മകൾക്കും മാതൃകയായി ഭവിച്ചേക്കാവുന്ന കാൽവയ്പാണ് ഇതെന്നു വിലയിരുത്തപ്പെടുന്നു.

എഫ് ഒ സി റ്റി യുടെ ആദ്യ നിയമനം പുൽപ്പള്ളിയിൽ നടന്ന യോഗത്തിൽ ഷൈജു കൂർപ്പഞ്ചേരിക്ക് ക്ലൈമ്പർ നല്കിക്കൊണ്ട് മുൻ വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.എൽ പൗലോസ് നിർവഹിച്ചു. ചടങ്ങിൽ പനമരം ഈസ്റ്റ് ഫെഡറേഷൻ പ്രസിഡന്റ് സെബാസ്റ്റ്യൻ വെള്ളാക്കുഴി അധ്യക്ഷനായിരുന്നു. പനമരം ഫെഡറേഷൻ പ്രസിഡന്റ് ബാബു നമ്പുടാകം, മുള്ളൻകൊല്ലി ഫെഡറേഷൻ പ്രസിഡന്റ് തോമസ് പഴുക്കാമല, കബനി ഫെഡറേഷൻ പ്രസിഡന്റ് വികെ ജോസ് എന്നിവർ ആശംസകൾ നേർന്നു. മാനന്തവാടി ഫെഡറേഷൻ പ്രസിഡന്റ് വർക്കി മാവറ, വയനാട് ഫെഡറേഷൻ പ്രസിഡന്റ് ജോസ് പള്ളം എന്നിവർ ക്ലാസുകൾ നയിച്ചു. പുൽപ്പള്ളി ഫെഡറേഷൻ പ്രസിഡന്റ് സണ്ണി വാഴേപ്പറമ്പിൽ സ്വാഗതവും കേരശ്രീ ഫെഡറേഷൻ പ്രസിഡന്റ് സിപി പൗലോസ് നന്ദിയും പറഞ്ഞു.

പദ്ധതിയനുസരിച്ച് മാസം 20000 രൂപയാണ് ഒരു തെങ്ങിന്റെ ചങ്ങാതിക്ക് ശമ്പളമായി നിശ്ചയിച്ചിരിക്കുന്നത്. ഒരു മാസത്തിൽ ഒരു തെങ്ങിന്റെ ചങ്ങാതി ആയിരം തെങ്ങുകളിലെങ്കിലും വിളവെടുപ്പ് നടത്തിയിരിക്കണം. അതിന് ഒരു രജിസ്റ്റർ അയാൾക്ക് നല്കിയിട്ടുണ്ട്. ഏതു കൃഷിക്കാരന്റെ തോട്ടിൽ എത്ര തെങ്ങിൽ വിളവെടുപ്പു നടത്തി എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തി കൃഷിക്കാരന്റെ ഒപ്പ് വാങ്ങണം. വിളവെടുപ്പ് കഴിഞ്ഞാലുടൻ കൃഷിക്കാരൻ തെങ്ങ് ഒന്നിന് 25 രൂപ വച്ച് ഫെഡറേഷൻ ഓഫീസിൽ അടയ്ക്കണം. രണ്ടു മാസത്തിൽ ഒരു വിളവെടുപ്പു വീതം നടത്തിയിരിക്കും.

ശമ്പളം കൃത്യമായി എല്ലാ മാസ അവസാനത്തിലും എഫ്ഒസിറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യും. ഏതെങ്കിലും എഫ് ഓ സി റ്റി മാസം ആയിരം തെങ്ങിൽ കൂടുതൽ കയറിയിട്ടുണ്ടെങ്കിൽ വർഷാവസാനം കണക്കുകൂട്ടി തെങ്ങൊന്നിന് 20 രൂപ നിരക്കിൽ ബാക്കി തുകയും നല്കും. ഇതാണ് വ്യവസ്ഥ. എഫ് ഒ സി ടികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസും ഏർപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞത് പത്തു വർഷമോ അല്ലെങ്കിൽ 50 വയസ് തികയുന്നതു വരെയോ ഫെഡറേഷന്റെ കീഴിൽ ഇവർ ജോലി ചെയ്യണം എന്നതാണ് കരാർ.

ഇതിനോടകം 47 അപേക്ഷകൾ എത്തിക്കഴിഞ്ഞു. വയനാട് ജില്ലയിലെ എട്ട് നാളികേര ഉത്പാദക ഫെഡറേഷന്റെയും പ്രസിഡന്റുമാരുടെ ഒരു സമിതിക്കാണ് പദ്ധതിയുടെ ചുമതല. റിട്ടയേഡ് കൃഷി ഓഫീസർ എൽദോസിനാണ് തെങ്ങിന്റെ ചങ്ങാതികളുടെ ദൈനംദിന ജോലിയുടെ ഉത്തരവാദിത്വം. തെങ്ങ് ഒന്നിനു കർഷകരിൽ നിന്നും ശേഖരിക്കുന്ന 25 രൂപയിൽ 20 രൂപയാണ് എഫ് ഒ സിറ്റിയുടെ വിഹിതം. ബാക്കി അഞ്ചു രൂപയിൽ മൂന്നിൽ ഒന്ന് എഫ് ഒ സിറ്റി യുടെയും ഫെഡറേഷന്റെയും പേരിൽ ബാങ്കിൽ ഒരു അക്കൗണ്ട് തുടങ്ങി അതിൽ ഓരോ മാസവും നിക്ഷേപിക്കുന്നു. എഫ് ഒ സിറ്റിയുടെ സേവന കാലാവധി അവസാനിക്കുമ്പോൾ അയാൾക്ക് ഒരു തുകയായി ഇതു നല്കും. അഞ്ചു രൂപയുടെ ബാക്കി, ഈ സംവിധാനത്തിന്റെ നടത്തിപ്പിനും മറ്റുമായി ഫെഡറേഷൻ സൂക്ഷിക്കുന്നു. ഇതാണ് സാമ്പത്തിക ക്രമീകരണം. മാസം 12000 രൂപ ശമ്പള വ്യവസ്ഥയിൽ നാളികേരം പൊതിക്കാനും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഒമ്പതു പേർ അപേക്ഷയുമായി എത്തി. ഇതിൽ വനിതകളും ഉണ്ട്. ■

*വിവരങ്ങൾക്ക് കടപ്പാട്:*
*ജോസ് പള്ളം, ഫോൺ: 9497833820*

# തെങ്ങിൻ തടം തുറക്കാൻ യന്ത്രം തയ്യാർ

ഡോ. എ. ലത. ഡോ. യു. ജയ്കുമാരൻ,
കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി, തൃശൂർ



**നാളികേര മേഖലയിലെ വിപണി കേന്ദ്രീകൃത പരിപാലന മുറകളിൽ ഏറ്റവും പ്രധാനപ്പെട്ട പരിചരണമുറ തടം തുറന്നുള്ള വളപ്രയോഗമാണ്. ഇപ്പോൾ അതിനുള്ള സമയമാണ്. എന്നാൽ, ഇതിനു പ്രതിബന്ധമായി നില്ക്കുന്നത് തൊഴിലാളികളുടെ ക്ഷാമവും വർധിച്ച കൂലി ചെലവുകളുമാണ്. ഈ പ്രശ്നത്തിനു പരിഹാരമായി കുറഞ്ഞ ചെലവിൽ കൂടുതൽ തെങ്ങുകളുടെ തടം തുറക്കുന്നതിനുള്ള യന്ത്രസംവിധാനം കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കാർഷിക ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ വികസിപ്പിച്ചിരിക്കുന്നു.**

കേരളത്തിലെ തെങ്ങുകൃഷി അടിയന്തിരമായ ഇടപെടലുകളിലൂടെ പുനരുജ്ജീവിപ്പിച്ച് നിലനിർത്തികൊണ്ടു പോകേണ്ടതിന്റെ ഒഴിച്ചുകൂടാൻ പറ്റാത്ത അവസ്ഥയാണ് ഇന്ന് അനുഭവപ്പെടുന്നത്. സ്ഥിതിവിവരകണക്കുകൾ പ്രകാരം 2014 – 2015 കാലഘട്ടത്തിൽ 4886 ദശലക്ഷം തേങ്ങയാണ് കേരളത്തിലെ ഉത്പാദനം. ഇത് 2013 –2014 കാലഘട്ടത്തിലെ 5921 ദശലക്ഷം തേങ്ങയിൽ നിന്ന് കുറഞ്ഞു വന്നിരിക്കുകയാണ്. ഗതകാലത്തെ ഉത്പാദനവും, ഉത്പാദന ക്ഷമതയും സൂചിപ്പിക്കുന്നത് ഒന്നര, രണ്ട് വർഷം മുമ്പ് നൽകിയിരുന്ന പരിചരണം കുറഞ്ഞു പോയതു കൊണ്ടും, തെങ്ങിന് വേണ്ടത്ര പരിപാലനം നൽകാത്തതു കൊണ്ടും തേങ്ങ ഉത്പാദനം കുറയുന്നു എന്നാണ്. ''കടയ്ക്കൽവളം ചെയ്താലേ തലയ്ക്കൽ കായ്ക്കൂ" എന്ന പഴമൊഴി ഇവിടെ അന്വർ

ത്ഥമാണ്. തെങ്ങു പോലെയുള്ള വിളകൾക്ക് ഇതിനോടൊപ്പം രണ്ടു വർഷം മുമ്പെ എന്നുകൂടി കൂട്ടിച്ചേർക്കണം.

കാർഷികമേഖലയിൽ തെങ്ങു കൃഷിയെ പുനർജീവിപ്പിക്കണമെങ്കിൽ പണവും വിഭവങ്ങൾക്കപ്പുറം മാനുഷിക വിഭവശേഷിയും, കാർഷിക ആത്മീയതയും കൂടി ഉറപ്പാക്കേണ്ടതുണ്ട്. തെങ്ങിൻ തോട്ടങ്ങൾക്ക് അനുയോജ്യമായ കാർഷിക യന്ത്രങ്ങളും, അതുപയോഗിച്ച് പരിപാലന സേവനങ്ങൾ ചെയ്തു കൊടുക്കുന്ന, വിദഗ്ധ പരിശീലനം ലഭിച്ച കർമ്മസേനാംഗങ്ങളും കേന്ദ്രങ്ങളിൽ തയ്യാറാവേണ്ടതുണ്ട്.

ഇത്തരത്തിലുള്ള ഒരു കർമ്മ സേനയ്ക്ക് രൂപം കൊടുക്കുന്നതിന്റെ പ്രാഥമിക പ്രവർത്തങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ് കേരളകാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഭക്ഷ്യ സുരക്ഷാസേന. തെങ്ങു കയറുന്നതിനനുയോജ്യമായ കേരസുരക്ഷാതെങ്ങുകയറ്റ യന്ത്രവും, തെങ്ങിന് വള പരിപാലനം നടത്തുന്നതിന് വേണ്ടി തടംതുറക്കുന്നതിനുതകുന്ന ടില്ലർ സംവിധാനവും ഈ ഗവേഷണ കേന്ദ്രം വികസിപ്പിച്ചുകഴിഞ്ഞു. ഇതിന്റെ ബൃഹത്തായ പരിശോധനയാണ് ഈ കേന്ദ്രത്തിൽഇപ്പോൾ നടക്കുന്നത്.

### തെങ്ങിന്റെ തടംതുറക്കാൻ യന്ത്രസംവിധാനം

തേങ്ങയുടെ വില ഉയർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ തെങ്ങിനെ പരിചരിക്കാനുള്ള കർഷകരുടെ താൽപര്യം വീണ്ടും വർദ്ധിച്ചു വരികയാണ്. കാലവർഷം എത്തുന്നതോടെ തടംതുറക്കൽ തുടങ്ങും. 12 അടി ചുറ്റുവട്ടത്തിൽ ഒരടിയോളം താഴ്ച്ചയിൽ തടം തയ്യാറാക്കണം. അതിൽ ഏകദേശം 25 കിലോ ജൈവവളവും ജൈവാവശിഷ്ടങ്ങളും നിക്ഷേപിക്കുന്നു. ഈ തടങ്ങൾ മഴക്കുഴികൾ പോലെ, കാലവർഷത്തിൽ ലഭ്യമാകുന്ന പെയ്ത്ത്വെള്ളം തെങ്ങിന്റെവേരു പടലമുള്ള അടിത്തട്ടിലേയ്ക്ക് ഊർന്നിറങ്ങുന്നതിന് സഹായിക്കുന്നു. കാലവർഷം പിൻവാങ്ങുന്ന അവസരത്തിൽ രാസവളങ്ങൾ രണ്ടു ഘട്ടമായി ചേർത്ത് തുലാവർഷം പോകുന്നതോടെ തടം മൂടി വേനൽകാലത്തെ നേരിടാൻ ഒരുങ്ങുന്നു.

സാധാരണ ഒരു നല്ല കാർഷിക തൊഴിലാളിക്ക് മണ്ണിന്റെ ഘടനയനുസരിച്ച് ഒരു ദിവസം 12 മുതൽ 15 തടംവരെ തുറക്കാൻ കഴിയും. 1.8 മീ അർദ്ധവ്യാസത്തിൽ ചുറ്റും 20 മുതൽ 30 സെമീ ആഴത്തിൽ തടം കോരുന്നതിനായി ഇന്നത്തെ കൂലിച്ചെലവനുസരിച്ച് തെങ്ങൊന്നിന് 50 മുതൽ 60 രൂപ നല്കണം. എന്നാൽ തടം തുറക്കാൻ വിദഗ്ദ്ധരായ തൊഴിലാളികളെ ലഭ്യമല്ലാത്തതിനാലും, കൂലി കൂടുതലായതിനാലും ഒപ്പം തേങ്ങ വിലകുറഞ്ഞതിനാലും തടംതുറന്നു വളമിടുന്ന ഈ കേരകർഷക അനുഷ്ഠാനം കുറെ വർഷങ്ങളായി ഏതാണ്ട് ഉപേക്ഷിച്ച പോലെയായി. അത് സംസ്ഥാനത്തെ നാളികേര ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചു. ഇത് മനസ്സിലാക്കിക്കൊണ്ടാണ് കാർഷികഗവേഷണ കേന്ദ്രം, മണ്ണുത്തിയിലെ ഭക്ഷ്യ സുരക്ഷാസേനാ ഗവേഷണ വികസന വിഭാഗം തെങ്ങിന്റെ തടം തുറക്കുന്നതിനു ടില്ലറിൽ ഒരു സംവിധാനം തയ്യാറാക്കിയത്.



**ഒരുമണിക്കൂറിൽ ഏകദേശം 8 തടങ്ങൾ ഒരുക്കാം. 13 കുതിരശക്തിയുള്ള ടില്ലർ ഒരു മണിക്കൂർ പ്രവർത്തിക്കുന്നതിന് വേണ്ട ഒന്നര ലിറ്റർ ഡീസൽ, മറ്റ് ഓയിൽ ചെലവുകൾ, ഓപറേറ്ററുടെ കൂലി എല്ലാം കൂടി ചെലവ് 300 രൂപയായി കണക്കാക്കാം.**

പതിമൂന്ന് കുതിരശക്തിയുള്ള സാധാരണ ടില്ലറിൽ രണ്ടു ചക്രങ്ങൾ തമ്മിലുള്ള അകലം കുറയ്ക്കുന്ന രീതിയിൽ ഘടിപ്പിക്കുന്ന റോട്ടോവേറ്ററിലെ എല്ലാ 'കൊഴുകളും' മണ്ണു പുറത്തേയ്ക്കു തള്ളുന്ന രീതിയിൽ ക്രമീകരിക്കുന്നു. തെങ്ങിനു ചുറ്റും വൃത്താകൃതിയിൽ ചലിപ്പിക്കുന്നതിന് ഒരു ചട്ടക്കൂടുണ്ട്. അതു ടില്ലറിൽ ഘടിപ്പിച്ച് തെങ്ങിനോടു ചേർത്ത് ബന്ധിപ്പിക്കുമ്പോൾ തടം തുറക്കുന്ന ടില്ലർ തയ്യാർ. തെങ്ങിനു ചുറ്റും ഈ ടില്ലർ പിറകോട്ട് പ്രവർത്തിക്കുമ്പോൾ രണ്ടടി അകലത്തിൽ മണ്ണിളക്കി പുറത്തേക്കു മാറ്റുന്നു. തെങ്ങിന്റെ കട ഭാഗത്ത് നിന്ന് ഒന്നര അടി മാറ്റിയാണ് ആദ്യം ടില്ലറിന്റെ ചാൽ ഉറപ്പിക്കുക. തെങ്ങും യന്ത്രവും തമ്മിൽ ബന്ധിക്കുന്ന ലിവറിന്റെ നീളം അഡ്ജസ്റ്റ് ചെയ്യാം. രണ്ടോ മൂന്നോ വട്ടം ടില്ലർ കറങ്ങി വരുമ്പോൾ ഒരടി താഴ്ച്ചയിൽ രണ്ടടി വ്യാസമുള്ള തടം തയ്യാർ. ലിവറിന്റെ നീളം രണ്ടടി കൂടി കൂട്ടി ചുറ്റിലും ഇപ്രകാരം ടില്ലർ പ്രവർത്തിപ്പിച്ചാൽ നാല് അടി വീതിയുള്ള ഒരുതടം തയ്യാറാക്കാം. ഇപ്രകാരം ഒരു തടം തയ്യാറാക്കുന്നതിന് വേണ്ടുന്ന ഏകദേശസമയം 7 മിനിറ്റാണ്. ഒരുമണിക്കൂറിൽ ഏകദേശം 8 തടങ്ങൾ ഒരുക്കാം. 13 കുതിരശക്തിയുള്ള ടില്ലർ ഒരു മണിക്കൂർ പ്രവർത്തിക്കുന്നതിന് വേണ്ട ഒന്നര ലിറ്റർ ഡീസൽ, മറ്റ് ഓയിൽ ചെലവുകൾ, ഓപറേറ്ററുടെ കൂലി എല്ലാം കൂടി ചെലവ് 300 രൂപയായി കണക്കാക്കാം. ഇതടിസ്ഥാനപ്പെടുത്തിയാൽ ടില്ലറിന്റെ വില ഉൾപ്പെടെ തടമെടുക്കുന്നതിന് ഏകദേശം ചെലവ് 38 രൂപ വരും. ഒരു ടില്ലർ ഉപയോഗിച്ച് ഒരു ദിവസം ഏകദേശം 40 മുതൽ 50 തടങ്ങൾ എടുക്കാം. ഇത്തരത്തിൽ ഒരുക്കിയ ടില്ലർസംവിധാനം ഉപയോഗിച്ച് കാർഷികഗവേഷണ കേന്ദ്രത്തിലെ 2000 തെങ്ങുകൾക്ക് തടംതുറന്ന് ഒരു ബൃഹത്തായ പരിശോധനാ പ്രദർശനം ഈയിടെ നടത്തുകയുണ്ടായി.

തെങ്ങിൻ തടം തുറക്കുന്നതിനുള്ള ടില്ലറുകൾക്ക് ആവശ്യമായ ചട്ടക്കൂട് മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം നിർമ്മിച്ചു കൊടുക്കുന്നുണ്ട്. ഇതിന്റെ വില 5800 രൂപയാണ്. ഇതിന് പ്രൊഫസർ ആൻഡ് ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി എന്ന പേരിൽ എസ്ബിടിയുടെ ഒല്ലൂക്കര ശാഖയിൽ മാറാവുന്ന ഡിഡി എടുത്ത് പ്രാഫസർ ആൻഡ് ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി – 680651, തൃശ്ശൂർ എന്ന വിലാസത്തിൽ അയച്ച് ബുക്ക് ചെയ്യാം. ഒരു മാസത്തിനുള്ളിൽ ഈ സംവിധാനം നിർമ്മിച്ച് നൽകുന്നതാണ്.

തെങ്ങുകയറ്റം, മണ്ട വൃത്തിയാക്കൽ, തേങ്ങയിടൽ മുതലായ ജോലികൾ ചെയ്യുന്നതിനുള്ള ഒരു തെങ്ങു സംരക്ഷണ സേനയെ കൂടി തയ്യാറാക്കാനുള്ള ഒരുക്കത്തിലാണ് ഈ കേന്ദ്രം. ■

*കൂടുതൽ വിവരങ്ങൾക്ക് –*
*ഡോ.യു ജയ്കുമാരൻ – 9447530673*

# തെങ്ങിന്റെ ചെന്നീരൊലിപ്പ് നിയന്ത്രിക്കാൻ ജൈവമാർഗ്ഗം

ലേഖ ജി. ഡോ. പി. മുരളീധരൻ
ആലപ്പുഴ കൃഷി വിജ്ഞാൻ കേന്ദ്ര, സിപിസിആർഐ, കായങ്കുളം

തെങ്ങിനെ ബാധിക്കുന്ന പ്രധാന കുമിൾരോഗമാണ് ചെന്നീരൊലിപ്പ്. തെങ്ങിൻ തടിയിൽ ചുവടുഭാഗത്ത് പ്രത്യക്ഷപ്പെടുന്ന കടും തവിട്ടു നിറത്തിലുള്ള വിള്ളലുകളാണ് ആദ്യ ലക്ഷണം. ഈ വിള്ളലുകളിലൂടെ തവിട്ടു കലർന്ന ചുവന്ന നിറത്തിലുള്ള ഒരു ദ്രാവകം ഊറി വരുന്നു. ദ്രാവകം ഊറി വരുന്ന ഭാഗങ്ങളിലെ തൊലി ചെത്തി മാറ്റിയാൽ ഉള്ളിലെ തടി ചീഞ്ഞഴുകുന്നതായി കാണാം. ക്രമേണ ഈ പാടുകൾ തടിയുടെ മുകൾ ഭാഗങ്ങളിലേക്കും വ്യാപിക്കുന്നു. ഇത്തരത്തിലുള്ള പല ചെറിയ പാടുകൾ കൂടി ചേർന്ന് വലിയ പാടുകൾ തെങ്ങിൻ തടിയിൽ രൂപപ്പെടുന്നു. എന്നാൽ പഴകിയ മുറിവുകളിൽ നിന്നും കറ ഒലിക്കാറില്ല. മറിച്ച് അവ കറുത്ത നിറത്തിൽ കാണപ്പെടുന്നു. രോഗം മൂർച്ഛിക്കുന്നതോടെ പുറം ഓലകൾക്ക് മഞ്ഞ നിറം വ്യാപിച്ച് അവ ഉണങ്ങുകയും തെങ്ങിന്റെ മുകൾ ഭാഗവും മണ്ടയും ശോഷിച്ച് വിളവ് വളരെ കുറയുകയും ചെയ്യുന്നു. പ്രാരംഭദശയിൽ വിളനഷ്ടം ഇല്ലെങ്കിൽ കൂടിയും രോഗം നിയന്ത്രിക്കാതെയിരുന്നാൽ ക്രമേണ വിളവ് കുറയുന്നു. മണ്ണിൽ കാണപ്പെടുന്ന തിലാവയോപ്സിസ് പാരഡോക്സ് എന്ന കുമിളാണ് ഈ രോഗത്തിന് കാരണം, തുടർച്ചയായ മഴയും തുടർന്നുള്ള കഠിനമായ ചൂടുമൂലം തെങ്ങിൻ തടിയിൽ രൂപപ്പെടുന്ന വിള്ളലുകളിലൂടെയോ, തെങ്ങിന്റെ സമീപമോ തടത്തിലോ തീ കൂട്ടുന്നത് മൂലമുണ്ടാകുന്ന മുറിവുകളിലൂടെയോ ആണ് ചെന്നീരൊലിപ്പിനു കാരണക്കാരായ രോഗാണുക്കൾ തെങ്ങിനുള്ളിൽ പ്രവേശിക്കുന്നത്.

ചെന്നീരൊലിപ്പുള്ള തെങ്ങുകളെ പ്രാരംഭ ദിശയിൽ തിരിച്ചറിഞ്ഞാൽ ഫലപ്രദമായി നിയന്ത്രിക്കാമെന്ന് ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം, നാലു വർഷങ്ങളായി ചെയ്തു വന്ന കൃഷിയിട പരീക്ഷണം തെളിയിക്കുന്നു. തെക്കേക്കര, ദേവികുളങ്ങര, പഞ്ചായത്തുകളിലെ അഞ്ചു കർഷകരുടെ പങ്കാളിത്തത്തോടെ രോഗബാധിതമായ 100 തെങ്ങുകളിലൊന്ന് ഈ പരീക്ഷണം നടത്തിയത്.

മണ്ണിൽ കൂടി പകരുന്ന ഈ രോഗത്തെ ചെറുക്കുവാൻ, മണ്ണിൽ നിന്നു തന്നെ വേർതിരിച്ചെടുത്ത് വിപണിയിൽ ലഭ്യമായ ട്രൈക്കോഡെർമ എന്ന മിത്ര



തെങ്ങിന് ട്രൈക്കോഡെർമ പ്രയോഗം

കുമിളാണ് ഉപയോഗിച്ചത്. വിളകളുടെ വളർച്ച ത്വരിതപ്പെടുത്താനും രോഗാണുക്കളെ നശിപ്പുക്കുവാനും ഈ കുമിളിന് കഴിയുന്നു. എന്നാൽ വിളകൾക്ക് യാതൊരുവിധ ദോഷവും ഇവ മൂലം ഉണ്ടാകുന്നില്ല.

### പ്രവർത്തന രീതി

- ട്രൈക്കോഡെർമ ഉൽപാദിപ്പിക്കുന്ന ആന്റി ബയോട്ടിക്കുകൾ രോഗകാരിയായ കുമിളിനെ നശിപ്പിക്കുന്നു.
- ട്രൈക്കോഡെർമയുടെ തന്തുക്കൾ രോഗാണുക്കളായ കുമിളുകളുടെ മുകളിൽ വളർന്ന് അവയെ ഭക്ഷണമാക്കി മാറ്റുന്നു.
- കുമിളുകളുടെ കോശങ്ങളെ ലയിപ്പിക്കുവാനുള്ള എൻസൈമുകൾ ഉൽപാദിപ്പിക്കുന്നു.
- ജൈവ വസ്തുക്കളിൽ അടങ്ങിയിരിക്കുന്ന പോഷകങ്ങൾ വിളകൾക്ക് ലഭ്യമാകുന്നു.

ട്രൈക്കോഡെർമ ചേർത്ത വളങ്ങൾ തടത്തിൽ നിക്ഷേപിച്ചും ഇത് കുഴമ്പ് രൂപത്തിലാക്കി തടികളിൽ ചെന്നീരൊലിപ്പ് ഉള്ള ഭാഗങ്ങളിൽ തേച്ച് പിടിപ്പിച്ചുമാണ് ചെന്നീരൊലിപ്പ് ഫലപ്രദമായി നിയന്ത്രിക്കുവാൻ കഴിയുന്നത്.

### ട്രൈക്കോഡെർമ സംവർദ്ധനം ചെയ്യുന്ന രീതി

ചാരം കലരാത്ത ചാണകപ്പൊടി / കമ്പോസ്റ്റും വേപ്പിൻ പിണ്ണാക്കും 9:1 എന്ന അനുപാതത്തിൽ കൂട്ടിച്ചേർക്കുക. ഓരോ നൂറു കിലോഗ്രാം മിശ്രിതത്തിനൊപ്പവും ഒന്നു രണ്ടു കിലോഗ്രാം ട്രൈക്കോഡെർമ ചേർത്ത് വെള്ളം തളിച്ച് നന്നായി ഇളക്കുക. നനവ് പുട്ടുപൊടി പരുവത്തിൽ മതിയാകും. അധിക നനവ് മിശ്രിതത്തിൽ വായുവിന്റെ ലഭ്യത കുറയ്ക്കുകയും അവ ട്രൈക്കോഡെർമയുടെ വളർച്ച ഇല്ലാതാക്കുകയും ചെയ്യുന്നു. ഈ മിശ്രിതം തണലുള്ളിടത്ത് ഒരടി ഉയ

### ട്രൈക്കോഡെർമ ഉപയോഗിക്കുമ്പോൾ

ചാരം ഒഴികെയുള്ള ജൈവവളത്തിൽ ചേർത്ത് ഉപയോഗിക്കണം. രാസവളങ്ങൾ, രാസ കീട – കുമിൾ നാശിനികളോടൊപ്പം ഉപയോഗിക്കരുത്. ട്രൈക്കോഡെർമ ചേർക്കുമ്പോൾ മണ്ണിൽ ഈർപ്പം ഉണ്ടായിരിക്കണം. അംഗീകൃത സ്ഥാപനങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഗുണമേന്മയുള്ളതും കേരളത്തിലെ മണ്ണിൽ അനുയോജ്യമായവയും മാത്രം ഉപയോഗിക്കുക. പായ്ക്കറ്റിൽ പറഞ്ഞിരിക്കുന്ന കാലാവധിക്കുള്ളിൽ ഉപയോഗിക്കണം. വർഷത്തിൽ ഒരു തവണ ഈ നിയന്ത്രണ മാർഗ്ഗങ്ങൾ നൽകുന്ന തെങ്ങുകളിൽ ചെന്നീരൊലിപ്പു മാറി വിളവ് കൂടുന്നതായി കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടത്തിയ കൃഷിയിട പരീക്ഷണം വ്യക്തമാകുന്നു.

രത്തിൽ കൂട്ടിയിട്ട് ഈർപ്പമുള്ള തുണിയോ ഷീറ്റോ ഉപയോഗിച്ച് മൂടുക. ഒരാഴ്ച കഴിഞ്ഞ് ഒന്നു കൂടി ഇളക്കി വെള്ളം തളിച്ച് വീണ്ടും കൂന കൂട്ടി മൂടുക. മൂന്നു ദിവസത്തിനു ശേഷം ഇവ മണ്ണിൽ ചേർക്കാൻ പരുവമാകും.

### രോഗ നിയന്ത്രണ രീതി

തെങ്ങൊന്നിന് ഒരു കിലോഗ്രാം കുമ്മായമോ ഡോളമൈറ്റോ തടത്തിൽ വിതറി നനച്ച് മണ്ണുമായി കലർത്തുക. രണ്ടാഴ്ചയ്ക്കുശേഷം മേൽവിവരിച്ച ജൈവവള (ജൈവവള - വേപ്പിൻ പിണ്ണാക്ക് - ട്രൈക്കോഡെർമ)കൂട്ട് തെങ്ങ് ഒന്നിന് 50 കിലോ എന്ന തോതിൽ തടത്തിൽ ഈർപ്പം തളിച്ച് ഇട്ടുകൊടുത്ത് മണ്ണുമായി ഇളക്കി ചേർക്കുക. ചെന്നീരൊലിപ്പ് കാണുന്ന ഭാഗങ്ങളിൽ ട്രൈക്കോഡെർമ ടാൽക് മിശ്രിതം 100 ഗ്രാം 100 മി.ലി. വെള്ളത്തിൽ ചേർത്ത് കുഴമ്പു പരുവത്തിലായി തേച്ച് പിടിപ്പിക്കുക. വേനൽക്കാലത്ത് തെങ്ങ് നനയ്ക്കുകയും മഴക്കാലത്ത് നീർ വാഴ്ച സൗകര്യവും ഉറപ്പാക്കുകയും ചെയ്യുക. തെങ്ങിൽ കൊത വെട്ടുന്നതും തടിയോടു ചേർത്തു തീയിടുന്നതും മറ്റും ഒഴിവാക്കുക.



തെങ്ങിന് കുമ്മായ പ്രയോഗം

രോഗം തുടക്കത്തിൽ തന്നെ കർഷകർ തിരിച്ചറിയുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വേണം. ജൈവീക രീതിയിലുള്ള നിയന്ത്രണവും അതിനോടൊപ്പം വളവും നൽകി പരിപാലിച്ചാൽ തെങ്ങുകളെ പ്രസ്തുത രോഗത്തിൽ നിന്നും രക്ഷിക്കാവുന്നതാണ്. ■

*ലേഖ ജി - ഫോൺ: 9447474058*

---

# നാളികേര വികസന ബോർഡിൽ ഫാം അവലോകന യോഗം ചേർന്നു



*നാളികേര വികസന ബോർഡിൽ നടന്ന ഫാം മാനേജർമാരുടെ അവലോകന യോഗം*

**നാ**ളികേര ബോർഡിലെ വിത്തുത്പാദന പ്രദർശന തോട്ടങ്ങളിലെ മാനേജർമാരുടെയും അസിസ്റ്റന്റ് മാനേജർമാരുടെയും യോഗം ബോർഡ് ആസ്ഥാനത്ത് ചേർന്നു. ജൂൺ 8,9 തിയതികളിൽ നടന്ന യോഗത്തിൽ മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ.സുഗത ഘോഷ് ആമുഖ പ്രഭാഷണം നടത്തി. ഫാമുകൾ യഥാർത്ഥ പ്രദർശന തോട്ടങ്ങളാകണമെന്ന് അദ്ദേഹം സൂചിപ്പിച്ചു. യൂണിറ്റുകളിലയും ഫാമുകളിലെയും കണക്കുകൾ സൂക്ഷിക്കുന്നതിന് ഒരു ഓൺലൈൻ സോഫ്റ്റ്വെയർ ഏർപ്പാടാക്കേണ്ടതിന്റെ ആവശ്യകത ഫിനാൻസ് ഓഫീസർ പി ശബരീനാഥൻ ചൂണ്ടിക്കാട്ടി. ഇതിനെ എല്ലാവരും സ്വാഗതം ചെയ്തു. ഇത്തരം ഒരു സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനായി വിദഗ്ധ ഏജൻസിയെ ഏല്പ്പിക്കാൻ യോഗത്തിൽ തീരുമാനമായി.

ബോർഡിന്റെ ഫാമുകളിൽ നാളികേര നടീൽ വസ്തുക്കൾ, ഇടവിള കൃഷികൾ, ജലസേചനവും പുതയിടീലും, കാലാവസ്ഥാവ്യതിയാനവും നാളികേര കൃഷിയും, നാളികേര തോട്ടങ്ങളിലെ പച്ചിലവളപ്രയോഗം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണം ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഡോ.രമണി ഗോപാലകൃഷ്ണൻ അവതരിപ്പിച്ചു. യോഗം ഇതിനെ സ്വാഗതം ചെയ്തു. ഓരോ ഫാമുകളിലെയും നിയുക്ത ഉദ്യോഗസ്ഥർ റിപ്പോർട്ട് അവതരിപ്പിച്ചു.

മികച്ച ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനമാണ് ഓരോ ഫാമുകളുടെയും ആത്യന്തിക ലക്ഷ്യമെന്ന് സമാപന പ്രസംഗത്തിൽ നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ ജോസ് വ്യക്തമാക്കി. നടീൽ വസ്തുക്കളുടെ നിലവാരമാണ് ഭാവിയിൽ ഇന്ത്യയിലെ നാളികേര ഉത്പാദനവും ഉത്പാദന ക്ഷമതയും വർധിപ്പിക്കുന്ന ഘടകം എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇതോടൊപ്പം കൃത്രിമ പരാഗണം വഴി സങ്കര ഇനങ്ങളുടെ ഉത്പാദനവും വർധിപ്പിക്കണം. ഡയറക്ടർ രാജീവ് പി ജോർജ് സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ പ്രമോദ് പി കുര്യൻ നന്ദിയും പറഞ്ഞു.

# ജൂലൈ മാസത്തിലെ കൃഷിപ്പണികൾ

ആർ ജ്ഞാനദേവൻ
ഡപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി - 11



**കേരളം / ലക്ഷദ്വീപ്**

### തെങ്ങിൻ തടത്തിൽ പച്ചില വളച്ചെടികൾ വിതയ്ക്കാം.

തെങ്ങിനു ചുറ്റും 1.8-2 മീറ്റർ വ്യാസാർദ്ധത്തിലുള്ള തടമെടുക്കുക. തെങ്ങൊന്നിന് 25 കി. ഗ്രാം പച്ചിലവളമോ 50 കി.ഗ്രാം ജൈവവളമോ (കാലിവളമോ, കമ്പോസ്റ്റോ) ചേർത്തു കൊടുക്കുക. അതിനുശേഷം തടം ഭാഗികമായി മൂടുക. പച്ചിലവളച്ചെടികളുടെ വിത്തുകൾ തടത്തിൽ വിതച്ചിട്ടില്ലെങ്കിൽ ഈ മാസം വിതയ്ക്കുക. പയർ, ഡെയ്ഞ്ച, ഫ്യൂറേറിയ, കല്പഗോണിയ എന്നീ പച്ചില വള ചെടികളാണ് തെങ്ങിൻ തടത്തിൽ വിതച്ച് വളർത്താൻ അനുയോജ്യം. സെപ്റ്റംബർ - ഒക്ടോബർ മാസത്തിലാണ് ഇവ മുറിച്ചെടുത്ത് തടത്തിൽ തന്നെ അരിഞ്ഞിട്ട് തടം മൂടേണ്ടത്. ഒരു തടത്തിൽ ഇപ്രകാരം പച്ചില വളച്ചെടികൾ വളർത്തുന്നതിന് 50 ഗ്രാം വിത്ത് മതി. ഇതു വഴി ഏതാണ്ട് 20 - 25 കി. ഗ്രാം വരെ പച്ചില വളം തെങ്ങിന് ലഭിക്കുന്നു.

### തൈ തെങ്ങുകളുടെ പരിചരണം

പുതുതായി നട്ട തൈകൾക്കാവശ്യമായ പരിചരണങ്ങൾ ഈ മാസം നൽകണം. വെള്ളം കെട്ടി നിൽക്കുന്ന പ്രദേശങ്ങളിൽ ആവശ്യമായ നീർവാർച്ചാ സൗകര്യം ഏർപ്പെടുത്തണം. യഥാസമയം തെങ്ങിൻ കുഴികളിലെ കളകൾ നീക്കം ചെയ്യണം. വെള്ളത്തിലൂടെ ഒലിച്ചിറങ്ങി തെങ്ങിൻ തൈകളുടെ കണ്ണാടി ഭാഗത്ത് അടിയുന്ന മണ്ണ് മാറ്റി കൊടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം കടഭാഗം അഴുകി തൈ നശിച്ചു പോകാൻ സാധ്യതയുണ്ട്.

കൂമ്പു ചീയൽ രോഗം മഴക്കാലത്ത് തെങ്ങിൻ തൈകളെ നശിപ്പിക്കാറുണ്ട്. ഇത് തടയാനായി നാമ്പോലയുടെ ചുവട്ടിലായി ഓലക്കവിളുകളിൽ 5 ഗ്രാം മാങ്കോഡെബ് ( ഇൻഡോഫിൻ എം 45) എന്ന കുമിൾ നാശിനി 300 മി.ലി. വെള്ളത്തിൽ കലക്കി ഒഴിക്കുകയും, ഒപ്പം 5 ഗ്രാം വീതം മാങ്കോസെബ് നിറച്ച പോളിത്തീൻ സഞ്ചികൾ സുഷിരങ്ങൾ ഇട്ട ശേഷം നാമ്പോലയും ചുറ്റുമുള്ള രണ്ട് ഓലക്കവിളുകളിൽ നിക്ഷേപിക്കുകയും ചെയ്യുക.

നഴ്സറിയിലെ കളകൾ പറിച്ചു നീക്കുക. തൈകൾ നട്ട കുഴികൾ വൃത്തിയാക്കുക. തൈകളുടെ കടയ്ക്കൽ വെള്ളം കെട്ടി നിൽക്കാതിരിക്കാൻ ശ്രദ്ധിക്കുക. കുഴിക്ക് ചുറ്റും വരമ്പ് ബലപ്പെടുത്തുക. തോട്ടത്തിൽ നീർവാർച്ച സൗകര്യം മെച്ചമാക്കുക. തോട്ടത്തിൽ വെള്ളം കെട്ടി നിന്നാൽ കായ് പിടിത്തം കുറയും. നീർവാർച്ച നന്നായാൽ ഉത്പാദനത്തിൽ വർദ്ധനവുണ്ടാകും.

ചെറുതെങ്ങുകളുടെ മണ്ടയിൽ കൊമ്പൻ ചെല്ലിയുടേയോ ചെമ്പൻ ചെല്ലിയുടേയോ ഉപദ്രവമോ കൂമ്പു ചീയൽ രോഗമോ ഉണ്ടോയെന്ന് പരിശോധിക്കുക.

### ചെല്ലിക്കെതിരെ നിയന്ത്രണ നടപടി

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽ കൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കല

ക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണക ക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈ വിക നിയന്ത്രണത്തിന് ഉപയോഗിയ് ക്കാം. ഇതിനായി വൈറസ് രോഗബാധ യേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10–15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയ ത്ത് തോട്ടത്തിൽ തുറന്നുവിടുക.

മഴക്കാലത്ത് മെറ്റാറൈസിയം അനി സോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ള ത്തിലോ കപ്പക്ഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യുബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈ സിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴു ക്കളെ നശിപ്പിയ്ക്കുക.

ചെമ്പൻചെല്ലിയുടെ ഉപദ്രവമുള്ള തെങ്ങുകളിൽ തടിയിൽ നിന്നും ചുവന്ന ദ്രാവകം ഒലിക്കുന്നതായും തടിയിലുള്ള സുഷിരങ്ങളിലൂടെ ചണ്ടി പുറത്തേയ്ക്ക് വരുന്നതായും കാണാം. ചെമ്പൻചെല്ലി യെ നശിപ്പിക്കുന്നതിന് ഒരു ശതമാനം വീര്യമുള്ള കാർബറിൽ (20 ഗ്രാം കാർബ റിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) തെങ്ങിൻ തടിയിൽ കീടം ഉണ്ടാക്കിയ ദ്വാരങ്ങൾ അടച്ചതിനുശേഷം അല്പം മുകളിലായി താഴേക്ക് ചരിഞ്ഞ ഒരു ദ്വാരം ഉണ്ടാക്കി അതിൽ ചോർപ്പ് വെച്ച് ഒഴി ച്ചു കൊടുത്തശേഷം ആ ദ്വാരം അടയ് ക്കുക. കാർബറിൻ കീടനാശിനിക്കു പകരം ഇമിഡാക്ലോപ്രിഡ് 5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ കലക്കി മേല്പറഞ്ഞ രീതിയിൽ ചെമ്പൻ ചെല്ലിക്ക് എതിരെ പ്രയോഗിക്കാവുന്നതാണ്. ചെമ്പൻചെ ല്ലിക്കെതിരെ ഒരു പ്രദേശത്തൊട്ടാകെ യുള്ള കർഷകർക്ക് ഒരുമിച്ച് ഫിറമോൺ കെണി ഉപയോഗിക്കാവുന്നതാണ്.

### കൂമ്പു ചീയലിനെതിരെ കുമിൾ നാശിനി പ്രയോഗിക്കുക

കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗവും കണ്ടുവരുന്നു. തു റക്കാത്ത കൂമ്പോലകളെ കുമിൾ ആക്ര മിച്ച് അഴുകൽ ഉണ്ടാക്കുന്നു. കൂമ്പോല വിരിയുമ്പോൾ അഴുകിയ ഭാഗം ഉണ ങ്ങി കാറ്റത്ത് പറന്നുപോകും. ബാക്കി യുള്ള ഓലയുടെ ഭാഗം കുറ്റിയായി നി ൽക്കും. കൂമ്പോലയുടേയും അതിനോട് ചേർന്നുള്ള രണ്ട് ഓലകളുടേയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചു മാറ്റുക. കോൺ ടാഫ് 2 മി.ലി. അല്ലെങ്കിൽ ഡൈത്തേൻ എം. 45 അഥവാ ഇൻഡോഫിൽ എം.45 എന്നിവയിലൊന്ന് മൂന്നുഗ്രാം 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക.

ഒരു ശതമാനം ബോർഡോമിശ്രിത മോ 0.5 ശതമാനം കോപ്പർ ഓക്സിക്ലോ റൈഡ് ലായനിയോ തെങ്ങിൻ മണ്ടയി ലും കൂമ്പോലകളിലും ജനുവരി, ഏപ്രിൽ -മെയ്, സെപ്തംബർ മാസങ്ങളിൽ തളി ക്കുക.

ഇടവിളകൾക്ക് പ്രത്യേകം വളവും പരിചരണവും നൽകണം. കളകൾ നിയ ന്ത്രിക്കുവാനും ശ്രദ്ധിയ്ക്കേണ്ടതാണ്.

### ആൻഡമാൻ/നിക്കോബാർ ദ്വീപുകൾ

തെങ്ങിന്റെ കടയ്ക്കൽ നിന്ന് 2 മീ റ്റർ അകലത്തിൽ ചുറ്റും തടം എടുക്കുക. അതിനുശേഷം തെങ്ങൊന്നിന് 25 മുതൽ 50 കി.ഗ്രാം വരെ കാലിവളമോ പച്ചില വളമോ 10–20 കി.ഗ്രാം കൂട്ടുവളമോ ചാ രമോ ചേർത്ത് തടം മണ്ണിട്ടു മൂടുക. തെ ങ്ങിന്റെ തടത്തിൽ ആവരണ വിളകളുടെ വിത്തുകൾ പാകാവുന്നതാണ്.

### കർണ്ണാടകം

തെങ്ങുകൾക്കു ചുറ്റും 1.8–2 മീ റ്റർ വലിപ്പത്തിലുള്ള തടം എടുക്കുക. കൊമ്പൻ ചെല്ലിയുടേയോ, ചെമ്പൻ ചെല്ലിയുടേയോ ഉപദ്രവം ഉണ്ടോയെ ന്ന് നോക്കുക. ആക്രമണമുള്ള പക്ഷം ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കുക.

### തഞ്ചാവൂർ വാട്ടത്തിനെതിരെ ജാഗ്രത

തെങ്ങിൻ തോപ്പിൽ തഞ്ചാവൂർ വാട്ടം രോഗം ബാധിച്ചിട്ടുണ്ടെങ്കിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കുക. മണ്ണിൽ കൂടി രോഗം പടരാതിരിക്കാൻ രോഗബാധയുള്ള തെങ്ങിനു ചുറ്റും ഒരു മീറ്റർ ആഴത്തിലും 30 സെ.മീ. വീതിയി ലുമുള്ള കുഴിയെടുക്കുക. രോഗം രൂക്ഷ മായി ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി കത്തിച്ചുകളയുക. തടിയിൽ കേടായ ഭാഗങ്ങൾ ചെത്തി മാറ്റി ചൂടാക്കിയ ടാർ പുരട്ടുക. സാധാരണ രീതിയിലുള്ള വള പ്രയോഗത്തിനു പുറമെ തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്കും മറ്റു ജൈവ വളങ്ങളും ചേർക്കുക. തടത്തിൽ ഈർപ്പ സംരക്ഷണത്തിനായി പുതയിടുക.

കാലിക്സിൻ, ട്രിഡിമോർഫ്, ഹെ ക്സാകൊണസോൾ (കോണ്ടാസോൾ 5 ഇസി) 2 മി.ലി. 100 മി.ലി. വെള്ള ത്തിൽ കലക്കി രോഗബാധ രൂക്ഷമായ തെങ്ങുകളിൽ വേരുകളിൽ കൂടി മൂന്നു മാസത്തിലൊരിക്കൽ നൽകുക. മരുന്നു പ്രയോഗത്തിനു മുൻപ് വിളവെടുപ്പ് നടത്തുക. മരുന്നു പ്രയോഗം നടത്തി 45 ദിവസത്തിനു ശേഷം മാത്രമേ അടുത്ത വിളവെടുപ്പു നടത്താൻ പാടുള്ളു. തെ ങ്ങൊന്നിന് 25 ലിറ്റർ എന്ന തോതിൽ 0.1 ശതമാനം വീര്യമുള്ള മരുന്നു ലായനി കൊണ്ട് തെങ്ങിൻ തടം കുതിർക്കുന്ന തും നല്ലതാണ്.



### തമിഴ്നാട് / പോണ്ടിച്ചേരി

തെങ്ങുകൾക്കു ചുറ്റും തടമെടുക്കുക. തോട്ടം കള വിമുക്തമാക്കുക. കൂമ്പുചീയൽ, മറ്റു കു മിൾ രോഗങ്ങൾ എന്നിവയെ ചെറുത്തു നിൽ ക്കുന്നതിന് ഒരു പ്രതിരോധ നടപടിയെന്നനി ലയിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. 300 ഗ്രാം യൂറിയ, 500 ഗ്രാം സിങ്കിൾ സൂപ്പർ ഫോസ്ഫേറ്റ്, 500 ഗ്രാം മ്യൂറി യേറ്റ് ഓഫ് പൊട്ടാഷ് എന്നിവ പ്രായപൂർത്തി യായ ഓരോ തെങ്ങിനും ആദ്യ ഗഡുവളമായി ചേർത്തുകൊടുക്കുക. തോട്ടത്തിൽ തെങ്ങിൻ തൈകൾ നടുക. തെങ്ങിൻ മണ്ടയിൽ കൊമ്പൻ ചെല്ലിയുടെ ആക്രമണം ഉണ്ടോയെന്ന് പരിശോ ധിക്കുക. ചെല്ലിയെ കാണുന്ന പക്ഷം അവയെ കുത്തിയെടുത്തു നശിപ്പിക്കുക. മുകളിലുള്ള 3–4 ഓലപ്പട്ടകൾക്കിടയിൽ. പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വച്ച് മണൽ കൊണ്ടു മൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാ ക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബറിൽ (50% വെള്ളത്തിൽ കല ക്കാവുന്ന പൊടി) 200 മി.ഗ്രാം ഒരു ലിറ്റർ വെ ള്ളത്തിൽ എന്ന തോതിൽ കലക്കി വണ്ടുകളു ടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക.




## മുഖമൊഴി

പുത്തൻ പ്രത്യാശയുടെ സ്ക്കൂൾ വർഷ ജാലകം തുറന്നു.
അറിവിന്റെ, അനുഭവത്തിന്റെ, സൗഹൃദത്തിന്റെ പുതിയ വാതായനങ്ങളും തുറക്കട്ടെ.
ഹൈസ്ക്കൂൾ വിഭാഗം രചനാ മത്സരങ്ങളിൽ സമ്മാനാർഹമായ സൃഷ്ടികളാണ് ഈ ലക്കത്തിൽ വായിക്കാനാവുന്നത്. കുരുത്തോല പന്തലിന്റെ തണൽക്കുളിരിൽ ഒത്തു ചേർന്ന് വായിച്ചും, പ്രതികരിച്ചും, എഴുതിയും, തെങ്ങിനെ പരിചരിച്ചും സഹകരിക്കുന്ന എല്ലാ കൂട്ടുകാർക്കും ഈ സ്ക്കൂൾ വർഷം ധന്യമാകട്ടെ.

**-പായിപ്ര രാധാകൃഷ്ണൻ**



കേര മൊഴി

## കിളിയോലയും കൈതത്താളിയും

**പായിപ്ര രാധാകൃഷ്ണൻ**

കിളിയോലയും ഓലക്കിളിയും ഓലേഞ്ഞാലിക്കിളിയുമുണ്ട്. കള്ളു പാത്രത്തിലേക്ക് കുലയിൽ നിന്നും കള്ള് ഒഴുകി വീഴുന്ന ഓലയ്ക്കാണ് കിളിയോല എന്നു പറയുന്നത്. തെങ്ങിൻ തൈയുടെ കിളിർത്തു വരുന്ന ഓലയ്ക്കും കിളിയോല എന്നു പറയും. ഓല കൊണ്ടുണ്ടാക്കുന്ന കിളിയാണ് ഓലക്കിളി. ഓലപ്പന്ത് പോലെ, ഓലപ്പാമ്പു പോലെ ഒരു കളിപ്പാട്ടം. ഓലത്തുമ്പത്ത് കൂട്ടു കൂടുന്ന പക്ഷിയാണ് ഓലഞ്ഞാലിക്കിളി.

തൊണ്ടു കൂടി ഭക്ഷ്യയോഗ്യമായ ഒരിനം തേങ്ങയുണ്ട്. സമുദ്ര സഞ്ചാരികൾക്കുണ്ടാകുന്ന രോഗങ്ങൾക്കു കൂടി ഔഷധമായി ഉപയോഗിക്കുന്നു. ഇളം പ്രായത്തിൽ തൊണ്ടിൽ നാരു കുറഞ്ഞ ഈ ഇനം കൈതത്താളി എന്ന പേരിലാണറിയപ്പെടുന്നത്.

ഖുദരത്തെണ്ണ എന്നു കേട്ടാൽ എന്താണ് ഊഹിക്കാൻ കഴിയുക. മിനിക്കോയിലും മറ്റും തലയിൽ തേക്കാനുപയോഗിക്കുന്ന, നമ്മുടെ ഉരുക്കു വെളിച്ചെണ്ണ പോലെയുള്ള ഒരിനമാണിത്.



കഥ

# വരമായി ലഭിച്ച അമൃതകുംഭം

**രജത് രാജ് എ. ആർ.**
ഏഴിയകത്ത്, വടക്കുംഭാഗം, ചവറ സൗത്ത്, കൊല്ലം.


നാളികേരവികസന ബോർഡ് നടത്തിയ സാഹിത്യമത്സരത്തിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ ഒന്നാം സമ്മാനാർഹമായ കഥ

ദുർ വാസാവ് മഹർഷിയുടെ ആശ്രമം - മഹർഷി പൂജയ്ക്ക് ആവശ്യമായ പൂക്കളും വെള്ളവും കൊണ്ടു വരുവാൻ ശിഷ്യന്മാരെ കാട്ടിലേക്ക് അയച്ചു. അവർ പൂക്കളും വെള്ളവും നിറച്ചു അതിനു ശേഷം കാലി മേയ്ക്കാനും വിറക് ശേഖരിക്കാനും പോയി. പൂജയ്ക്ക് ശേഷം മഹർഷി ധ്യാന നിരതനായി.

ഈ സമയം രാജ കൊട്ടാരത്തിൽ കളിച്ചുകൊണ്ടിരിക്കുന്ന രാജബാലിക ഉദ്യാനത്തിൽ പാറി പറക്കുന്ന അതിമനോഹരമായ ശലഭത്തെ കാണുകയുണ്ടായി. ആ കുട്ടി അതിനെ പിടിക്കാനായി കൂട്ടുകാരുമായി ഉദ്യാനത്തിലേക്ക് ഓടി. ശലഭമാകട്ടെ കുട്ടികൾക്കു പിടികൊടുക്കാതെ ഓരോരോ പൂക്കളിലൂടെയും ചെടികളിലൂടെയും ഉദ്യാനത്തിനു പുറത്ത് എത്തി. രാജ ബാലികയും കൂട്ടുകാരും അതിനെ പിൻ തുടർന്നുകൊണ്ടിരുന്നു.

ശലഭം പല ചെടികളിലൂടെയും പൂക്കളിലൂടെയും പറന്ന് പറന്ന് കാട്ടിൽ  അതി സുന്ദരമായ ഒരു തപോവനത്തിലെത്തി. അവിടെ കാട്ടു ചെടികളിലെ തേൻ നുകർന്നു. രാജബാലികയും കൂട്ടുകാരും അതിനെ കടന്നു പിടിക്കാൻ ശ്രമിച്ചു. പെട്ടെന്ന് ആ ശലഭം ആശ്രമത്തിനുള്ളിലേക്ക് പറന്നു പോയി. ആശ്രമത്തിൽ കയറാൻ ശ്രമിച്ച രാജബാലികയോട് കൂട്ടുകാരികൾ മഹർഷിയുടെ ആശ്രമമാണ് പോകരുത് എന്ന് വിലക്കി. ഇത് വക വെയ്ക്കാതെ രാജബാലിക ആശ്രമത്തിൽ കടന്നു. മഹർഷിയുടെ കമണ്ഡലുവിൽ ഇരിക്കുകയായിരുന്ന ചിത്രശലഭത്തെ ബാലിക പിടിക്കാൻ ശ്രമിക്കുന്നതിനിടയിൽ കമണ്ഡലു തട്ടി മറിഞ്ഞ് വെള്ളം ഒഴുകി വീണു.

ഇത് കണ്ട് പേടിച്ചു വിറച്ച രാജബാലിക പുറത്തേക്കിറങ്ങിയോടി കൂട്ടുകാരോട് വിവരം പറഞ്ഞു. മുനിക്ക്



സന്ധ്യാ വന്ദനത്തിനുള്ള വെള്ളമാണതെന്നും ഉണർന്നു നോക്കുമ്പോൾ ശപിക്കുമെന്നും കൂട്ടുകാർ പറഞ്ഞു. ഇത് കേട്ട രാജബാലിക രക്ഷിക്കാനായി ഇഷ്ട ദേവതയായ മഹാലക്ഷ്മിയെ വിളിച്ചു കരഞ്ഞു പ്രാർത്ഥിച്ചു.

മഹർഷി ധ്യാനത്തിൽ നിന്നും ഉണർന്ന സമയത്ത് ലക്ഷ്മി ദേവി പ്രത്യക്ഷപ്പെടുകയും മുനിയെ സമാധാനിപ്പിക്കുകയും  ഇഷ്ടവരം ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു. തട്ടി മറിഞ്ഞാലും  ഒഴുകി പോകാത്ത അമൃത കുംഭം ആവശ്യാനുസരണം കിട്ടണമെന്ന് മുനി ദേവിയോട് വരമായി അപേക്ഷിച്ചു. ദേവി സമ്മതിച്ചു വരവും നൽകി.

പിറ്റേന്ന് പ്രഭാതമായപ്പോൾ ആശ്രമത്തിന് ചുറ്റും ധാരാളം വൃക്ഷങ്ങൾ സ്വർണ്ണ നിറത്തിലുള്ള കുംഭവുമേന്തി നിൽക്കുന്നതായി കണ്ട മഹർഷി ശിഷ്യരെ വിളിച്ച് അത് കുറച്ചു അടർത്തി കൊണ്ട് വരുവാൻ ആവശ്യപ്പെട്ടു. ശിഷ്യർ കായ്കൾ പറിച്ചു കൊണ്ട് വന്നു മുറിച്ച് നോക്കിയപ്പോൾ അത് നിറയെ അമൃത തുല്യമായ വെള്ളം കണ്ടു. അങ്ങനെയാണ് കേര വൃക്ഷവും ഇളനീരും ഉണ്ടായതും പൂജാദി കർമ്മങ്ങൾക്ക് ഇളനീർ പ്രാമുഖ്യം നേടിയതും. ■

---

*വൃത്തം നതോന്നത*

കവിത

## കല്പവൃക്ഷമേ, വെൽക!

**കൃഷ്ണൻ പറപ്പള്ളി,** ബോംബെ

കേൾവികേട്ട പൂവുകളിൽ
ചെന്താമരപ്പൂവു പോലെ,
കേരവൃക്ഷം വൃക്ഷങ്ങളിൽ
കല്പകവൃക്ഷം.
'തെങ്ങുതെങ്ങെ' ന്നോതും നേരം
നമ്മൾക്കുള്ളിൽ വികാരങ്ങൾ
തിങ്ങിപ്പൊങ്ങിത്തത്തിടുന്നു
തിരമാലപോൽ.
നമ്മളുടെ വാഴ്‌വുമായിട്ടത്രമാത്ര
മൊന്നു ചേർന്നീ –
നന്മയുടെ പ്രതിരൂപമുയർന്നു
നില്പൂ.
അടിമുടി മർത്ത്യനുപയോഗ
യോഗ്യമായിത്തീരാൻ
അവതാരമാർന്നു തെങ്ങായ്
കല്പകവൃക്ഷം.
നാനാജനഹിതത്തിനായ്
സ്വകീയമാം സർവ്വസ്വവും
ദാനം ചെയ്യും വൃക്ഷമിതു
വിശ്വവിസ്മയം!
മാനവരെ സ്നേഹപൂർവ്വം,
ജാതിമതഭേദമെന്യേ,
മാടി മാടി വിളിയ്ക്കുമീ
പുണ്യപാദപം
സന്തോഷത്താൽ തന്നമൃതിൻ
നിറകുംഭം സംഖ്യയറ്റു
സമർപ്പിപ്പൂ, തനിയ്ക്കേതും
മതി വരാതെ.
ഉത്തമമാണോരോരോ കേരതരുവും,
നാം വാഴ്ത്തിപ്പോവും
മുത്തു വിളഞ്ഞീടുന്നൊരു
കവിത പോലെ.
വാഴ്‌വിൻ മേന്മ കാട്ടിത്തന്നു
മർത്ത്യനൊത്ത മാതൃകയായ്
വാഴും നിത്യപവിത്രമാം
വൃക്ഷമേ, വെൽക!
മണ്ണിൻ കൊടിമരംപോലെ,
വർണ്ണനകൾക്കതീതമായ്,
വിണ്ണിൽ തലപൊക്കും
കല്പവൃക്ഷമേ, വെൽക!

ലേഖനം

# നാളികേരത്തിന്റെ നാട്

റിയ ജോസ്
പാലം കുന്നേൽ, നെടിയശാല പി.ഒ., തൊടുപുഴ

**നാളികേരവികസന ബോർഡ് നടത്തിയ സാഹിത്യമത്സരത്തിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ ഒന്നാം സമ്മാനാർഹമായ ലേഖനം**

സൃഷ്ടി തുടങ്ങി നൂറാം ദിവസമാണ് ദൈവത്തിന് കൈയ്യബദ്ധം പിണഞ്ഞതെന്ന് കവി സച്ചിദാനന്ദൻ. അന്നാണത്രെ, പ്രണയമില്ലാതെ പ്രാപിക്കുകയും, വിശപ്പില്ലാതെ കൊല്ലുകയും ചെയ്യുന്ന മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. ദൈവം സൃഷ്ടിച്ചത് പറുദീസയായിരുന്നു. പച്ചപ്പും, കുളിർക്കാറ്റും, അരുവികളും, നിറഞ്ഞ പറുദീസ. കിളികളും, മൃഗങ്ങളും, ദൈവവും ഒന്നിച്ച് സായാഹ്ന സവാരിക്കിറങ്ങുന്ന ഇടം. പക്ഷേ, മനുഷ്യൻ സൃഷ്ടിച്ചത് ബാബേൽ ഗോപുരമാണ്. അവനും കോൺക്രീറ്റും മാത്രമുള്ള ഇടം.

കൃഷിയുടെ തനതായ സംസ്ക്കാരം നിലനിന്നിരുന്ന കേരളത്തിൽ പോലും അടുപ്പിൽ തീ പുകയണമെങ്കിൽ തമിഴ്നാട്ടിൽ നിന്നും ലോറി എത്തേണ്ടിയിരിക്കുന്നു. എന്തിനേറെ, കേരത്തിന്റെ പേരിൽ അറിയപ്പെടുന്ന കേരള നാട്ടിലേയ്ക്ക് ലോറിക്കണക്കിന് തേങ്ങയും കരിക്കുമാണ് ഓരോ ദിവസവും എത്തിക്കൊണ്ടിരിക്കുന്നത്. മണ്ഡരി തുടങ്ങിയ രോഗങ്ങളും, വിലക്കുറവും, നാളികേര മേഖലയിൽ തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടും പലരും തെങ്ങു കൃഷിയിൽ നിന്നും പിൻ വലിയുവാൻ കാരണമായി. ഈ വിഷമ ഘട്ടത്തിൽ ഒരു പുത്തൻ പ്രതീക്ഷയുമായി കടന്നു വന്നിരിക്കുകയാണ് നീരയുത്പാദനവും തെങ്ങിന്റെ ചങ്ങാതിക്കൂട്ടവും.

ഒരു കാലത്ത് ചുമലിൽ മുളയേണിയും, കയ്യിൽ തായ്പിലും, അരയിൽ നല്ല മൂർച്ചയുള്ള വെട്ടുകത്തിയുമായി നടന്നു നീങ്ങുന്ന തെങ്ങുകയറ്റക്കാർ കേരളത്തിന്റെ ഗ്രാമക്കാഴ്ച്ചയായിരുന്നു. പക്ഷേ വ്യവസായ വത്ക്കരണത്തിന്റേയും പാശ്ചാത്യ സംസ്ക്കാരത്തിന്റേയും കടന്നു കയറ്റത്തിന്റെ ഭാഗമായി കൃഷിയിൽ നിന്നും യുവതലമുറ പിൻവാങ്ങി. നാളികേര കൃഷിയിടങ്ങളിൽ തൊഴിലാളികളുടെ കടുത്ത ക്ഷാമവും തുടങ്ങി. ഈ ബുദ്ധിമുട്ട് കൂടുതൽ അനുഭവപ്പെട്ടത് ആയാസകരമായ തെങ്ങുകയറ്റ ജോലിയിലാണ്. തെങ്ങുകയറ്റക്കാരുടെ ക്ഷാമം മൂലം, മൂന്നും നാലും തെങ്ങുള്ളവർ നിലത്തു വീഴുന്ന തേങ്ങ പെറുക്കി വീട്ടാവശ്യം നടത്തുന്ന സ്ഥിതിയിലേയ്ക്ക് കേരളം നീങ്ങി. ഈ ഘട്ടത്തിലാണ് കേര കൃഷി കൂടുതൽ കാര്യ ക്ഷമമാക്കുന്നതിനും, പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനം ഉറപ്പാക്കുന്നതിനുമായി നാളികേര വികസന ബോർഡ് വിഭാവനം ചെയ്ത് മറ്റു സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി ആരംഭിച്ചത്.

കേവലം തെങ്ങു കയറ്റത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല ചങ്ങാതിക്കൂട്ടത്തിന്റെ പ്രവർത്തനങ്ങൾ. ബൃഹത്തായ ഒരു ലക്ഷ്യത്തോടുകൂടിയാണ് ഇത് തുടങ്ങിയിരിക്കുന്നതും, നടപ്പാക്കിക്കൊണ്ടിരിക്കുന്നതും. ഇതിലെ അംഗങ്ങളുടെ തിരഞ്ഞെടുപ്പു പോലും വളരെ ശ്രദ്ധയോടെയാണ് നടത്തുന്നത്. നാളികേര കൃഷിയോട് ആഭിമുഖ്യമുള്ള ഒരു പറ്റം ചെറുപ്പക്കാർ നമ്മുടെ നാട്ടിൽ ഉണ്ടാകണം. പതിനെട്ടിനും നാല്പതിനും ഇടയിൽ പ്രായമുള്ളവരെയാണ് ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് ആദായകരമായ തൊഴിൽ മേഖല ഉണ്ടാക്കിക്കൊടുക്കുക എന്നതും ഈ പരിപാടിയുടെ ലക്ഷ്യമാണ്. അതിനാൽ തന്നെ, തൊഴിൽ രഹിതരായ, ആരോഗ്യമുള്ള, അംഗവൈകല്യവും ഇല്ലാത്തവരെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്പോൾ പ്രധാനപ്പെട്ട നാളികേര ഉത്പാദന ജില്ലകളിൽ നിന്നായി ചങ്ങാതിക്കൂട്ടം പരിശീലനം നേടിയവരുടെ സംഖ്യ 38000 ആയിരിക്കുന്നു. ഇതിൽ 30 ശതമാനം സ്ത്രീകളാണ് എന്നതും ശ്രദ്ധേയമാണ്. ഏഴാം ക്ലാസ്സ് വരെയെങ്കിലും പഠിച്ചവരായിരിക്കണം എന്നതാണ് ഇതിനുള്ള വിദ്യാഭ്യാസ യോഗ്യത. ഇവരെ തെരഞ്ഞെടുക്കുന്നത് ഓരോ പ്രദേശത്തേയും, കേര കർഷക സമിതി, കുടുംബശ്രീ യൂണിറ്റ്, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കേര കർഷക സംഘം, നെഹ്റു യുവകേന്ദ്രം, നബാർഡ്, വിവിധ സന്നദ്ധ സംഘടനകൾ എന്നിവരാണ്.



ഏതൊരു ജോലിക്കും ശരിയായ പരിശീലനം ആവശ്യമാണ്. എങ്കിൽ മാത്രമേ അത് ഏറ്റവും കുറ്റമറ്റതായി, കാര്യക്ഷമതയോടെ കൊണ്ടു

പോകുവാൻ സാധിക്കൂ. കേര കൃഷി പരിപോഷിപ്പിക്കണമെങ്കിൽ ശരിയായ പരിശീലനം ലഭിച്ച യുവജനങ്ങൾ ആവശ്യമാണ്. തെങ്ങിന്റെ പരിപാലനത്തിൽ വിത്തു തേങ്ങ തിരഞ്ഞെടുക്കുന്നതു മുതൽ ശ്രദ്ധ ചെലുത്തണം.

എല്ലാ വിധത്തിലുമുള്ള പരിശീലനമാണ് ചങ്ങാതിക്കൂട്ടത്തിന് നൽകുന്നത്. ഒരാഴ്ച നീണ്ടു നിൽക്കുന്ന റസിഡൻഷ്യൽ രീതിയിലുള്ള ഈ പരിപാടിയിൽ ഒരു ബാച്ചിൽ ഇരുപത് പേരാണ് ഉണ്ടാവുക. ഇവർക്ക് തെങ്ങു കയറ്റ യന്ത്രത്തിന്റെ പ്രവർത്തന രീതി, തെങ്ങു കൃഷിയുടെ പ്രധാന വശങ്ങൾ, തെങ്ങിന്റെ പരിചരണം, ഇടവിളകൾ, ജലസേചന രീതി, വിളവെടുപ്പ്, വിവിധ പ്രായത്തിലുള്ള നാളികേരത്തെ തിരിച്ചറിയാനുള്ള മാർഗ്ഗം തെങ്ങിന്റെ പ്രധാന കീടങ്ങളും രോഗങ്ങളും, അവയുടെ നിയന്ത്രണ രീതി, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, വളപ്രയോഗം, വിവിധ തരം വളങ്ങൾ, വിത്തു തേങ്ങ ശേഖരിക്കൽ എന്നിവയിലാണ് പരിശീലനം കൊടുക്കുന്നത്. ഇതോടൊപ്പം, യുവാക്കളുടെ കാര്യക്ഷമതയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനായി ആശയ വിനിമയ പരിശീലനവും ഇവർക്ക് നൽകുന്നു. ഈ പരിശീലനം വഴി കൃഷിയെ സ്നേഹിക്കുന്ന തെങ്ങിനെ ആത്മ മിത്രമായി കരുതുന്ന ഒരു പറ്റം ചെറുപ്പക്കാരാണ് സമൂഹത്തിലേയ്ക്ക് ഇറങ്ങി വരുന്നത്. തീർച്ചയായും, ഇവർ നാടിനും സമൂഹത്തിനും ഒരു മുതൽക്കൂട്ടായിരിക്കും.

പരമ്പരാഗതമായി തെങ്ങു കയറ്റം തൊഴിലാക്കിയവരുടെ സംഖ്യ കുറഞ്ഞു പോയ സാഹചര്യം നാട്ടിൽ തെങ്ങിന്റെ ഉത്പാദനത്തെ ദോഷകരമായി ബാധിച്ചു. തെങ്ങു കയറ്റം എളുപ്പമാക്കുന്നതിന് പല തരത്തിലുള്ള തെങ്ങു കയറ്റ യന്ത്രങ്ങൾ ഇന്ന് ലഭ്യമാണ്. ഈ മേഖലയിലെ പരീക്ഷണങ്ങൾ തീർച്ചയായും വിജയം കണ്ടു എന്നതിൽ സംശയം വേണ്ട. സ്ത്രീകൾക്കും നിഷ്പ്രയാസം ഉപയോഗിക്കാൻ പറ്റിയതാണ് ഇന്ന് പ്രചാരത്തിലുള്ള തെങ്ങു കയറ്റ യന്ത്രം. ചങ്ങാതിക്കൂട്ടത്തിലെ ഓരോ തൊഴിലാളിക്കും ഇൻഷുറൻസ് പരിരക്ഷയും നൽകുന്നുണ്ട്. കേര കൃഷിയിൽ പുത്തനുണർവ് സൃഷ്ടിക്കുന്ന ഈ പരിപാടി പൂർണ്ണമായും വിജയിക്കണമെങ്കിൽ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

നാളികേരത്തിന്റെ നാട് എന്നാണ് കേരളത്തെ വിശേഷിപ്പിക്കുക. ഭൂമുഖത്ത് ഏറ്റവുമധികം ഉപയോഗമുള്ള പത്ത് വൃക്ഷങ്ങളിൽ ഒന്നാണ് തെങ്ങ്. ലോക നാളികേര ദിനമായി സെപ്റ്റംബർ 2 നാം ആചരിക്കാറുണ്ട്. ഈ ആചരണത്തിനപ്പുറത്ത് തെങ്ങിനേയും കൃഷിയേയും സ്നേഹിക്കുവാൻ വിദ്യാർത്ഥി സമൂഹം പരിശ്രമിക്കണം. പച്ചപ്പു നിറഞ്ഞ നെൽപ്പാടങ്ങളേയും, ഇടതൂർന്ന് വളർന്നു നിൽക്കുന്ന കേര വൃക്ഷങ്ങളേയും നമുക്ക് സ്വപ്നം കാണാം. നഷ്ടപ്പെട്ടുപോയ കാർഷിക സംസ്ക്കാരം സർവ്വ പ്രതാപത്തോടും കൂടി നമുക്ക് തിരിച്ചു കൊണ്ടുവരാം.

കവിത

# ഇളനീർ

**ഹരീഷ് പി.വി**

പ്ലാവട തോട്ടപ്പാട്ട്, മണിയംപാറ റോഡ്, സൗത്ത് വാഴക്കുളം, ആലുവ

നാളികേരവികസന ബോർഡ് നടത്തിയ സാഹിത്യമത്സരത്തിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ ഒന്നാം സമ്മാനാർഹമായ കവിത

ഇളനീർ കുംഭങ്ങൾ പേറി നിൽക്കും
മുറ്റത്തെ ലക്ഷ്മിയാം, കല്പവൃക്ഷമേ!
നിൻ തണ്ണീർ പന്തലിൻ മുൻപാകെ
നമിക്കുന്നു ഞാൻ, കൂപ്പുകൈയ്യാൽ!

സൂചി കടക്കാത്ത കിണറിലെ ഒരു തുടം
തണ്ണീരിനാൽ, ദാഹിച്ചു പോണോരുടെ
ദാഹത്തെ തീർക്കും നീ, മോഹിച്ചു-
പോന്നോർക്കു, വന്നങ്ങ നൽകും.

രോഗത്തെ ശമിപ്പിക്കും ഒറ്റമൂലിയാം നീ,
രോഗാണു മുക്ത, സംസ്ഥാന പാനീയമേ
മുലപ്പാലില്ലെങ്കിൽ കുലപ്പാല് നൽകും തായേ,
മൃത സഞ്ജീവനിക്കു സമമല്ലോ നിൻ ഇളനീർ.


മാലോകർക്കെല്ലാം ഉന്മേഷമേകും, പ്രകൃതി തൻ
മാലിന്യ രഹിത ഉത്തമാരോഗ്യ പാനീയമേ
ഇളനീരേ! നീയല്ലാതെ മറ്റാരുമില്ലീയുലകിൽ
ഞങ്ങളോടൊപ്പം, ചൊട്ട മുതൽ ചുടലവരെ






നാളികേര വികസനബോർഡ് നടത്തിയ മത്സരത്തിൽ യുപി വിഭാഗത്തിൽ ഒന്നാം സമ്മാനാർഹമായ കാർട്ടൂൺ. ആദിത്യ അമ്പാടി, കെ.പി. സദനം, ചെറുമുഖ, ഐരാണിക്കുടി പി.ഒ. മാവേലിക്കര






നാളികേര വികസനബോർഡ് നടത്തിയ മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സമ്മാനാർഹമായ കാർട്ടൂൺ. അദ്വൈത് എസ്., പഴയകാലായിൽ, ആറളം പി.ഒ, കണ്ണൂർ.

# നാളികേര വികസന ബോർഡിൽ ഉന്നത തല യോഗം



**പി**ന്നിട്ട ധനകാര്യ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നടപ്പു സാമ്പത്തിക വർഷത്തേയ്ക്കുള്ള കർമ്മ പദ്ധതി തയാറാക്കുന്നതിനും നാളികേര വികസന ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ജൂൺ 2ന് ബോർഡ് ആസ്ഥാനത്ത് ചേർന്നു. ചെയർമാൻ ശ്രീ.ടികെ ജോസിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ.സുഗത ഘോഷ്, ബോർഡ് സെക്രട്ടറി, ഡയറക്ടർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ തുടങ്ങിയവർ സംബന്ധിച്ചു.

നാളികേര മേഖലയിൽ ഉത്പാദക കമ്പനികളുൾപ്പെടുന്ന ത്രിതല കർഷക കൂട്ടായ്മകൾ നിലവിൽ വന്നതോടെ ബോർഡിന്റെ പദ്ധതികളുടെ നടത്തിപ്പിൽ ഭവിച്ചിരിക്കുന്ന ഘടനാപരമായ മാറ്റത്തെകുറിച്ച് ചെയർമാൻ വിശദീകരിച്ചു.

ഇതര നാളികേര ഉത്പാദക സംസ്ഥാനങ്ങളായ മഹാരാഷ്ട്ര, ഒഡീഷ, പശ്ചിമബംഗാൾ, ഗോവ തുടങ്ങിയ മേഖലകളിലേക്ക് കൂടി ഉത്പാദക കമ്പനികളുടെ രൂപീകരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതുണ്ടെന്നും ഇതിനായി അതത് സംസ്ഥാന, മേഖലാ ഓഫീസർമാർ നേതൃത്വം നല്കണമെന്നും ചെയർമാൻ തുടർന്നു.

മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ.സുഗത ഘോഷ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ബോർഡിന്റെ ധനകാര്യ സ്ഥിതി സംബന്ധിച്ച് സെക്രട്ടറി ശ്രീ.എകെ നന്തി യോഗത്തിൽ വിശദീകരിച്ചു. പങ്കെടുത്ത ഓരോ ഉദ്യോഗസ്ഥരും അവരുടെ പ്രവർത്തനങ്ങളിലെ നേട്ടങ്ങളും ലക്ഷ്യങ്ങളും അവതരിപ്പിച്ചു. കൂടുതൽ കർഷകരിലേയക്ക് ബോർഡിന്റെ സന്ദേശം എത്തിക്കുന്നതിന് ഓരോ ഉദ്യോഗസ്ഥനും പ്രതിബദ്ധനാകണമെന്ന് സമാപന പ്രസംഗത്തിൽ ചെയർമാൻ കൂട്ടിച്ചേർത്തു.

# സംരംഭക സംഗമവും ഉത്പ്പന്ന പ്രദർശനവും നടത്തി

**ത**മിഴ്നാട് കാർഷിക സർവകലാശാല, കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നാളികേര വികസന ബോർഡ് സംരംഭക സംഗമവും ഉത്പ്പന്ന പ്രദർശനവും നടത്തി. ജൂൺ 13 ന് തമിഴ്നാട് കാർഷിക സർവകലാശാലയുടെ കോയമ്പത്തൂർ കാമ്പസിൽ നടത്തിയ സംഗമത്തിൽ വിവിധ വകുപ്പുകളിൽ നിന്ന് 250 പ്രതിനിധികളും സംരംഭകരും പങ്കെടുത്തു.

തമിഴ്നാട് കൃഷിവകുപ്പ് ഡയറക്ടർ ഡോ. എം രാജേന്ദ്രൻ ഐഎഎസ് ആമുഖ പ്രഭാഷണം നടത്തി. തമിഴ്നാട്ടിലും നാളികേര പുനരുദ്ധാരണ പദ്ധതി നടപ്പാക്കണമെന്ന് അദ്ദേഹം നാളികേര വികസന ബോർഡിനോട് അഭ്യർത്ഥിച്ചു. ഉദുമൽപെട്ടിലെ ഥലിയിൽ 100 ഏക്കർ സ്ഥലമാണ് വിത്തുത്പാദന പ്രദർശന തോട്ടം സ്ഥാപിക്കുന്നതിന് തമിഴ്നാട് ഗവൺമെന്റ് നാളികേര വികസന ബോർഡിന് നല്കിയിട്ടുണ്ട് എന്നും അദ്ദേഹം പറഞ്ഞു.

നാളികേരത്തിന്റെ മൂല്യവർധിത ഉത്പ്പന്നങ്ങളുടെ പ്രചാരണമാണ് ഇത്തരം സംഗമം കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് തമിഴ്നാട് അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മിഷണർ ശ്രീ. രാജേഷ് ലഖോണി ഐഎഎസ് വ്യക്തമാക്കി. അലിയാർ നഗറിലും വെപ്പൻകുളത്തുമുള്ള നാളികേര ഗവേഷണ കേന്ദ്രങ്ങളിൽ നീര ടെക്നീഷ്യൻ പരിശീലനം ആരംഭിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. നാളികേര വികസന ബോർഡിന്റെ ചെന്നൈ റീജണൽ ഓഫീസിലെ ഡയറക്ടർ എൽ. ഒബേദ് സ്വാഗതവും ഡെപ്യൂട്ടി ഡയറക്ടർ ടി.ബാല സുധാഹരി നന്ദിയും പറഞ്ഞു.

തുടർന്ന് നടന്ന സെമിനാർ പ്രഫ.രാജമാണിക്യം നയിച്ചു. നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഹേമചന്ദ്ര, സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കെമിസ്റ്റ് ആനി ഈപ്പൻ, മാണിക്യവേലു, കോമ്പത്തൂർ - ഈറോഡ് ജാഗറി



*തമിഴ്നാട് കാർഷിക സർവകലാശാലയുടെ കോയമ്പത്തൂർ കാമ്പസിലെ രാശി ഹാളിൽ നടന്ന സംരംഭക സംഗമത്തിന്റെ ഉദ്ഘാടനചടങ്ങ്*

മാർക്കറ്റിംങ് ഫെഡറേഷൻ മാനേജിംങ് ഡയറക്ടർ എ കമലം എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.

ടീക്രാഫ്റ്റ്, ആൽഫാ ലാവൽ, ടെക്നോമാർക്ക് തുടങ്ങി വിവിധ മെഷിനറി നിർമ്മാതാക്കളുടെയും കാനറ ബാങ്ക്, ഫെഡറൽ ബാങ്ക്, കരൂർ വൈശ്യ ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെയും പ്രതിനിധികളും സംഗമത്തിന് എത്തിയിരുന്നു.

# കർണാടക, തമിഴ്നാട് നാളികേര കർഷകരും നീര ഉത്പാദന – സംസ്കരണത്തിലേയ്ക്ക്

കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളായ കർണാടകത്തിലും തമിഴ്നാട്ടിലും നീര ടാപ്പിങ്ങ് അനുവദിക്കാനുള്ള നടപടിക്രമങ്ങൾ ഗവൺമെന്റു തലത്തിൽ പൂർത്തിയാക്കി വരികയാണ് എന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് അറിയിച്ചു. ഇതിന്റെ ഭാഗമായി കർണാടക ഗവൺമെന്റിന്റെ ഒരു ഉന്നത തല സംഘം ബോർഡ് സന്ദർശിച്ച് ചർച്ചകൾ നടത്തുകയുണ്ടായി. കൊച്ചിയിൽ ബോർഡ് ആസ്ഥാനത്ത് നടന്ന നാളികേര വികസന ബോർഡിന്റെ നടപ്പു വർഷത്തെ രണ്ടാമത് പദ്ധതി പുനരവലോകന യോഗത്തിൽ ആധ്യക്ഷ്യം വഹിച്ച് സംസാരിക്കുകയായിരുന്നു ചെയർമാൻ.

ഈ പശ്ചാത്തലത്തിൽ കർണാടകത്തിലെ നാളികേര ഉത്പാദക ഫെഡറേഷനുകളിൽ നീര ടാപ്പിങ്ങ് ആരംഭിക്കുന്നതിനുള്ള കർമ്മ പദ്ധതി ബോർഡ് ഉടൻ രൂപീകരിക്കണമെന്ന് അദ്ദേഹം തുടർന്നു. തമിഴ്നാട്ടിലും ഇതേ നടപടികൾ ആരംഭിക്കണം. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നീരയുടെ ഉത്പാദനവും സംസ്കരണവും തമിഴ്നാട്ടിലെ കർഷകരെ പരിശീലിപ്പിക്കണം. ഇപ്പോൾ പരമ്പരാഗത രീതിയിലാണ് അവർ നീര സംസ്കരിച്ച് ചക്കര നിർമ്മിക്കുന്നത്. തമിഴ്നാടിന്റെ ചുമതലയുള്ള പുതിയ ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിരമായി സംസ്ഥാനത്തെ ഹോർട്ടിക്കൾച്ചർ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് നീര സംസ്കരണത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തണം. നാളികേര കർഷക കൂട്ടായ്മകളിലൂടെ ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ നീര ഉത്പാദന പ്രക്രിയ ഉറപ്പു വരുത്തേണ്ടത് നാളികേര ബോർഡിന്റെ ജോലിയാണ്. എങ്കിൽ മാത്രമെ അതിലൂടെ കർഷകർക്ക് സ്ഥിരവും കൃത്യവുമായ വരുമാനം ഉറപ്പാക്കാൻ സാധിക്കുകയുള്ളു എന്ന് ചെയർമാൻ ചൂണ്ടിക്കാട്ടി.

അതിനാൽ തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളുടെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി ഡയറക്ടർമാർ അടിയന്തിരമായി നാളികേരം കൂടുതലായി കൃഷി ചെയ്യുന്ന മേഖലകളിലെ ജില്ലാ കളക്ടർമാരെ സന്ദർശിച്ച് നീരയുടെ സാധ്യതകളും പ്രാധാന്യവും ചർച്ച ചെയ്ത്, കൃഷിക്കാർക്കും സംസ്ഥാനത്തിനും നീരയിലൂടെ ലഭിക്കാവുന്ന വരുമാനം അവരെ ബോധ്യപ്പെടുത്തണം. നീര ടാപ്പിങ്ങിനുള്ള മാസ്റ്റർ ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കണം. ആവശ്യമുള്ള മാസ്റ്റർ ടെക്നീഷ്യന്മാർ എത്രയെന്ന് നിശ്ചയിക്കണം.അവർ വഴി വേണ്ടത്ര നീര ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കണം. സംസ്ഥാന ഗവൺമെന്റിൽ നിന്ന് നീര ഉത്പാദനത്തിനുള്ള ഉത്തരവ് ഇറങ്ങുമ്പോഴേയ്ക്കും ഓരോ സംഘങ്ങളിലും ആവശ്യമുള്ളത്ര പരിശീലനം നേടിയ നീര ടെക്നീഷ്യന്മാരുടെ ലഭ്യത ഉറപ്പാക്കണം. ഇതു കൂടാതെ കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നാളികേര ഉത്പാദക സംഘങ്ങൾ, ഫെഡറേഷനുകൾ എന്നിവരുടെ രൂപീകരണം ശക്തമാക്കണം – ചെയർമാൻ പറഞ്ഞു.

ബോർഡിൽ പുതുതായി ചുമതലയേറ്റ ഡപ്യൂട്ടി ഡയറക്ടർ ( ചെന്നൈ) ടി ബാലസുധാഹരി, ടെക്നിക്കൽ ഓഫീസർ നീതു തോമസ് എന്നിവരെയും ചെയർമാൻ സ്വാഗതം ചെയ്തു.



# കെ.പി ആന്റണി വിരമിച്ചു

നാളികേര വികസന ബോർഡിൽ 29 വർഷത്തെ സേവനത്തിനു ശേഷം ഡ്രൈവർ ശ്രീ.കെ പി ആന്റണി ജോലിയിൽ നിന്നു വിരമിച്ചു. തൃശൂർ സ്വദേശിയായ ആൻണി 1986 ജൂലൈ 29 നാണ് ബോർഡിൽ സേവനം ആരംഭിച്ചത്.

## ഇരുവഞ്ഞി നാളികേര ഫെഡറേഷൻ തെങ്ങിൻ തൈവിതരണം തുടങ്ങി

ഇരുവഞ്ഞി നാളികേര ഉത്പാദക ഫെഡറേഷന്റെ ഉടമസ്ഥതയിൽ ആരംഭിച്ച നാളികേര നഴ്സറിയിൽ നിന്ന് തെങ്ങിൻ തൈകൾ വിതരണം ചെയ്തു തുടങ്ങി. കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്കിലുള്ള കാരശേരി, കൊടിയത്തൂർ, മുക്കം പഞ്ചായത്തു പരിധിയിലുള്ള 25 നാളികേര സംഘങ്ങൾ ചേർന്നു രൂപീകൃതമായ ഇരുവഞ്ഞി നാളികേര ഫെഡറേഷന്റെ പ്രഥമ സംരംഭമാണ് തെങ്ങിൻ തൈ നഴ്സറി.

അത്യുത്പാദന ശേഷിയുള്ള പതിനായിരത്തിലധികം കുറിയഇനത്തിൽ പെട്ട ആറു തരം തെങ്ങിൻ തൈകളാണ് വിതരണത്തിന് നഴ്സറിയിൽ തയാറായിട്ടുള്ളത്. തൈകളുടെ വിതരണോദ്ഘാടനം നാളികേര വികസന ബോർഡ് ടെക്നിക്കൽ ഓഫീസർ കെ.മൃദുല നിർവഹിച്ചു. ചടങ്ങിൽ ഫെഡറേഷൻ പ്രസിഡന്റ് രഘുപ്രസാദ് അധ്യക്ഷത വഹിച്ചു. കമ്പനി ചെയർമാൻ അരവിന്ദാക്ഷൻ, സജീഷ് മുത്തേരി, പ്രശോഭ് എന്നിവർ ആശംസകൾ നേർന്നു.



*ഇരുവഞ്ഞി നാളികേര ഉത്പാദക ഫെഡറേഷന്റെ നഴ്സറിയിൽ നിന്നുള്ള തെങ്ങിൻ തൈകളുടെ വിതരണോദ്ഘാടനം ടെക്നിക്കൽ ഓഫീസർ കെ .മൃദുല നിർവഹിക്കുന്നു.*

# കാവുംകുടി ഉത്പാദക സംഘം ഓഹരി വിഹിതം കൈമാറി



*കാവുംകുടി കർഷക ശക്തി ഉത്പാദക സംഘത്തിന്റെ ഓഹരി വിഹിതം സംഘം പ്രസിഡന്റ് ഇഡി തോമസിൽ നിന്ന് തേജസ്വിനി കമ്പനി ചെയർമാൻ സണ്ണി ജോർജ് ഏറ്റുവാങ്ങുന്നു. സി.യു തോമസ്, അഡ്വ.ഡെന്നി ജോർജ്, കൃഷി ഓഫീസർ ബാലകൃഷ്ണൻ, ജോസഫ് പരവം പറമ്പിൽ, ഷാൽസ് ജോസ് എന്നിവർ സമീപം.*

**ക**ണ്ണൂർ ജില്ലയിലെ കാവുംകുടി കർഷക ശക്തി നാളികേര ഉത്പാദക സംഘത്തിന്റെ വാർഷിക പൊതു യോഗം മെയ് 25 ന് കാവുംകുടി കമ്യൂണിറ്റി ഹാളിൽ ചേർന്നു. യോഗത്തിൽ സംഘം പ്രസിഡന്റ് ഇ ഡി തോമസ് അധ്യക്ഷനായിരുന്നു. ആലക്കോട് ഫെഡറേഷൻ പ്രസിഡന്റ് സിയു തോമസ് യോഗം ഉദ്ഘാടനം ചെയ്തു. കാവും കുടി സംഘം സെക്രട്ടറി ജിന്റോ ജോസഫ് റിപ്പോർട്ടും ട്രഷറർ ഷാജൻ മാത്യും കണക്കുകളും അവതരിപ്പിച്ചു.

ഇ.ഡി തോമസ് പ്രസിഡന്റായി നിലവിലുള്ള ഭരണസമിതിയെ തന്നെ വീണ്ടും സംഘത്തിന്റെ ഭാരവാഹികളായി യോഗം തെരഞ്ഞെടുത്തു. പത്ത് അംഗ ഭരണസമിതിയിൽ കെ.പി മോഹനനെ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ചു.

യോഗത്തിൽ കണ്ണൂർ തേജസ്വിനി കമ്പനിയിലേയ്ക്കുള്ള കാവുംകുടി സംഘത്തിന്റെ ഓഹരിവിഹിതം കമ്പനി ചെയർമാൻ സണ്ണി ജോർജ് ഏറ്റുവാങ്ങി. ജോസഫ് പരവംപറമ്പിൽ ആശംസകൾ നേർന്നു. സംഘം രക്ഷാധികാരി അഡ്വ. ഡെന്നി ജോർജ് സ്വാഗതവും വിജെ ബാബു നന്ദിയും പറഞ്ഞു. തുടർന്ന് സംഘം നീര ഉത്പാദനം നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കുറിച്ച് തേജസ്വിനി കമ്പനിയിലെ ഷാൾസും, ഇടവിളകൃഷിയെക്കുറിച്ച് ആലക്കോട് കൃഷി ഓഫീസർ ബാലകൃഷ്ണനും ക്ലാസ് എടുത്തു.

2010 ൽ 78 അംഗങ്ങളുമായി ആരംഭിച്ച സംഘത്തിൽ ഇപ്പോൾ 106 അംഗങ്ങൾ ഉണ്ട്. ഇവർക്ക് 171 ഏക്കർ തെങ്ങിൻ പുരയിടവും അതിൽ 8571 തെങ്ങുകളും ഉണ്ട്. കഴിഞ്ഞ വർഷത്തെ ഉത്പാദനം 513470 നാളികേരമാണ്. ബോർഡിൽ നിന്നു ലഭിച്ച വളം, പയർവിത്ത് തുടങ്ങിയവ യഥാസമയം സംഘം അംഗങ്ങൾക്ക് വിതരണം ചെയ്തു. അംഗങ്ങളിൽ നിന്ന് സമാഹരിച്ച തുകയുടെ പകുതി ഫെഡറേഷനു നല്കി. ചെലവു കഴിച്ചു 5617 രൂപ ഇപ്പോൾ നിക്ഷേപമായി ബാങ്കിൽ ഉണ്ട്.

പ്രസിഡന്റിന്റെ വീട്ടിലെ ഒരു മുറിയാണ് ഓഫീസായി പ്രവർത്തിക്കുന്നത്. രേഖകളും ഫയലുകളും കൃത്യമായി സൂക്ഷിച്ച് കാലാകാലങ്ങളിൽ ചെയ്യേണ്ടതായ എല്ലാ ഓഫീസ് ജോലികളും ഭരണസമിതി അംഗങ്ങൾ ഒന്നിച്ചിരുന്ന് ചെയ്യുന്നു.

ആലക്കോട് ഫെഡറേഷന്റെ ചുമതലയിൽ കൊണ്ടു വന്ന കുറിയ ഇനം തെങ്ങിൻ തൈകൾ, വിത്തുതേങ്ങ, കൊക്കോ തൈകൾ എന്നിവ സംബന്ധിച്ച് അംഗങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തി അവ ആവശ്യാനുസരണം സംഘം വിതരണം ചെയ്യുന്നു. കൂടാതെ സിപിസിആർഐയിൽ നിന്നും കുറിയ ഇനം തൈകൾ വാങ്ങി അംഗങ്ങൾക്ക് നല്കുന്നുമുണ്ട്. പണമിടപാടുകൾ ബാങ്കിലൂടെ സുതാര്യമാക്കുന്നതിനായി സംഘം പാൻ കാർഡ് എടുത്തിട്ടുണ്ട്.

നാളികേര വികസനവുമായി ബന്ധപ്പെട്ടു നടക്കുന്ന എല്ലാ സെമിനാറുകളിലും ചടങ്ങുകളിലും സംഘം പ്രതിനിധികൾ സജീവമായി പങ്കെടുക്കുന്നു. കൂടാതെ കർഷകരെ സഹായിക്കാൻ അടുത്ത വർഷത്തേയ്ക്ക് പത്തിന കർമ്മ പരിപാടികൾ സംഘം ആസൂത്രണം ചെയ്തിട്ടുമുണ്ട്. ഇതിൽ കൽപ്പകശ്രീ ക്രെഡിറ്റ് കാർഡ്, ഇടവിള കൃഷി, അംഗങ്ങളുടെ തെങ്ങുകളുടെ എണ്ണം, അവയുടെ പ്രായം, ഇനം തുടങ്ങിയ വിവരശേഖരണം എന്നിങ്ങനെയുള്ള വിവിധ പരിപാടികളാണുള്ളത്.

# പറമ്പയം ഉത്പാദക സംഘം വാർഷിക പൊതു യോഗം നടത്തി

**പ**റമ്പയം നാളികേര ഉത്പാദക സംഘത്തിന്റെ വാർഷിക പൊതു യോഗം പറമ്പയം പാരീഷ് ഹാളിൽ നടത്തി.

പുതിയ ഭാരവാഹികളായി പി എൽ തോമസ് പള്ളിയാൻ സെക്രട്ടറി, പി. വി.കുര്യൻ ഇഞ്ചിക്കപാലാട്ടി, പിആർ പ്രിൻസ് പാലപ്പിള്ളിക്കുടി കമ്മിറ്റി അംഗങ്ങൾ, മറ്റു ഭാരവാഹികളായി കഴിഞ്ഞ ഭരണസമിതിയിൽ അതത് സ്ഥാനങ്ങൾ വഹിച്ചിരുന്നവർ എന്നിവരെ തെരഞ്ഞെടുത്തു. പൊതു യോഗത്തിൽ സംഘം പ്രസിഡന്റ് പിവി പോൾ അധ്യക്ഷനായിരുന്നു.



*പറമ്പയം നാളികേര ഉത്പാദക സംഘത്തിന്റെ വാർഷിക പൊതു യോഗം പറമ്പയം പാരീഷ് ഹാളിൽ മൂക്കന്നൂർ ഫെഡറേഷൻ പ്രസിഡന്റ് ഏലിയാസ് തര്യൻ ഉദ്ഘാടനം ചെയ്യുന്നു. മൂക്കന്നൂർ പഞ്ചായത്ത് മെമ്പർ പോൾ പി ജോസഫ്, പ്രസിഡന്റ് പി.വി. പോൾ, ഫാ. ജിമ്മി കുന്നത്തൂർ, സെക്രട്ടറി എഡി വർഗീസ് എന്നവർ സമീപം*

# രാമപുരത്ത് നാളികേര കർഷക സെമിനാർ നടത്തി



*രാമപുരം പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ കർഷക സെമിനാർ , നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ.ടികെ ജോസ് ഉദ്ഘാടനം ചെയ്യുന്നു. അഗസ്റ്റിൻ ജോസഫ്, അഡ്വ.ബിജു പുന്നത്താനം, ഫെഡറേഷൻ പ്രസിഡന്റ് ജോയി കോലത്ത്, തോമസ് ഉഴുന്നാലി, തോമസ് മൈലയ്ക്കൽ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ജോർജ് മത്തായി, നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെഎസ് സെബാസ്റ്റ്യൻ, കൃഷി ഓഫീസർ ജോമോൻ ജോസഫ്, ജോയി പുതിയകുന്നേൽ എന്നിവർ സമീപം.*

**രാ**മപുരം നാളികേര ഉത്പാദക ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ രാമപുരം പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ നാളികേര കർഷക സെമിനാർ നടന്നു.

നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ.ടി കെ ജോസ് സെമിനാർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഫെഡറേഷൻ പ്രസിഡന്റ് ജോയി കോലത്ത് അധ്യക്ഷനായിരുന്നു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിജു പുന്നത്താനം രാമപുരം പഞ്ചായത്ത് ആക്ടിംങ് പ്രസിഡന്റ് മാത്യു ഏബ്രഹാം, വാർഡ് മെമ്പർ സണ്ണി പൊരുന്നക്കോട്ട് എന്നിവർ ആശംസകൾ നേർന്നു.

തുടർന്ന് നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെഎസ് സെബാസ്റ്റ്യൻ, കൃഷി അസിസ്റ്ററൻ ഡയറക്ടർ ജോർജ് കെ മത്തായി, രാമപുരം കൃഷി ഓഫീസർ ജോമോൻ ജോസഫ് എന്നിവർ വിവിധ വിഷയങ്ങളെ കുറിച്ച് ക്ലാസുകൾ നയിച്ചു. ഫെഡറേഷൻ സെക്രട്ടറി തോമസ് മൈലക്കൽ സ്വാഗതവും ട്രഷറർ തോമസ് ഉഴുന്നാലിൽ നന്ദിയും പറഞ്ഞു.

## കോട്ടയം ജില്ലയിൽ പ്രഥമ നാളികേര ഉത്പാദക കമ്പനി: നടപടികൾ തുടങ്ങി

**കോ**ട്ടയം ജില്ലയിൽ നാളികേര പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രാരംഭ ഒരുക്കങ്ങൾ ആരംഭിച്ചു. 2015 ജൂൺ 6 ന് രാമപുരം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ചേർന്ന കോട്ടയം ജില്ലയിലെ വിവിധ നാളികേര ഫെഡറേഷനുകളുടെ ഭാരവാഹികളുടെ സംയുക്ത യോഗം കമ്പനി രൂപീകരണത്തിന് ആവശ്യമായ പ്രാരംഭ തുടക്കങ്ങൾക്ക് പ്രമോട്ടിംഗ് കമ്മറ്റി രൂപീകരിച്ചു. അഡ്വ. പി.സി മാത്യു (ചങ്ങനാശ്ശേരി) കൺവീനർ, ജോയി കോലത്ത് (രാമപുരം) ജോ. കൺവീനർ, എൻ. അജിത് മുതിരമല (ചങ്ങനാശ്ശേരി), തോമസ് ഉഴുന്നാലിൽ (രാമപുരം), സാജൻ കെ ഐസക്ക്, സി.ഐ സെബാസ്റ്റ്യൻ (വൈക്കം), സത്യൻ പി.എസ്, എ.എൻ അനിൽകുമാർ (ഞീഴൂർ), പി.വി ജോസ്, ജോൺ കോര (കുമരകം), എം. പി. സാനു, ജോസഫ് ഇടത്തിൽ (തലയാഴം) എന്നിവർ അംഗങ്ങളായി 12 അംഗ പ്രമോട്ടിംഗ് കമ്മറ്റിയാണ് രൂപീകരിച്ചത്. നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ.ടി.കെ ജോസ് ഐ.എ.എസ്, കെ.എസ് സെബാസ്റ്റ്യൻ ജില്ലാ ചാർജ് ഓഫീസർ (നാളികേര വികസന ബോർഡ്), എന്നിവർ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. പ്രമോട്ടിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ തിരുക്കൊച്ചി, കരപ്പുറം കമ്പനികളിൽ പഠന പര്യടനം നടത്തി.

## നാളികേര നേഴ്സറി ആരംഭിച്ചു



*ചുങ്കത്തറ നാളികേര ഉത്പാദക ഫെഡറേഷനിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന നാളികേര നഴ്സറി*

**ചു**ങ്കത്തറ ഫെഡറേഷനിൽ നിലമ്പൂർ കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി വക നാളികേര നഴ്സറി ആരംഭിച്ചു. ഒരു ലക്ഷം തൈകൾ ഉത്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ഉദുമൽപെട്ടയിൽ നിന്ന് 10,500 വിത്തുതേങ്ങ കൊണ്ടു വന്ന് തടങ്ങളിൽ പാകി കഴിഞ്ഞു. നേഴ്സറിയുടെ ചുമതല ഡയറക്ടർ റെജി എബ്രഹാമിനാണ്. കമ്പനി ചെയർമാൻ തോമസ് ഫിലിപ്പ് നഴ്സറി ഉദ്ഘാടനം ചെയ്തു. നാളികേര ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന നേഴ്സറിയിൽ മലയൻ കുറിയ പച്ച, മഞ്ഞ, ഓറഞ്ച്, ചാവക്കാടൻ മഞ്ഞ എന്നീ ഇനം വിത്തു തേങ്ങകൾ കൂടി കൊണ്ടുവന്ന് പാകുവാൻ ഉദ്ദേശിക്കുന്നു.

# അങ്ങാടിപ്പുറം നാളികേര ഫെഡറേഷൻ ഓഫീസ് ഉദ്ഘാടനം ചെയ്തു

**അ**ങ്ങാടിപ്പുറം പഞ്ചായത്ത് നാളികേര ഉൽപ്പാദക ഫെഡറേഷൻ ഓഫീസിന്റെ ഉദ്ഘാടനം മങ്കട എം.എൽ.എ ടി.എ. അഹമ്മദ് കബീർ നിർവഹിച്ചു.

നാളികേര സംഘങ്ങളും ഫെഡറേഷനുകളും രൂപീ കരിച്ച് കമ്പനികളാക്കി നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമിച്ച് വിപണി കീഴടക്കാൻ നാളികേര വികസന ബോർഡിന്റെ സഹായത്താൽ നാളികേര കർഷകർക്ക് സാധിച്ചതിൽ അഭിമാനിക്കുന്നതായി എം.എൽ.എ പ്രസ്താവിച്ചു.

യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെബർ ഉമ്മർ അറക്കൽ, ഗ്രാമ പഞ്ചായത്ത് വൈസ്പ്രസിഡന്റ് കളത്തിൽ ശങ്കുണ്ണി, ബ്ലോക്ക് പഞ്ചായത്ത് മെംബർ യു.രവി, ഗ്രാമ പഞ്ചായത്ത് മെംബർമാരായ വാക്കാട്ടിൽ സുനിൽ ബാബു, ഒ. ഹരി, ഫെഡറേഷൻ പ്രസിഡന്റ് ബാപ്പുട്ടി തിരൂർക്കാട്, ആലിഹാജി കുത്ത്, വാസു മാസ്റ്റർ, യു. കുഞ്ഞുമുഹമ്മദ്, കെ. മുഹമ്മദാലി കളത്തിൽ ഹംസ, മുഹമ്മദ് കബീർ പാതാരി, എ.പി. വർഗ്ഗീസ്, അബ്ദുസ്സമദ് തവളേങ്ങൽ, സുലൈമാൻ എ.പി, റജി, അബ്ദുള്ള സി, ഉമ്മർ.ടി, റഷീദ് പി.ടി, ഇബ്രാഹിം. പി.കെ, നിഷാദ് ബാബു, വീരാൻകുട്ടി പി.ടി, അബ്ദുള്ള എം.സി, തോമസ്.ടി, കുഞ്ഞിമുഹമ്മദ്. പി, മുഹമ്മദ് ചോലക്കൽ, കുഞ്ഞലവി. പി.ടി. എന്നിവർ പ്രസംഗിച്ചു.



*അങ്ങാടിപ്പുറം പഞ്ചായത്ത് നാളികേര ഉൽപ്പാദക ഫെഡറേഷന്റെ ഓഫീസ് ഉദ്ഘാടനം മങ്കട എം.എൽ.എ ടി.എ. അഹമ്മദ് കബീർ നിർവഹിക്കുന്നു.*

# പൊന്നാനി നാളികേര ഉത്പാദക ഫെഡറേഷൻ ഒന്നാം വാർഷികം ആഘോഷിച്ചു

**സം**സ്ഥാനത്ത് കാർഷിക പുരോഗതി കൈവരിക്കുന്നതിന് കർഷക കുടുംബസംഗമങ്ങൾ വളരെയധികം ഗുണം ചെയ്യുമെന്നും കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് കൂട്ടായ്മകളുടെ പ്രവർത്തനം ഉപകരിക്കുമെന്നും പി. രാമകൃഷ്ണൻ എം.എൽ.എ അഭിപ്രായപ്പെട്ടു. പൊന്നാനി നാളികേര ഉൽപാദക ഫെഡറേഷന്റെ ഒന്നാം വാർഷികം കണ്ടകുറുമ്പക്കാവ് കല്യാണ മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു എം. എൽ.എ. നാളികേരത്തോടൊപ്പം മറ്റു കാർഷിക വിളകളുടെ വൈവിദ്ധ്യവൽക്കരണത്തിനു കൂടി പ്രാമുഖ്യം നൽകേണ്ടതാണെന്നും എം.എൽ.എ നിർദ്ദേശിച്ചു.

കാർഷിക സെമിനാറിൽ മഹാത്മാ സി.പി.എഫ്, പ്രസിഡന്റ് പി. എ. അഹമ്മദ്, കേര സുരക്ഷ സി.പി.എഫ്, പ്രസിഡന്റ് ടി. വി.അബ്ബാസ്, നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെ. എസ്. സെബാസ്റ്റ്യൻ എന്നിവർ വിവിധ വിഷയങ്ങളെപ്പറ്റി സംസാരിച്ചു. കമ്പനി രൂപീകരണം എത്രയും വേഗം നടത്തേണ്ടതാണെന്നും അതിന് കർഷകർ ഓഹരി പങ്കാളിത്തം അടച്ച് മൂലധനം സ്വരൂപിക്കേണ്ടതാണെന്നും യോഗം നിർദ്ദേശിച്ചു.



*പൊന്നാനി നാളികേര ഉത്പാദക ഫെഡറേഷന്റെ വാർഷികത്തോടനുബന്ധിച്ചു നടന്ന സെമിനാറിൽ നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ കെ. എസ്. സെബാസ്റ്റ്യൻ*

കർഷകരുടെ കുട്ടികളിൽ എസ്.എസ്.എൽ.സി. പ്ലസ് ടു പരീക്ഷകളിൽ മികച്ച് വിജയം കൈവരിച്ചവർക്ക് പൊന്നാനി മുനിസിപ്പൽ ചെയർപേഴ്സൺ പടിഞ്ഞാറകത്ത് ബീവി ക്യാഷ് അവാർഡ് വിതരണം ചെയ്തു. മികച്ച കേര കർഷകരെ ആദരിക്കുന്ന ചടങ്ങ് വി. ടി. ബൽറം എം. എൽ.എ നിർവ്വഹിച്ചു. കാർഷിക വൃത്തിയുടെ മേൻമ യുവതലമുറയ്ക്ക് കൈമാറുന്നതിന് ഇത്തരത്തിലുള്ള ശ്ലാഘനീയമായ പ്രവൃത്തികൊണ്ട് കഴിയുമെന്ന് തദവസരത്തിൽ അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

പൊന്നാനി ഫെഡറേഷൻ പ്രസിഡന്റ് പുന്നയ്ക്കൽ സുരേഷ് അധ്യക്ഷത വഹിച്ചു. നിർമ്മല ടീച്ചറുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ, ഫെഡറേഷൻ സെക്രട്ടറി രവീന്ദ്രൻ യു. സ്വാഗതം പറഞ്ഞു. സി. ഹരിദാസ്, എം. വി. ശ്രീധരൻ മാസ്റ്റർ, ഗംഗ ദത്തൻ, ചക്കൂത്ത് രവീന്ദ്രൻ, ഗംഗാധരൻ സി. എന്നിവർ ആശംസകൾ നേർന്നു. ഫെഡറേഷൻ വൈസ് പ്രസിഡന്റ് എട്ടുകണ്ടത്തിൽ ചന്ദ്രിക നന്ദി പറഞ്ഞു.

## വള്ളിത്തോട് ഫെഡറേഷൻ ഉദ്ഘാടനം ചെയ്തു



*വള്ളിത്തോട് നാളികേര ഉത്പാദക ഫെഡറേഷൻ പേരാവൂർ എംഎൽഎ അഡ്വ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.*

**ക**ണ്ണൂർ ജില്ലയിലെ പായം പഞ്ചായത്തിലും കീഴൂർ ചാവശ്ശേരി പഞ്ചായത്തിലും ഉൾപ്പെട്ട 20 സി.പി.എസുകൾ ചേർന്ന് രൂപീകരിച്ച വള്ളിത്തോട് നാളികേര ഉത്പാദക ഫെഡറേഷൻ പേരാവൂർ എംഎൽഎ അഡ്വ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന യോഗത്തിൽ പായം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. ഡി. സിന്ധു അധ്യക്ഷത വഹിച്ചു. ഫെഡറേഷൻ പ്രസിഡന്റ് മുഹമ്മദ് ബഷീർ സ്വാഗതം ആശംസിച്ചു. ഫെഡറേഷൻ സെക്രട്ടറി സിബി മേടയ്ക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. നാളികേര വികസന ബോർഡ് ചാർജ് ഓഫീസർ കെ. കെ. സുഭാഷ് പദ്ധതി വിശദീകരിച്ചു. കിളിയന്തറ പള്ളിവികാരി ഫാ. സെബാസ്റ്റ്യൻ വാഴകാട്ട്, പായം ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ കെ. ജെ. രേഖ, പേരാവൂർ സുരക്ഷ നാളികേര ഫെഡറേഷൻ പ്രസിഡന്റ് ജോസഫ് നമ്പുടാകം വാർഡ് മെമ്പർമാരായ ജോസഫ് കെ. ജെ., കെ. പി. സ്വപ്ന, പ്രമീള വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ ചന്ദ്രൻ പി. കെ., നാണു നരോത്ത്, തോമസ് വർഗ്ഗീസ്, ജോസ് പെരുന്നക്കോട്, ജേക്കബ് വട്ടപ്പാറ, പി. സി. ജോസഫ്, അൽഫോൺസ് കളപ്പുരയ്ക്കൽ, സെബാസ്റ്റ്യൻ തുണ്ടത്തിൽ (ഫെഡറേഷൻ ട്രഷർ) എന്നിവർ ആശംസകൾ നേർന്നു. ജോയിന്റ് സെക്രട്ടറി തോമസ് പൊട്ടംകുളം നന്ദി പറഞ്ഞു. 500-ഓളം നാളികേര കർഷകർ സമ്മേളനത്തിൽ പങ്കെടുത്തു.

## കേര കർഷക സംഗമവും വളം വിതരണവും

**പു**ളിംകുന്ന്, കണ്ണാടി പടിഞ്ഞാറ് നാളികേര ഉത്പാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ നാളികേര കർഷക സംഗമം നടത്തി.

കർഷക സംഗമത്തോട് അനുബന്ധിച്ച് നടന്ന യോഗം രാമങ്കരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ മധു ജോർജ്ജ് മത്തായി ഉദ്ഘാടനം ചെയ്തു. യോഗത്തിൽ സംഘം പ്രസിഡന്റ് ബിജു വലിയ വീടൻ അദ്ധ്യക്ഷത വഹിച്ചു. കർഷകർക്ക് തെങ്ങ് ഒന്നിന് 2 കിലോ പൊട്ടാഷ് 1 കിലോ യൂറിയ, 500 ഗ്രാം മഗ്നീഷ്യം സൾഫേറ്റ് എന്നിവ സൗജന്യമായി വിതരണം നടത്തി.

യോഗത്തിൽ ഗ്രാമപഞ്ചായത്ത് അംഗവും കെ. കരുണാകരൻ മെമ്മോറിയൽ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ - ഓപ്പറേറ്റീവ് സൊസൈറ്റി ഡയറക്ടർ ബോർഡ് അംഗവുമായ ഇ. വി. കോമളവല്ലി സൈനോ മൂക്കോടി, ടി. എൻ. മുരളീധരൻ, വർഗ്ഗീസ് തുണ്ടിയിൽ, വിജയകുമാര കൈമൾ, അമ്പിളി ജോസ്, മധുസൂദന പണിക്കർ എന്നിവർ പ്രസംഗിച്ചു.

## നീര ടാപ്പു ചെയ്യാൻ കടലിനക്കരെ നിന്ന് പത്തംഗ സംഘം

**നീ**രയുടെ ചരിത്രത്തിൽ പുതിയ അധ്യായം എഴുതി ചേർത്തുകൊണ്ട് കൈപ്പുഴ നാളികേര ഉത്പാദക കമ്പനി കടലിനക്കരെ നിന്നുള്ള ടെക്നീഷ്യന്മാരെ നീര ഉത്പാദനത്തിന് നിയമിച്ചു. ലക്ഷദ്വീപിലെ ആന്ത്രോത്ത് സ്വദേശികളായ 10 പരമ്പരാഗത നീര ചെത്തു തൊഴിലാളികളാണ് കൈപ്പുഴ കമ്പനിയുടെ സേവനത്തിന് എത്തി ചേർന്നിരിക്കുന്നത്. പതിനഞ്ചു പേർ കൂടി ഉടൻ എത്തി ചേരുമെന്ന് ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ അറിയിച്ചു.



*നീര ചെത്താനെത്തിയ ലക്ഷദ്വീപ് സംഘം*

നീര ഉത്പാദനം പരമ്പരാഗത തൊഴിലായി സ്വീകരിച്ചിരിക്കുന്ന ഇവർ ഈ മേഖലയിൽ നിപുണന്മാരായതിനാൽ പ്രത്യേക പരിശീലനമൊന്നും വേണ്ടിവന്നില്ല. കേരളത്തിലെ ടെക്നീഷ്യന്മാരുടേതിൽ നിന്ന് വിഭിന്നമാണ് ഇവരുടെ ടാപ്പിങ് ശൈലി തന്നെ. തെങ്ങിൽ കയറിയാൽ നാലാം ദിവസം ഇവർ നീരയെടുത്തു തുടങ്ങും. മാത്രവുമല്ല, ചെത്തുകത്തി, ചെളി, കരു തുടങ്ങിയ ഉപകരണങ്ങളൊന്നും ഇവർക്ക് വേണ്ട. കൈവശമുള്ള ചെറിയ ഒരു പിശ്ശാങ്കത്തിയാണ് ആകെയുള്ള ആയുധം. വൃത്തിയുടെ കാര്യത്തിൽ ഇവർ കണിശക്കാരാണ്. സിഡിബിയുടെ മാർഗ്ഗനിർദ്ദേശത്തിൽ പറയുന്ന പോലെ ആദ്യം തെങ്ങിന്റെ മണ്ട കഴുകി വൃത്തിയാക്കും. പൂക്കുലയിൽ തട്ടുന്നത് കൈവശമുള്ള കത്തിയുടെ പിടികൊണ്ടാണ്. അതും വളരെ മൃദുവായി മാത്രം. നാലാം ദിവസം പൂങ്കുലയുടെ പുറംതോട്( കൊതുമ്പ്) മുറിച്ച്കളയും. തുടർന്ന് കുരുത്തോല കൊണ്ട് പൂങ്കുല ഭദ്രമായി വരിഞ്ഞ് കെട്ടും. പിന്നീടാണ് ടാപ്പിംങ്. ചെത്തുന്നതിന് പ്രത്യേക കത്തിയൊന്നും ഇല്ല. അതിനും ഉപയോഗിക്കുന്നത് കൈവശമുള്ള ചെറു കത്തി തന്നെ.

# തെങ്ങുകൃഷി സേവനകേന്ദ്രവുമായി കഞ്ഞിക്കുഴി സഹകരണ ബാങ്ക്

**ക**രപ്പുറത്ത് അന്യം നിന്നുപോയിക്കൊണ്ടിരുന്ന തെങ്ങുകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ തെങ്ങ് കൃഷി സേവനകേന്ദ്രം ആരംഭിച്ചു. കീടരോഗബാധ മൂലം കർഷകർ തെങ്ങുകൃഷി ഉപേക്ഷിക്കുന്ന സാഹചര്യത്തിലാണ് തെങ്ങുകൃഷി സേവനകേന്ദ്രം ആരംഭിച്ചിരിക്കുന്നത്. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ കരപ്പുറം നാളികേര ഉത്പാദക കമ്പനി സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ പങ്കെടുത്ത് വിജയിച്ച 5 വനിതകൾ ഉൾപ്പെടെയുള്ള തെങ്ങിന്റെ ചങ്ങാതിമാരാണ് തെങ്ങ് സേവന കേന്ദ്രത്തിൽ പ്രവർത്തിക്കുന്നത്.

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി സർവ്വീസ് സഹകരണബാങ്ക് ആദ്യകാലങ്ങളിൽ വായ്പ നൽകിയിരുന്നത് കെട്ടുതെങ്ങ് വ്യവസ്ഥയിലായിരുന്നു. ഓരോ ദിവസവും ബാങ്കിന്റെ പ്രതിനിധികൾ വായ്പക്കാരുടെ വീടുകളിൽ എത്തി തേങ്ങയിട്ടാണ് തിരിച്ചടവ് നടത്തിക്കൊണ്ടിരുന്നത്. അതിനായി കർഷകർ പുരയിടത്തിലെ തെങ്ങുകളെ ബാങ്കിന് ഈടായി നൽകുമായിരുന്നു. കരപ്പുറത്ത് തെങ്ങുകൾക്കുണ്ടായ കീടരോഗബാധ മൂലം തെങ്ങുകൃഷി ആദായകരമല്ലാത്ത അവസ്ഥ വന്നു. കർഷകർ തെങ്ങുകൃഷിയിൽ നിന്ന് അകലാൻ തുടങ്ങി. യഥാസമയം രോഗം കണ്ടെറിഞ്ഞ് പ്രതിവിധി ലഭ്യമാക്കാത്തതു മൂലം രോഗം പടർന്ന് തെങ്ങുകൾ നശിക്കുന്ന സ്ഥിതിവന്നു.



*കഞ്ഞിക്കുഴി സർവീസ് സഹകരണ ബാങ്ക് ആരംഭിച്ച തെങ്ങുകൃഷി സേവന കേന്ദ്രത്തിന്റെ ഉദ്ഘാടനം പ്രവർത്തകർക്ക് തൊപ്പി നൽകി പി. തിലോത്തമൻ എംഎൽഎ നിർവ്വഹിക്കുന്നു*

ഈ സാഹചര്യത്തിലാണ് തെങ്ങുകൃഷി എന്ന ആശയത്തിന് ബാങ്ക് തുടക്കം കുറിച്ചത്. നീര ഉത്പാദനം തെങ്ങുകളിൽ നിന്ന് നേട്ടമുണ്ടാക്കി തുടങ്ങിയതോടെ കർഷകർ വീണ്ടും ഈ മേഖലയിലേക്ക് ആകർഷിക്കപ്പെടാൻ തുടങ്ങി.

അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകളും വളങ്ങളും കീടനാശിനികളും ലഭ്യമാക്കുന്നതിനു പുറമേ തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട സംശയനിവാരണവും ഉപദേശങ്ങളും ഇപ്പോൾ ബാങ്ക് ആരംഭിക്കുന്ന സേവന കേന്ദ്രത്തിൽ നിന്ന് കർഷകർക്ക് ലഭ്യമാകും. രോഗങ്ങൾ യഥാസമയം കണ്ടെറിഞ്ഞ് പ്രതിരോധ നടപടി ലഭ്യമാക്കുന്ന 13 അംഗ സംഘത്തിന്റെ സേവനവും കർഷകർക്ക് നൽകുന്നുണ്ട്. ബാങ്കിൽ 10 രൂപ അടച്ച് പേര് രജിസ്റ്റർ ചെയ്യുന്നവരുടെ വീടുകളിൽ സംഘമെത്തി തെങ്ങുകൾ പരിശോധിച്ച് മരുന്ന് നല്കും.

# ഓഫീസ് ഉദ്ഘാടനവും ഷെയർ സർട്ടിഫിക്കറ്റ് വിതരണവും നടത്തി

**കോ**ഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ തോടന്നൂർ കേരമിത്ര നാളികേര ഉൽപാദക ഫെഡറേഷൻ ഓഫീസ് ഉദ്ഘാടനവും ഷെയർ സർട്ടിഫിക്കറ്റുകളുടെ വിതരണവും വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ പ്രൊഫ. ഇ. ശശീന്ദ്രൻ നിർവ്വഹിച്ചു. ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. കരിങ്കയിൽ അനന്തൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി വി. സി. കുഞ്ഞിരാമൻ ഗുരുക്കൾ സ്വാഗതവും, ശ്രീ. സി. വിനോദ് നന്ദിയും പറഞ്ഞു. കൊടക്കാട് ഗംഗാധരൻ, ഒ. ബാലകൃഷ്ണൻ മലയിൽ ബാലകൃഷ്ണ കുറുപ്പ്, വിജയകുമാർ പാലൊളി, പി. കെ. നാരായണൻ എന്നിവർ ആശംസകൾ നേർന്നു.

278 ഓഹരി ഉടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സി.പി.എസ്. പ്രസിഡന്റുമാർ ഏറ്റുവാങ്ങി. ഫെഡറേഷന്റെ പരിധിയിലുള്ള 10 സി.പി.എസ്സുകളിൽ നിന്നും എക്സി. അംഗങ്ങളും മറ്റ് കേര കർഷകരും യോഗത്തിൽ പങ്കെടുത്തു.



*തോടന്നൂർ കേര മിത്ര നാളികേര ഫെഡറേഷന്റെ ഓഫീസ് ഉദ്ഘാടനം വടകര നാളികേര ഉത്പാദക കമ്പനി ചെയർമാൻ പ്രൊഫ. ഇ. ശശീന്ദ്രൻ നിർവ്വഹിക്കുന്നു.*

# അരീക്കോട് ഫെഡറേഷൻ ഓഫീസ് ഉദ്ഘാടനവും സെമിനാറും നടത്തി





*നാറജിൽ നാളികേര ഉത്പാദക ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ അരീക്കോട് ഓറിയന്റൽ സ്കൂളിൽ നടന്ന നാളികേര സെമിനാർ ഏറനാട് എംഎൽഎ പി.കെ ബഷീർ ഉദ്ഘാടനം ചെയ്യുന്നു. മനുഹാജി, ഫെഡറേഷൻ പ്രസിഡന്റ് എം പി മുഹമ്മദ്, സെക്രട്ടറി കെ.അബ്ദു സലാം, രാംഗംഗ ഫാംസ് ഡയറക്ടർ റാംമോഹൻ, എം.ടി അലിക്കുട്ടി എന്നിവർ സമീപം.*

**അ**രീക്കോട് പഞ്ചായത്തിൽ രൂപീകൃതമായ നാളികേര കർഷകരുടെ കൂട്ടായ്മയായ നാറജിൽ ഫെഡറേഷന്റെ ഓഫീസ് പി. കെ. ബഷീർ എം. എൽ.എ, ഉദ്ഘാടനം ചെയ്തു. തുടർന്ന് അരീക്കോട് ഓറിയന്റൽ ഹൈസ്ക്കൂൾ അലംനി ഓഡിറ്റോറിയത്തിൽ ചേർന്ന കർഷക സെമിനാറിന്റെ ഉദ്ഘാടനവും എം. എൽ.എ നിർവ്വഹിച്ചു.

കർഷകരുടെ കൂട്ടായ്മ കൊണ്ട് മാത്രമേ കർഷകർക്ക് നന്മ വരുത്താൻ കഴിയുകയുള്ളൂവെന്ന് എം. എൽ.എ. വ്യക്തമാക്കി. മറ്റെല്ലാ രംഗങ്ങളിലും ബഹുജന കൂട്ടായ്മകൾ രൂപപ്പെടുകയും ആ മേഖലകൾ വളരെ മുന്നോട്ടു പോകുകയും ചെയ്യുന്നുണ്ടെങ്കിലും കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതിരിക്കാൻ കാരണം കൂട്ടായ്മയുടെ അഭാവമാണെന്നും എം. എൽ.എ പറഞ്ഞു. കർഷകരുടെ പ്രശ്നങ്ങളിൽ എം. എൽ.എ. എന്ന നിലക്കുള്ള സർവ്വ പിന്തുണയും അദ്ദേഹം വാഗ്ദാനം ചെയ്തു.

സെമിനാറിൽ തമിഴ്നാട് കോക്കനട്ട് ഹൈബ്രിഡ് സെന്റർ മേധാവി റാം മോഹൻ മുഖ്യ പ്രഭാഷണം നടത്തി. തെങ്ങിൻ തൈ ആധുനിക സമീപനം എന്ന വിഷയത്തിൽ പ്ര ഭാഷണം നടത്തിയ അദ്ദേഹം ഹൈബ്രിഡ് തെങ്ങിൻ തൈകൾ എങ്ങിനെയുണ്ടാക്കാമെന്നും അതിലെ പ്രയാസങ്ങളെപ്പറ്റിയും മേന്മകളെപ്പറ്റിയും വിശദീകരിച്ചു. അദ്ദേഹത്തിന്റെ ഫാമിൽ നിന്നുള്ള തൈകളും പ്രദർശിപ്പിച്ചു.

ഇടവിള കൃഷികൾ എന്ന വിഷയത്തിൽ മാത്യു സെബാസ്റ്റ്യൻ ക്ലാസ്സെടുത്തു. തെങ്ങിന്റെ ഇടവിളയായ ജാതി നല്ല രീതിയിൽ കൃഷി ചെയ്യാമെന്നും തെങ്ങിനോടൊപ്പം തന്നെ വരുമാനമുണ്ടാക്കാമെന്നും സമർത്ഥിച്ചു. അതുപോലെ തന്നെ നാളികേര കർഷകർക്ക് ആലോചിക്കാവുന്നതാണ് പപ്പായ ഇടവിള കൃഷിയെന്നും സെബാസ്റ്റ്യൻ പറഞ്ഞു.

സെമിനാറിൽ അരീക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സഫദുള്ള പി.പി. അദ്ധ്യക്ഷനായിരുന്നു. ഫെഡറേഷൻ പ്രസിഡന്റ് എം. പി. മുഹമ്മദ് ഹാജി, സെക്രട്ടറി കെ. അബ്ദുസ്സലാം മാസ്റ്റർ ട്രഷറർ കെ. സി. ബഷീർ, പഞ്ചായത്ത് വൈസ്. പ്രസിഡന്റ് ശ്രീമതി. ശോഭന ഗോപി, സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് വൈസ്. പ്രസിഡന്റ് എം. ടി. ആലിക്കുട്ടി, ഊണ്ടാട്ടിരി ഫെഡറേഷൻ പ്രസിഡന്റ് തോമസ് വെട്ടത്ത് തുടങ്ങിയവരും സംസാരിച്ചു.

സെമിനാറിനോടനുബന്ധിച്ച് ഇളനീർ കൂൾ, ഇളനീർ ഐസ്ക്രീം എന്നിവയുടെ വില്പനയുമുണ്ടായിരുന്നു.




*ശാവേശേരി നാളികേര ഉത്പാദക സംഘത്തിന്റെ വാർഷിക പൊതുയോഗം, കരപ്പുറം നാളികേര ഉത്പാദക കമ്പനി ഡയറക്ടർ ടി എസ് വിശ്വൻ ഉദ്ഘാടനം ചെയ്യുന്നു.*

## വാർഷിക യോഗം ചേർന്നു

**ചേർ**ത്തല, ശാവേശേരി നാളികേര ഉത്പാദക സംഘത്തിന്റെ വാർഷിക പൊതുയോഗം വലിയവീട്ടിൽ ഉദയഭാനുവിന്റെ വസതിയിൽ ചേർന്നു. സംഘം പ്രസിഡന്റ് ഗോപിനാഥ് മുണ്ടുചിറ അധ്യക്ഷനായിരുന്നു. കരപ്പുറം നാളികേര ഉത്പാദക കമ്പനി ഡയറക്ടർ ടി എസ് വിശ്വൻ യോഗം ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ ശ്രീമതി ഷേർലി ഭാർഗവൻ, കൃഷി ഓഫീസർ പിഎ സാബു, കിഴക്കേ നാല്പത് സിപിഎസ് പ്രസിഡന്റ് ബാലചന്ദ്രബാബു എന്നിവർ ആശംസകൾ നേർന്നു. കെവി തങ്കപ്പൻ സ്വാഗതവും വിജി ശ്രീജൻ നന്ദിയും പറഞ്ഞു.

# കൊപ്ര, വെളിച്ചെണ്ണ വിപണികളിൽ നേരിയ മാന്ദ്യം

2015 മെയ്



- രാജ്യത്തെ പ്രമുഖ വിപണികളിൽ 2015 മെയിൽ ആട്ടുകൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വിലയിൽ കുറവ് രേഖപ്പെടുത്തി
- വെളിച്ചെണ്ണയുടെ അന്താരാഷ്ട്ര വിലയിലും കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് നേരിയ കുറവാണ് രേഖപ്പെടുത്തിയത്

കേരളത്തിലെ പ്രമുഖ വിപണികളിൽ കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വില കുറഞ്ഞു.

### വെളിച്ചെണ്ണ


രാജ്യത്തെ എല്ലാ പ്രമുഖ വിപണന കേന്ദ്രങ്ങളിലും വെളിച്ചെണ്ണ വിലയിൽ കുറവാണ് രേഖപ്പെടുത്തിയത്. വെളിച്ചെണ്ണയുടെ ശരാശരി വില കൊച്ചി വിപണിയിൽ ക്വിന്റലിന് 13812 രൂപയായിരുന്നു. ആലപ്പുഴ വിപണിയിൽ വെളിച്ചെണ്ണയുടെ വില ഏറെക്കുറെ കൊച്ചി വിപണിയിലേതുപോലെ നിന്നു. ആലപ്പുഴ വിപണിയിലെ ശരാശരി മാസവില ക്വിന്റലിന് 13372 രൂപയായിരുന്നു. കോഴിക്കോട് മാർക്കറ്റിൽ വെളിച്ചെണ്ണയുടെ ശരാശരി മാസവില ക്വിന്റലിന് 14288 രൂപയുമായിരുന്നു. കൊച്ചി, കോഴിക്കോട് വിപണികളിൽ വെളിച്ചെണ്ണയുടെ ശരാശരി മാസവില കഴിഞ്ഞ മാസത്തെയപേക്ഷിച്ച് 4-6 ശതമാനം കുറവായിരുന്നു. കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 12 ശതമാനം കുറവായിരുന്നു. ആലപ്പുഴ മാർക്കറ്റിൽ വെളിച്ചെണ്ണയുടെ ശരാശരി മാസവില കഴിഞ്ഞ മാസത്തെയപേക്ഷിച്ച് നേരിയ കുറവായിരുന്നു. കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 15 ശതമാനം കുറവായിരുന്നു.

തമിഴ്നാട്ടിലെ കങ്കയം വിപണിയിൽ വെളിച്ചെണ്ണയുടെ ശരാശരി മാസവില 12444 രൂപയായിരുന്നു. അത് കഴിഞ്ഞ മാസത്തേക്കാൾ 7ശതമാനം കുറവാണ്. കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് ഇത് 17 ശതമാനം കുറവാണ്.

### ആട്ടുകൊപ്ര

എഫ്.എ.ക്യു കൊപ്രയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 8700 രൂപയായിരുന്നു. രാശി കൊപ്രയുടെ ശരാശരി മാസവില ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 8800 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തെക്കാൾ 2-6 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 12- 13 ശതമാനം കുറവുമായിരുന്നു. കോഴിക്കോട് വിപണിയിൽ പാസ് കൊപ്ര വില ക്വിന്റലിന് 8800 രൂപയായിരുന്നു. കൊച്ചി കോഴിക്കോട് മാസ ശരാശരി കഴിഞ്ഞ മാസത്തേക്കാൾ 6 ഉം 10 ഉം ശതമാനം വീതവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 16, 17 ശതമാനം വീതവും കുറവായിരുന്നു. ആലപ്പുഴ വില കഴിഞ്ഞ മാസത്തേക്കാൾ നേരിയ കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാൾ 13 ശതമാനം കുറവും രേഖപ്പെടുത്തി. തമിഴ്നാട്ടിലെ കങ്കയം വിപണിയിൽ കൊപ്രയുടെ ശരാശരി മാസവില ക്വിന്റലിന് 8515 രൂപയായിരുന്നു.

ആട്ടുകൊപ്രയുടെ ആന്ധ്രപ്രദേശിലെ അമ്പാജിപേട്ടയിലെ ശരാശരി വില ക്വിന്റലിന് 8742 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ നേരിയ തോതിൽ കുറവാണ്.




*മെയ് മാസത്തിൽ വെളിച്ചെണ്ണ വിലയിലെ വ്യതിയാനങ്ങൾ*

### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ കോഴിക്കോട് വിപണിയിലെ ശരാശരി വില ക്വിന്റലിന് 14282 രൂപയായിരുന്നു. കഴിഞ്ഞ വർഷം ഈ മാസത്തെ വിലയെ അപേക്ഷിച്ച് നേരിയ തോതിൽ കുറവാണ്.

### ഉണ്ട കൊപ്ര

ഉണ്ടകൊപ്രയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 12726 രൂപയായിരുന്നു. ഉണ്ടകൊപ്രയുടെ ശരാശരി വില കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ക്വിന്റലിന് വില 13139 രൂപയും അരസിക്കരയിൽ 12417 രൂപയുമായിരുന്നു. ഇതു കഴിഞ്ഞ മാസത്തെക്കാൾ 6 ശതമാനവും കഴിഞ്ഞ വർഷം ഈ മാസത്തെ നിരക്കിനെക്കാൾ 4 ശതമാനവും കൂടുതലാണ്.

### കൊട്ടത്തേങ്ങ

കൊട്ടത്തേങ്ങയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ആയിരത്തി

ന് 10744 രൂപയായിരുന്നു; കഴിഞ്ഞ മാസത്തേക്കാൾ 9 ശതമാനം കുറവാണ് ഇത്. കഴിഞ്ഞ വർഷം ഇതേ മാസത്തേക്കാള്‍ 19 ശതമാനം കൂടുതലുമാണ്.

### നാളികേരം

നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ആയിരത്തിന് 16000 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ 9 ശതമാനം കൂടുതലാണ്.

അരസിക്കര നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില 13365 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തെയപേക്ഷിച്ച് ഇത് നേരിയ കുറവാണ്.

ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ബാംഗ്ലൂർ നിയന്ത്രിത വിപണിയിൽ ആയിരത്തിന് 17327 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 9 ശതമാനം കൂടുതലാണ്.

ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ ശരാശരി വില മംഗലാപുരം നിയന്ത്രിത വിപണിയിൽ ആയിരത്തിന് 17577 രൂപയായിരുന്നു. അത് കഴിഞ്ഞ വർഷം ഈ മാസത്തേക്കാൾ 32 ശതമാനം കൂടുതലാണ്.

ഇളനീരിന്റെ വില മദ്ദൂർ വിപണിയിൽ ആയിരത്തിന് 10365 രൂപയായിരുന്നു. ഇത് കഴിഞ്ഞ മാസത്തെയപേക്ഷിച്ച് 1നേരിയ കുറവും, കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 22 ശതമാനം കൂടുതലാണ്.




*മെയ് മാസത്തിൽ കൊപ്ര വിലയിലെ വ്യതിയാനങ്ങൾ*

### അന്താരാഷ്ട്ര വില

വെളിച്ചെണ്ണയുടെ ശരാശരി വില യൂറോപ്പിൽ (സിഐഎഫ് റോട്ടർഡാം) മെട്രിക് ടണ്ണിന് 1081 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ മാസത്തേക്കാൾ 4 ശതമാനം കൂടുതലായിരുന്നു. കഴിഞ്ഞ വർഷം ഈ മാസത്തെ വിലയെക്കാൾ 27 ശതമാനം കുറവുമായിരുന്നു. കൊപ്രയുടെ ശരാശരി വില മെട്രിക് ടണ്ണിന് 745 അമേരിക്കൻ ഡോളറായിരുന്നു.

വെളിച്ചെണ്ണയുടെ വില ഫിലിപ്പീൻസിൽ മെട്രിക് ടണ്ണിന് 1051 അമേരിക്കൻ ഡോളറും ഇന്തോനേഷ്യയിൽ 1080 അമേരിക്കൻ ഡോളറു മായിരുന്നു. പാമോയിൽ, പനങ്കുരുവെണ്ണ, സോയബീൻ ഓയിൽ എന്നിവയുടെ അന്താരാഷ്ട്ര വിലകൾ യഥാക്രമം മെട്രിക് ടണ്ണിന് 649 അമേരിക്കൻ ഡോളറും 978 അമേരിക്കൻ ഡോളറും 711 അമേരിക്കൻ ഡോളറു മായിരുന്നു.

**വിവിധ കമ്പോളങ്ങളിൽ 2015 മെയ് 1 മുതൽ 31 വരെ വെളിച്ചെണ്ണ, കൊപ്ര, നാളികേരം, എന്നിവയുടെ പ്രതിവാര വിലനിലവാരമാണ് താഴെ കൊടുത്തിരിക്കുന്നത്**

| തീയതി | വെളിച്ചെണ്ണ (രൂ./ കി.) | | | | ആട്ടുകൊപ്ര (രൂ./ കി.) | | | | | ഭക്ഷ്യ യോഗ്യ മായ കൊപ്ര (രൂ./ കി.) | ഉണ്ടക്കൊപ്ര (രൂ./ കി.) | | | | കൊട്ട ത്തേങ്ങ (രൂ./1000) | നാളി കേരം (രൂ./1000) | പൊതിച്ച/ഭാഗികമായി പൊതിച്ച നാളികേരം (രൂ./1000) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കങ്കയം | കൊച്ചി (എഫ് എക്യൂ) | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കങ്കയം | അംബാജി പേട്ട | കോഴിക്കോട് | കോഴിക്കോട് | തിപ്ത്തൂർ | ബാംഗ്ലൂർ | അരസിക്കര | കോഴിക്കോട് | നെടുമങ്ങാട് | അരസിക്കര | ബാംഗ്ലൂർ | മാംഗ്ലൂർ (ഗ്രേഡ്1) |
| 03.05.15 | 14300 | 13300 | 14900 | 12933 | 9900 | 9500 | 9550 | 9000 | 8500 | 14200 | 12500 | 12850 | 16300 | 12300 | 11000 | 16000 | 13200 | 17000 | 18000 |
| 10.05.15 | 14360 | 13433 | 15160 | 13421 | 9960 | 9580 | 10040 | 9592 | 8917 | 14460 | 12963 | 13065 | 15600 | 11331 | 12093 | 16000 | 14100 | 15417 | 18000 |
| 17.05.15 | 14067 | 13567 | 14400 | 12611 | 9667 | 9483 | 9150 | 8617 | 9450 | 14258 | 12683 | 13117 | 16250 | 11874 | 10733 | 16000 | 13200 | 17500 | 18000 |
| 24.05.15 | 13683 | 13600 | 14100 | 12400 | 9283 | 9300 | 8983 | 8367 | 8500 | 14342 | 12800 | 13192 | 17000 | 12351 | 10767 | 16000 | 13333 | 17083 | 17167 |
| 31.05.15 | 13233 | 12867 | 13900 | 11944 | 8833 | 8883 | 8842 | 8183 | 8267 | 14417 | 12958 | 13245 | 17000 | 12706 | 10700 | 16000 | 12907 | 17000 | 17000 |
| **Average** | **13929** | **13353** | **14492** | **12662** | **9529** | **9349** | **9313** | **8752** | **8727** | **14335** | **12781** | **13094** | **16430** | **12112** | **11059** | **16000** | **13348** | **16800** | **17633** |

അവലംബം

കൊച്ചി : കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസ്സോസിയേഷൻ ആൻഡ് കൊച്ചിൻ ചേയ്മ്പർ ഓഫ് കൊമേഴ്സ്, കൊച്ചി - 2
കോഴിക്കോട് : മാതൃഭൂമി
ആലപ്പുഴ : മലയാള മനോരമ
അരസിക്കര : എ പി എം സി, അരസിക്കര

**ഓഫീസ് പാസ് കൊപ്രയ്ക്ക് കൊച്ചിയിലും കോഴിക്കോടും രാശികൊപ്രയ്ക്ക് ആലപ്പുഴയിലുമുള്ള വിലയാണ് മേൽ കൊടുത്തിരിക്കുന്നത്.